മാർ ജോസ് പുളിക്കൽ | ദളിതനായ രോഹിത് കൊല്ലപ്പെട്ടത് എന്തിന്? | ഉപവാസത്തിന്റെ സയൻസ്


# കാരുണികൻ

Vol.13 No.02 Feb. 2016

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക





# അരുവിത്തുറ വല്യച്ചൻ മലയിൽ
# 50 നോമ്പാചരണവും
# പുതുഞായർ തിരുനാളും

## 2016 ഫെബ്രുവരി 8 മുതൽ ഏപ്രിൽ 3 വരെ

**40-ാം വെള്ളി - മാർച്ച് 18** | **ദുഃഖവെള്ളി - മാർച്ച് 25** | **പുതുഞായർ - ഏപ്രിൽ 3**

50 നോമ്പിലെ എല്ലാ ദിവസവും വൈകുന്നേരം 5.15ന്
മല അടിവാരത്ത് നിന്നും **കുരിശിന്റെ വഴിയും** തുടർന്ന്
മല മുകളിൽ **ദിവ്യബലിയും** ഉണ്ടായിരിക്കുന്നതാണ്.

### 2011 ജനുവരി 23 ന് ആരംഭിച്ച വല്യച്ചൻമല തീർത്ഥാടനകേന്ദ്രത്തിന്റെ പ്രത്യേകതകൾ

- വിസ്തൃതി 14 ഏക്കർ
- ബിഷപ്പ് വയലിൽ കവാടം
- യാക്കോബിന്റെ കിണർ
- ഈശോയുടെ ഗദ്സമേൻ പ്രാർത്ഥന
- കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ
- മൂന്ന് വിശുദ്ധർ കവാടം
- കർദ്ദിനാൾ വിതയത്തിൽ വിശ്രമാലയം
- അരുവിത്തുറ പള്ളിയുടെ പഴയ പുനഃസൃഷ്ടി
- മാർത്തോമ ശ്ലീഹായുടെ തിരുശേഷിപ്പ്
- നാൽപ്പതാമര കുരിശ്
- വല്യച്ചൻമല പള്ളി
- പിയാത്ത
- തിരുകബറിടം
- യൗനാൻ പ്രവാചകനും തിമിംഗലവും
- 107 അടി ഉയരമുള്ള മഹാകുരിശ്
- മലയിൽ പഠിപ്പിക്കുന്ന ഈശോ
- ഉത്ഥിതനായ യേശു
- മാർതോമാ പൈതൃക ഭവനം
- വല്യച്ചൻ ഗ്രാമം
- വല്യച്ചൻ കാനനം

വികാരി: റവ. ഫാ. തോമസ് വെടിക്കുന്നേൽ

## ST.GEORGE FORANE CHURCH, ARUVITHURA (DIOCESE OF PALAI)

Aruvithura (P.O), Pin - 686 122, Kottayam (Dist), Kerala, India.
Phone : 04822-272113, 274017, 209717
www.aruvithurapally.com; www.kcymaruvithura.com

“ എന്റെ കർത്താവേ... എന്റെ ദൈവമേ... ”

# കനകമല കുരിശുമുടിയിൽ

# 77-ാമത് മാർതോമ കുരിശുമുടി തീർത്ഥാടനം

2016 ഫെബ്രുവരി 7 മുതൽ
ഏപ്രിൽ 3 വരെ

## മാർച്ച് 20 ഓശാന ഞായർ മഹാതീർത്ഥാടനം

## ഏപ്രിൽ 3 പുതുഞായർ മാർ തോമാശ്ലീഹായുടെ തിരുനാൾ

വലിയ നോമ്പ് : എല്ലാദിവസവും വൈകിട്ട് 7ന്
വി. കുർബ്ബാന, തിരുശേഷിപ്പ് വണക്കം
മുഴുവൻ സമയവും കുമ്പസാരത്തിനുള്ള
സൗകര്യം ഉണ്ടായിരിക്കും.

### കുരിശുമുടിയിലെ പ്രധാന തിരുനാളുകൾ

- നവംബർ 21
  ഭാരതപ്രവേശന തിരുനാൾ
- ഓശാന ഞായർ
  മഹാതീർത്ഥാടനം
- പുതുഞായർ
  വിശ്വാസപ്രഖ്യാപന തിരുനാൾ
- ജൂലൈ 3
  ഊട്ടുതിരുനാൾ

### കുരിശുമുടി തിരുക്കർമ്മങ്ങൾ

- വെള്ളി, ശനി, ഞായർ തീർത്ഥാടക ദിവസങ്ങളിൽ രാവിലെ 9നും 11നും വൈകിട്ട് 7നും വി. കുർബ്ബാന
- വെള്ളിയാഴ്ച രാവിലെ 11ന്റെ വി.കുർബ്ബാനയ്ക്ക് ശേഷം തിരുശേഷിപ്പ് വണക്കം

വിവിധ പള്ളികളിൽ നിന്ന് തീർത്ഥാടനത്തിന് എത്തുന്ന
വിശ്വാസികൾ വൈകിട്ട് 6 മണിക്ക് ശ്ലീവാപാത നടത്തി മലകയറി
7 മണിക്കുള്ള ദിവ്യബലിയിലും മറ്റ് തിരുക്കർമങ്ങളിലും നേർച്ച ഭക്ഷണത്തിലും
പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

**അടിവാരം പള്ളിയിലും കുരിശുമുടിയിലും വിശ്വാസികൾക്ക് കുമ്പസാരിക്കുന്നതിനും
ദിവ്യകാരുണ്യ ആരാധനയ്ക്കും സൗകര്യം ഉണ്ടായിരിക്കും.**

| | |
|---|---|
| വികാരി & റെക്ടർ | : ഫാ. ആന്റോ ജി. ആലപ്പാട്ട് |
| സഹവികാരി | : ഫാ. ജിന്റോ പേരേപ്പാടൻ |
| ആത്മീയ ഉപദേഷ്ടാവ് | : ഫാ. റോബിൻ കുഴിഞ്ഞാലിൽ |
| തീർത്ഥാടന കേന്ദ്രം പി. ആർ. ഒ | : ഷോജൻ ഡി. വിതയത്തിൽ |


**കനകമല മാർതോമ കുരിശുമുടി** ESTD 1940 (ഇരിങ്ങാലക്കുട രൂപത)

Phone: 0480 2720385, 9497099079
e-mail: st.thomaskanakamala@gmail.com; www.stthomaskanakamala.com

# തീർത്ഥാടനകേന്ദ്രമായ വാഗമൺ കുരിശുമലയിൽ

# കുരിശുമല കയറ്റവും പുതുഞായർ തിരുനാളും

## 2016 ഫെബ്രുവരി 12 മുതൽ ഏപ്രിൽ 10 വരെ

## തിരുനാൾ തിരുക്കർമ്മങ്ങൾ

### മാർച്ച് 18 നാൽപതാം വെള്ളി

രാവിലെ 8.30 ന് : കല്ലില്ലാകവലയിൽ നിന്നും സ്ലീവാപാത

10.00 ന് : ആഘോഷമായ വി. കുർബാന, സന്ദേശം

മുഖ്യകാർമികൻ : വെരി റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ (വികാരി ജനറൽ, പാലാ രൂപത)

### മാർച്ച് 25 : ദുഃഖവെള്ളി

രാവിലെ 8.30 ന് : കല്ലില്ലാകവലയിൽ നിന്നും ആഘോഷമായ സ്ലീവാപാത

10.30 ന് : പീഢാനുഭവ സന്ദേശം, സമാപന ശുശ്രൂഷ (മലമുകളിൽ)

മുഖ്യകാർമികൻ : വെരി റവ. ഫാ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ (വികാരി ജനറൽ, പാലാ രൂപത)

11.30 ന് : നേർച്ചക്കഞ്ഞി വിതരണം

### ഏപ്രിൽ 1 ആദ്യ വെള്ളി

വൈകിട്ട് 5.30 ന് : കൊടിയേറ്റ്, വി. കുർബാന (വഴിക്കടവ് കപ്പേളയിൽ)

കാർമികൻ : റവ. ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ

വൈകിട്ട് 6.30 ന് : പ്രദക്ഷിണം (കല്ലില്ലാ കവലയിലേക്ക്)

### ഏപ്രിൽ 3 പുതുഞായർ തിരുനാൾ

രാവിലെ 6.30 ന് : വി. കുർബാന, സന്ദേശം

8.00 ന് : മലങ്കര റീത്തിൽ വി. കുർബാന, സന്ദേശം

10.00 ന് : ലത്തീൻ റീത്തിൽ ദിവ്യബലി, സന്ദേശം

11.30 ന് : ആഘോഷമായ വി. കുർബാന, സന്ദേശം

മുഖ്യകാർമികൻ : റവ. ഫാ. തോമസ് വാഴചാരിയ്ക്കൽ (വികാരി)

ഉച്ചയ്ക്ക് ശേഷം 2.30 ന് : വി. കുർബാന, സന്ദേശം

കാർമികൻ : റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ (വികാരി, മംഗളാരാം പള്ളി)

### ഏപ്രിൽ 10 ഞായർ എട്ടാമിടം

### പ്രത്യേക ശ്രദ്ധയ്ക്ക്

» വൈദികരുടെ നേതൃത്വത്തിൽ കുരിശുമല കയറാൻ എത്തുന്ന തീർത്ഥാടക സംഘങ്ങൾക്ക് മലമുകളിൽ ദിവ്യബലിയർപ്പണത്തിന് സൗകര്യമുണ്ടായിരിക്കും. » ദുഃഖവെള്ളി, പുതുഞായർ ദിനങ്ങളിൽ ഈരാറ്റുപേട്ട, പാലാ, കട്ടപ്പന എന്നിവിടങ്ങളിൽ നിന്നും വാഗമൺ കുരിശുമല ജംഗ്ഷനിലേക്ക് (വഴിക്കടവ്) സ്പെഷൽ ബസ് സർവീസ് ഉണ്ടായിരിക്കുന്നതാണ്. » മലയടിവാരത്തിൽ വാഹന പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

തിരുനാൾ ദിനങ്ങളിൽ മലകയറാനും രാത്രികാല മലകയറ്റത്തിന് ലൈറ്റ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

**കുരിശുമല തീർത്ഥാടനത്തിനും പുതുഞായർ തിരുനാളാഘോഷങ്ങളിലേക്കും ഏവർക്കും സ്വാഗതം**

ഫാ. തോമസ് വാഴചാരിയ്ക്കൽ (വികാരി) ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ (സഹവികാരി)

**VAGAMON KURISUMALA PILGRIM CENTRE (Diocese of Palai)**

**Vagamon P.O., Idukki - 685 503, Mob. 9747252227**

കാരുണികൻ

പുസ്തകം 13 ലക്കം 2
2016 ഫെബ്രുവരി

**രക്ഷാധികാരി**
ഫാ. ഡൊമിനിക് മുണ്ടാട്ട്
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹരക്ഷാധികാരി**
ഫാ. ജോസ് കാരത്തുരുത്ത്

**ഡയറക്ടർ**
ജി. കടൂപ്പാറയിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**എഡിറ്റർ ഇൻ-ചാർജ്**
ജോസ് ക്ലെമന്റ്

**പത്രാധിപസമിതി**
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മേരി മെറ്റിൽഡ
ഡോ. പോൾ തേലക്കാട്ട്
ഫാ. ബോബി ജോസ് കട്ടിക്കാട്
ഡോ. ജേക്കബ് ആക്കനത്ത്

**സർക്കുലേഷൻ മാനേജർ**
ടോണി കാട്ടാംപള്ളിൽ

**മാർക്കറ്റിംഗ് മാനേജർ**
റോണി കളപ്പുരയ്ക്കൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

**അക്ഷരവിന്യാസം**
ശ്രീജിത് ജോർജ്
നിഷ ബിനു

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2665233
ഫാക്സ് : 0484 – 2665433
e-mail : karunikan@rediffmail.com;
website: www.karunikan.com

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## പെൺ കാല് കഴുകുന്ന വിശ്വാസം

2013-ലെ വലിയ നോമ്പും വലിയ ആഴ്ചയും കഴിഞ്ഞ അവസരം. എവിടെയും ചർച്ചാവിഷയം ഫ്രാൻസീസ് പാപ്പാ തന്നെ. അതും, അദ്ദേഹം പെസഹായ്ക്ക് ജയിലിൽ പോയി സ്ത്രീകളുടെയും, മുസ്ലീം വനിതയുടെയും കാലുകഴുകിയത്! ഒരു വൈദിക സമ്മേളനത്തിൽ ചർച്ച മുറുകിയപ്പോൾ ഉയർന്ന പ്രഖ്യാപനം: "ഇനി അടുത്ത വർഷം പാപ്പായിത് ആവർത്തിക്കില്ല!" അങ്ങനെ മലയാളിയുടെ ശുഭാപ്തി വിശ്വാസത്തോടെ ആ ചർച്ച അവസാനിച്ചു.

എന്നാൽ 2014-ലും 2015-ലും ഫ്രാൻസീസ് പാപ്പായിത് ആവർത്തിച്ചു. അതിനു ശേഷമാണിപ്പോൾ വത്തിക്കാനിലെ ദൈവാരാധനയ്ക്കുള്ള തിരുസംഘം നിർദ്ദേശം ഇറക്കിയിരിക്കുന്നത് – പെസഹാവ്യാഴാഴ്ചത്തെ കാലുകഴുകൽ ശുശ്രൂഷയിൽ സ്ത്രീകളെയും പെൺകുട്ടികളെയും പങ്കെടുപ്പിക്കാമെന്ന്. അവരുടെ കാലും കഴുകാമെന്ന്! പതിറ്റാണ്ടുകൾ നിലവിലിരുന്ന പാരമ്പര്യത്തെ തിരുത്തിക്കൊണ്ടാണ് പുതിയ കല്പനയെന്നോർക്കണം. അതും പാരമ്പര്യവും പൗരാണികത്വവും മുറുകെ പിടിക്കുന്ന കത്തോലിക്കാ സഭയിൽ!

തീരുമാനം അറിഞ്ഞതേ കേരളത്തിലെ യാഥാസ്ഥിതിക തീവ്രവാദികൾ വാളും പരിചയുമായി രംഗത്തിറങ്ങി: "നമുക്കിത് ബാധകമല്ല; കാരണം ഇത് ലത്തീൻ സഭയ്ക്കുവേണ്ടി മാത്രമിറക്കിയിരിക്കുന്ന നിർദ്ദേശമാണ്. അതിനാൽത്തന്നെ പൗരസ്ത്യ സഭകൾക്കിത് ബാധകമല്ല."

ഈ വാദം ശരിയല്ലേ? തത്വത്തിലിത് നൂറുശതമാനം ശരിയാണ്. കാരണം ലത്തീൻ സഭയുടെ ദൈവാരാധന തിരുസംഘം ലത്തീൻ സഭയ്ക്കുവേണ്ടി ഇറക്കിയ നിർദ്ദേശം തന്നെയാണിത്. എന്നാൽ ഇത്തരമൊരു മാറ്റത്തിനായി ഫ്രാൻസീസ് പാപ്പാ മുമ്പോട്ട് വയ്ക്കുന്ന ന്യായങ്ങൾ എന്തൊക്കെയാണ്?

സെഹിയോൻ ഊട്ടുശാലയിൽ യേശു കാണിച്ച മാതൃകയുടെ അർത്ഥം കൂടുതൽ പൂർണ്ണമായി വെളിപ്പടുത്താൻ വേണ്ടിയിട്ടാണ് ഈ മാറ്റമെന്നാണ് പാപ്പാ പറഞ്ഞത്. യേശുവിന്റെ ആത്മദാനത്തെയും ശുശ്രൂഷയെയും സൂചിപ്പിക്കുന്ന മാതൃക. അങ്ങനെയെങ്കിൽ, അത്തരമൊരു മാറ്റം കേരളത്തിലെ പൗരസ്ത്യ സഭകൾക്ക് സ്വീകാര്യമല്ലെന്നോ? അതോ, സുവിശേഷത്തിലെ ക്രിസ്തുവിന്റെ മാതൃകയെ ലത്തീൻകാരു മാത്രം അനുകരിച്ചാൽ മതിയെന്നോ? നൈയാമികമായി ലത്തീൻ സഭയിൽ മാത്രമാണ് ഈ മാറ്റം വരുത്തിയിട്ടുള്ളതെങ്കിലും, ഇത്തരമൊരു മാറ്റത്തിനു നിദാനമായി ചൂണ്ടിക്കാണിക്കുന്ന ദൈവശാസ്ത്രപരമായ ന്യായങ്ങൾ സകല കത്തോലിക്കർക്കും ബാധകമാകാതിരിക്കുന്നതെങ്ങനെ?

കേരളത്തിലെ ഒരു പൗരസ്ത്യ രൂപത. വത്തിക്കാന്റെ നിർദ്ദേശം വന്നയുടനെ മറ്റൊരു നിർദ്ദേശം വൈദികർക്ക് കൊടുത്തു കഴിഞ്ഞു –

നമ്മുടെ രൂപതയിൽ ഇത് നടപ്പിലാക്കണ്ട! അതിനു പറഞ്ഞ ന്യായമാണ് കൗതുകകരം. കേരളത്തിലെ സാമൂഹ്യാന്തരീക്ഷം ഇത്തരമൊരു മാറ്റത്തിനു യോജിച്ചതല്ലെന്ന്!

എങ്ങനുണ്ട് നമ്മുടെ ന്യായം? ആണുങ്ങളുടെ കൂടെ പെണ്ണുങ്ങളുടെയും കാലുകഴുകുന്നതിലൂടെ കൈമാറപ്പെടുന്നത് ക്രിസ്തുസന്ദേശത്തിന്റെ സാർവ്വത്രികതയാണ്. ദൈവമക്കളെന്ന നിലയിൽ സ്ത്രീയും പുരുഷനെപ്പോലെ തന്നെ തുല്യ വ്യക്തിയാണെന്ന ക്രിസ്തീയ സന്ദേശം. കേരളസമൂഹത്തിനിത് സ്വീകാര്യമല്ലെന്ന് പറയുന്നതിലൂടെ എന്താണ് നമ്മൾ പകരുന്ന സന്ദേശം? ആര് എന്ത് പറഞ്ഞാലും ദൈവമക്കളുടെ തുല്യത ഇവിടെ ചെലവാകില്ലെന്നു തന്നെയല്ലേ? അതോടൊപ്പം, തൊട്ടടുത്തു കിടക്കുന്ന ലത്തീൻ ഇടവകയിൽ നിന്നും വ്യത്യസ്തമായൊരു സാമൂഹ്യാന്തരീക്ഷം സീറോ-മലബാർ ഇടവകയിലുണ്ടോ? ഒരു കിലോമീറ്ററിനുള്ളിലെ രണ്ടു പള്ളികളിൽ രണ്ടു സാമൂഹ്യാന്തരീക്ഷമോ?

ഇതിനിടയ്ക്ക് സാമൂഹ്യമാധ്യമങ്ങളിൽ വളർന്നുവന്ന ചർച്ചയും യുദ്ധവുമാണ് ഏറ്റവും രസകരം. എത്ര വാദങ്ങൾ ഉന്നയിച്ചിട്ടും വിജയിക്കാതെ വന്നപ്പോൾ ഒരു തീവ്രവാദി, ഫ്രാൻസീസ് പാപ്പാ അർജന്റീനായിൽ വച്ച് നടത്തിയ ഒരു കാൽ കഴുകൽ ശുശ്രൂഷയുടെ പടം എടുത്തിട്ടു - ഒരു അടിക്കുറിപ്പോടെ. മിഡിയിട്ട ഗർഭിണിയായ ഒരു സ്ത്രീയുടെ കാല് പാപ്പാ കഴുകുന്നതാണ് ചിത്രം. കാലും നിറവയറും ചിത്രത്തിൽ കാണാമെന്നതാണ് സത്യം. അതിനെ കേന്ദ്രീകരിച്ചായിരുന്നു അടിക്കുറിപ്പ്. പതിറ്റാണ്ടുകൾക്ക് മുമ്പ് അർജന്റീനയിൽ ആ ശുശ്രൂഷ നടത്തിയപ്പോൾ കാൽകഴുകിയ ബെർഗോളിയോയ്ക്കും, കാൽ കഴുകപ്പെട്ട സ്ത്രീക്കും, അതിൽ പങ്കെടുത്ത അർജന്റീനാക്കാർക്കും തോന്നാത്ത ലൈംഗികചോദന മലയാളിക്കു തോന്നുമെന്ന ഭക്തതീവ്രവാദികളുടെ വാദം യഥാർത്ഥത്തിൽ ആത്മീയതയാണോ അതോ മാനസിക രോഗമാണോ? കേരളത്തിൽ അടിക്കടി പെരുകി വരുന്ന ബാലപീഡനങ്ങൾക്ക് പിറകിൽ നില്ക്കുന്ന ലൈംഗികചോദനയും ആത്മീയ തീവ്രവാദികളുടെ ലൈംഗിക ചോദനയും തമ്മിലെന്താണ് വ്യത്യാസം? ഇതിന് ചികിത്സ കൊടുക്കേണ്ടത് പള്ളിയിലല്ല, മറിച്ച് മാനസികാശുപത്രിയിലാണെന്ന് സുബോധമുള്ള ആരും പറയും.

ഈശോ തന്റെ പരസ്യ ജീവിതം തുടങ്ങിയപ്പോൾ ആദ്യം പറഞ്ഞത് - മനസ്സ് മാറുവിൻ എന്നാണ്. അവന് പറഞ്ഞു: "സമയം പൂർത്തിയായിരിക്കുന്നു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അതിനാൽ നിങ്ങൾ മനസ്സു മാറുവിൻ" (മർക്കോ 1:15). മനസ്സു മാറുക എന്നതാണ് ക്രിസ്തു സുവിശേഷത്തിന്റെ ആത്മാവു തന്നെ. മാനസ്സാന്തരത്തിലേക്കും മനം മാറ്റത്തിലേക്കുമാണ് ക്രിസ്തു സകലരെയും മാടിവിളിക്കുന്നത്. മനസ്സു മാറാൻ കർത്താവ് കല്പിക്കുമ്പോൾ, അതിനു ഞങ്ങൾക്കു മനസ്സില്ല എന്നുതന്നെയല്ലേ മലയാളിയുടെ പിടിവാശി?

ഈ അടുത്തയിടെ നടന്ന ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു സമ്മേളനം. ദൈവശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങളിൽ ഡോക്ടറേറ്റ് നേടിയശേഷം ഭാരതത്തിന്റെ വിവിധ സെമിനാരികളിൽ പഠിപ്പിക്കുകയും സഭാശുശ്രൂഷ ചെയ്യുകയും ചെയ്യുന്നവർ. ഇത്തവണത്തെ ചർച്ചാ വിഷയം - 'ഫ്രാൻസീസ് പാപ്പായുടെ സ്വാധീനം' എന്നതായിരുന്നു. ചർച്ചക്കിടയിൽ ഒരാൾ ചോദ്യവുമായി എഴുന്നേറ്റു: "എന്തു സ്വാധീനമാണ് ഫ്രാൻസീസ് പാപ്പായുടെ ജീവിതവും ശൈലിയും കേരളസഭയിൽ വരുത്തിയിട്ടുള്ളത്? ചില വ്യക്തികളിൽ ചില അല്ലറ ചില്ലറ മാറ്റങ്ങൾ വന്നു എന്നല്ലാതെ, ഒരു സ്ഥാപനമെന്ന നിലയിൽ കേരളസഭയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഫ്രാൻസീസ് പാപ്പായ്ക്ക് കഴിഞ്ഞിട്ടുണ്ടോ?"

അതിനെ പിന്തുണച്ചുകൊണ്ട് മറ്റൊരാൾ സംസാരിച്ചു: "നമ്മുടെ സഭയുടെ ആർഭാടങ്ങൾ കുറഞ്ഞിട്ടുണ്ടോ? ആചാരാനുഷ്ഠാനങ്ങൾക്ക് കൊടുക്കുന്ന അമിതപ്രാധാന്യത്തിന് എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ? സഭാസ്ഥാപനങ്ങളിൽ ദരിദ്ര്യർക്കു കൂടുതൽ സ്വാഗതവും പ്രവേശനവും ലഭിക്കുന്നുണ്ടോ?"

ഈശോ പറഞ്ഞ ഒരു ഉപമ ഓർക്കണം: "നിന്റെ കൈ നിനക്കു ഇടർച്ച വരത്തുന്നെങ്കിൽ, അത് വെട്ടിക്കളയുക... നിന്റെ കണ്ണ് നിനക്കു ഇടർച്ച വരുത്തുന്നെങ്കിൽ അത് ചുഴുന്നെടുത്തു കളയുക..." അങ്ങനെയെങ്കിൽ, ഇക്കണക്കിന് സ്വർഗ്ഗരാജ്യം നിറയെ വികലാംഗ

രായിരിക്കുമല്ലോ എന്ന് ചിന്തിക്കരുത്. എല്ലാ അവയവവും ഉള്ളവനായി ദൈവം മാത്രമേ അവിടെ കാണുകയുള്ളൂവെന്നും പറയരുത്.

എന്താണ് യേശു പറഞ്ഞതിന്റെ അർത്ഥം? ഏതാണ് വലുതെന്നതാണ് ഇവിടുത്തെ പ്രശ്നം. നിന്റെ ജീവനാണോ, അതോ നിന്റെ കയ്യാണോ? ജീവനാണ് കയ്യേക്കാൾ വില പ്പെട്ടതെന്ന് ഏതു കണ്ണുപൊട്ടനും പറയും. അങ്ങനെയെങ്കിൽ നിന്റെ ജീവൻ നിലനിർത്താ നായി നിന്റെ ഒരു കൈ മുറിച്ചു കളയുന്നതാണ് ബുദ്ധി. പ്രമേഹം മൂർഛിക്കുമ്പോഴും കാൻസർ വരുമ്പോഴും നാം പ്രയോഗിക്കുന്ന ലോജിക് ഇതുതന്നെയാണ്. ജീവൻ നില നിർത്താനായി ഒരു അവയവത്തെ ത്യജിക്കാൻ തയ്യാറാകുന്നു. എത്ര പ്രിയപ്പെട്ട അവയവ മാണെങ്കിലും ജീവന് ഭീഷണിയായി വന്നാൽ ബുദ്ധിമാന്മാർ ആ അവയവത്തെ വേണ്ടെന്ന് വയ്ക്കും. കാരണം ജീവൻ നഷ്ടപ്പെട്ടശേഷം, മൃതമായ അവയവംകൊണ്ട് ഒരു മെച്ചവും ഉണ്ടാകാനില്ലല്ലോ?

ഫ്രാൻസീസ് പാപ്പാ നടപ്പിൽ വരുത്തുന്ന മാറ്റങ്ങളുടെയെല്ലാം ലോജിക്ക് ഈ ക്രിസ്തു ലോജിക് തന്നെയാണ്. ജീവൻ നിലനിർത്താനായി, ചില അവയവങ്ങളെ മുറിച്ചു മാറ്റുന്ന ലോജിക്. പാപ്പാ ഏറ്റവും അവസാനം കൊണ്ടുവന്ന മാറ്റങ്ങൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാ കും. സഭാ കോടതിയിൽ വരുന്ന വിവാഹ സംബന്ധമായ കേസുകൾ നാല്പതു ദിവസത്തി നകം തീർത്തു കൊടുക്കണമെന്ന തീരുമാനം. എത്രയെത്ര പെൺകുട്ടികളുടെ ജീവിതമാണ് ഇതുമൂലം രക്ഷപ്പെടാൻ പോകുന്നത്? ഗർഭഛിദ്രം നടത്തിയ സ്ത്രീകളുടെ പാപം മോചി ക്കാൻ വൈദികർക്ക് അധികാരം കൊടുത്തത്. എത്രയെത്ര അമ്മമാരാണ് ആജീവനാന്ത കുറ്റബോധത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും ഇതുമൂലം ക്രിസ്തുവിന്റെ സമാധാന ത്തിലേക്ക് വന്നത്. ഇപ്പോൾ അവസാനം സ്ത്രീകളുടെ കാൽ കഴുകാനുള്ള തീരുമാനവും. ക്രിസ്തുവിന്റെ പ്രധാന്യക്രമത്തിലേക്ക് തിരികെപ്പോകാൻ ഫ്രാൻസീസ് തുടർച്ചയായി നമ്മെ നിർബന്ധിക്കുന്നുവെന്നു സാരം. ജീവനാണ് വലുത്, അതിനെ സംരക്ഷിക്കാനായി അവയ വങ്ങൾ നമ്മൾ മുറിച്ചു മാറ്റണം.

കഴിഞ്ഞ ഒക്ടോബറിലെ സിനഡിന്റെ സമാപന സന്ദേശത്തിൽ നിറഞ്ഞു നിന്നിരുന്നത് ഈ പ്രധാന്യ ക്രമമായിരുന്നു. പാപ്പാ പറഞ്ഞു: "സുവിശേഷത്തെ സിദ്ധാന്തവത്ക്കരിച്ച് ചത്ത കല്ലുകളാക്കി മറ്റുള്ളവരെ എറിയുന്നതിനു പകരം, സുവിശേഷം എന്നും പുതുമയുടെ വറ്റാത്ത ഉറവിടമാണെന്ന് സാക്ഷ്യപ്പെടുത്തുകയായിരുന്നു ഈ സിനഡിന്റെ ലക്ഷ്യം... സഭ നീതി ന്മാരുടെയും വിശുദ്ധരുടെയും മാത്രമല്ല ഹൃദയദാരിദ്ര്യമുള്ളവരുടെയും പാപികളുടേതുമാ ണെന്ന് വ്യക്തമാക്കാനായിരുന്നു ഈ സിനഡ്. വിശ്വാസപ്രമാണങ്ങളുടെ അക്ഷരത്തേക്കാ ളുപരി അതിന്റെ ആത്മാവിനെ മുറുകെപ്പിടിക്കുന്നവരാണ് യഥാർത്ഥ വിശ്വാസ സംരക്ഷക രെന്ന് തിരിച്ചറിയാനും ഈ സിനഡിനു സാധിച്ചു... മൂത്തപുത്രനാകാനും (ലൂക്കാ 15:25-32) അസൂയാലുക്കളായ ജോലിക്കാരാകാനും (മത്താ 20:1-16) ആവർത്തിച്ചാവർത്തിച്ചുണ്ടാകുന്ന പ്രലോഭനത്തെ അതിജീവിക്കലാണത്...

"അതിനാൽ വിധിക്കുകയും ശപിക്കുകയും ചെയ്യുകയല്ല സഭയുടെ ഒന്നാമത്തെ ധർമ്മം. മറിച്ച് ദൈവത്തിന്റെ കാരുണ്യം പ്രഘോഷിക്കുകയും എല്ലാവരെയും കർത്താവിന്റെ രക്ഷ യിലേക്ക് നയിക്കുകയുമാണ് (യോഹ 12:44-50)..."

ഒരു മാറ്റത്തിനാണ് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്യുന്നത്. ക്രിസ്തു ചെയ്തതും അതുതന്നെയായിരുന്നു. (മർക്കോ 1:15). ചുരുക്കത്തിൽ മാറ്റത്തിനായുള്ള ക്രിസ്തുവിന്റെ മൗലികാഹ്വാനം ഇന്ന് ഫ്രാൻസീസ് പാപ്പായിലൂടെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. മാറ്റത്തിനായി നമ്മുടെ ഹൃദയകവാടം തുറക്കണോ? അതോ മറുതലിച്ചു നിൽക്കണോ? അതാണ് നമ്മൾ എടുക്കേണ്ട തീരുമാനം.

പത്രാധിപർ

# ഉള്ളടക്കം


25

**ആകാശപ്പറവകളുടെ മനുഷ്യ ചില്ല**

കരുണ കാണിക്കുക എന്നത് ജീവിതക്രമമായി മാറിയ തൃശ്ശൂർ ചെന്നായപ്പാറ ദിവ്യഹൃദയാശ്രമത്തിലെ ഫാ. ജോർജ് കണ്ണം പ്ലാക്കലിന്റെ അനാഥർക്കൊപ്പമുള്ള രണ്ടു പതിറ്റാണ്ട് പിന്നിട്ട ജീവിതത്തെക്കുറിച്ച്...

32

**മോശ ഉപവസിച്ച പഴയ നിയമം**

പഴയനിയമ കാലത്തെ ഉപവാസ സങ്കൽപ്പം എന്തായിരുന്നു? ഏതൊക്കെ സന്ദർഭങ്ങളിലായിരുന്നു അവർ ഉപവസിച്ചിരുന്നത്? എന്തിനൊക്കെ വേണ്ടിയായിരുന്നു അവരുടെ ഉപവാസം? പഴയ നിയമപണ്ഡിതൻ ഡോ. ജോസഫ് തൊണ്ടിപ്പറമ്പിലിന്റെ ലേഖനം

37

**ഉപവാസം; ആത്മാവിന്റെ തീൻമേശ**

ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ സങ്കൽപം എന്തായിരുന്നു? ക്രിസ്തുവിനു ശേഷം ആദിമ ക്രൈസ്തവസമൂഹം ഈ മതാഭ്യാസത്തെ എങ്ങനെ സ്വീകരിച്ചു? പുതിയ നിയമത്തിലെ ഉപവാസ രീതികളെക്കുറിച്ച് പുതിയ നിയമ പണ്ഡിതൻ ഡോ. ജേക്കബ് നാലുപറയിലിന്റെ അന്വേഷണം.

45

**ആഹരിക്കൂ; മാനസാന്തരം**

മൂന്ന് റീത്തുകളിലേയും നോമ്പുകാല പ്രാർത്ഥനകളിലും വലിയ ആഴ്ചത്തെ പ്രാർത്ഥനകളിലും വ്യക്തമാകുന്ന നോമ്പിന്റെ ആത്മീയതയെക്കുറിച്ച് ലിറ്റർജി പണ്ഡിതനായ ഡോ. നരികുളം എഴുതുന്നു.

48

**ഉപവാസത്തിന്റെ സയൻസ്**

സ്വന്തമായി ഒരു ജീവിതശൈലി ഇല്ലാത്തയാൾക്ക് ഉപവസിക്കാനോ ഉപവാസത്തിന്റെ ആത്മീയത സ്വന്തമാക്കാനോ കഴിയില്ല. ഇതിന് യോഗാ ആത്മീയത അനിവാര്യമാണ്. യഥാർത്ഥ ഉപവാസത്തെ യോഗാ ആത്മീയതയിലൂടെ യോഗാചാര്യൻ ഫാ. സൈജു വിലയിരുത്തുന്നു.






33

52

**സ്നേഹദീപം തെളിച്ച ഇടയജ്യോതി**


കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ സഹായമെത്രാനായി അഭിഷിക്തനായ മാർ ജോസ് പുളിക്കലിന്റെ ഇടയ ജീവിതം പകർന്ന കരുണയും കരുതലും സ്നേഹദീപം ഡയറക്ടർ അനുസ്മരിക്കുന്നു.


05 എഡിറ്റോറിയൽ

10 പ്രതികരണങ്ങൾ

80 അന്ത്യവിധി





63

**കുർബാന അവഹേളനം: സഭയുടെ ശിക്ഷാ നടപടികൾ**

പരിശുദ്ധ കുർബാന അവഹേളിക്കുന്നതിലൂടെ സഭ കൈ ക്കൊള്ളുന്ന തുടർനടപടികളെക്കുറിച്ച് സഭാ നിയമപണ്ഡിൻ ഡോ. ജോസ് ചിറമേലിന്റെ വിശദീകരണം.

70

**കഥയിലെ നേരുകൾ**

സാറാ ജോസഫിന്റെ 'കഥ' എന്ന കഥയെ പരിചയപ്പെടുത്തുന്നു.

76

**ക്ഷീണംപൂണ്ട വംശങ്ങൾ**

വിജയലക്ഷ്മിയുടെ 'വംശം' എന്ന കവിതയെ വിലയിരുത്തുന്നു.

56

**ദളിതനായ രോഹിത് കൊല്ലപ്പെട്ടത് എന്തിന്?**

ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുമതം സ്വീകരിച്ചിട്ടും ദളിതരെ ജാതീയമായി അവഹേളിക്കുന്ന വിളികളും അകറ്റി നിർത്തലും ഇന്നും നിലനിൽക്കുന്നു. ഗവേഷക വിദ്യാർത്ഥി രോഹിതിന്റെ ആത്മഹത്യയെ ആസ്പദമാക്കിയുള്ള ലേഖനം.

78

**മൺസൂൺ മാംഗോസ്**

അബി വർഗീസിന്റെ 'മൺസൂൺ മാംഗോസി'നെ കുറിച്ചുള്ള ചിത്രനിരൂപണം.

# പ്രതികരണങ്ങൾ




പതിവിലേറെ പ്രതികരണങ്ങളായിരുന്നു ഇത്തവണ ലഭിച്ചത്. പ്രസക്തമായവയെല്ലാം ഉൾപ്പെടുത്താനായി. ഇത്തവണ കുറേ കൂടുതൽ പേജുകൾ ഉപയോഗിക്കുകയാണ്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുള്ള സംവാദത്തിലൂടെയും സത്യവും നീതിയും നിലനിർത്താനുള്ള ക്രിസ്തീയ ധർമത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**പത്രാധിപർ**

## സമർപ്പിതർക്കുള്ള അക്ഷരകാണിക്ക

ഒരു തോട്ടക്കാരനേക്കാളും നിസ്സാരമായ ജോലി ചെയ്ത് മഠത്തിനോട് ചേർന്ന് ജീവിച്ചിരുന്ന ഫുക്കോയെന്ന മനുഷ്യന്റെ ജീവിത വിശുദ്ധി മനസ്സിലാക്കിയ സന്യാസിനികൾ അദ്ദേഹത്തോട് ഒരു വൈദികനാകുന്നതിനെക്കുറിച്ച് സംസാരിച്ചു. പക്ഷേ ഫുക്കോ അതിന് തയ്യാറായില്ല. നിസ്സാരനായിതന്നെ അദ്ദേഹം ജീവിതം തുടർന്നു. ഫുക്കോ വൈദികനായാൽ ലോകത്ത് പ്രതിദിനം അർപ്പിക്കപ്പെടുന്ന ബലികളോടൊപ്പം ഒരു ദിവ്യബലി കൂടി ഉണ്ടാകുമെന്ന് പറഞ്ഞപ്പോൾ ആ വാക്കുകൾ ഫുക്കോയിൽ ചലനങ്ങളുണ്ടാക്കി. അത് അദ്ദേഹത്തെ പ്രചോദിപ്പിച്ചു. ഒരു വൈദികനാകാൻ അദ്ദേഹം സ്വയം സന്നദ്ധനായി. അങ്ങനെ പരിശീലനങ്ങൾക്കും പഠനങ്ങൾക്കുമൊടുവിൽ 1901-ൽ പൗരോഹിത്യം സ്വീകരിക്കുകയും മൊറോക്കോയിലെ ആശ്രമവാസിയാകുകയും ചെയ്തു. ബലിയർപ്പണം ഒഴിവാക്കിയാൽ ശേഷിക്കുന്ന ആശ്രമജീവിതം ഒരു സുഖജീവിതമാണെന്ന് തിരിച്ചറിഞ്ഞ ഫാ. ഫുക്കോ ആശ്രമം വിട്ട് സഹാറ മരുഭൂമിയിലേക്കു പോയി. അവിടെ അറബികൾ അടിമകളാക്കി വച്ചിരുന്നവരെ ശുശ്രൂഷിക്കാൻ അദ്ദേഹം തയ്യാറായി.

അടിമകളുടെ വസ്ത്രങ്ങൾ കഴുകുക, അവർക്ക് ഭക്ഷണം ശേഖരിച്ചു നൽകുക, താമസസ്ഥലം വൃത്തിയാക്കി കൊടുക്കുക തുടങ്ങിയ കാര്യങ്ങളിൽ വ്യാപരിച്ച് മറ്റുള്ളവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തി ഫാ. ഫുക്കോ ജീവിച്ചു. ആരുമറിയാതെ കടന്നുപോയ ഈ വിലപ്പെട്ട ജീവിതം ലോകം തിരിച്ചറിഞ്ഞത് 2015-ലാണ്. ബനഡിക്ട് പതിനാറാമൻ പാപ്പാ ഫുക്കോയെന്ന ഫാ. ചാൾസ് ഡി ഫുക്കോയെ വാഴ്ത്തപ്പെട്ടവനായി ഉയർത്തിയതോടെ ഈ സന്യാസിയെ ലോകം തിരിച്ചറിഞ്ഞു. ഈ സന്യാസിയെപ്പോലെ ധാരാളം വൈദികരും സമർപ്പിതരും ഇന്നും പലയിടങ്ങളിലായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.




സമർപ്പിത വർഷത്തിൽ ദേവാലയങ്ങളിലും ആശ്രമങ്ങളിലും സന്യാസഭവനങ്ങളിലുമൊക്കെ സമർപ്പിതരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. എന്തിനേറെ ഷാളണിയിക്കുന്ന ചടങ്ങുകളും ഉപഹാരസമർപ്പണങ്ങളും വരെ പലയിടങ്ങളിലും നടന്നു. ഇതൊക്കെ നല്ലതുതന്നെ. എങ്കിലും ഒന്നു പറയട്ടേ; ഫുക്കോ സന്യാസിയെപ്പോലുള്ള വിശുദ്ധരായ സമർപ്പിതരെ തിരിച്ചറിഞ്ഞ് സമൂഹമധ്യേ വെളിപ്പെടുത്തി കൊടുക്കാതിരുന്നത് ഈ വർഷാചരണത്തിന്റെ ശോഭ കെടുത്തി. വരും തലമുറയ്ക്ക് മാതൃകയും ദൈവവിളികളുടെ പരിപോഷണത്തിനും ഇത്തരം കാര്യങ്ങൾ ഉതകുമെന്നത് തിരിച്ചറിയാതെപോയി. തിരുസ്സഭയുടെ വളർച്ചയ്ക്ക് ഇതൊക്കെ പ്രേരകഘടകങ്ങളാണെന്നാണ് എന്റെ നിഗമനം.

സമർപ്പിത വർഷാരംഭത്തിലും സമാപനത്തിലും സമർപ്പിതർക്കായുള്ള ഒരു സമർപ്പണമായി തന്നെ കാരുണികൻ രണ്ട് ഈടുറ്റ ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. സമർപ്പിതരുടെ ജീർണതയേയും രോഗാതുരമായ അവസ്ഥയേയും കുറിച്ചെല്ലാം

സവിസ്തരം ജനുവരി ലക്കം പ്രതിപാദിച്ചിരിക്കുന്നു. സമർപ്പിതർക്ക് ഒരോർമ്മപ്പെടുത്തലും സമർപ്പിതരെ ഓർമിക്കലുമൊക്കെയായി ഇതു മാറിയപ്പോൾ മരണാനന്തര ബഹുമതി എന്നതിലുപരിയായി സമർപ്പിതരുടെ ശുശ്രൂഷാ കാലഘട്ടത്തിൽ തന്നെ അവരെ സ്മരിക്കാനും അംഗീകരിക്കാനും കാരുണികൻ തയ്യാറായി. അധ്യാപന, ആതുരശുശ്രൂഷാ മേഖലകളിലും നീതിന്യായ മേഖലകളിലും സർക്കാർ തലങ്ങളിലുമൊക്കെ സേവനം ചെയ്യുന്ന സമർപ്പിതർ തങ്ങളുടെ വിളിയിൽ നിന്ന് അണുവിട വ്യതിചലിക്കാതെ സമർപ്പണത്തോടെ സേവനം ചെയ്യുന്ന വൈദിക-സന്യസ്തരെ വിശദമായി തന്നെ 'സർക്കാർ മേഖലയിലെ സമർപ്പിതർ' എന്ന ലക്കത്തിലൂടെ അനുസ്മരിക്കുകയുണ്ടായി.

വ്രതബദ്ധജീവിതത്തിന്റെ പോരായ്മകളെ ജോർജ് മണലേലച്ചൻ ഓർമപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ഒരു വർഷം മുഴുവൻ നൽകിയ ചിന്തകൾ മറ്റെന്തിനേക്കാളും ആദരവർഹിക്കുന്നതായിരുന്നു. ചിന്തോദ്ദീപകവും ഈടുറ്റതുമായ ലേഖനങ്ങളിലൂടെ സമർപ്പിതർക്ക് നൽകിക്കൊണ്ടിരിക്കുന്ന വലിയ അംഗീകാരത്തിന് നന്ദിയർപ്പിക്കുകയാണ്. സമർപ്പിതർക്കുള്ള അക്ഷരകാണിക്കയായിരുന്നു കാരുണികന്റെ ഈ മാധ്യമശുശ്രൂഷ.

**സിസ്റ്റർ സ്റ്റാർലി എസ്.എച്ച്**
സ്നേഹസദൻ റിഹാബിലിറ്റേഷൻ സെന്റർ, കൽപ്പറ്റ

## കോർപൊറേറ്റ് സന്യാസം

സ്വാതന്ത്ര്യത്തെ ബലികഴിച്ച അനുസരണവും, നൈസർഗ്ഗിക വാസനകളെ പരിത്യജിച്ച ബ്രഹ്മചര്യവും, സമ്പത്തിനെ തൃണവൽക്കരിച്ച ദാരിദ്ര്യവും നൈയ്യാമിക സന്യാസത്തിന്റെ ലക്ഷണമാണല്ലോ. അന്യമായതിനെ സ്വന്തമാക്കാൻ സ്വന്തമായതിനെ അന്യമാക്കിയവരാണല്ലോ സന്യാസികൾ. ആകാശപറവകൾക്ക് കൂടുകളും കുറുനരികൾക്ക് മാളങ്ങളും ഉള്ള ഒരു ലോകത്ത് തല ചായ്ക്കാനിടമില്ലാതെ വന്ന ക്രിസ്തുവിന്റെ ജീവിതം സ്വായത്തമാക്കുന്നവരാണിവർ. ലോകത്തിന്റെ മായാവലയങ്ങളിൽപ്പെടാതെ ആത്മനിറവിൽ സമ്പൂർണ്ണ സമർപ്പണം നടത്തി ലോകത്തിൽ സാക്ഷികളാകാൻ വന്നവരാണ് സന്യാസികളെന്നും നമ്മൾ പറയുന്നു. എന്നാൽ ഇതൊക്കെ പഴയ ആഗ്രഹങ്ങളും, പഴയ കുറിപ്പുകളുമാണെന്ന് ഇന്ന് എല്ലാവർക്കും അറിയാം.

ആധുനിക സന്യാസികൾ ഹൈടെക് സന്യാസികളാണ് എന്ന് പറയുന്നതിൽ ആർക്കും അതിശയോക്തി തോന്നുന്നില്ല. ദാരിദ്ര്യം ഉണ്ടായിരുന്ന ഒരു കാലവുമുണ്ടായിരുന്നു. ഇന്ന് സമ്പന്നമല്ലാത്ത ഒരു സന്യാസഭവനവുമില്ല. ആതുരസേവനം, വിദ്യാഭ്യാസം എന്ന രണ്ട് മേഖലകളെ കേന്ദ്രീകരിച്ചാണ് സന്യാസികൾ 'കോർപൊറേറ്റുകളായത്.' സേവനമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച് അക്ഷരാർത്ഥത്തിൽ കച്ചവടമായി തീർന്നു ഈ രണ്ട് മേഖലകളും. പാവപ്പെട്ട കുറേ വിദ്യാർത്ഥികളെയും രോഗികളേയും സംരക്ഷിച്ചു എന്നത് സത്യമെങ്കിലും അവയൊക്കെ ആസ്തിയെ തൊടാതെ ലിക്വിഡ് ക്യാഷിന്റെ കളിയിലാണ് നീങ്ങുക.

സന്യാസികൾ ശേഖരിക്കുന്നവരായി തീരുകയാണ്. സർക്കാർ ജോലിയിൽ നിന്നുള്ള പെൻഷൻ, സർക്കാർ ശമ്പളം, പൊതുമേഖലാ സ്ഥാപനത്തിന്റെ ലാഭവിഹിതം, ആത്മീയശുശ്രൂഷകളുടെ പ്രതിഫലം എല്ലാം കൂടി വരുമ്പോൾ നല്ലൊരു വരുമാനം സന്യാസഭവനങ്ങളിലെത്തും. കാലാകാലങ്ങളിൽ വാങ്ങിക്കൂട്ടിയ ഭൂസ്വത്ത് ഉണ്ടാക്കിയെടുത്ത കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ... ഇവയെല്ലാം വരുമാന സ്രോതസ്സായി തീരുകയാണ്.

സന്യാസികളുടെ ദാരിദ്ര്യം ഒരു മരീചികയായിത്തീർന്നു. പാവങ്ങൾക്ക് പങ്കുവയ്ക്കുന്നവരെങ്കിലും, പങ്കുവയ്ക്കുന്നത് വളരെ നിസ്സാരമാണ്. ഫുൾട്ടൻ ജെ. ഷീൻ പറയുന്നത് നിങ്ങൾ എന്ത് നൽകുന്നുവെന്നതല്ല നിങ്ങൾ നിങ്ങൾക്കുവേണ്ടി എന്തുമാത്രം സൂക്ഷിച്ച് വയ്ക്കുന്നു എന്നതാണ് ചിന്തിക്കേണ്ടത്. ഇവിടെയാണ് സന്യാസികൾ ദരിദ്രരല്ലാതായി തീരുന്നത്.

സന്യാസികൾ ചെയ്യേണ്ട മുഖ്യജോലി ദൈവരാജ്യ സ്ഥാപനവും അക്രൈസ്തവരെ വിശ്വാസത്തിലേക്ക് എത്തിക്കുക എന്നുള്ളതുമാണ്. എന്നാൽ ഇവയിൽനിന്നെല്ലാം സന്യാസം വഴിമാറിപ്പോയി. ആധുനിക ലോകത്തിലെ എല്ലാ സംരംഭങ്ങളേയും, ടെക്നിക്കുകളേയും പൊലിപ്പിച്ചും വർണ്ണിച്ചും, ദൗത്യത്തിന് പുറത്തുള്ള കാര്യങ്ങളിലാണ് സന്യാസികൾ ശ്രദ്ധിക്കുക. ഹോസ്റ്റൽ നടത്തുക, തൊഴിൽ ശാലകൾ നടത്തുക, ട്യൂഷൻ എടുക്കുക, പണം വാങ്ങി ആരാധന നടത്തി കൊടുക്കുക, കൗൺസിലിംഗ് സെന്ററുകൾ നടത്തുക എന്നിങ്ങനെ ഭൗതിക മേഖലയിൽ ലാഭം ഉണ്ടാക്കാൻ ശ്രദ്ധിക്കുകയാണ്. സന്യാസികളുടെ സമയം മുഴുവൻ ചിലവഴിയ്ക്കപ്പെടുന്നത് ധ്യാനം, കൺവെൻഷൻ, പ്രെയർ, സെമിനാർ തുടങ്ങി വ്യത്യസ്ഥങ്ങായ പ്രോഗ്രാമുകൾ തയ്യാറാക്കുന്നതിലാണ്.

സന്യാസികളുടെ എണ്ണം കൂടുന്നത് ദൈവവിളി വർദ്ധിപ്പിക്കലായിട്ട് ചിത്രീകരിക്കപ്പെടുകയാണ്. കുടുംബജീവിതക്കാരുടെ എണ്ണം കുറയുകയും സഭാതനയർ ശോഷിക്കുകയും ചെയ്യുന്ന മറുവശം കൂടി കാണണം. 'മരം ഒളിയ്ക്കാത്ത വിത്തുകളായി' കാലയവനികയിൽ ഇവർ മറഞ്ഞ് പോകുന്നു.

'ദാരിദ്ര്യം ഞങ്ങൾ അനുഭവിക്കുന്നു' എന്ന് സന്യാ

സികൾ പറയാറുണ്ട്. കാരണം സ്വന്തമായി അക്കൗണ്ടില്ല. എന്നാൽ കോമൺ അക്കൗണ്ടിൽ കിടക്കുന്ന തുകയുടെ അംശം ഓരോ അംഗത്തിനും ഉള്ളതാണ്. അങ്ങനെ വരുമ്പോൾ ലക്ഷങ്ങളുടെ ഓഹരിക്കാരാണ് ഓരോ സന്യാസികളും. അതിനാൽ ദാരിദ്ര്യത്തിന്റെ ന്യായീകരണം സന്യാസസഭയ്ക്കില്ല. ഭക്ഷണത്തിൽ മിതത്വമുണ്ടെങ്കിലും ആഘോഷങ്ങൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, യാത്രകൾ, ധ്യാനങ്ങൾ തുടങ്ങിയവയ്ക്ക് മുടക്കുന്ന പണം ആഡംബരത്തിന്റേയും ധൂർത്തിന്റേയും മേഖലയിൽ തന്നെ. സുവിശേഷാത്മകമായ അനുസരണം തീർന്നിട്ട് അഡ്ജസ്റ്റ്മെന്റ് അനുസരണമായി. ലോകത്തെ മുഴുവൻ സ്നേഹിക്കാൻ വേണ്ടി ബ്രഹ്മചര്യവ്രതമെടുത്ത സന്യാസികൾ സ്നേഹം സന്യാസാശ്രമങ്ങളിലും അത് ചിലരിലും മാത്രം ഒതുക്കുന്നു. ബ്രഹ്മചര്യവും അനുസരണവും കൂടുതലും വ്യക്തിതലത്ത് നിലനിൽക്കുന്നു. എന്നാൽ ദാരിദ്ര്യത്തിന് സാമൂഹ്യവശമുണ്ട്.

സന്യാസത്തിന് ഒരു വലിയ പൊളിച്ചെഴുത്ത് ആവശ്യമാണ്. ക്രിസ്തുവിന്റെ, സ്നാപകന്റെ, ഫ്രാൻസീസ് അസ്സീസിയുടെ, മദർ തെരേസായുടെ, ഫ്രാൻസീസ് മാർപ്പാപ്പായുടെ ചൈതന്യം ഇല്ലാത്തതൊന്നും സന്യാസമാകില്ല; വെറും കൂട്ട ജീവിതമെന്ന് വിശേഷിപ്പിക്കാം.

ശത്രുക്കൾ കോർപൊറേറ്റുകളോ മാഫിയായോ എന്നും വിളിച്ചെന്ന് വരാം. ഇനി ക്രിസ്തുവിന്റെ പഴയ ശൈലികളിലേയ്ക്ക് ഇന്നത്തെ സന്യാസത്തിന് മടങ്ങാനാവുമെന്ന് തോന്നുന്നില്ല. അത്രയ്ക്കും വ്യവസ്ഥാപിതവും, സംവിധാനകെട്ടുകളും, നൈയ്യാമിക ബലവും ഉള്ളതായിപ്പോയി. ചില മിനുക്ക് പണിയൊക്കെ നടത്താവുന്നതല്ലാതെ ഒരു മാറ്റവും സന്യാസത്തിൽ ഉണ്ടാകില്ല. പ്രതികരിയ്ക്കാനും പ്രതിഷേധിക്കാനും മറന്ന സന്യാസികളാണ് ഇന്നുള്ളത്. ആർക്കും ഒരു പരുക്കും ഏൽപ്പിക്കാതെ നിർദോഷമായ കൊച്ചുകൊച്ചു കാര്യങ്ങൾ ചെയ്ത് പ്രശ്നമൊന്നുമില്ലാതെ കാലംകഴിക്കാൻ ആഗ്രഹിക്കുന്നവരേ ഇന്ന് സന്യാസത്തിലുള്ളൂ. വ്യക്തിജീവിതത്തിൽ ഭൗതികതയുടെയും സുഖങ്ങളുടെയും പദവികളുടെയും, കെട്ടുറപ്പിന്റെയും സർവ്വവിധ സമ്പന്നതയുടെയും മദ്ധ്യത്തിലാണ് സന്യാസം. കാരുണികന് അഭിനന്ദനങ്ങൾ.

**ഫാ. ലൂക്ക് പുതൃക്കയിൽ**
മോനിപ്പള്ളി, കോട്ടയം, 9443356669

## കുമ്പളം തരുന്ന മാതൃക

സമർപ്പിത വർഷ പ്രഖ്യാപനത്തെത്തുടർന്ന് 2014 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'കാരുണികന്റെ' കവർ പേജ് ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. ധ്യാനാത്മകമായി ചുവന്ന വസ്ത്രധാരിയായിരിക്കുന്ന സന്യാസി! സമർപ്പിത വർഷാഘോഷത്തിന്റെ അവസാനഘട്ടത്തിൽ കാരുണികന്റെ 2016 ജനുവരി ലക്കം കയ്യിൽ കിട്ടിയപ്പോൾ ഏറെ സന്തോഷമായി. കാരണം, കവർ പേജിലെ സന്യാസിയെങ്കിലും തല നിവർത്തി, സന്തോഷവാനായി സ്വാതന്ത്ര്യം പ്രാപിച്ച ഒരവസ്ഥ കണ്ടതിൽ! 'സന്യസ്തർ ദരിദ്രരാണോ' എന്ന ചോദ്യത്തിലാരംഭിച്ച് 'ദാരിദ്ര്യം തന്ന തിരുവസ്ത്രം' എന്ന തലക്കെട്ടിൽ എത്തി നിൽക്കുമ്പോൾ, ഞാൻ വെറുതെ ചിന്തിച്ചുപോയി, ഈയൊരു വർഷക്കാലം സന്യസ്തർക്ക് എന്ത് സംഭവിച്ചുവെന്ന്?

ഫ്രാൻസീസ് പാപ്പാ സമർപ്പിതർക്കുവേണ്ടിയെഴുതിയ ലേഖനങ്ങൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ സന്യാസജീവിതത്തെക്കുറിച്ച് പുറപ്പെടുവിച്ച ഡിക്രിയായ 'പരസ്നേഹത്തിന്റെ പരിപൂർണ്ണത' (Perfectae caritatis) യുടെ 50-ാം വാർഷികം ഏറെ അഴകുള്ളതാക്കാൻ സമർപ്പിത

> ആതുരസേവനം, വിദ്യാഭ്യാസം എന്ന രണ്ട് മേഖലകളെ കേന്ദ്രീകരിച്ചാണ് സന്യാസികൾ 'കോർപൊറേറ്റുകളായത്.' സേവനമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച് അക്ഷരാർത്ഥത്തിൽ കച്ചവടമായി തീർന്നു ഈ രണ്ട് മേഖലകളും.

വർഷമായി സഭ ആഘോഷിച്ചപ്പോൾ എന്ത് മാറ്റമാണ് സന്യസ്തർക്ക് സംഭവിച്ചത്? പുതിയ പുസ്തകങ്ങളുടെ പ്രസാധനം, വിവിധ സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തപ്പെട്ടുവെങ്കിലും സന്യാസജീവിതത്തിലേക്ക് ആകൃഷ്ടരായവർ എത്രപേർ എന്ന് ചോദിച്ചാൽ, മൂക്കത്ത് വിരൽ വച്ച് പോകുന്ന ഗതികേട് മാത്രമെ ബാക്കിയാകുന്നുള്ളൂ. എന്ത് തന്നെയായാലും 'കാരുണികനോട്' പ്രത്യേകം നന്ദി പറയുന്നു- കാരണം, സന്യസ്തർക്കുവേണ്ടി ഡോ. ജോർജ് മണലേലച്ചന്റെ ലേഖനങ്ങൾ മുടങ്ങാതെ എല്ലാമാസവും പ്രസിദ്ധീകരിച്ചതിന്.

കേരളത്തിലെ ചില രൂപതകളെങ്കിലും മണ്ണിന്റെ മക്കളായ സന്യസ്തരെ ഓർത്തിരുന്നു. അവർക്കുവേണ്ടി ഒരു ദിവസം മാറ്റിവയ്ക്കുകയും കുടുംബക്കാരോടും ഇടവക ജനങ്ങളോടും കൂടെ ഒന്നിച്ച് ആനന്ദിക്കാൻ, സന്തോഷി

*......ശേഷം പേജ് 15-ൽ*



കരുണയുടെ ജൂബിലി വർഷത്തിൽ

സുപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ

# ഇടക്കൊച്ചി സെന്റ് ലോറൻസ് പള്ളിയിൽ

ദൈവകരുണയുടെ അപ്പസ്തോലനായ ദൈവദാസൻ

# മോൺ. ലോറൻസ് പുളിയനത്തിന്റെ

# 55-ാം വാർഷിക അനുസ്മരണം

**2016 ഫെബ്രുവരി 20 ശനി**

## ദൈവദാസ സന്നിധിയിലേക്ക് തീർത്ഥാടനം

(കൊച്ചി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും)

**2016 ഫെബ്രുവരി 9 മുതൽ 18 വരെ വൈകിട്ട് 6 ന്: ദിവ്യബലി**

### 2016 ഫെബ്രുവരി 19 വെള്ളി

വൈകിട്ട് 4.30 ന് : **ദൈവദാസന്റെ മുണ്ടംവേലിയിലെ ഭവനത്തിൽ നിന്നും ദീപശിഖ തെളിയിക്കൽ**

വൈകിട്ട് 5.00 ന് : **ദിവ്യബലി (മുണ്ടംവേലി പള്ളിയിൽ), പ്രസംഗം**

മുഖ്യകാർമികൻ: **റവ. ഫാ. സേവ്യർ ചിറമേൽ**

**തുടർന്ന് ദീപശിഖ, ഛായാചിത്ര പ്രയാണം ഇടക്കൊച്ചിയിലേക്ക്**

രാത്രി 11 വരെ : **ജാഗരണ പ്രാർത്ഥന** (യൂണിറ്റ് ബ്ലോക്ക് തലത്തിൽ)

### 2016 ഫെബ്രുവരി 20 ശനി

**തിരുക്കർമ്മങ്ങൾ ദൈവദാസ കപ്പേളയിൽ**

രാവിലെ 6:30 ന് : **ദിവ്യബലി**

10.00 ന് : **നേർച്ച ആശീർവാദം, സമൂഹദിവ്യബലി**

മുഖ്യകാർമികൻ: **ബിഷപ് ഡോ. ജോസഫ് കരിയിൽ** (കൊച്ചി രൂപത)

**11.30 മുതൽ ഉച്ചയ്ക്ക് ശേഷം 3 വരെ ഓരോ മണിക്കൂർ ഇടവിട്ട് ദിവ്യബലി**

വൈകിട്ട് 5.00 ന് : **ദിവ്യബലി** (ഇടക്കൊച്ചി സെന്റ് മേരീസ് പള്ളിയിൽ), **പ്രസംഗം**

മുഖ്യകാർമികൻ: **വെരി റവ. ഫാ. ഷൈജു പര്യാത്തുശ്ശേരി** ((ചാൻസലർ, കൊച്ചി രൂപത)

തുടർന്ന് **അനുസ്മരണ യോഗം, റീത്ത് സമർപ്പണ റാലി** (കബറിടത്തിലേക്ക് സെന്റ് മേരീസ് - സെന്റ് ലോറൻസ് ഇടവകകൾ സംയുക്തമായി )

| | | |
|---|---|---|
| റവ. ഡോ. ജോസി കണ്ടനാട്ടുതറ | ഫാ. അലക്സ് കണ്ണികാട്ട് | ജെൻസൻ റൊസാരിയോ |
| (പോസ്റ്റുലേറ്റർ) | (വികാരി) | (ജനറൽ കൺവീനർ) |

എല്ലാ വ്യാഴാഴ്ചകളിലും **നാമകരണ നിയോഗത്തിനായി ദിവ്യബലി, പ്രാർത്ഥനാ മാല, ആരാധന**

**രാവിലെ 10.30 നും വൈകിട്ട് 6 നും ദൈവദാസ കപ്പേളയിൽ**

www.lawrenceofedakochi.org

## സെന്റ് ലോറൻസ് പള്ളി

ഇടക്കൊച്ചി - 682 010, ഫോൺ: 0484 2327925




# കുടുംബസ്ഥർക്കും, ഏകസ്ഥർക്കും അവരുടെ ദൈവശുശ്രൂഷയ്ക്കും സ്വന്തം വിശുദ്ധീകരണത്തിനുമായി സമർപ്പിക്കാൻ അസുലഭാവസരം

കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി (മത്തായി 16:3) ഇന്നത്തെ ലോകത്തിന്റെ ആത്മീയ ദാരിദ്ര്യത്തിന്റെയും, ആത്മീയ തീരാ വ്യാധികളുടെയും നിവാരണത്തിനുവേണ്ടി പ്രവർത്തിക്കാൻ, പോരാടാൻ ലോകരക്ഷകൻ നിന്നെയും വിളിക്കുന്നു.

നിന്റെ പ്രായമോ, വിദ്യാഭ്യാസമോ അവന് പ്രശ്നമല്ല. നീ അവന് ഇഷ്ടപ്പെട്ട വ്യക്തി ആയിരിക്കണം (മർക്കോ 3:13). അവനെയും അവന്റെ സഭയെയും സ്നേഹിക്കാനും, സേവിക്കാനും നിനക്ക് സാധിക്കുമോ? അതിനുവേണ്ട ആരോഗ്യം നിന്റെ ആത്മാവിനും ശരീരത്തിനും ഉണ്ടോ? ഈ സേവനത്തിനും സമർപ്പണത്തിനും തടസ്സമായി നിൽക്കുന്ന ഏതെങ്കിലും കടമകളോ, കടപ്പാടുകളോ, ബന്ധനങ്ങളോ, ബാധ്യതകളോ നിനക്കുണ്ടോ? ഈ വ്യവസ്ഥകൾക്കെല്ലാം അനുകൂലമായ ഉത്തരങ്ങൾ നിനക്കുണ്ടെങ്കിൽ ഇതു നിന്റെ ജീവിതത്തിന്റെ മൂന്നാം മണിക്കൂറോ, ആറാം മണിക്കൂറോ, ഒൻപതാം മണിക്കൂറോ ആയിരുന്നാലും ശരി, നിനക്കും അവന്റെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യാനും നിന്റെ ജീവിത സായാഹ്നത്തിൽ നീ അർഹിക്കുന്നതിൽ കൂടുതൽ വേതനം അവനിൽ നിന്ന് നേടാനും നിനക്ക് സാധിക്കും (മത്താ 20:1– 7).

അഞ്ചുവർഷമായി ഇടുക്കി രൂപതയിൽ, തോപ്രാംകുടിയിൽ നിന്നും മുരിയ്ക്കാശ്ശേരിയിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരത്തുള്ള രാജമുടി ഗ്രാമത്തിൽ, ഇടുക്കി രൂപത വക മാർസ്ലീവാ കോളേജിനടുത്തുള്ള പതിനേഴു കമ്പനി റോഡിൽ സ്ഥിതിചെയ്യുന്ന **''സ്വർഗ്ഗീയ താഴ്വരയിലെ ആത്മീയ രക്ഷാകേന്ദ്രത്തിൽ''** ആണ് കർത്താവിന്റെ ഈ മുന്തിരിത്തോട്ടം.

കത്തോലിക്കാസഭയുടെ പഠനങ്ങൾക്ക് വിധേയപ്പെട്ടും, പ്രത്യേകിച്ച് ഒന്നും, രണ്ടും വത്തിക്കാൻ കൗൺസിലുകളുടേയും, വിശുദ്ധ ജോൺ പോൾ മാർപ്പാപ്പയുടെയും പ്രോത്സാഹനങ്ങൾക്കും മാർഗ്ഗരേഖകൾക്കും അധിഷ്ഠിതമായും, നമ്മുടെ ഇപ്പോഴത്തെ പരിശുദ്ധ പിതാവിന്റെ ലാളിത്യ, വിശ്വാസ ജീവിതശൈലിയെ അനുകരിച്ചും സ്ഥാപിതമായിട്ടുള്ള ഒരു സമൂഹമാണിത്. വൈദികരുടെയും, സന്യസ്തരുടെയും, അല്മായ പ്രേഷിതരുടെയും ഒരു സമർപ്പണ കൂട്ടായ്മയാണിത്. (1 കോറി 12:28, 1 കോറി 12:4 – 7) ആദിമ ക്രൈസ്തവ കൂട്ടായ്മയുടെ ഒരു നൂതന ആവിഷ്ക്കാരമാണിത്.

ഈ സമർപ്പണ കൂട്ടായ്മയിലേക്ക് ദൈവം നിന്നെയും വിളിക്കുന്നുവെന്ന് നിനക്ക് ബോധ്യമായാൽ ഈ സ്വർഗ്ഗീയ താഴ്വരയിലുള്ള ഞങ്ങളുടെ ആത്മീയ രക്ഷാകേന്ദ്രത്തിൽ **എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച വൈകുന്നേരം മുതൽ വ്യാഴാഴ്ച ഉച്ചവരെ** നടക്കുന്ന നവീകരണ ധ്യാനത്തിൽ പങ്കുചേരാൻ മുൻകൂട്ടി ബുക്ക് ചെയ്യുക.

ധ്യാനത്തിന്റെ അവസാന ദിവസവും പിറ്റേ ദിവസവും നിന്റെ ദൈവവിളിയെക്കുറിച്ചുള്ള കാര്യങ്ങൾ നേരിട്ട് സംസാരിക്കാനും മനസ്സിലാക്കാനും തീരുമാനങ്ങൾ എടുക്കാനും ധാരാളം അവസരങ്ങൾ ഉണ്ടായിരിക്കും.

ഈശോയിൽ സ്നേഹപൂർവ്വം,
**അച്ചനപ്പച്ചൻ HCCC**


## ഹെവൻസ് വാലി സ്പിരിച്വൽ റിസോർട്ട്

17 കമ്പനി റോഡ്, രാജമുടി പി.ഒ, ഇടുക്കി, കേരള 685 604
e-mail: frzachjkuru@gmail.com,
Phone: 9496743939, 7034042939, 9656386842, 04868 260099

......പേജ് 12-ൽ നിന്ന് തുടർച്ച

ക്കാൻ ഒരവസരം ഒരുക്കിയിരുന്നു. വേറെ ചിലയിടത്ത് അൽപം ഭക്ഷണവും, പ്രാർത്ഥനയിലും അത് ഒതുക്കി തീർത്തു. മറ്റ് ചില രൂപതകളിൽ വിഭവസമൃദ്ധമായ ഭക്ഷണം നൽകി ആഘോഷത്തിന് 'സമൃദ്ധി' കുറിച്ചപ്പോൾ 'ഒരു തുള്ളി വെള്ളം' പോലും കൊടുക്കാതെ ആഘോഷത്തിന് തിരിതെളിയിച്ച രൂപതകളും ഉണ്ടായിട്ടുണ്ട്.

സന്യാസവർഷാചരണം ഇങ്ങനെയൊക്കെ നടന്നെങ്കിലും ഒരു പ്രത്യേക സംഭവം ഇവിടെ സ്മരിക്കുന്നത് ഉചിതമെന്ന് തോന്നുന്നു– കൊച്ചി രൂപതയിലെ കുമ്പളം സെന്റ് ജോസഫ്സ് ഇടവകയിൽ ഇടയനും അജഗണങ്ങളും കൂടി രൂപതയിലെ സമർപ്പിതർക്കുവേണ്ടി ഒരു സർപ്രൈസ് ആഘോഷം ഒരുക്കി. രൂപത പോലും ചിന്തിക്കാത്ത ഒരു സമ്മാനം, അവരുടെ ഇടവക ദിനാഘോഷത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു. ഓരോ സമർപ്പിതയെയും/സമർപ്പിതനെയും ഈയൊരുവർഷക്കാലം ഓരോ കുടുംബം ഏറ്റെടുക്കുകയും പ്രത്യേക പ്രാർത്ഥിക്കുകയും, ക്രിസ്മസ്സ്, നവവൽസര ആശംസകൾ കൈമാറുകയും ചെയ്തു. ഇതുപോലൊരു പുണ്യകർമ്മം വേറെവിടെയെങ്കിലും നടന്നിട്ടുണ്ടോയെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. സമർപ്പിതർക്ക് ഇതിൽ പരം സന്തോഷം വേറെയെന്തുണ്ട്! ഈ സന്തോഷം പങ്കുവയ്ക്കുന്നതിന്റെ ബാഹ്യമായൊരടയാളമെന്നോണം അനേകം സമർപ്പിതർ ജനുവരി 17-ാം തീയതി നടന്ന ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു.

സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി മാത്രം ദൈവവിളി ക്യാമ്പുകളും, സെമിനാറുകളും ഭവനസന്ദർശനവും നടത്തുന്നതിൽ നിന്ന് 'ജീവിതസാക്ഷ്യ'ത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമൂഹജീവിതം മാത്രം മതിയാകും ധാരാളം ദൈവവിളികൾ ഉണ്ടാകാൻ! അങ്ങനെയൊരു ഒരുക്കം ഈ വർഷത്തിൽ സഭയിലും, സമൂഹത്തിലും എത്രമാത്രം നടന്നുവെന്നത് ഒരു വലിയ ചോദ്യമായി അവശേഷിക്കുന്നു. പ്രൊഫഷണലിസത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് സന്യാസ ഭവനങ്ങളിൽ എത്തിചേരുന്ന അർത്ഥികൾ നിരാശരും, പിറുപിറുക്കുന്നവരുമായി തീരുന്നത് അങ്ങനെയൊരു 'Job' അവർക്ക് കിട്ടാതെ വരുമ്പോഴാണ്.

പ്രൊഫഷണൽ സ്ഥാപനങ്ങളിലൂടെ ചെയ്യുന്നതു മിഷൻ പ്രവർത്തനമല്ലേയെന്ന് ചോദ്യങ്ങൾ ഉയരാം! അതേ അവ മിഷൻ പ്രവർത്തനങ്ങൾ തന്നെയാണ്. പക്ഷെ സാമ്പത്തിക നേട്ടം മുൻനിറുത്തിയുള്ളതാണെന്ന് മാത്രം! മിഷൻ പ്രവർത്തനങ്ങളുടെ കാതലായ വശം "ഈശോയെ സ്വന്തം ജീവിതത്തിലൂടെയും, പ്രവർത്തിയിലൂടെയും പ്രഘോഷിക്കുകയും പകർന്നുകൊടുക്കുകയുമെന്നതാണ്." അതിന് സാധിക്കാത്തിടത്തോളം കാലം യഥാർത്ഥ ആനന്ദം അനുഭവിക്കാൻ സാധിക്കുകയില്ല. സന്യാസഭവനങ്ങളിൽ 'എണ്ണം' കൂട്ടാനുള്ള തത്രപ്പാടിൽ നിന്നും 'ഗുണമേന്മ' കൂട്ടിയുള്ള ജീവിതസാക്ഷ്യം സമർപ്പിതരുടെ ഭാഗത്തുനിന്നുണ്ടായാൽ "എല്ലാം ഉപേക്ഷിച്ച് (കഴിവ്, സൗന്ദര്യം, ബുദ്ധിവൈഭവം, സമയം, ആരോഗ്യം, സാമ്പത്തിക മേന്മ) ദരിദ്രർക്ക് കൊടുത്ത് ക്രൂശിതനെ അനുഗമിക്കാനുള്ള യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കും." സമർപ്പിത വർഷം സമാപിച്ചെങ്കിലും അതിനുള്ള ഒരു വർഷമാകട്ടെ ഈ കരുണയുടെ വർഷമെങ്കിലുമെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു; ആഗ്രഹിക്കുന്നു.

**സിസ്റ്റർ മോളി ദേവസി എഫ്എംഎം**
ഔവ്വർ ലേഡീസ് കോൺവന്റ്, തോപ്പുംപടി

## വാഗ്ദാനങ്ങളിൽ കുടുങ്ങുന്ന ദൈവവിളികൾ

കേരളസഭയിൽ എണ്ണമറ്റ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങുന്നുണ്ട്. മാധ്യമരംഗത്ത് സഭയുടെ ശുശ്രൂഷകളെ ശ്ലാഘിക്കേണ്ടതുതന്നെയാണ്. എന്നാൽ സമർപ്പിതരുടെ നന്മകളെയും അവരുടെ സമർപ്പിത ശുശ്രൂഷകളെയും അവർ ആയിരിക്കുന്ന അവസ്ഥയിൽ ഈ പ്രത്യേക വർഷത്തിൽ വിലയിരുത്താനും സമൂഹത്തിന് പരിചയപ്പെടുത്താനും എത്ര മാധ്യമങ്ങൾക്ക് സാധിച്ചു എന്നത് വിശകലന വിധേയമാക്കുന്നത് നന്നായിരിക്കും. ഒരു സമർപ്പിത സമൂഹത്തിൽ നിന്നും പ്രസിദ്ധീകൃതമാകുന്നതുകൊണ്ട് കാരുണികൻ ഈ ജീവിതാവസ്ഥയുടെ ഉള്ളറകളെയും അതിൽ വരുത്തേണ്ടതായ മാറ്റങ്ങളെയും സംഭവിച്ചുകൊണ്ടിരിക്കുന്ന ജീർണ്ണതയേയും കുറിച്ചെല്ലാം വിശദമായി പല ലക്കങ്ങളിലൂടെ പ്രതിപാദിച്ചു; അതിനുള്ള ആത്മധൈര്യം കാട്ടി. അതേസമയം സമർപ്പിതരുടെ ശ്രേഷ്ഠ ശുശ്രൂഷകളെ പല മാധ്യമങ്ങളും കണ്ടില്ലെന്നു നടിച്ചു.

സമർപ്പിതവർഷത്തിലെ ഒത്തുചേരലുകളിലും സംഗമങ്ങളിലുമൊക്കെ ഉയർന്നു വന്നത് കുറഞ്ഞുവരുന്ന ദൈവവിളികളെയും സാക്ഷ്യജീവിതത്തിന്റെ മൂല്യശോഷണത്തെക്കുറിച്ചെല്ലാമായിരുന്നു. അതിനുള്ള പരിഹാരങ്ങളും പ്രതിവിധികളും തേടുകയായിരുന്നു പലരും. എന്നാൽ ഇന്ന് ദൈവവിളി, വാഗ്ദാനങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ഈ യാഥാർത്ഥ്യത്തെ തിരിച്ചറിയാതെയുള്ള ചർച്ചകൾക്കും ചിന്തകൾക്കും ഫലമുണ്ടാകുമോ? സാക്ഷ്യജീവിതത്തിന്റെ അപര്യാപ്തത നിരവധി മേഖലകളിൽ ഉണ്ടെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് തിരുത്തലുകൾക്ക് തയ്യാറാകേണ്ട ഒരു വർഷമായിരുന്നിത്. നിർഭാഗ്യവശാൽ അത് സംഭവിച്ചില്ല. എന്നാൽ ഇനിയും വൈകിയിട്ടില്ലായെന്ന ബോധ്യത്തോടെ ഒരുയിർത്തെഴുന്നേൽപ്പിന് സന്യാസസഭാസമൂഹങ്ങൾ തയ്യാറാകേണ്ടതാണ്.

പലപ്പോഴും പൊതുസമൂഹത്തിന്റെ വികലമായ കാഴ്ചപ്പാടുകൾ സമർപ്പിതരെ ചോദ്യം ചെയ്യുന്നതാണ്. തിരക്കേറിയ ജീവിത വ്യഗ്രതകൾക്കിടയിൽ മാതാപിതാക്കൾക്കുപോലും മക്കളെ ഒന്നു ശ്രവിക്കാൻ സമയമില്ലാതെ പോകുമ്പോൾ ഇന്നും സമർപ്പിതരായ ഒരു വൈദികന്റേയോ സന്യാസിനിയുടെയോ പക്കൽ അഭയം തേടുന്ന എത്രയോ പേരുണ്ട്. വില കൊടുത്താൽ ലഭിക്കാത്ത ഈയൊരു വലിയ നന്മയെ പലപ്പോഴും സമൂഹം തമസ്ക്കരിച്ചു കളയാറുണ്ട്. പ്രശ്നങ്ങൾ പറയാനും അവയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ സ്വീകരിക്കുമ്പോഴും മാത്രം സമർപ്പിതർ നല്ലവരെന്ന കാഴ്ചപ്പാടുകളിൽ നിന്നും മാറ്റം വരേണ്ടതായിട്ടുണ്ട്. ഇതൊക്കെ കൂട്ടായ ബോധവൽക്കരണ പ്രക്രിയകളിലൂടെ സാധിച്ചെടുക്കാവുന്നതാണ്. ഇത്തരം ചിന്തകളോ പ്രവർത്തനങ്ങളോ ഈ സമർപ്പിത വർഷാചരണത്തിൽ നടന്നിട്ടില്ലായെന്നത് ഖേദകരമായ കാര്യമാണ്. സന്യാസ നവീകരണത്തിന് പ്രോത്സാഹന ജനകമായി തീരാവുന്ന ഒരു തലത്തെയും ആത്മാർത്ഥതയോടെ സ്പർശിക്കാൻ കഴിയാതെ പോയി എന്നത് വലിയ വീഴ്ചയാണ്.

സമർപ്പിതരുടെ മനോഭാവങ്ങളിൽ മാറ്റം ഉണ്ടാകുകയും ജീവിത ശൈലികളിൽ വ്യത്യാസങ്ങൾ ഉണ്ടാകുകയും വേണം. പൂർവ്വകാലങ്ങളിലെപ്പോലെ സന്യസ്ത ജീവിതം സമൂഹമധ്യേ സാക്ഷ്യമാകണം. അതുപോലെ സമൂഹത്തിന്റെ മനോഭാവങ്ങളിലും മാറ്റങ്ങൾ വരണം. കൂടാതെ തുരുത്തുകളെന്ന വിധം ഓരോ സന്യാസസമൂഹങ്ങളും വച്ചുപുലർത്തുന്ന സങ്കുചിത മനോഭാവങ്ങളിലും മാൽസര്യ ബുദ്ധികളിലും മാറ്റങ്ങളുണ്ടാകേണ്ടതാണ്.

തുറവിയോടെ കാരുണികൻ നിർവഹിച്ചിരിക്കുന്ന മാധ്യമ ധർമത്തെ സമർപ്പിതയെന്ന നിലയിൽ ഞാൻ സ്വാഗതം ചെയ്യുകയാണ്.

**സിസ്റ്റർ രമ്യ മാത്യു എസ്‌സിജെജി**
സെന്റ് ജോൺ ഓഫ് ഗോഡ് കോൺവന്റ്, കട്ടപ്പന

## ആറ്റുതീരത്തെ വൃക്ഷം

തമസ്സിനെ വെളിച്ചം കൊണ്ട് തോല്പ്പിച്ചോടിക്കുന്ന ഒരു പ്രതീതി വായനക്കാരിലുണർത്തുന്നു കാരുണികന്റെ വരികൾക്കിടയിലെ വരികൾ. മാത്രമല്ല എല്ലാ വരികൾക്കും പിന്നിൽ നിന്ന് കുറെ താളുകൾ മറിച്ച് വായിക്കാനുള്ള ഒരു ബാധ്യത, 'പേരിട്ട് വിളിക്കാൻ കഴിയാത്ത ഒരു തരം പ്രേരണ, കാരുണികൻ വായനക്കാരിൽ നിക്ഷേപിക്കുന്നു എന്ന് പറയുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

'ദൈവത്തിന്റെ സ്വപ്നം കാണാത്ത സന്യാസിമാർ' എന്ന ശീർഷകത്തിലുള്ള ലേഖനത്തിലെ ചോദ്യങ്ങൾക്ക് സത്യസന്ധമായി ഉത്തരം നൽകാനായാൽ (വ്യക്തിപരമായും സമൂഹപരമായും) ഇന്നിന്റെ സന്യാസത്തിലെ പല അപഭ്രംശങ്ങൾക്കും പരിഹാരമാകും. സന്യാസമാം ദൈവത്തിൻ വീണയിൽ നിന്ന് പുറപ്പെടുന്ന അപസ്വരങ്ങൾക്ക് കാതോർക്കാനും അവിടുത്തെ കാരുണ്യത്തിന്റെ ശ്രുതി മീട്ടാനുമുള്ള തിരിച്ചറിവേകി മടക്കയാത്രയ്ക്ക് സന്യസ്തരെ പ്രേരിപ്പിക്കുന്ന, സത്യത്തിന്റെ ബോംബ് ഒളിപ്പിച്ച് വച്ചിരിക്കുന്ന വിസ്മയമുണർത്തുന്ന ഒരു ലേഖനം. സന്യസ്തരെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടാൻ വേണ്ടി സ്നാപകനെ പോലെ ദൈവത്തിന്റെ ശബ്ദമാകാൻ ലേഖനകർത്താവിന് കഴിഞ്ഞിട്ടുണ്ട്. ഡോ. പോൾ കല്ലുവീട്ടിലിന്റെ ധീരതയ്ക്കു മുമ്പിൽ കോടി പ്രണാമം.




'മരം ഒളിക്കാത്ത വിത്ത്' എന്ന് സന്യാസിയെ വിശേഷിപ്പിക്കുന്നതിൽ അർത്ഥഗർഭമായ ഒട്ടനവധി സത്യത്തിന്റെ ചിന്താശീലുകൾ മറഞ്ഞിരിപ്പുണ്ട്. അത് ഒരിക്കലും നിഷേധിക്കാനാവില്ല. ഇന്ന് ജനം സന്യസ്തരെ നോക്കി മുൻപ്രസ്താവിച്ചതിനേക്കാൾ മൂർച്ചയുള്ള പദപ്രയോഗത്തിൽ അർത്ഥം വച്ച് തലകുലുക്കി വിമർശിക്കുന്നുണ്ട്. സന്ന്യാസത്തിന്റെ വലിയിടിച്ച് താഴ്ത്തുന്ന ജനങ്ങളുടെ വ്യംഗ്യാർത്ഥ പ്രയോഗങ്ങൾക്കുള്ള ഒറ്റമൂലി, സന്ന്യാസത്തെയാകമാനം ഒരു അഴിച്ചുപണിയൽ പ്രക്രിയയ്ക്ക് വിധേയമാക്കുക എന്നത് പരമപ്രധാനമായ കാര്യമാണ്. ഡോ. ജെ നാലുപറയിൽ വളരെ ശ്രേഷ്ഠമായ വിധത്തിൽ സന്ന്യാസ നവീകരണത്തെ തന്റെ ലേഖനത്തിന്റെ അകക്കാമ്പായി തിരഞ്ഞെ

ടുത്ത് സന്യസ്തർക്ക് കാഴ്ചവച്ചിരിക്കുന്നു. ഈ വിശിഷ്ട കാണിക്ക സന്ന്യാസ നവീകരണ മേഖലയ്ക്കൊരു ചൂണ്ടു പലകയാണ്. വിവിധ കാലഘട്ടങ്ങളിലായി സഭയിൽ നടന്ന നവീകരണ മുന്നേറ്റങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കു ന്നത് പ്രശംസാർഹമാണ്.

യേശു ചരിത്രത്തിന്റെ തന്നെ സ്ദവാർത്തയായിരുന്നു. അവിടുത്തെ ഏറ്റം അടുത്തനുകരിക്കുന്ന സന്ന്യാസികൾ ഇപ്രകാരം സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ, നീതിയു ടെ, സമഭാവനയുടെ സദ്വാർത്തയാകണം. ഇതിനായി ജീവിതനിഷ്ഠകളെയും പ്രവർത്തനമണ്ഡലങ്ങളെയും ജീവിതത്തെയൊന്നാകെയും ക്രമീകരിക്കേണ്ടിയിരിക്കുന്നു, എന്ന കണിച്ചായി അച്ചന്റെ ലേഖനത്തിന്റെ സത്ത് മന സ്സിലേറ്റി ആദ്യ ചൈതന്യത്തിലേക്ക് ഒരു 'പുനരവത രണം' സന്ന്യാസത്തിൽ സംഭവിക്കണം. ആദിമക്രിസ്തീയ ചൈതന്യത്തെ സന്ന്യാസം പുനരവതരിപ്പിക്കപ്പെടണം എന്നു സാരം.

സന്ന്യാസവർഷാചരണം ഒത്തുകൂടലിനും ചില്ലറ ആഘോഷങ്ങൾക്കും വഴിമാറിയെന്നല്ലാതെ പ്രായോഗി കതലത്തിലേക്കെത്തി നിൽക്കുന്ന കാതലായ നവീകര ണയജ്ഞങ്ങൾ, നന്മയുടെ വിത്ത് പാകുന്ന നയപ്രഖ്യാ പനങ്ങൾ നടന്നില്ല എന്നുള്ളത് പരിതാപകരമാണ്.

'കേരള സന്ന്യാസത്തിന്റെ രോഗനിർണ്ണയം' എന്ന ലേഖനത്തിലെ ഓരോ വരിയിലൂടെയും മനം ചേർത്ത് നിർത്തി സഞ്ചരിക്കുമ്പോൾ വരികൾക്ക് പിന്നിൽ നിന്നും വരികൾക്കുള്ളിൽ നിന്നും ഒരു സഹയാത്രികയാകുമ്പോൾ കേരള സന്ന്യാസത്തിന്റെ മുഖം കൂടുതൽ വിശുദ്ധമാക്കാ നാകും.

നിരവധി നല്ല മനസ്സുകളിൽ 'ചുവട് മാറ്റി ചവിട്ടൽ' പ്രക്രിയ ആരംഭിക്കട്ടെ. സത്യം നീണാൾ ശബ്ദിക്കട്ടെ; അസത്യം നിശബ്ദമാകട്ടെ. എല്ലാ തുറകളിലും എല്ലാ ഇടങ്ങളിലും സത്യത്തിന്റെ രുചിയും ഗന്ധവുമുള്ള കാരു ണികനിലെ നേർചിന്തകൾക്ക് പ്രണാമം. ആറ്റുതീരത്ത് നട്ടിരിക്കുന്ന ഈ കല്പകവൃക്ഷം അനേകർക്ക് ഫലസ മൃദ്ധമാകട്ടെ.

**സിസ്റ്റർ ലിസി ആക്കനത്ത് എസ്എബിഎസ്**
അഡോറേഷൻ പ്രൊവൻഷ്യൽ ഹൗസ്, കളമശ്ശേരി

## ശിക്ഷാവിധിയുടെ വാതിൽ!

കാരുണ്യവർഷത്തിൽ കരുണയുടെ കവാടങ്ങൾ തുറ ക്കപ്പെട്ടു. സമർപ്പിത വർഷത്തിന് ശുഭപര്യവസാനമായി. സമർപ്പിത വർഷത്തിന് ശുഭപര്യവസാനമായെങ്കിലും കാര്യങ്ങൾ 'ശുഭ'മായിട്ടാണോ പര്യവസാനിച്ചതെന്ന് പരി ശോധിക്കേണ്ടതുണ്ട്. സന്യാസ ദൈവവിളികൾ പൊതുവേ കുറഞ്ഞിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഇത്തരമൊരു വർഷാചരണം നിരവധി സാധ്യതകൾക്ക് വഴിതുറന്നതാ യിരുന്നു. പക്ഷേ പ്രയോജനപ്രദമായ രീതിയിൽ വിനി യോഗിച്ചോയെന്നത് നിരവധി ചോദ്യങ്ങൾ അവശേഷി പ്പിക്കുകയാണ്. ഇതിനൊക്കെ തക്കതായ മറുപടിയാണ് ജനുവരി ലക്കം കാരുണികൻ.

'ദരിദ്രരല്ലാത്ത സന്യാസിമാർ' എന്ന സംവാദം മുഖ ലേഖനമായി പ്രസിദ്ധീകരിച്ച കാരുണികൻ സമർപ്പണ ജീവിതത്തിന്റെ വിശാലമായ തലങ്ങളെയാണ് സ്പർശി ച്ചിരിക്കുന്നത്. 'ദാരിദ്ര്യം സന്യാസിയുടെ തിരുമണവാട്ടി' യെന്ന ശീർഷകത്തിൽ നാലുപറയിലച്ചൻ കുറിച്ചിട്ടിരി ക്കുന്ന മുഖക്കുറി സന്യാസ ജീവിതത്തിൽ കടന്നു കൂടി ക്കൊണ്ടിരിക്കുന്ന ജീർണതയുടെ മുഖം അനാവരണം ചെയ്യുന്നതാണ്. ആഴമാർന്ന ക്രിസ്തീയ ജീവിതത്തിനും പുണ്യപരിപൂർണതയ്ക്കുമായി ആരംഭിച്ച ക്രൈസ്തവ

> 'ദാരിദ്ര്യം സന്യാസിയുടെ തിരുമ ണവാട്ടി' യെന്ന മുഖക്കുറി സന്യാസ ജീവിതത്തിൽ കടന്നു കൂടിക്കൊ ണ്ടിരിക്കുന്ന ജീർണതയുടെ മുഖം അനാവരണം ചെയ്യുന്നതാണ്.

സന്യാസത്തിന് ചരിത്രത്തിലുടനീളം ജീർണതയുടെ പ്രഹരമേൽക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ അപ്പോഴൊക്കെ നവീകരിക്കാനും ആദർശജീവിതത്തിന്റെ പുനർജീവന ത്തിനുമായി കാലാകാലങ്ങളിൽ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതിന് ചരിത്രം സാക്ഷി.

സമർപ്പിത വർഷത്തിന്റെ അന്ത്യത്തിൽ തന്നെ കേര ളത്തിലെ പ്രഥമ തദ്ദേശീയ സന്യാസിനി സമൂഹങ്ങൾ 150 വർഷത്തിന്റെ പൂർണതയിലെത്തുന്നത് അഭിമാനക രമായ കാര്യമാണ്. സിടിസി, സിഎംസി സന്യാസിനി സഭകളുടെ രൂപീകരണത്തിന്റെ തായ്‌വൃക്ഷമായ കർമ ലീത്താ നിഷ്പാദുക മൂന്നാം സഭയേയും സ്ഥാപിക ദൈവ ദാസി മദർ ഏലീശ്വായേയുംകുറിച്ച് സിസ്റ്റർ സൂസി കിണ റ്റിങ്കൽ എഴുതിയിരിക്കുന്ന ലേഖനം ഈടുറ്റതാണ്. ശാന്ത മായൊഴുകുന്ന ഒരു പുഴയുടെ ഈണവും താളവും അതിൽ ലയംകൊണ്ടിരിക്കുന്നുണ്ട്. ആറ്റുതീരത്തു നിൽക്കുമ്പോൾ ലഭിക്കുന്ന ഇളം തെന്നലിന്റെ തലോടലിന്റെ ഒരു സ്വചരത പ്രദാനം ചെയ്യുന്നുണ്ട് 'ഒഴുകുന്നു പുഴ പിന്നെയും...'

'എന്തൂട്ടാണീ കരുണയുടെ വാതിൽ'? അക്ഷരാർത്ഥ ത്തിൽ അന്ത്യവിധി തന്നെയായനുഭവപ്പെട്ടു. കരുണയുടെ വാതിലിലൂടെ അകത്തേക്ക് കടക്കുന്നവർ പുറത്തേക്കി

റങ്ങുമ്പോൾ കൂടുതൽ കാരുണ്യം സഹജരോട് കാണി ക്കുന്നില്ലെങ്കിൽ കരുണയുടെ വാതിൽ അവർക്ക് ശിക്ഷാ വിധിയുടെ വാതിലായി മാറും എന്ന മനുഷ്യപുത്രന്റെ ഓർമ്മപ്പെടുത്തൽ എത്രയോ വാസ്തവം.

**അന്തോണി ജോസഫ്**
മേലൂർ, ചാലക്കുടി

## ഒറ്റാലുകൾ

ആഗോളസഭയിൽ 'സമർപ്പിതവർഷം' സമാപിക്കു മ്പോൾ അതൊരു ഓർമ്മയാചരണമായി തമസ്ക്കരിക്ക പ്പെട്ടതിൽ ദുഃഖമുണ്ട്. 2014 നവംബർ 29-ന് ആരംഭിച്ച് 2016 ഫെബ്രുവരി രണ്ടിന് സമർപ്പിത വർഷം സമാപിച്ചു. തിരിഞ്ഞു നോക്കുമ്പോൾ നാഴികക്കല്ലായി ഒരു 'മൈൽ സ്റ്റോൺ' പോലും ഉയർന്നിട്ടില്ലായെന്ന് വ്യക്തമാകുന്നു. എന്നാൽ ജനുവരി മാസം കാരുണികൻ അണിയിച്ചൊരു ക്കിയ 'ദാരിദ്ര്യം തന്ന തിരുവസ്ത്രം' ഒരു പ്രകാശ ഗോപു രമായി ഉയർന്നു നിൽക്കുന്നു.

> **സ്ഥാപക താല്പര്യങ്ങളും ലക്ഷ്യ ങ്ങളും മറന്നുകൊണ്ട് സേവനങ്ങ ളെയും ശുശ്രൂഷകളെയുമൊക്കെ കച്ചവടമനോഭാവത്തോടുകൂടി മാറ്റപ്പെട്ടുപോയിട്ടുണ്ടെങ്കിൽ തിരു ത്തലുകൾ അനിവാര്യമാണ്.**

പിന്നിട്ട 14 മാസങ്ങളിൽ കേരളസഭയിൽ മാത്രം എന്തൊക്കെ സംഭവിച്ചു എന്ന് വിശകലനം ചെയ്താൽ കണക്കെടുപ്പിനു മാത്രമുള്ള പരിപാടികൾ ഒന്നും ഉണ്ടാ യില്ലെന്നു വ്യക്തം. പതിവുപോലെ സന്യസ്തരുടെ ഏക ദിന സംഗമങ്ങൾ, രൂപതാതല കൺവെൻഷനുകൾ, സമർപ്പിത കൂട്ടായ്മകൾ, പൂർണ്ണദിന ആരാധനകൾ ഇതൊക്കെ കേരളത്തിലെ രൂപതകളിലും സമർപ്പിത സമൂ ഹങ്ങളിലുമൊക്കെ നടന്നു. സ്ഥായിയായ പരിവർത്തനം സമർപ്പിത ജീവിത സമൂഹങ്ങളിലുണ്ടായോ? മാറുന്ന ലോകത്തിൽ കുറയുന്ന ദൈവവിളികളുടെ പിന്നാമ്പുറ ങ്ങളെ കണ്ടെത്താനോ അവ വിശകലനം ചെയ്ത് ഭാവി യിലേക്ക് പുത്തൻ സരണികൾ രൂപപ്പെടുത്തുന്നതിനോ ആർക്കും സാധിച്ചില്ലെന്നത് അവിതർക്കിതമായ യാഥാർത്ഥ്യമാണ്.

കേരള സന്യാസത്തിന്റെ രോഗനിർണ്ണയത്തെക്കുറിച്ച് ഡോ. സിറിയക് കണിച്ചായി കഴിഞ്ഞ ലക്കത്തിൽ എഴു തിയിരിക്കുന്ന ലേഖനം അതീവ ഹൃദ്യമായിരിക്കുന്നു. ഇന്ന് കേരളസമൂഹത്തിലെ സന്യാസ സഭകൾ നേരിടുന്ന പ്രധാന വെല്ലുവിളികളെക്കുറിച്ച് പഠനാർഹമായ കാര്യ ങ്ങളാണ് കണിച്ചായിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത്. സന്യാസാർത്ഥികളുടെ പ്രതിസന്ധിയും സമൂഹത്തിൽ നിന്നുള്ള പ്രതിസന്ധികളും സഭയുടെ ഭാഗത്തു നിന്നുണ്ടാകുന്ന പ്രതിസന്ധികളും പൊതുസമൂഹത്തിൽ നിന്നുള്ള പ്രതിസന്ധികളുമൊക്കെ സവിസ്തരം പ്രതി പാദിച്ചിട്ടുണ്ട്. സന്യസ്തവർഷത്തിന് തിരശ്ശീല വീഴുന്ന തുകൊണ്ട് ഇനി ഇതേക്കുറിച്ച് തൽക്കാലം ഒരു പുനര വലോകനം നടത്തേണ്ടതില്ലെന്ന് സഭാധികാരികൾ ചിന്തി ക്കരുത്. സന്യാസ സമൂഹങ്ങളിൽ സംഭവിച്ചുകൊണ്ടിരി ക്കുന്ന മാറ്റങ്ങളെക്കുറിച്ച് ശ്രദ്ധിക്കുകയും ആധുനിക കാലഘട്ടത്തിനനുസൃതമായി നവീകരണം ആവശ്യമായ മേഖലകളെ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുമാണ്.

വർഗ്ഗീയ - രാഷ്ട്രീയ കക്ഷികൾ വരെ തങ്ങളുടെ പ്ര ത്യയശാസ്ത്രങ്ങൾ കാലഹരണപ്പെട്ടുവെന്നു മനസ്സിലാ ക്കുമ്പോൾ മാറ്റങ്ങൾക്ക് വിധേയമാക്കാൻ തയ്യാറാകു മ്പോൾ സന്യസ്ത സമൂഹങ്ങളിലെ ലിഖിത നിയമങ്ങ ളിലും ചൈതന്യവും അരൂപിയും നഷ്ടമാകാതെ തിരു ത്തലുകൾ വരുത്തി കാലഘട്ടത്തിനനുസൃതമായി മുന്നേ റാൻ ശ്രമിക്കേണ്ടതുണ്ട്. ഈയൊരു ഓർമ്മപ്പെടുത്തലാണ് കാരുണികൻ ശ്രദ്ധയോടെ നിർവഹിച്ചിരിക്കുന്നത്.

എല്ലാ മതങ്ങളിലേക്കും സമൂഹതലങ്ങളിലേക്കും വികസിക്കാനും ബന്ധപ്പെടാനുമുള്ള വിളിയും ധർമ്മവും സ്വീകരിച്ച സന്യാസികൾ ഇന്ന് ചെറിയ ഒറ്റാലുകളിൽ കുരുങ്ങിപ്പോകുന്നുണ്ടെന്ന് സിറിയക്കച്ചൻ ഓർമ്മപ്പെടു ത്തുന്നുണ്ട്. സന്യാസവർഷാചരണത്തിലൂടെ ഇത്തരം ഒറ്റാലുകളുടെ അഴികളെ കൂടുതൽ ബലപ്പെടുത്തുകയാ ണുണ്ടായതെന്നാണ് അച്ചന്റെ കണ്ടെത്തൽ. ഇതുമൂലം എല്ലായിടത്തേക്കും വികസിക്കാനും ബന്ധപ്പെടാനുമുള്ള സന്യാസത്തിന്റെ വിശാലമായ വിളിക്ക് ഇവിടെ പ്രോത്സാ ഹനമെന്നും ലഭിച്ചില്ലെന്നാണ് ലേഖകന്റെ നിഗമനം. ഇത് യാഥാർത്ഥ്യമല്ലേയെന്ന് കേരള സഭയിലെ സന്യാസ സമൂ ഹങ്ങൾ ആത്മശോധന ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ സമർപ്പിത വർഷാചരണത്തിനു പിന്നാലെ കടന്നു വന്നി രിക്കുന്ന കാരുണ്യ വർഷമെങ്കിലും ഓർമയാചരണമായി മാറാതിരിക്കുകയുള്ളൂ.

**ആന്റണി ജറോം കൊല്ലനശ്ശേരി**
പള്ളുരുത്തി, കൊച്ചി

## നവീകരിക്കാത്ത സന്യാസിയോ?

കാരുണികൻ കഴിഞ്ഞ ലക്കം വായിച്ചപ്പോൾ മനസിൽ ഒരു മൂകത. നെഞ്ചിനകത്ത് ഒരു ചുട്ടുപൊള്ളൽ. സിറി യക് കണിച്ചായി അച്ചന്റേയും പോൾ കല്ലുവീട്ടിൽ അച്ച

ന്റേയും നാലുപറയിലച്ചന്റേയും ലേഖനങ്ങൾ മനസി രുത്തി വായിച്ചപ്പോൾ ഈ ലേഖകരെ അഭിനന്ദിക്കാതി രിക്കാൻ കഴിയുന്നില്ല. കാരണം, ചങ്കൂറ്റത്തോടെ യാഥാർത്ഥ്യങ്ങളെ നിരത്തിവയ്ക്കാൻ അവർ കാണിച്ച മനോധൈര്യമാണ് 'സന്യാസത്തിന്റെ യഥാർത്ഥ അവസ്ഥ' പുറത്ത് കൊണ്ടുവരാൻ സാധിച്ചത്. അതേ സമയം തന്നെ നെഞ്ചിൽ കൈവച്ച് ഇവരിൽ ഒരാളായല്ലേ ഞാനും മാറുന്നത്, എന്നിലും മാറ്റം വരേണ്ടതല്ലേയെന്നും എന്നെ ചിന്തിപ്പിച്ചു എന്നു പറയാതെ വയ്യ.

കേരളത്തിലെ സന്യാസ സമൂഹങ്ങൾ നേരിടുന്ന നാലു വലിയ പ്രതിസന്ധികളെപ്പറ്റി കണിച്ചായിയച്ചൻ പരാമർശിച്ചത് തീർത്തും ശരിയാണ് എന്ന് എനിക്കു തോന്നി. ഇതിനു ഒരു പരിഹാരം നാം തന്നെ കണ്ടത്തേ ണ്ടതുണ്ട്. എല്ലാം കണ്ടിട്ടും കേട്ടിട്ടും ഒന്നും സംഭവിച്ചി ല്ലെന്ന മട്ടിൽ നാം മുന്നോട്ടുപോകുന്നതുകൊണ്ടായിരി ക്കാം യേശു നമ്മെ നോക്കി പറയുന്നത്: "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ"യെന്ന്.

ധനം കൂടുതൽ കൈവശം ഉള്ളവർക്ക് ദരിദ്രരെപ്പോലെ ജീവിക്കേണ്ട ആവശ്യമില്ല. അവർ ഒരിക്കലും സംതൃപ്ത രല്ലാതെ എല്ലാ സൗകര്യങ്ങളും സുഖങ്ങളും അനുഭവി ക്കണമെന്ന ആശയോടെ കൂടുതൽ പണം സമ്പാദിക്കാനും കൂടുതൽ സന്തോഷം നേടാനും പരക്കം പായുകയാണ്. ഈ എതിർ സാക്ഷ്യത്തിന് ഒരു മറു സാക്ഷ്യം സാധ്യമാകണമെങ്കിൽ നമുക്ക് എന്തുചെയ്യാ മെന്ന് ഒറ്റക്കെട്ടായി ഉത്തരം കണ്ടത്തേണ്ടതുണ്ട്. ഇത് ബുദ്ധിമുട്ടായതുകൊണ്ടാണ് ഫ്രാൻസീസ് പാപ്പായുടെ വാക്കുകളും ചെയ്തികളും അവരുടെ ജീവിതശൈലിയെ ചോദ്യം ചെയ്യുന്നതായിരിക്കുമോ എന്ന് ഭയപ്പെടുന്നത്.

നാം പാവങ്ങളെ സഹായിക്കുന്നുണ്ട്; നമുക്കുള്ള തിന്റെ എന്തോ ഒരൽപ്പം മറ്റുള്ളവർക്കായി പങ്കുവയ്ക്കാൻ മടിയില്ല. പക്ഷേ അത് വിധവയുടെ ചില്ലിക്കാശുപോലെ യല്ല. നമ്മുടെ സുരക്ഷിതത്വവും സൗകര്യങ്ങളും പരിഗ ണിച്ചതിനുശേഷം. മിച്ചമുള്ളതുമാത്രമല്ലേ നാം പങ്കിടു ന്നത്. "തങ്ങൾക്കുള്ളത് നഷ്ടപ്പെടുത്തി മറ്റുള്ളവരെ വളർത്തുന്നവരായി ആരൊക്കെയുണ്ട്" എന്ന ചോദ്യം ശരിക്കും ചിന്തിപ്പിക്കുന്നതാണ്. നാം നമ്മുടെ സ്ഥാപന ങ്ങളിലെ വേക്കൻസികൾ നികത്താൻ വേണ്ടി നമ്മുടെ സ്ഥാപനങ്ങളിലുള്ള സന്യസ്തരെത്തന്നെ നിയോഗിക്കു മ്പോൾ മറ്റുള്ളവർക്ക് എന്തു പരിഗണനയാണുള്ളത്?


എല്ലാവരെയും ഒരേപോലെ കാണാൻ നമുക്കാവുന്നി ല്ലല്ലോ? പാവപ്പെട്ടവനേയും പണക്കാരനേയും പഠിപ്പു ള്ളവനേയും പാമരനേയും രണ്ട് തട്ടുകളിലല്ലേ നാം തൂക്കുന്നത്. ജീവിത ലാളിത്യം, സമഭാവന, കാരുണ്യം, നീതി സ്നേഹം, തുല്യത ഇത് നമുക്കു നഷ്ടമായിക്കൊ



ണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം പുതിയ രൂപഭാവങ്ങൾ സ്വന്തമാക്കി ആദിമ ക്രൈസ്തവ ചൈതന്യത്തിലേക്ക് മടങ്ങിപ്പോകാൻ സന്യസ്തർ ശ്രമിച്ചാൽ മാത്രമേ, ഈ കാലഘട്ടത്തിൽ സന്യാസംകണ്ട് അനുകരിക്കാൻ, അതി ലേക്ക് പ്രചോദിതരായി അനേകർ വരാൻ തയ്യാറാകൂ.

ദൈവം കാണുന്ന സ്വപ്നങ്ങളല്ല നമ്മുടെ സ്വപ്ന ങ്ങൾ – വേറിട്ട സ്വപ്നങ്ങൾ കണ്ട് പ്രവാചകന്റെ വഴി യിൽനിന്ന് വിദൂരത്താണ് നമ്മുടെ സഞ്ചാരം. പാർശ്വ വൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കും അഗതികൾക്കും അത്താണിയാകാൻ, അവർക്കുവേണ്ടി ശബ്ദമുയർത്താൻ, സഹായഹസ്തം നീട്ടാൻ നാം ഇനിയും ബഹുദൂരം മുന്നി ട്ടിറങ്ങേണ്ടിയിരിക്കുന്നു എന്നത് ഒരു നഗ്നസത്യമാണ്. നമ്മുടെ 'പൊയ്മുഖങ്ങൾ' മാറ്റി ക്രിസ്തുശിഷ്യന് യോജിച്ച ക്രിസ്തു മുഖം നമ്മിൽ പ്രതിഫലിപ്പിക്കേണ്ട തുണ്ട്. ഇതിനായി നമ്മുടെ ചിന്താഗതികളെ വഴി തിരിച്ചു വിടേണ്ടതുണ്ട്. വെള്ളയടിച്ച കുഴിമാടങ്ങളായിരിക്കെ 'വിശുദ്ധരായ മഹാന്മാർ' എന്ന ഭാവേന മുന്നേറുമ്പോൾ; എന്നും പേരും പ്രതാപവും മുൻസീറ്റും ആഗ്രഹിക്കു മ്പോൾ നമുക്ക് സന്യസ്തർ എന്നവകാശപ്പെടാൻ എന്തു യോഗ്യതയാണുള്ളത്. നാം സാധാരണക്കാരിലും താഴെ ക്കിടയിലേക്ക് അധഃപതിക്കുകയല്ലേ ചെയ്യുന്നത്. എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും സൗകര്യവും പ്രൗഢിയും വർദ്ധിപ്പിച്ചും നാം പേരെടു ക്കുമ്പോൾ പണച്ചാക്കുകളുടെ മക്കൾക്കുമാത്രം പഠി ക്കാൻ അവസരമൊരുക്കി പാവപ്പെട്ട മനുഷ്യരുടെ




മക്കൾക്കു നേരെ പുറംതിരിയുമ്പോൾ നാം പാവപ്പെട്ടവരോടു പക്ഷം ചേരുന്നുവെന്നു പറയാനാവുന്നതെങ്ങനെ? നാം അവരെ ആട്ടിയോടിക്കുകയല്ലേ ചെയ്യുന്നത്.

ചൂഷണത്തിന്റെയും അനീതിയുടെയും അവഗണനയുടെയും പൊയ്മുഖങ്ങൾ വലിച്ചുകീറി യഥാർത്ഥ നീതിയും സത്യവും പരിഗണനയും കൈമുതലാക്കി പാവപ്പെട്ടവരെ ചേർത്തുപിടിച്ച് അവരിൽ ക്രിസ്തുവിനെക്കാണാനായാൽ മാത്രം വസ്തുക്കളുടെ/സമ്പന്നരുടെ മനുഷ്യരാകാതെ സത്തയുടെ വ്യക്തികളാകാൻ സന്യസ്തർക്കാവൂ. നഷ്ടപ്പെട്ടുപോയ ദൈവത്തിന്റെ സ്വപ്നങ്ങൾ വീണ്ടെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവത്തിന്റെ സ്വപ്നങ്ങൾ നമ്മുടെയും സ്വപ്നങ്ങൾ ആവട്ടെ. അതിനായി നമ്മുടെ ഹൃദയങ്ങളെ ദൈവം ഉദ്ദീപ്തമാക്കട്ടെ– അനുഗ്രഹിക്കട്ടെ.

**സിസ്റ്റർ മെജോ തോമസ് ഡിഎച്ച്എം**
പ്രിൻസിപ്പാൾ, വിമലാലയം കോളേജ്, എറണാകുളം

## എല്ലാം നേടാൻ സ്വയം നൽകാം

കാരുണികൻ പൂർവ്വാധികം മികവോടെ സമൂഹമനഃസാക്ഷിയോട് സംവേദിച്ചുകൊണ്ടിരിക്കുന്നതിൽ അഭിമാനിക്കുന്നു. നിസ്സംഗതയുടെ മൂടുപടമണിഞ്ഞ് ധാർമ്മിക ച്യുതിയോട് പുറം തിരിഞ്ഞു നിൽക്കുന്ന നമ്മുടെ സമൂഹത്തെ ഉൺത്താൻ 'കാരുണികന്റെ' ശബ്ദം പ്രയോജനപ്പെടട്ടെ.

ഫ്രാൻസീസ് പാപ്പാ സുവിശേഷത്തിന്റെ ആനന്ദത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യംവഹിക്കാൻ നൽകിയ ഈ വത്സരം സന്യസ്തർ എങ്ങനെ പ്രയോജനപ്പെടുത്തി എന്നത് ആത്മശോധനക്ക് വിധേയമാക്കേണ്ടതാണ്.

നമ്മുടെ 'സുരക്ഷിത ഭിത്തി'കളെ, തഴമ്പിച്ച ശൈലികളെ, മനുഷ്യരെ അകറ്റി നിർത്തുന്ന പാരമ്പര്യങ്ങളെ ചോദ്യം ചെയ്യാനോ സുവിശേഷാത്മകമായ ജീവിത ശൈലിയിലേക്ക് തിരിയാനോ, ദൈവജനത്തിനുവേണ്ടി സ്വയം ഹോമിക്കാനോ ഈ സമർപ്പിതവർഷം പ്രചോദനമായോ?

സിറിയക് കണിച്ചായി അച്ചന്റെ ലേഖനം കാര്യമാത്ര പ്രസക്തവും ചിന്തനീയവുമായിരുന്നു. സന്യസ്തർക്ക് ആത്മശോധന ചെയ്യാനുള്ള മേഖലകൾ തുറന്നു കാട്ടുകയായിരുന്നു അദ്ദേഹം. എല്ലാ സന്യാസ സഭാസ്ഥാപകരും ക്രിസ്തുവിനെ, എല്ലാം നഷ്ടപ്പെടുത്തിയ ക്രിസ്തുവിനെ അനുകരിക്കാനുള്ള വെല്ലുവിളി ഉയർത്തി, മാതൃക നൽകി കടന്നുപോയവരാണ്. എന്നിട്ടും എന്തേ സന്യാസം ഇന്നത്തെ അവസ്ഥയിലെത്തിയത്?

എവിടെയാണ് സന്യസ്തർക്ക് പാളിച്ചപറ്റിയത്? സന്യസ്തർ ലോകത്തെ പ്രകാശിതമാക്കുന്നതിനു പകരം 'ലോകം' അവരെ അതിരുവിട്ട് സ്വാധീനിക്കുന്നതായി കാണുന്നു. അണുകുടുംബങ്ങളിൽ സമൃദ്ധമാകുന്ന സ്വാർത്ഥതയും, സുഖലോലുപതയും, പക്വതയില്ലായ്മയും സന്യാസത്തിലേക്കും നുഴഞ്ഞുകയറിയിരിക്കുന്നു. 'സമുദായബോധവും, സ്വജന പക്ഷപാതവും ആർഭാടവും കുടുംബത്തോടുള്ള അമിത ഇടപെടലും എല്ലാം ഇന്നു സന്യസ്തർക്കിടയിലും വളർന്നുകൊണ്ടിരിക്കുന്നു. ധനത്തെ മോഹിക്കുകയും മനുഷ്യരെ ഉപയോഗിക്കുകയും ചെയ്യുന്ന ലോകവ്യാപാരം ഇന്നു സന്യാസത്തിലും അന്യമല്ല. ദൈവത്തെപോലും ഉപയോഗിക്കുന്ന അവസ്ഥ- സ്വന്തം കാര്യം കാണാൻ നേർച്ച കാഴ്ചകളും സ്തുതിപ്പുകളുമായി ഓടി നടക്കുന്ന സന്യസ്തരുടെ എണ്ണം കൂടുന്നു. നിശ്ശബ്ദതയിൽ സ്വസ്ഥമായി തന്റെ ഉള്ളിൽ ദൈവത്തെ കണ്ടുമുട്ടാനുള്ള കഴിവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പണക്കാരെ വേണ്ടപ്പെട്ടവരായി കരുതി പാവങ്ങളെ പാർശ്വൽക്കരിക്കുന്ന പ്രവണതയും നമ്മുടെ ഇടയിൽ ഇല്ലേ എന്നതും പ്രസക്തമായ ചോദ്യമാണ്.

സത്യത്തിൽ ദൈവസ്നേഹത്താൽ പ്രചോദിതമായ ദൈവവിളികൾ കുറഞ്ഞുവരുന്നു. തമ്പുരാന്റെ വിളികേട്ട് പ്രതികരിച്ചവരല്ല, വിളിച്ചു കൊണ്ടുവരുന്നവരാണ് കൂടുതൽ. വിശ്വാസകളരിയായ കുടുംബങ്ങളിൽ ലഭിക്കേണ്ടതൊന്നും ഇവരിൽ പലർക്കും ലഭിച്ചിട്ടുമില്ല. ഉപഭോക്തൃ സംസ്കാരത്തിന്റെ വിത്തുകൾ പേറി അവർ വരുന്നു. വന്നുപോയതുകൊണ്ട് നിന്നു പോകുന്നു. സ്വന്തം പേരും പെരുമയും വർദ്ധിപ്പിക്കുന്നതിൽ വ്യഗ്രത പൂണ്ട് ദിവസങ്ങൾ തള്ളിനീക്കുന്നു. ഈ വ്യഗ്രതയിൽ വഴിയിൽ വീണു

കിടക്കുന്നവരെ ശുശ്രൂഷിക്കാനുള്ള സന്മനസ്സ് അന്യമാകുന്നു.

ഉറകെട്ട ഉപ്പായി പുറന്തള്ളപ്പെടും മുമ്പ് ഉറവിടത്തിലേക്ക് തിരിച്ചുപോയി, യേശു ശിഷ്യരായി– പ്രാർത്ഥനയിലും ശിഷ്യത്വത്തിലും പ്രാവീണ്യമുള്ളവരായി, ജീവിക്കാൻ സന്യസ്തർ ആത്മാർത്ഥമായി മുന്നോട്ടുവരണം. സ്വയം നൽകുന്നവരാണ് എല്ലാം നേടുന്നവർ, എന്നോർമ്മിച്ചുകൊണ്ട്, സഭയിൽ യേശുവിന് സാക്ഷ്യം നൽകാനുള്ള കാരുണികന്റെ വെല്ലുവിളി നാമേറ്റെടുക്കുമോ?

**സിസ്റ്റർ ജെസി ഒഎസ്ബി**

സെന്റ് ബനഡിക്ട് കോൺവന്റ്, കോന്തുരുത്തി

## നിശബ്ദരാക്കപ്പെടുന്ന ജീവിതങ്ങൾ

'മാനേജരല്ല സന്യാസി' എന്ന ലേഖനത്തിലൂടെ സിറിയക് കണിച്ചായി അച്ചൻ കഴിഞ്ഞ ലക്കം കാരുണികനിൽ സന്യസ്ഥർ അനുഭവിക്കുന്ന 4 പ്രതിസന്ധികളെപ്പറ്റി എഴുതിയിരിക്കുന്നത് വായിച്ചു. ഓരോ സന്യാസസഭയും തിരുസഭാധികാരികളിൽ നിന്നും വൈദികരിൽ നിന്നും അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികൾ അനവധിയാണ്. അതിൽ ഒന്നുമാത്രം സഭാധികാരികളുടെ വിചിന്തനത്തിനായി ഇവിടെ കുറിക്കുന്നു. രൂപതയുമായും, പള്ളികളുമായും സംബന്ധിക്കുന്ന അനേകം ജോലികൾ സിസ്റ്റേഴ്സിനെക്കൊണ്ടു ചെയ്യിച്ച് മുതലെടുക്കുന്നു. Sisters are exploited by the church authorities. എങ്ങനെയെന്നല്ലേ?

നൊവേന കേന്ദ്രങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, ഇടവകപ്പള്ളികൾ മുതലായവയിൽ നിന്നു ലഭിക്കുന്ന നേർച്ചക്കാശുകൾ, ആഴ്ചയിൽ പല ദിവസങ്ങളിൽ പള്ളിമേടകളിൽ പോയി എണ്ണിത്തിട്ടപ്പെടുത്തി വികാരിയെ/ ഡയറക്ടറിനെ ഏൽപ്പിക്കണം. അതിനു പ്രതിഫലമൊന്നും ഇവർക്കു ലഭിക്കുന്നില്ല. കണിച്ചായിയച്ചന്റെ ഭാഷയിൽ Cheap labour സംഘടിപ്പിക്കാനുള്ള ഒരു ക്രമീകരണം. ഇത് അല്മായ സുഹൃത്തുക്കളെ അഥവാ പള്ളിയുമായി പ്രവർത്തിക്കുന്ന സംഘടനകളെ ഏൽപ്പിക്കാവുന്നതല്ലേ?

സുപ്പീരിയേഴ്സിനോടുള്ള അനുസരണത്തിന്റെ പേരിൽ ഇഷ്ടമില്ലെങ്കിൽ കൂടെയും തങ്ങളുടെ അമൂല്യമായ സമയം പ്രാർത്ഥനയുടെയും, പഠനത്തിന്റേയും, തങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും ഇടയ്ക്ക് വിഷമിച്ച് ഇതു ചെയ്യേണ്ടിവരുന്നു. ഇതു കന്യാസ്ത്രികളുടെ മേലുള്ള പുരുഷമേധാവിത്വമല്ലേ? ഒരുതരം ചൂഷണമല്ലേ? ആത്മപരിശോധന ചെയ്യേണ്ടതാണ്. കാശ് എണ്ണുന്നത് 'ക്യാമറാനിരീക്ഷണ'ത്തിലാകുമ്പോൾ ജനങ്ങൾക്ക് മോഷ്ടിക്കാനുള്ള സാധ്യതയില്ലാത്തതിനാൽ അവരെ വിശ്വസിച്ചുകൂടെ?

പണ്ട് എങ്ങോ ഒരു മഠാധിപ ഈ പരിപാടി ഏറ്റെടുത്തു. പിന്നീട് അത് പിൻതലമുറ ഇഷ്ടമില്ലെങ്കിലും ചെയ്യേണ്ടിവരുന്നു. ഇത് ഒരു സംക്രമിക രോഗമായി എല്ലാ രൂപതകളിലും വ്യാപിച്ചിരിക്കുകയാണ്. അതിനെ ആരും ചോദ്യം ചെയ്യാൻ ധൈര്യപ്പെടില്ല. കാരണം പുരോഹിതരിൽനിന്നും അവർ ക്രൂരതകൾ, ഒറ്റപ്പെടുത്തലുകൾ, നിശബ്ദരാക്കപ്പെടൽ മുതലായ സാഹചര്യങ്ങളൊക്കെ അഭിമുഖീകരിക്കേണ്ടിവരും.

ഇതിനെതിരെ ആരെങ്കിലും ശബ്ദമുയർത്തിയാൽ പിന്നെ ഇനി മുതൽ കോൺവെന്റിൽ 'കുർബാന' ഇല്ലായെന്ന് ഒരു ഭീഷണിയും. ഞങ്ങളുടെ സഹോദരിമാരും, ആന്റിമാരുമൊക്കെയാണല്ലോ സന്യാസഭവനങ്ങളിൽ ഉള്ളത്. അവരുടെ വിഷമങ്ങളാണിവ. സന്യസ്തവർഷം അവസാനിക്കുമ്പോൾ ഈ കാശെണ്ണൽ എന്ന അടിമത്വത്തിൽ നിന്നും ഇവരെ ഒഴിവാക്കിയാൽ സന്യസ്തവർഷം ഇവർക്ക് നൽകുന്ന ഒരു സമ്മാനമായിരിക്കും ഈ സ്വാതന്ത്ര്യം.

ഈ യാഥാർത്ഥ്യങ്ങൾ കാരുണികൻ വഴി എല്ലാ രൂപതകളിലും/രൂപതാദ്ധ്യക്ഷന്മാരിലും എത്തുമല്ലോ? വെറുതെ വായിച്ചു തള്ളിക്കളയരുത്. ഒരു കോൺക്രീറ്റ് ആക്ഷൻ എല്ലാ പിതാക്കന്മാരും എടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ കെസിബിസി ഇതിൽ ഇടപെടണം. തിരുസഭയ്ക്കുള്ളിലെ അധർമ്മങ്ങൾക്കെതിരെ ശബ്ദുമുയർത്താനാവാതെ പകച്ചുനിൽക്കുന്നവരാണ് സന്യാസിനികൾ.

> ക്രിസ്തുവിന്റെ, സ്നാപകന്റെ, അസ്സീസിയുടെ, മദർ തെരേസായുടെ, ഫ്രാൻസീസ് മാർപ്പാപ്പായുടെ ചൈതന്യം ഇല്ലാത്തതൊന്നും സന്യാസമാകില്ല; വെറും കൂട്ടുജീവിതമെന്ന് വിശേഷിപ്പിക്കാം.

കഴിഞ്ഞ ലക്കത്തിൽ വായിച്ചതുപോലെ ഒറ്റാലുകൾക്കുള്ളിൽ കുടുങ്ങിപ്പോകാനുള്ളതല്ല സന്യാസികളുടെ ജീവിതം. സഭാധികാരികൾ ഒരു തീരുമാനം എത്രയും പെട്ടെന്ന് എടുക്കണം. നിശബ്ദതയും, നിസംഗതയും തുടർന്നാൽ അറ്റ കൈ പ്രയോഗിക്കേണ്ടിവരും. തങ്ങളുടെ ജീവിതത്തിലൂടേയും, പ്രവർത്തനങ്ങളിലൂടെയും മൂല്യങ്ങളെ സംരക്ഷിക്കുന്ന സമുന്നതമായ ഒരു ദൗത്യം നിർവഹിക്കാനുള്ളവരാണ് സന്യാസിനികൾ. അല്ലാതെ ഈ പണി അവർക്ക് യോജിച്ചതാണോ?

**തോമസ് പോൾ**

കോട്ടയം



"മാനസാന്തരപ്പെടുവിൻ;
സ്വർഗരാജ്യം
സമീപിച്ചിരിക്കുന്നു."

മത്തായി 4:17

22-ാമത് എറണാകുളം
മറൈൻഡ്രൈവ്

# ബൈബിൾ കൺവെൻഷൻ 2016

FEBRUARY
**18 to 22**
**9:30**am to **5.30**pm

നയിക്കുന്നത്:

**റവ. ഫാ. ഡൊമനിക്ക് വാളമ്നാൽ & ടീം**

മരിയൻ ധ്യാനകേന്ദ്രം, അണക്കര

**കൃപാഭിഷേകം**

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്കാ 4:18 – 19)



കാഞ്ഞിരപ്പള്ളി രൂപതാ
സഹായ മെത്രാനായി അഭിഷിക്തനായ

# അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്

ചങ്ങനാശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാമംഗളങ്ങൾ

## ARCHDIOCESE OF CHANGANACHERRY

ARCHBISHOP'S HOUSE
Changanacherry, Kottayam 686 101




കാഞ്ഞിരപ്പള്ളി രൂപത റൂബി ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ

ദൈവം നൽകിയ ജൂബിലി ഉപഹാരം

**അഭിവന്ദ്യ മാർ ജോസ് പുളിക്കലിന്**

കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ

അനുമോദനങ്ങളും ആശംസകളും

ബിഷപ്പ്, വൈദികർ, സന്യസ്തർ, അല്മായർ

**കാഞ്ഞിരപ്പള്ളി രൂപത**

കാഞ്ഞിരപ്പള്ളി, കോട്ടയം





സ്നേഹദീപത്തിന്റെ

കാരുണ്യദീപം

**അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ്**

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരാനുള്ള

ആപ്തവാക്യം സ്വീകരിച്ച് കാഞ്ഞിരപ്പള്ളി രൂപതയുടെ

കൊച്ചുപിതാവായി അഭിഷിക്തനാകുമ്പോൾ

സ്നേഹപൂർവ്വം ആശംസിക്കുന്നു

പ്രാർത്ഥനാ മംഗളങ്ങൾ

സിസ്റ്റേഴ്സും കുഞ്ഞുമക്കളും

**സ്നേഹദീപം**

ഇഞ്ചിയാനി, കാഞ്ഞിരപ്പള്ളി

# ആകാശപ്പറവകളുടെ മനുഷ്യ ചില്ല

സുമം തോമസ്

കരുണ കാണിക്കുക എന്നത് ജീവിതക്രമമായി മാറിയ ഒരു വൈദികനുണ്ട് തൃശ്ശൂർ ചെന്നായപ്പാറയിൽ - ഫാ. ജോർജ് കണ്ണംപ്ലാക്കൽ എംസിബിഎസ്. കാരുണ്യവർഷം പ്രഖ്യാപിച്ചപ്പോഴല്ല അദ്ദേഹം കാരുണ്യ പ്രവർത്തികൾ തുടങ്ങിയത്. കഴിഞ്ഞ 20 വർഷമായി അദ്ദേഹം അവിടെയുണ്ട് - ദിവ്യഹൃദയാശ്രമത്തിലെ നാന്നൂറോളം അനാഥരുടെ ഇടയിൽ. അവരുടെ ഭകഷണവും ജീവിത സൗകര്യങ്ങളുമാണ് അദ്ദേഹത്തിന്റേതും.

ഇടുക്കി ജില്ലയിലെ മരിയാപുരം എന്ന സ്ഥലത്തെ ഒരു സാധാരണ കർഷക കുടുംബമാണ് ഞങ്ങളുടേത്. തീരെ പാവപ്പെട്ട കുടുംബങ്ങളായിരുന്നു ഞങ്ങൾക്ക് ചുറ്റുപാടും താമസിച്ചിരുന്നത്. ആശുപത്രികളോ വാഹനസൗകര്യങ്ങളോ ഇല്ലാത്ത ഒരുൾനാടൻ ഗ്രാമം. കിലോമീറ്ററുകൾ സഞ്ചരിച്ചാൽ മാത്രമേ ആശുപത്രിയിലെത്താൻ സാധിക്കുമായിരുന്നുള്ളൂ. 400-ഓളം അനാഥർക്ക് കഴിഞ്ഞ 20 വർഷമായി അപ്പനും അമ്മയും ഗുരുനാഥനുമായി ജീവിക്കുന്ന ദിവ്യകാരുണ്യ മിഷനറി സഭാംഗം ജോർജ് കണ്ണംപ്ലാക്കലച്ചൻ തന്റെ ജീവിതം പറഞ്ഞുതുടങ്ങി. അന്നൊക്കെ രോഗികളായവരെ മടക്കുകട്ടിലിൽ കിടത്തി എടുത്തുകൊണ്ടു പോകുകയാണ് പതിവ്. അവിടെ ഏത് വീട്ടിൽ എന്ത് ആവശ്യമുണ്ടായാലും ആദ്യം ഓടിച്ചെല്ലുന്നത് എന്റെ ചാച്ചനും അമ്മയുമായിരുന്നു. അക്കാര്യത്തിൽ രാത്രിയെന്നോ പകലെന്നോ അവർക്ക് നോട്ടമുണ്ടായിരുന്നില്ല. സത്യത്തിൽ എന്റെ മാതാപിതാക്കളുടെ ജീവിതമാണ് എന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളുടെ മാതൃക- അച്ചന്റെ കണ്ണുകളിൽ അവരോടുള്ള ആദരവും സ്നേഹവും.

ഒരിക്കൽ ഞങ്ങളുടെ വീടിനടുത്തുള്ള ഒരു അമ്മയ്ക്കും കുഞ്ഞിനും വയ്യാതായി. നാല് കിലോമീറ്റർ ദൂരത്താണ് ആശുപത്രി. അന്ന് ആ കുഞ്ഞിനെ എടുത്തുകൊണ്ട് നടന്ന് ആശുപത്രിയിലെത്തിച്ചത് ഞാനായിരുന്നു. എന്റെ അമ്മയ്ക്ക് വരാൻ സാധിച്ചില്ല. അതുകൊണ്ട് ചാച്ചൻ ആ കുഞ്ഞിനെ എന്റെ കയ്യിൽ തന്നു. ഞാൻ തീരെ ചെറുപ്പമായിരുന്നു അന്ന്. പാവപ്പെട്ടവരോടും സഹജീവികളോടും എന്റെ ചാച്ചനും അമ്മയും പ്രകടിപ്പിച്ച അനുകമ്പ അന്നു മുതൽ എന്റെ മനസ്സിൽ മാതൃകയായി മാറിയിരുന്നു. അതുകൊണ്ടാവാം ഇന്ന് ഞാൻ ചെയ്യുന്ന പല കാര്യങ്ങളിലും പുതുമയയൊന്നും എനിക്ക് തോന്നുന്നില്ല. എന്റെ മാതാപിതാക്കൾ എനിക്ക് കാണിച്ചു തന്ന, പറഞ്ഞു തന്ന കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നു. അത്ര മാത്രം.

## ആകാശപ്പറവകളുടെ കൂട്ടുകാർ

അതിരമ്പുഴ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു എന്റെ വൈദിക ജീവിതത്തിന്റെ ആരംഭം. അങ്ങനെയിരിക്കെ ഒരിക്കൽ സഭ എന്നോട് ചെന്നായപ്പാറയിലെ ആകാശപ്പറവകളുടെ ആശ്രമത്തിലേക്ക് പോകാൻ താത്പര്യമുണ്ടോ എന്ന് ചോദിച്ചു. സഭ എന്തു പറയുന്നുവോ അത് ചെയ്യാൻ, അവിടേക്ക് പോകാൻ ഞാൻ തയ്യാറായിരുന്നു.ഏറ്റവും സന്തോഷത്തോടെയാണ് ഞാൻ ഇവിടേക്ക് പുറപ്പെടാൻ തയ്യാറായത്. അങ്ങനെ 1996 ഫെബ്രുവരി 23-ന് ഞാൻ 'ആകാശപ്പറവകളുടെ കൂട്ടുകാരു'ടെ ഡയറക്ടറായി സ്ഥാനമേറ്റു. ഞാനിവിടെ എത്തിയിട്ട്. ഇരുപത് വർഷം പൂർത്തിയായിരിക്കുന്നു. മറ്റ് ജീവികളേക്കാൾ ഏറെ വിലയുള്ള മനുഷ്യനെക്കുറിച്ച് പഠനങ്ങളും



നിരീക്ഷണങ്ങളും നടക്കാത്തതെന്തേ എന്ന ചോദ്യത്തിൽ നിന്നാണ് ആകാശപ്പറവകളുടെ കൂട്ടുകാർ എന്ന സ്ഥാപനം ആരംഭിക്കാൻ ജോർജ്ജ് കുറ്റിക്കലച്ചൻ തീരുമാനിച്ചത്. അങ്ങനെ തൃശൂർ ജില്ലയിലെ പീച്ചി ഡാമിനടുത്ത് പുത്തൂർ പഞ്ചായത്തിലെ വനനിബിഡമായ ചെന്നായപ്പാറയിൽ ഇവർക്ക് കൂടൊരുക്കാൻ എംസിബിഎസ് സഭാ സമൂഹം സ്ഥലം വാങ്ങിച്ചു. ജീവിച്ചിരിക്കേ തന്നെ വിശുദ്ധയെന്ന് കീർത്തിതയായ മദർ തെരേസ 1994 ജനുവരി 18 ന് ഇത് ഉദ്ഘാടനം ചെയ്തു.

ഈ സ്ഥാപനത്തെക്കുറിച്ച് കേട്ടിട്ടുണ്ട് എന്നല്ലാതെ കൂടുതൽ അറിവുകളൊന്നും എനിക്കുണ്ടായിരുന്നില്ല. എന്നാൽ എന്റെ ഓർമ്മയിൽ ആവർത്തിച്ച് വരുന്ന ഒരു ചിത്രം ഉണ്ടായിരുന്നു. ഒരു ദേവാലയത്തിന്റെ അൾത്താരയിൽ അനേകം കുഞ്ഞുങ്ങൾ കയറിയിറങ്ങി നടക്കുന്നു. പരിസരപ്രദേശങ്ങളിൽ കളിക്കുന്നു, എന്തുകൊണ്ടാണ് ഇടയ്ക്കിടെ ഈ ചിത്രം എന്റെ മനസ്സിൽ കയറി വരുന്നത് എന്ന് എനിക്കറിയില്ലായിരുന്നു. എന്നാൽ ഇവിടെ വന്ന അന്നു തന്നെ എനിക്ക് മനസ്സിലായി എന്തായിരുന്നു ആ ചിത്രത്തിന്റെ അർത്ഥമെന്ന്. ഞാൻ മനസ്സിൽ കണ്ട അതേ സാഹചര്യം.

പതിമൂന്നര ഏക്കറിൽ വിസ്തൃതമായി കിടക്കുന്ന ഈ 'പുൽക്കൂട്ടിൽ' രണ്ടു വയസുകാരൻ മുതൽ 102 വയസുകാരൻ വരെ ഉണ്ട്. അനാഥരും തകർന്ന കുടുംബങ്ങളിൽ നിന്നുള്ളവരും, തെരുവിന്റെ മക്കളായി ജീവിച്ചവരുമായ 145 കുട്ടികൾ. കൂടാതെ ശാരീരികവും മാനസികവുമായ വൈകല്യങ്ങളുള്ള 114 സ്ത്രീകളും 100 പുരുഷന്മാരും ഈ കുടുംബത്തിലെ അംഗങ്ങളാണ്. ഇതിൽ കിടപ്പുരോഗികളായവരും ഉൾപ്പെടുന്നു. ജീവിതസാഹചര്യങ്ങളാണ് ഇവിടത്തെ അംഗങ്ങളെ ഈ ഭവനത്തിലെത്തിക്കുന്നത്. കേട്ടറിഞ്ഞ് എത്തുന്നവരും കുറവല്ല.

## കഥകളനവധി

തൊണ്ണൂറ് വയസ്സുള്ള ഒരു അപ്പച്ചൻ ഇവിടെയുണ്ടായിരുന്നു. ഒൻപത് മക്കളുടെ പിതാവ്. വളരെ സമ്പന്നമായ കുടുംബാന്തരീക്ഷം. സാധിക്കുന്ന കാലത്ത് മക്കൾക്കുവേണ്ടി സമ്പാദിച്ചു. സ്വത്ത് വീതം വച്ച് കൊടുത്തതിന് ശേഷം താമസം ഇളയമകന്റെ കൂടെയായി. എന്നാൽ സ്വന്തം മകനുൾപ്പടെയുള്ളവർക്ക് അദ്ദേഹത്തെ സഹിക്കാൻ കഴിയാതെയായി. കാരണം മറ്റൊന്നുമല്ല. വാർദ്ധക്യസഹജമായ അസുഖങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. കുളിക്കാൻ ഇത്തിരി ചൂടുവെള്ളം, ഒരു ഗ്ലാസ്സ് ചൂടുപാൽ, അല്ലെങ്കിൽ ശ്വാസം മുട്ടൽ അധികമാകുമ്പോൾ കുടിക്കാൻ ചൂടുവെള്ളം. ഇതൊക്കെയാണ് അദ്ദേഹം ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ. അവരെ സംബന്ധിച്ച് വളരെ പരിമിതമായ കാര്യങ്ങളാണിത്. പക്ഷേ അവർക്ക് അംഗീകരിക്കാൻ സാധിച്ചിരുന്നില്ല. ചോദ്യം ചെയ്തപ്പോൾ കിട്ടിയ മറുപടി 'ഞങ്ങൾക്കിതേ പറ്റുകയുള്ളൂ, ഇവിടെ ജീവിക്കാൻ സാധിക്കില്ലായെങ്കിൽ എവിടേക്ക് വേണമെങ്കിലും പോകാം. ഒരു കാര്യം ഓർക്കുക. പോയിട്ട് തിരിച്ച് വരാമെന്നോ, ഞങ്ങൾ വിളിക്കാൻ വരുമെന്നോ വിചാരിക്കണ്ട. പോയ വഴിക്ക് പൊക്കോണം' എന്നായിരുന്നു. ഇവിടെയാണ് അദ്ദേഹം എത്തിച്ചേർന്നത്. ഞാൻ അദ്ദേഹത്തിന്റെ കുടുംബാവസ്ഥകൾ അന്വേഷിച്ചു. ഞാൻ അഭയം കൊടുക്കേണ്ട ഒരാളായിരുന്നില്ല അദ്ദേഹം. അത്രക്ക് സമ്പന്നൻ. അദ്ദേഹത്തെ തിരികെ കൊണ്ടുപോകാൻ മക്കളോട് ആവശ്യപ്പെട്ടിട്ടും മക്കളാരും അതിന് തയ്യാറായില്ല. മൂന്ന് വർഷം ഇവിടെ താമസിച്ചു. പറ്റില്ല എന്ന് ഞാൻ പറഞ്ഞപ്പോൾ 'അച്ചനെന്നെ ഇവിടുന്ന് പറഞ്ഞ് വിട്ടാൽ ഞാൻ നേരെ റയിൽവേ സ്റ്റേഷനിലേക്കായിരിക്കും പോകുന്നത്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഈ മറുപടിയാണ് അദ്ദേഹത്തെ ഇവിടെ നിർത്താൻ എന്നെ പ്രേരിപ്പിച്ചത്.

പിന്നീട് അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മക്കൾ ഈ അവസ്ഥ കണ്ട് സങ്കടം തോന്നിയിട്ട് വന്ന് കൂട്ടിക്കൊ

ണ്ടു പോയി. അവിടെ വച്ചാണ് അദ്ദേഹം മരിക്കുന്നത്. എന്നെ വേദനിപ്പിച്ച കാര്യം മറ്റൊന്നുമല്ല, ആശ്രമത്തിൽ നിന്ന് രണ്ട് കിലോമീറ്റർ ദൂരമേയുള്ളൂ അവരുടെ വീട്ടിലേക്ക്. എന്നിട്ടും മക്കളിൽ ഒരാളുപോലും ഈ മൂന്ന് വർഷത്തിലൊരിക്കൽ പോലും അയാളെ കാണാൻ വന്നില്ല എന്നതാണ്!

അറുപത് വയസ്സുള്ള സ്വന്തം ചേട്ടനെ ഇവിടെകൊണ്ടിരുത്തിയിട്ട് 'ഒരു ചായ കുടിച്ചിട്ട് വരാമെന്ന്' പറഞ്ഞ് പോയ അനിയൻ പിന്നീട് തിരിച്ചു വന്നതേയില്ല! നാലാം ക്ലാസുകാരി സവിതയും അമ്മയ്ക്കൊപ്പം ഇവിടെയെത്തിയത് ജീവിതം വഴിമുട്ടിയ നേരത്താണ്. തേങ്ങലടികൾക്കും പ്രതീക്ഷ നഷ്ടപ്പെട്ട നയനങ്ങൾക്കും മുന്നിൽ പ്രത്യാശയുടെ കിരണങ്ങൾ പതിപ്പിച്ചപ്പോൾ അവളും പ്രതീക്ഷയോടെ വളർന്നു. ഇപ്പോൾ പാലക്കാട് ഗവ. എഞ്ചിനീയറിംഗ് കോളജിലെ ബി.ടെക് വിദ്യാർത്ഥിനിയാണ് സവിത. എൽകെജി മുതൽ ബിരുദാനന്തരബിരുദം വരെ പഠനം നടത്തുന്ന 145 വിദ്യാർത്ഥികളുടെ നേട്ടങ്ങളും അനുഭവങ്ങളും നീണ്ട ഒരു പട്ടികയായി തുടരുമ്പോഴും ജീവിത സായാഹ്നത്തിന്റെ കയ്പ്പേറിയ അനുഭവ സാക്ഷ്യങ്ങളുള്ള ഒട്ടേറെപ്പേരും ഇവിടെയുണ്ട്. ഇവർക്കെല്ലാവർക്കും ദിവ്യഹൃദയാശ്രമം ഒരു സ്നേഹതീരമാണ്.

## ഇതൊരു കുടുംബം

ഒരു കുടുംബാന്തരീക്ഷം നിലനിർത്തുന്നതിനാൽ കുടുംബത്തിലെ എല്ലാ ജോലികളിലും ഇവർ പ്രായഭേദം മറന്ന് സഹകരിച്ച് പങ്കാളികളാകുന്നു. പശുത്തൊഴുത്തിൽ, കൃഷിയിടങ്ങളിൽ, പാചകത്തിൽ തുടങ്ങിയ എല്ലാ മേഖലകളിലും ഇവരുടെ സാന്നിധ്യമുണ്ട്. ജാതി, റബർ എന്നിവയ്ക്കു പുറമേ ഇടവിളകളായ വാഴ, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയവയും ഇവിടെ കൃഷി ചെയ്യുന്നുണ്ട്. രാസവളങ്ങൾ പൂർണമായും നിരോധിച്ച് സമ്പൂർണ ജൈവവളത്തിലൂടെ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾ ഈ കുടുംബത്തിലെ ആവശ്യത്തിനുശേഷം മാർക്കറ്റിൽ വിൽപനയ്ക്ക് എത്തുന്നു. അതുപോലെ 40 പശുക്കളിൽ നിന്നും ലഭിക്കുന്ന പാൽ സൊസൈറ്റികളിലേക്കും ഒട്ടനവധി വീടുകളിലേക്കും നൽകുന്നുണ്ട്. കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനവും അഭ്യുദയകാംക്ഷികളായി ഇവിടേക്കു കടന്നു വരുന്നവർ ഉള്ളറിഞ്ഞ് നൽകുന്ന സാമ്പത്തിക സഹായവും കൊണ്ടാണ് പ്രതിദിന ചിലവുകൾ നടന്നു പോകുന്നത്.

## കുടുംബാംഗങ്ങൾ

ജീവിച്ചുവന്ന സാഹചര്യങ്ങളുടെ വൈകല്യങ്ങളും വേദനകളും പേറുന്നവരാണ് ആകാശപ്പറവകളിൽ മഹാഭൂരിപക്ഷവും. അവ മുഴുവൻ മാറ്റിയെടുക്കാനാവില്ല. എന്നാൽ ഒട്ടനവധി കാര്യങ്ങളിൽ നിന്ന് പിൻതിരിപ്പിക്കാനാവും. ഇവർ എന്തുകൊണ്ട് ഇങ്ങനെയായിപ്പോയി എന്നൊക്കെ ചിന്തിച്ചുപോയാൽ എങ്ങും എത്തിച്ചേരില്ല. കാരണം ഓരോരുത്തരുടെയും ജീവിതാവസ്ഥകൾ വിഭിന്നമാണ്. ഭാര്യയും രണ്ടു മക്കളും സഹോദരങ്ങളുമുള്ള നെല്ലിക്കുന്ന് സ്വദേശി വിൽസണ് ആളിനും അർത്ഥത്തിനും കുറവുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന് തളർവാതം പിടിപെട്ടപ്പോൾ ബന്ധങ്ങൾ കണ്ണിയറ്റു. ഭാര്യയും മക്കളും സഹോദരങ്ങളും കയ്യൊഴിഞ്ഞതോടെ ദിവ്യഹൃദയ ആശ്രമത്തിൽ എത്തി. ഇവിടുത്തെ അന്തരീക്ഷം അദ്ദേഹത്തെ പാടെ മാറ്റി. ഇപ്പോൾ ക്രച്ചസ് ഉപയോഗിച്ച് നടക്കുന്നുണ്ട് വിൽസൺ!

മാതാപിതാക്കൾ ആഗ്രഹിച്ച് ഭൂമിയിൽ പിറന്നു വീഴുന്ന കുഞ്ഞുങ്ങളും വേണ്ടാതെ ജനിക്കുന്ന കുഞ്ഞുങ്ങളും തമ്മിൽ വ്യത്യാസമുണ്ടല്ലോ. ഇങ്ങനെ വേണ്ടാതെ ജനിക്കുന്ന അനവധി കുഞ്ഞുങ്ങൾ ഈ ആശ്രമത്തിലുണ്ട്. തകർന്നു പോകേണ്ടിയിരുന്ന ഇവരുടെ മനസ്സിലേക്ക് സ്വപ്നങ്ങൾ നൽകുക എന്ന കടമ വളരെ വലുതാണ്. അവരുടെ മനസ്സിൽ പ്രതീക്ഷ സൃഷ്ടിക്കുക എന്ന ഉത്തരവാദിത്വമാണ് എനിക്കുള്ളത്. പഠനത്തിന് ശേഷം അവർക്ക് താത്പര്യമുള്ള മേഖലകളിലേക്ക് അവരെ എത്തിക്കുകയാണ് ചെയ്യുന്നത്.

കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനവും അഭ്യുദയകാംക്ഷികൾ ഉള്ളറിഞ്ഞ് നൽകുന്ന സാമ്പത്തിക സഹായവും കൊണ്ടാണ് പ്രതിദിന ചിലവുകൾ നടന്നു പോകുന്നത്.

പതിനാറ് പെൺകുട്ടികളാണ് ഈ ആശ്രമത്തിൽ നിന്ന് വിവാഹിതരായി പുറത്ത് സുഖമായി ജീവിക്കുന്നത്. തകർന്ന് തരിപ്പണമായ ജീവിതാവസ്ഥയിൽ നിന്ന് വന്നവരായിരുന്നു അവരൊക്കെ. പക്ഷേ തങ്ങളുടെ കുടുംബം തകരാതെ കാത്തു രക്ഷിക്കാൻ അവർക്ക് കഴിയുന്നുണ്ട്. ആഘോഷങ്ങളിൽ അവർ ഒത്തുചേരുന്നത് ഇവിടെയാണ്. കാരണം ഇതാണല്ലോ അവരുടെ വീട്!

## ദൈവത്തിന്റെ വാക്ക്

സാമുവൽ പ്രവാചകന്റെ ഒന്നാം പുസ്തകം രണ്ടാം അധ്യായത്തിൽ ഹന്നായുടെ കീർത്തനത്തിലുള്ള ഒരു വാക്യമുണ്ട്, ''ദരിദ്രനെ അവിടുന്ന് ധൂളിയിൽ നിന്ന്



ഉയർത്തുന്നു, അഗതികളെ കുപ്പയിൽ നിന്നും സമുദ്ധരിക്കുന്നു, അങ്ങനെ അവരെ പ്രബുദ്ധരോടൊപ്പം ഇരുത്തി ഉന്നത സ്ഥാനങ്ങൾക്ക് അർഹരാക്കുന്നു." ഈ ഈ വചനമാണ് എന്നെ പ്രചോദിപ്പിക്കുന്നത്. എല്ലാവരെയും സൃഷ്ടിച്ച ഒരേ ദൈവം ആഗ്രഹിക്കുന്നത് എല്ലാവരും സന്തോഷമായും സമാധാനമായും ജീവിക്കണം എന്നാണ്. കുറവുകളും അന്തരങ്ങളും സംഭവിക്കുന്നത് മനുഷ്യന്റെ പ്രവർത്തിയിൽ നിന്നാണ്. ഇവിടെ എത്തുന്ന ഓരോ മനുഷ്യനെയും സ്വാഗതം ചെയ്യുന്നത് അവന്റെ അവസ്ഥകളെ മനസ്സിലാക്കിയാണ്. മറ്റുള്ളവരുടെ തലത്തിലേക്ക് എത്താൻ അവർക്കെന്തൊക്കെ ആവശ്യമുണ്ടോ അതെല്ലാം നൽകാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്.

## ഇവരാണ് എന്റെ സ്വപ്നം

വ്യക്തിപരമായി ഒരു സ്വപ്നവും എനിക്കില്ല. കാരണം എന്റെ സ്വപ്നം ഇവിടത്തെ അംഗങ്ങളാണ്. അവരുടെ കുറവുകളിൽ മാത്രമേ ഞാൻ ആശങ്കപ്പെടാറുള്ളൂ. അവർക്ക് നല്ല ഭക്ഷണം, വസ്ത്രം, ജീവിത സൗകര്യങ്ങൾ ഇവയെല്ലാം നൽകണം എന്നേ എനിക്കാഗ്രഹമുള്ളൂ. സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം നിൽക്കുമ്പോൾ എന്റെ കുഞ്ഞുങ്ങളും സഹോദരങ്ങളും കുറവുള്ളവരാകാൻ പാടില്ല. എനിക്കത്രയേ വേണ്ടൂ. ഒരു സാഹചര്യത്തിലും ഇവിടെയുള്ള ഒരാളും തല കുനിച്ച് നിൽക്കേണ്ട അവസ്ഥ വരരുത്. എന്റെ സ്വപ്നത്തിലെപോലുള്ള ആശ്രമം ഇതുവരെയും ആയിട്ടില്ല. അങ്ങനെയാകുന്ന സമയത്ത് ഞാനും ചിലപ്പോൾ കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ ജീവിക്കും, അവർക്കൊപ്പം. നിലത്ത് കിടന്ന് ശീലമുള്ളയാളാണ് ഞാൻ. ഇവിടെയും അങ്ങനെ ചെയ്യേണ്ടി വരുന്നതിന് എനിക്ക് യാതൊരു ബുദ്ധിമുട്ടും ഇല്ല. ഞാൻ വന്നപ്പോൾ താമസിക്കുന്ന മുറിയും ഇവിടുത്തെ പുരുഷൻമാർ താമസിക്കുന്ന മുറിയും ഒരുപോലത്തെയാണ്. അവരുടെ സാഹചര്യങ്ങൾ മാറിയിട്ടില്ല. പിന്നെ എനിക്കെന്തിനാണ് കൂടുതൽ മെച്ചമുള്ള സാഹചര്യം?

## പ്രതിബന്ധങ്ങളുടെ കഥകൾ

ഒരിക്കൽ ഗർഭിണിയായ ഒരു പെൺകുട്ടി ഇവിടെ താമസിക്കാനെത്തി. എന്നാൽ ഇക്കാര്യം അവൾ ആരോടും പറഞ്ഞില്ല. ഒൻപത് മാസം കഴിഞ്ഞപ്പോഴാണ് അവൾ അസ്വസ്ഥതകൾ പ്രകടിപ്പിക്കാൻ തുടങ്ങിയത്. ആരോടും തുറന്ന് സംസാരിക്കാൻ സാധിക്കാത്ത ഒരു സാഹചര്യവുമായിരുന്നു അവൾക്ക്. ഒരു സിസ്റ്ററിന് ഇവളെക്കുറിച്ചുള്ള എല്ലാക്കാര്യങ്ങളും അറിയാമായിരുന്നു. അങ്ങനെ മറ്റൊരു സ്ഥാപനത്തിൽ അവളെ താമസിപ്പിക്കാൻ തീരുമാനിച്ചു. അവിടെയെത്തി ഈ കുട്ടിയുടെ അവസ്ഥ കണ്ടപ്പോൾ അവിടെ നിർത്താൻ പറ്റില്ലെന്നായി അവർ. പെട്ടെന്നാണ് അവൾക്ക് പ്രസവത്തിന്റേതായ അസ്വസ്ഥതകൾ കണ്ടത്. ഞാനും കൂടെയുണ്ടായിരുന്ന ഒരു സിസ്റ്ററും ചേർന്ന് അടുത്തുള്ള ആശുപത്രിയിലെത്തിച്ചു. അവിടെ ചെന്നപ്പോൾ അവർ പറഞ്ഞു, സിസേറിയൻ വേണം, അവിടെ പറ്റില്ല, വേറെ എവിടെയെങ്കിലും കൊണ്ടുപോകണം എന്ന്. ഞങ്ങൾ അവിടെ നിന്ന് മറ്റൊരു ഹോസ്പിറ്റലിലെത്തി, അവിടെ അഡ്മിറ്റ് ചെയ്തു. ഈ സമയത്ത് ധരിച്ചിരിക്കുന്ന വസ്ത്രമല്ലാതെ ഞങ്ങൾ രണ്ടു പേരുടെയും കയ്യിൽ മറ്റൊന്നുമില്ല. രാത്രി ഒരു മണി വരെ ഞാനും സിസ്റ്ററും ആ ലേബർ റൂമിന് മുന്നിൽ കാത്തു നിന്നു.

അന്ന് ദൈവം ഇടപെട്ടത് മറ്റൊരുവിധത്തിലായിരുന്നു. അവിടെയുണ്ടായിരുന്ന സ്ത്രീകൾ ഞങ്ങൾക്കാവശ്യമായ എല്ലാ വസ്തുക്കളും നൽകി സഹായിച്ചു. തുണിയും ചൂടുവെള്ളവും ഫ്ളാസ്കുമുൾപ്പെടെ. എന്നെ ഏറ്റവും സന്തോഷിപ്പിച്ച കാര്യം ഒരാൾ പോലും അപവാദകരമായ ഒരു പരാമർശം പോലും നടത്തിയില്ല എന്നതാണ്. 'അച്ചനെന്താ ഇവിടെ?' എന്നു പോലും അവരിലാരും ചോദിച്ചില്ല. എനിക്കതിൽ നിന്നും മനസ്സിലായ ഒരു കാര്യം നമ്മൾ മറ്റൊരാളുടെ അഭിമാനം രക്ഷിക്കാൻ സാഹസപ്പെട്ടാൽ നമ്മുടെ മാനം കാത്തുരക്ഷിക്കാൻ ദൈവം കൂടെയുണ്ടാകും.

ഇവിടെ താമസിച്ചിരുന്നൊരാൾ എന്റെ പേരിൽ കത്തെഴുതി വച്ച് ആത്മഹത്യ ചെയ്ത ഒരു സംഭവം നടന്നിട്ടുണ്ട്. ഒരു വാക്കുകൊണ്ടു പോലും ഞാനയാളെ വേദനിപ്പിച്ചിട്ടില്ല എന്നതാണ് സത്യം. എല്ലാ കാര്യങ്ങളും സംശയത്തോടെ നോക്കി കാണുന്ന ഒരാളായിരുന്നു അയാൾ. ആരോ അയാൾക്ക് കൈവിഷം കൊടുക്കാൻ ശ്രമിക്കുന്നു എന്നായിരുന്നു അയാളുടെ സംശയം. ഒരു ദിവസം വാട്ടർ ടാങ്കിനടിയിൽ അയാൾ ഇരിക്കുന്നത് കണ്ടു. അവിടുന്ന് എടുത്തുകൊണ്ട് വന്ന് കട്ടിലിലിരുത്തി. മുഖത്ത് ചുണ്ടിന്റെ ഭാഗത്തായി വയലറ്റ് നിറം. അപ്പോൾത്തന്നെ എനിക്ക് കാര്യം മനസ്സിലായി. ഫ്യൂരിഡാൻ ആണ് കഴിച്ചിരിക്കുന്നത്. "കഴിച്ചോ?" എന്ന് ചോദിച്ചു. "കുറെ കഴിച്ചു, ബാക്കി എന്റെ മടിയിലുണ്ട്" എന്നായിരുന്നു ഉത്തരം. നോക്കിയപ്പോൾ ഒരു കുപ്പിയിലാക്കി മടിയിൽ വച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ പോകുന്ന വഴി തന്നെ ആൾ മരിച്ചു.

പിന്നീട് ബോഡി പരിശോധിക്കുന്നതിനിടയിലാണ് അയാളുടെ ഷർട്ടിന്റെ പോക്കറ്റിൽ നിന്നും പൊലീസ് ഒരു കടലാസ് കണ്ടെടുത്തത്. അതിൽ ഇപ്രകാരം എഴുതിയിരുന്നു, "എന്റെ മരണത്തിൽ നാട്ടുകാർക്കോ സമീപവാസികൾക്കോ ഉത്തരവാദിത്വമില്ല. ഇവിടെ വന്നതിന് ശേഷം എന്നെ മരുന്ന് തന്ന് ക്രൂരമായി പീഡിപ്പിച്ച അച്ചനാണ് എന്റെ മരണത്തിനുത്തരവാദി." പൊലീസ് എന്നെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. ഞാൻ പൊലീസിനോട് പറഞ്ഞത് ഇങ്ങനെയാണ്, നിങ്ങൾ എന്റെ ആശ്രമത്തിലും പരിസരപ്രദേശത്തും ചെന്ന് അന്വേഷിക്കുക. എന്നിട്ട് നിങ്ങൾ ഉചിതമായ ഒരു നടപടി സ്വീകരിക്കുക. അവസാനം അയാളുടെ വീട്ടിൽ അന്വേഷിച്ചപ്പോൾ അറിഞ്ഞത് അയാളുടെ മകനെക്കുറിച്ച് ഇതിലും മോശമായ കത്ത് അയാൾ എഴുതി വച്ചിട്ടുണ്ട് എന്നാണ്. അവസാനം ആ കേസ് തീർപ്പായി. വചനം പറഞ്ഞിരിക്കുന്നത് 'നിങ്ങൾ ന്യായാധിപൻമാരുടെ അടുക്കലേക്ക് നയിക്കപ്പെടും. അവിടെ വച്ച് നിങ്ങൾ എന്ത് പറയണമെന്നുള്ളത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരും' എന്നാണല്ലോ. എനിക്ക് സംഭവിക്കുന്ന ഓരോ കാര്യത്തിലും ഈ വചനം സത്യമാകുന്നതായാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഞാൻ ആകെ ആശ്രയിച്ചിട്ടുള്ളത് ദൈവത്തിൽ മാത്രമാണ്. മറ്റാരെയും എനിക്ക് സഹായത്തിന് സമീപിക്കേണ്ടി വന്നിട്ടില്ല.

എന്തെല്ലാം സംഘർഷങ്ങൾ അലട്ടിയാലും ഇവിടുത്തെ കുഞ്ഞുമക്കളുടെ അടുക്കൽ പത്ത് മിനിട്ട് പോയിരുന്നാൽ മതി. അവരുടെ ലോകത്തെ വിശേഷങ്ങളിൽ, ചിരിയിൽ ഉരുകിയൊലിച്ച് പോകുന്ന പ്രശ്നങ്ങളെ എന്റെ തലയിലുള്ളൂ. എന്നാൽ സംതൃപ്തനാണോ എന്ന് ചോദിച്ചാൽ അല്ല എന്നേ ഞാൻ പറയൂ. കാരണം ഞാൻ ആഗ്രഹിക്കുന്ന തലത്തിലേക്ക് ഈ ആശ്രമം എത്തിയിട്ടില്ല. കുറച്ച് പേരെ കൊണ്ടുവന്ന് താമസിപ്പിക്കുന്ന ഒരു സ്ഥലം എന്നല്ല എന്റെ സ്വപ്നം. അവർക്ക് നല്ല വിദ്യാഭ്യാസം നൽകണം. നല്ല ജീവിത സാഹചര്യങ്ങൾ നൽകണം. ഇവിടെയുള്ളവർ സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം.

## ദൈവപരിപാലന ഒന്നുമാത്രം

'വഴി നടത്തുന്നവന്റെ കരുണ'യാണ് ഈ സ്ഥാപനം. നാളേക്ക് വേണ്ടി ഒന്നും ഞങ്ങൾ കരുതി വയ്ക്കാറില്ല. പ്രതിദിനം 45000 രൂപയോളം ഇവിടെ ചെലവ് വരുന്നുണ്ട്. 35 കുട്ടികൾ പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്നവരാണ്. അവരുടെ ഫീസിനത്തിൽ മാത്രം ഒരു വർഷം 25 ലക്ഷം രൂപ ആവശ്യമാണ്. അതുപോലെ ചിലർക്ക് മേജർ സർജറികൾ വേണ്ടി വരാറുണ്ട്. 'നാളെയെക്കുറിച്ച് ആകുലപ്പെടേണ്ട' എന്ന വചനത്തിന്റെ നിറവേറലാണ് ഇവിടെ സംഭവിക്കുന്നത്. നിറവേറുന്ന സത്യങ്ങളാണ് ഓരോ വചനവും. അത് വിശ്വസിക്കേണ്ടത് ആവശ്യമാണ്.

> വ്യക്തിപരമായി ഒരു സ്വപ്നവും എനിക്കില്ല. കാരണം എന്റെ സ്വപ്നം ഇവിടത്തെ അംഗങ്ങളാണ്. അവർക്ക് നല്ല ഭക്ഷണം, വസ്ത്രം, ജീവിത സൗകര്യങ്ങൾ ഇവയെല്ലാം നൽകണം എന്നേ എനിക്കാഗ്രഹമുള്ളൂ.

ക്രിസ്മസ് കഴിഞ്ഞ സമയത്ത് ഏഴ് ലക്ഷം രൂപ പലചരക്ക് കടയിൽ കൊടുക്കാനുണ്ടായിരുന്നു. നമ്മളെ പലപ്പോഴായി സഹായിക്കാറുള്ള ഒരാൾ ഇതറിഞ്ഞു. അദ്ദേഹം പറഞ്ഞു; ഒരിടത്തും ബാധ്യത ഉണ്ടാകരുത്, കടങ്ങൾ ഇല്ലാതെ മുന്നോട്ട് പോകണം എന്ന്. ഇത് പറഞ്ഞിട്ട് അദ്ദേഹം ഒന്നുകൂടി പറഞ്ഞു, "ആറ് ലക്ഷം രൂപ ഞാൻ തരാം." അങ്ങനെ അദ്ദേഹം തന്നെ കടയുടമയെ വിളിച്ച് ആ കടം വീട്ടി.

ഇതുവരെയുള്ളതെല്ലാം ദൈവം തന്നതാണ്. കാരണം ദൈവത്തിന്റെ നിയോഗം നമ്മൾ ചെയ്താൽ ദൈവം നമ്മുടെ ജീവിതവും പ്രവർത്തനവും ക്രമീകരിക്കും. ആകാശപ്പറവകളുടെ കൂട്ടുകാരെ വിട്ട് മറ്റൊരിടത്ത് പോകേണ്ടി വന്നാൽ ഇതുപോലൊരിടം മതി എനിക്ക്. അവിടെയാണ് ഞാൻ കൂടുതൽ സംതൃപ്തനും സന്തോഷവാനുമാകുന്നത്. ■

# സോഷ്യോ- റിലിജിയസ് സെന്റർ (SRC)

ക്രൈസ്റ്റ്ഹാൾ, മലാപ്പറമ്പ്, കോഴിക്കോട് - 673 009

(A Centre for Healing and Personal Growth run by the Jesuits of Kerala)

## ഫെബ്രുവരി – ജൂൺ, 2016

### 1. വ്യക്തിത്വ വികസന ശിൽപശാല - Group Therapy

a) ഫെബ്രുവരി 27 വൈകുന്നേരം ആരംഭിച്ച് മാർച്ച് 4-ന് വൈകുന്നേരം വരെ.

b) ജൂൺ 17 വൈകുന്നേരം ആരംഭിച്ച് 25-ന് വൈകുന്നേരം വരെ (ഇംഗ്ലീഷ്).

(ഫാ. ജോ തയ്യിൽ SJ , ഫാ. എഫ്രേം തോമസ് SJ, ഫാ. ജോസ് തച്ചിൽ SJ )

### 2. കൗൺസലിംഗ് പരിശീലനം

ഏപ്രിൽ 1 വൈകുന്നേരം ആരംഭിച്ച് 30-ന് വൈകുന്നേരം വരെ (1 month Certificate Course)

(ഫാ. ജോ തയ്യിൽ SJ, ഫാ. എഫ്രേം തോമസ് SJ, ഫാ. വിൽസൺ മുളക്കൽ SJ,

ഫാ. സണ്ണി കുന്നപ്പള്ളിൽ SJ, ഫാ. ജോയ് ജെയിംസ് SJ,

ഫാ. എം.കെ. ജോർജ്ജ് SJ, ഫാ. ജോസ് തച്ചിൽ SJ)

### 3. സ്വാഭിമാനവും പരസ്പര ബന്ധങ്ങളും (ഫാ. എഫ്രേം തോമസ് SJ)

a) ഏപ്രിൽ 5 മുതൽ 7 വരെ (9 am - 5 pm)

b) മെയ് 19 വൈകുന്നേരം മുതൽ 22-ന് വൈകുന്നേരം 4 വരെ (English)

### 4. ധ്യാനങ്ങൾ - Ignatian Directed Retreat

a) ഫെബ്രുവരി 1 വൈകുന്നേരം മുതൽ 9-ന് വൈകുന്നേരം വരെ (ഫാ. തോമസ് പാനികുളം SJ)

b) മാർച്ച് 14 വൈകുന്നേരം മുതൽ 22-ന് വൈകുന്നേരം വരെ (ഫാ. എം.ജെ തോമസ് SJ)

### 5. 'യേശുവിലേക്ക് മാതാവിനൊപ്പം' - ധ്യാനം (മലയാളം)

മെയ് 2 വൈകുന്നേരം മുതൽ 7-ന് വൈകുന്നേരം വരെ

(ഫാ. ജോസ് പുളിന്താനം SJ, ഫാ. ഇമ്മാനുവൽ കോയൻ SJ)

വിശദാംശങ്ങൾക്കും ഇംഗ്ലീഷ് പരിപാടികൾക്കും

**Contact us at: www.srckerala.com**

**Email: srcdir@gmail.com/srcinitiatives@gmail.com**

**Phone:0495-2371826/8606182588**




# സംവാദം

*ആഹരിക്കുന്നതെന്തും*
*ആഹാരമാണ്.*
*ശബ്ദവും സ്പർശവും*
*രുചിയും ഗന്ധവും രൂപവും*
*ആഹാരമാണ് – ഇവയെ*
*എല്ലാം നിയന്ത്രിക്കാൻ*
*കഴിയുന്ന യഥാർത്ഥ*
*ഉപവാസമെന്ത്?*
*അതെങ്ങനെ ശീലമാക്കാം.*

# ശരിക്കുള്ള ഉപവാസം

- മോശ ഉപവസിച്ച പഴയ നിയമം
- ഉപവാസം; ആത്മാവിന്റെ തീൻമേശ
- ആഹരിക്കൂ; മാനസാന്തരം
- ഉപവാസത്തിന്റെ സയൻസ്

*പങ്കെടുക്കുന്നവർ:*
ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ
ഡോ. ജേക്കബ് നാലുപറയിൽ
ഡോ. ആന്റണി നരികുളം
ഫാ. സൈജു തുരുത്തിയിൽ

# മോശ ഉപവസിച്ച പഴയ നിയമം

ഡോ. ജോസഫ് തൊണ്ടപ്പറമ്പിൽ
*പഴയ നിയമ പണ്ഡിതൻ*

പഴയനിയമ കാലത്തെ ഉപവാസ സങ്കൽപ്പം എന്തായിരുന്നു? ഏതൊക്കെ സന്ദർഭങ്ങളിലായിരുന്നു അവർ ഉപവസിച്ചിരുന്നത്? എന്തിനൊക്കെ വേണ്ടിയായിരുന്നു അവരുടെ ഉപവാസം?

പൗരാണിക മതങ്ങളിലൊക്കെ ഉപവാസത്തിന് സ്ഥാനമുണ്ടായിരുന്നു. യഹൂദമതത്തിലും സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല. പഴയനിയമത്തിൽ തെളിയുന്ന ഉപവാസരീതികൾ അന്വേഷിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## നന്മതിന്മകളുടെ വൃക്ഷം

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കരുതെന്നായിരുന്നു ദൈവം മനുഷ്യന് കൊടുത്ത കല്പന (ഉത്പ 2:16-17). ഈ ഭക്ഷണ നിയന്ത്രണത്തെ ഉപവാസവുമായി ബന്ധപ്പെടുത്തി സഭാപിതാക്കന്മാരിൽ പലരും വ്യാഖ്യാനിക്കുകയുണ്ടായി.

ഒരർത്ഥത്തിൽ ആദ്യപാപം തന്നെ ദൈവനിശ്ചിതമായ ഭക്ഷണ നിയന്ത്രണത്തിന്റെയോ, ഉപവാസക്രമീകരണത്തിന്റെയോ ലംഘനമായി കാണാം. അങ്ങനെ നോക്കിയാൽ ഭക്ഷണത്തെ ശിക്ഷണത്തിനും പരിശീലനത്തിനുമുള്ള ഉപാധിയായി ദൈവം ഏദനിൽ മാറ്റിയെന്നു സാരം.

## മോശയുടെ ഉപവാസം

യഹൂദ പാരമ്പര്യത്തിൽ ഉപവാസത്തിന് പ്രാമുഖ്യം കിട്ടുന്നത് മോശയിലൂടെയാണ്. "മോശ നാല്പതു പകലും നാല്പതു രാവും കർത്താവിനോടുകൂടെ അവിടെ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. ഉടമ്പടിയുടെ വചനങ്ങളായ പത്ത് പ്രമാണങ്ങൾ അവൻ പലകകളിൽ എഴുതി" (പുറ 34:28).

മോശയുടെ കഥ നിയമാവർത്തകൻ വിവരിക്കുമ്പോൾ ഒരു പ്രാവശ്യത്തെ ഉപവാസം മൂന്നായി വർധിക്കുന്നുണ്ട്. കല്പലകകൾ വാങ്ങാനായി ഹോറെബ് മലയിലേക്ക് കയറിയപ്പോഴും (9:9), വിഗ്രഹാരാധനയിൽ കോപിച്ച് കല്പലകകൾ തകർത്തശേഷവും (നിയ 9:18), രണ്ടാം പ്രാവശ്യം പ്രമാണപലകകൾക്കായി മലയിൽ താമസിച്ചപ്പോഴും (നിയ 10:10).

ദൈവത്തോടുകൂടിയായിരുന്നതിനാൽ മോശ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ലെന്നാണ് പുറപ്പാടിന്റെ സാക്ഷ്യം: "മോശ നാല്പതു പകലും നാല്പതു രാവും കർത്താവിനോടുകൂടെ അവിടെ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല" (പുറ 34:28).

പാപം ചെയ്ത ജനത്തിന് വേണ്ടി മാധ്യസ്ഥ്യം യാചിക്കാനെന്ന രീതിയിലാണ് മോശയുടെ ഉപവാസത്തെ നിയമാവർത്തനം ചിത്രീകരിക്കുന്നത്: "അനന്തരം മുമ്പിലത്തേതുപോലെ നാൽപതു പകലും നാല്പതു ഞാൻ കർത്താവിന്റെ മുമ്പിൽ പ്രണമിച്ചു കിടന്നു. നിങ്ങൾ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ച് പാപം ചെയ്ത് അവിടുത്തെ കുപിതനാക്കിയതിനാൽ ഞാൻ തിന്നുകയോ കുടിക്കുകയോ ചെയ്തില്ല" (നിയ 9:18).

മല മുകളിൽ ദൈവതിരുമ്പിലായിരുന്നപ്പോൾ മോശയ്ക്ക് ഭക്ഷണോ പാനീയമോ ആവശ്യമായി വന്നില്ല. കാരണം ദൈവം തന്നെയായിരുന്നു അവന്റെ ജീവനെ അപ്പോൾ പരിപോഷിപ്പിച്ചിരുന്നത്. കാരണം ജീവന്റെ യഥാർത്ഥ ഉറവിടം അവിടുന്നു തന്നെയാണല്ലോ.

സമാനമായൊരു വിവരണം പിന്നീട് കാണുന്നത്




ഏലിയാ പ്രവാചകന്റെ ചരിത്രത്തിലാണ്: "കർത്താവിന്റെ ദൂതൻ വീണ്ടും അവനെ തട്ടിയുണർത്തി പറഞ്ഞു: എഴുന്നേറ്റു ഭക്ഷിക്കുക... അവൻ എഴുന്നേറ്റു ഭക്ഷണപാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ട് നാല്പതു രാവും നാല്പതു പകലും നടന്ന് അവൻ കർത്താവിന്റെ മലയായ ഹോറെബിലെത്തി" (1 രാജ 19:7–8). ദൈവിക ഭക്ഷണമാണ് പ്രവാചകന്റെ ഉപവാസത്തിന് നിദാനമായി നിൽക്കുന്നതെന്നു സാരം.

## പാപപരിഹാരദിനത്തിലെ ഉപവാസം

വർഷത്തിലൊരിക്കൽ, പാപപരിഹാരദിനത്തിൽ, (Yom Kippur) ഇസ്രായേൽ ജനം മുഴുവൻ ഉപവസിച്ച് പ്രാർത്ഥിക്കണമായിരുന്നു. ബാബിലോൺ പ്രവാസകാലം വരെ യഹൂദർക്കെല്ലാവർക്കും ബാധകമായ ഉപവാസം, ഇതുമാത്രമായിരുന്നു. ഈ ഉപവാസത്തിന്റെ വിശദാംശങ്ങളെപ്പറ്റി ലേവ്യരുടെ പുസ്തകം വിവരിക്കുന്നുണ്ട് (ലേവ്യ 16:29; 23:27–32; സംഖ്യ 29:7).

യഹൂദനെ സംബന്ധിച്ച് തോറാ നിർദ്ദേശിച്ച ഏക ഉപവാസം പാപപരിഹാരദിനത്തിലെ ഉപവാസമായിരുന്നു: "ഇത് നിങ്ങൾക്ക് എന്നേക്കുമുള്ള നിയമമാണ്. ഏഴാം മാസം പത്താം ദിവസം നിങ്ങൾ ഉപവസിക്കണം. നിങ്ങളോ നിങ്ങളുടെ ഇടയിലുള്ള വിദേശിയരോ അന്നു ജോലി ചെയ്യരുത്. പാപങ്ങളിൽ നിന്നെല്ലാം ശുദ്ധീകരിക്കപ്പെടാനായി നിങ്ങൾക്കുവേണ്ടി പരിഹാരം ചെയ്യുന്ന ദിവസമാണത്. നിങ്ങൾക്കിത് വിശ്രമം നൽകുന്ന വിശുദ്ധ സാബത്തു ദിവസമാണ് 'നിങ്ങൾ ഉപവാസം അനുഷ്ഠിക്കണം. ഇത് നിങ്ങൾക്ക് എന്നേക്കുമുള്ള നിയമമാണ്" (ലേവ്യ 16:29–31).

സമാനമായ രീതിയിൽ ഉപവാസത്തെ സ്വയം എളിമപ്പെടുത്താനുള്ള വഴിയായി ഏശയ്യാ പ്രവാചകനും ചിത്രീകരിക്കുന്നുണ്ട്: "ഞങ്ങൾ എന്തിന് ഉപവസിച്ചു? അങ്ങ് കാണുന്നില്ലല്ലോ! ഞങ്ങൾ എന്തിന് ഞങ്ങളെത്തന്നെ എളിമപ്പെടുത്തി? അങ്ങ് അത് ശ്രദ്ധിക്കുന്നില്ലല്ലോ!" (ഏശ 58:3).

## ദുഃഖാചരണത്തിന്റെ ഭാഗമായി ഉപവാസം

ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ തോറ്റ ഇസ്രായേൽക്കാർ തിരിയുന്നത് പ്രാർത്ഥനയിലേക്കും ഉപവാസത്തിലേക്കുമാണ്: "അവർ പതിനെണ്ണായിരം ഇസ്രായേൽക്കാരെ വധിച്ചു. അപ്പോൾ ഇസ്രായേൽ ജനം മുഴുവനും, യോദ്ധാക്കളെല്ലാം ചേർന്ന് ബാഥേലിൽ വന്നു കരഞ്ഞു. അവർ ആ ദിവസം സായാഹ്നം വരെ കർത്താവിന്റെ മുമ്പിൽ ഉപവസിക്കുകയും ദഹനബലികളും സമാധാന ബലികളും അർപ്പിക്കുകയും ചെയ്തു" (ന്യായാ 20:26).

സാവൂൾ രാജാവും മകൻ ജോനാഥാനും കൊല്ലപ്പെട്ടപ്പോഴും സമാനമായ ഉപവാസമാണ് അവർ നടത്തുന്നത്: "സാവൂളും മകൻ ജോനാഥാനും കർത്താവിന്റെ

ജനമായ ഇസ്രായേൽ കുടുംബാംഗങ്ങളും യുദ്ധത്തിൽ കൊല്ലപ്പെട്ടതിനാൽ അവർ ദുഃഖിച്ച് വിലപിക്കുകയും സന്ധ്യവരെ ഉപവസിക്കുകയും ചെയ്തു" (2 സാമു 1:12). സമാനമായ കൂട്ട ഉപവാസത്തിന്റെ മറ്റൊരു കഥ എസ്തേറും (4:3) വിവരിക്കുന്നുണ്ട്.

വ്യക്തിപരമായ ദുരിതങ്ങളുടെയും സങ്കടങ്ങളുടെയും മധ്യേ ഉപവസിക്കുന്ന രീതിയും നമുക്കു കാണാനാവും. ബെത്ഷബായിൽ ദാവീദിന് ജനിച്ച കുഞ്ഞിന് അസുഖം പിടിപെട്ട്, പാപത്തിനുള്ള ശിക്ഷ നാഥാൻ പ്രവാചകനിൽ നിന്ന് ശ്രവിച്ച സാഹചര്യത്തിൽ ദാവീദും (2 സാമു 12:16-23), നാബോത്തിനെ കള്ളപ്രമാണം ചമച്ച് അന്യായമായി കൊലപ്പെടുത്തിയ ആഹാസ് രാജാവ് തനിക്കുവരാൻ പോകുന്ന ശിക്ഷയെപ്പറ്റി ഏലിയാ പ്രവാചകനിൽ നിന്ന് കേട്ടപ്പോഴും (1 രാജ 21:27), വസ്ത്രം കീറി, ചാക്കുടുത്ത്, ഉപവസിച്ച്, മനം തകർന്ന്, തലതാഴ്ത്തി നടന്നതായി നമ്മൾ വായിക്കുന്നുണ്ട് (ദാനി 9:3).

## പാപമോചനത്തിനായുള്ള ഉപവാസം

പാപം ചെയ്തതിലുള്ള മനസ്താപത്തോടെ പാപമോചനം യാചിച്ചുകൊണ്ടുള്ള ഉപവാസം പഴയ നിയമത്തിൽ പതിവായിരുന്നു. അന്യദേവന്മാരെ ആരാധിച്ചതിന് പരിഹാരമായ ഉപവാസത്തെക്കുറിച്ച് 1 സാമുവൽ വിവരിക്കുന്നത് ഇങ്ങനെയാണ്: "സാമുവൽ പറഞ്ഞു: ഇസ്രായേൽ മുഴുവൻ മിസ്പായിൽ ഒരുമിച്ചു കൂടട്ടെ. ഞാൻ നിങ്ങൾക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിക്കാം. അവർ മിസ്പായിൽ ഒരുമിച്ചു കൂടി... ആ ദിവസം മുഴുവൻ അവർ ഉപവസിച്ചു" (1 സാമു 7:5-6)

നെഹെമിയാ വിവരിക്കുന്നു: " ആ മാസം ഇരുപത്തിനാലാം ദിവസം ഇസ്രായേൽ ജനം സമ്മേളിച്ചു. അവർ ചാക്കുടുത്ത് തലയിൽ പൂഴി വിതറി ഉപവസിച്ചു. അവർ അന്യജനതകളിൽ നിന്നു വേർതിരിയുകയും അവർ എഴുന്നേറ്റു നിന്ന് തങ്ങളുടെ പാപങ്ങളും പിതാക്കന്മാരുടെ അകൃത്യങ്ങളും ഏറ്റു പറയുകയും ചെയ്തു" (നെഹെ 9:1).

എസ്തേറിന്റെയും യൂദിത്തിന്റെയും കാലത്ത്, പുരോഹിതന്മാരും ജനവും ദേവാലയത്തിന്റെ മുമ്പാകെ സാഷ്ടാംഗം പ്രണമിച്ച്, ദഹനബലികൾ അർപ്പിച്ചുകൊണ്ട്, ദിവസങ്ങളോളം ഉപവസിച്ചു പ്രാർത്ഥിക്കുകയുണ്ടായി (എസ്തേ 4:16; യൂദി 4:9-13). യോനാ പ്രവാചകൻ, നിനെവേ നിവാസികളോട് ആഹ്വാനം ചെയ്ത മനസ്താപത്തിന്റെ ഭാഗമായി ജനം നടത്തിയ ഉപവാസം പ്രത്യേകം ശ്രദ്ധാർഹമാണ് (യോന 3:4-10).


വെട്ടുക്കിളികളുടെ അക്രമണം വഴി പ്രകൃതിനാശമുണ്ടായപ്പോൾ, ജോയേൽ പ്രവാചകൻ ജനത്തോട്, "ചാക്കുടുത്ത് വിലപിക്കാനും ഉപവാസം പ്രഖ്യാപിക്കാനും മഹാസഭ വിളിച്ചു കൂട്ടാനും പൂർണ്ണ ഹൃദയത്തോടെ കർത്താവിനോട് പ്രാർത്ഥിക്കാനും" ആവശ്യപ്പെടുന്നുണ്ട് (ജോയേ 1:2-17).

## ലക്ഷ്യം തെറ്റുന്നു

ഉപവാസം ഒരു ചടങ്ങായി മാറുകയും അത് യോഗ്യത നേടിത്തരുന്ന ഒരാചാരമായി അധഃപതിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ബി.സി. ആറാം നൂറ്റാണ്ടായപ്പോഴേക്ക് ഇസ്രായേലിന്റെ ചരിത്രത്തിൽ നമ്മൾ കാണുന്നത്. അവിടുത്തെ പ്രാവചകന്മാർ ഇതിനെതിരെ ശക്തിയായി പ്രതികരിക്കുന്നുണ്ട്. ജറെമിയ, ഏശയ്യാ, ജോയേൽ എന്നീ പ്രവാചകന്മാരാണ് ഉപവാസത്തെപ്പറ്റി മുഖ്യമായും പ്രതിപാദിച്ചിട്ടുള്ളത്.

## ജറെമിയ

"ഈ ജനത്തിനുവേണ്ടി നീ പ്രാർത്ഥിക്കേണ്ട; അവർ ഉപവാസമനുഷ്ഠിച്ചാലും അവരുടെ കരച്ചിൽ ഞാൻ കേൾക്കുകയില്ല" (ജറെ 14:12). മുൻകാലങ്ങളിലെന്നതുപോലെ ജറെമിയായുടെ കാലത്തും ദേശീയദുരന്തങ്ങൾ നേരിടുമ്പോൾ ഉപവാസം പ്രഖ്യാപിച്ച് പ്രാർത്ഥി



ക്കുന്ന പതിവുണ്ടായിരുന്നു (ജെറ. 36:9).

ബലിയർപ്പണത്തിന്റെയും പ്രാർത്ഥനയുടെയും കാര്യത്തിൽ ജനം ഒട്ടും പിന്നോക്കമായിരുന്നില്ല. ജറെമിയായുടെ ദേവാലയ പ്രസംഗത്തിൽ പ്രവാചകൻ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് (7:1-15). ജനം ദൈവത്തെ ആരാധിക്കാൻ തിടുക്കം കൂട്ടുന്നു. ദേവാലയത്തിന്റെ വിശുദ്ധിയിലും അതു നൽകുന്ന സുരക്ഷിതത്വത്തിലും അഭയം കണ്ടെത്തുന്നു. "എന്റെ നാമത്തിലുള്ള ഈ ആലയത്തിൽ, എന്റെ സന്നിധിയിൽ വന്ന് നിന്ന് ഞങ്ങൾ സുരക്ഷിതരാണെന്ന് പറയുന്നുവോ?" (7:10).

ബലിയർപ്പണത്തിനും മതാചാരങ്ങളുടെ അനുഷ്ഠാനത്തിനും മുമ്പേ, ജനം ചെയ്യേണ്ടത്, അവരുടെ മാർഗ്ഗങ്ങളും പ്രവൃത്തികളും നേരയാക്കുകയാണ് (7:3). 7:5-7 വരെയുള്ള ഭാഗത്ത് എങ്ങനെയാണ് അത് ചെയ്യേണ്ടത് എന്ന് പ്രവാചകൻ വിശദീകരിക്കുന്നുണ്ട്. നാലു കാര്യങ്ങളാണ് ജറെമിയാ എടുത്തു പറയുന്നത്.

അയൽക്കാരനോട് യഥാർത്ഥമായ നീതി പുലർത്തുക. നീതി എന്നതിന് 'മിഷ്പാത്' എന്ന ഹീബ്രു പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യബന്ധങ്ങളിലുള്ള ശരിയായ ക്രമമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

ഒരാൾ വിവിധ തലങ്ങളിലുള്ള തന്റെ കടമ നിർവഹിക്കുന്ന അവസ്ഥ (6:9, പുറ 32:4; 2 സാമു. 23:3 ജോബ് 12:4): പരദേശിയെയും അനാഥനെയും വിധവയെയും ചൂഷണം ചെയ്യാതിരിക്കുക; നിഷ്ക്കളങ്ക രക്തം ചിന്താതിരിക്കുക; അന്യദേവന്മാരുടെ പുറകേ പോകാതിരിക്കുക (7:6):

നമ്മുടെ സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്ന കാര്യം, ഇവിടെ പറഞ്ഞിരിക്കുന്ന നാലു കാര്യങ്ങളിൽ മൂന്നെണ്ണവും മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധത്തിലും പെരുമാറ്റത്തിലും കാത്തുസൂക്ഷിക്കേണ്ടക്രമങ്ങളാണ്. അവയ്ക്കാണ് ഒന്നാം സ്ഥാനം നൽകിയിരിക്കുന്നതും. മതാത്മകമെന്നു പറയുന്ന കാര്യം - വിഗ്രഹാരാധന - നാലം സ്ഥാനത്താണ് സൂചിപ്പിച്ചിരിക്കുന്നത്.

വളരെയധികം മതനിഷ്ഠയുള്ളവരായിരുന്നു ജറെമിയായുടെ സമകാലികർ എന്നതു വ്യക്തമാണ്. (7:1,10) എന്നാൽ മതത്തിന്റെ ആചാരങ്ങളായി അവർ അനുഷ്ഠിക്കുന്ന കാര്യങ്ങളെക്കാൾ ഉപരിയായി ദൈവം തന്റെ ജനത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത് നീതിപൂർവ്വകമായ ജീവിതമാണ്.

ജീവിതത്തെ സ്വാധീനിക്കാത്ത മത ജീവിതത്തെയും ആരാധനയെയും സംബന്ധിച്ച് പ്രവാചകന്മാർ പഠിപ്പിച്ചു പോന്ന കാര്യങ്ങൾ (ഏശ 1:11-15; ആമോ 5:21 -24) ഉപവാസത്തിന്റെ കാര്യം എടുത്തു പറഞ്ഞുകൊണ്ട് ജറെമിയാ അവതരിപ്പിക്കുകയാണ്. "നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും (ആമോ 5:24). നീതിബോധമില്ലാത്ത ജീവിതം നയിക്കുന്നവരുടെ ഉപവാസവും പ്രാർത്ഥനയും ദൈവം നിരസിക്കുന്നു എന്ന വലിയ സത്യമാണ് ജറെമിയാ പഠിപ്പിക്കുന്നത്. അതോടൊപ്പം, ആചാരാനുഷ്ഠാനങ്ങൾ കൊണ്ട് തൃപ്തിപ്പെടുന്നവനല്ല ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്ന കാര്യവും ജറെമിയാ നമ്മെ അനുസ്മരിപ്പിക്കുന്നു.

## ഏശയ്യ

ഒരുപക്ഷേ, ഉപവാസകാര്യങ്ങളെപ്പറ്റി ഏറ്റവും അധികം പരാമർശിച്ചിരിക്കുന്ന വ്യക്തി മൂന്നാം ഏശയ്യാ ആയിരിക്കാം (58:3-10). ബാബിലോണിലെ പ്രവാസം കഴിഞ്ഞ് തിരിച്ചു വന്ന ജനങ്ങൾക്കിടയിൽ പ്രവാചകദൗത്യം നിർവഹിച്ചയാളാണ് മൂന്നാം ഏശയ്യ. അവർ ദിവസവും ദൈവത്തെ അന്വേഷിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്ന ജനമായിട്ടാണ് തങ്ങളെപ്പറ്റിത്തന്നെ കരുതിയിരുന്നത്. അവരുടെ ചോദ്യമിതായിരുന്നു, "ഞങ്ങൾ എന്തിന് ഉപവസിച്ചു? അങ്ങു കാണുന്നില്ലല്ലോ! ഞങ്ങൾ എന്തിന് ഞങ്ങളെത്തന്നെ എളിമപ്പെടുത്തി? അങ്ങ് അത് ശ്രദ്ധിക്കുന്നില്ലല്ലോ" (58:3).

> നീതിബോധമില്ലാത്ത ജീവിതം നയിക്കുന്നവരുടെ ഉപവാസവും പ്രാർത്ഥനയും ദൈവം നിരസിക്കുന്നു എന്ന വലിയ സത്യമാണ് ജറെമിയാ പഠിപ്പിക്കുന്നത്.

ദൈവത്തെ കാണിക്കാൻ വേണ്ടിയാണ് അവർ ഉപവസിച്ചിരുന്നത്. അതിനും പുറമേ അവരുടെ ഉപവാസത്തെപ്പറ്റി വളരെ പ്രധാനപ്പെട്ട ചില കുറ്റാരോപണങ്ങളും പ്രവാചകൻ നടത്തുന്നുണ്ട്. ഒന്നാമതായി, "ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടുന്നുത് "(58:3). മനുഷ്യരാൽ കാണപ്പെടാൻ വേണ്ടിയോ, തങ്ങൾ മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരാണെന്ന ചിന്ത മറ്റുള്ളവരിൽ ജനിപ്പിച്ച് അതിൽ നിന്ന് ലഭിക്കുന്ന ആനന്ദത്തിൽ മുഴുകുന്നതിനുള്ള ഒരു ചടങ്ങോ ആയി ഉപവാസം അധഃപതിച്ചിരുന്നു എന്നു മനസ്സിലാക്കാം. ജറെമിയാ പ്രവാചകനു ശേഷം ഏതാണ്ട് 600 കൊല്ല

ങ്ങൾ കഴിഞ്ഞപ്പോൾ ഇസ്രായേലിൽ നിലനിന്നിരുന്ന ഉപവാസത്തിന്റെ കാര്യത്തിൽ യേശുവും ഇതുതന്നെ യാണ് ചൂണ്ടിക്കാണിക്കുന്നത് (മത്താ 6:16–18).

രണ്ടാമതായി, ഉപവാസം അവരെ മെച്ചപ്പെട്ട മനുഷ്യ രാക്കുന്നില്ല എന്നു മാത്രമല്ല കരുണയുടെയും സഹ താപപൂർണ്ണമായ പെരുമാറ്റത്തിന്റെയും കാര്യത്തിൽ വലിയ വീഴ്ചകളാണ് അവർ വരുത്തുന്നത്. "നിങ്ങ ളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു; കലഹി ക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടി കൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവ സിക്കുന്നത്" (58:4). സഹോദര സ്നേഹമില്ലാത്ത ഭക്ത ജീവിതം ഫലശൂന്യമാണ്. ഉപവാസം മനുഷ്യസ്നേ ഹത്തിൽ വളരാനാണ് ഒരുവനെ സഹായിക്കേണ്ടത്.

തന്നെയുമല്ല, ഒരു ദിവസത്തേക്ക് തങ്ങളെത്തന്നെ എളിമപ്പെടുത്തുന്നതും, ഞാങ്ങണപോലെ തലകുനി

> വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹി തനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്ന തല്ലേ അത്?"

ച്ചിരിക്കുന്നതും, ചാക്കുവിരിച്ച് ചാരം വിതറിക്കിടക്കു ന്നതുമായ ബാഹ്യാനുഷ്ഠാനങ്ങളല്ല ഉപവാസത്തിന്റെ കാതൽ (58:5). ഉപവാസം അനുഷ്ഠിക്കുമ്പോൾ ഇങ്ങ നെയൊക്കെ ചെയ്യണം എന്നായിരുന്നു നിയമം (1 രാജ. 21:27; യോനാ 3:4–10).

യഥാർത്ഥ ഉപവാസത്തിന്റെ ലക്ഷ്യം എന്തായിരി ക്കണമെന്ന് പ്രസ്താവിക്കുകവഴിയായി ഉപവാസത്തെ സംബന്ധിച്ച് നാളതുവരെ ഇസ്രായേൽക്കാരുടെയിട യിലുണ്ടായിരുന്ന സങ്കല്പങ്ങൾക്ക് അടിസ്ഥാനപര മായ മാറ്റം നിർദ്ദേശിക്കുകയാണ് ഏശയ്യാ ചെയ്യുന്നത്. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തി ന്റെ കയറുകൾ അഴിക്കുകുയം മർദ്ദിതരെ സ്വതന്ത്ര രാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യു ന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കു ന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹി തനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കു കയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കു കയും ചെയ്യുന്നതല്ലേ അത്?" (58:6–7).

ഉപവാസത്തിന്റെ ലക്ഷ്യം രണ്ടുതലങ്ങളിലായി വ്യാ പിച്ച് കിടക്കുകയാണ്. ദുഷ്ടതയുടെ കെട്ടുകൾ പൊ ട്ടിക്കുക എന്നത് ആദ്യമായി സ്വന്തം ജീവിതത്തിൽ വരുത്തേണ്ട മാനസാന്തരമാണ് ലക്ഷ്യമാക്കുന്നത്. പര സ്നേഹമില്ലാത്ത പെരുമാറ്റം അതാണല്ലോ സൂചിപ്പി ക്കുന്നത്. രണ്ടാമതായി, ഉപവാസത്തിന്റെ സാമൂഹ്യ തലം. അനീതി നിറഞ്ഞ എല്ലാ സംവിധാനങ്ങളെയും ഇല്ലാതാക്കാൻ ശ്രമിക്കണം. ഉപവാസം അനുഷ്ഠിക്കു ന്നത് പങ്കുവയ്ക്കാൻ വേണ്ടിയാണ്. വിശക്കുന്നവനു മായി അപ്പം പങ്കുവയ്ക്കാൻ വേണ്ടിയായിരിക്കണം ഉപവാസം അനുഷ്ഠിക്കേണ്ടത്. അന്നുവരെ കേട്ടുകേൾ വിയില്ലാതിരുന്ന പുതിയ ഒരാശയം ഉപവാസത്തെ സംബന്ധിച്ചിടത്തോളം ഏശയ്യാ അവതരിപ്പിക്കുക യാണ്.

സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഉപവാസവും ഭക്താനുഷ്ഠാനങ്ങളും തീർത്തും തള്ളിക്കളയുകയല്ല പ്രവാചകൻ ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ കഴി യും. 58:8–12 വരെയുള്ള ഭാഗങ്ങൾ അത് വ്യക്തമാ ക്കുന്നുണ്ട്.

ഉപവാസത്തിന് അതിൽത്തന്നെ മൂല്യമുള്ളതായി കണക്കാക്കാൻ കഴിയില്ല. വ്യക്തിപരമായ ജീവിത ത്തിന്റെ നവീകരണവും സഹോദരങ്ങളുടെ ജീവിത പ്രയാസങ്ങളിൽ പങ്കുചേരാനുള്ള സന്മനസുമാണ് അതിനെ മൂല്യമുള്ളതാക്കിത്തീർക്കുന്നത്. ഭക്ഷണപാ നീയങ്ങൾ ഉപേക്ഷിക്കുന്നതുവഴി സമസൃഷ്ടികളി ലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന ഒരാധ്യാത്മികത യാണ് പ്രവാചകന്മാർ വിഭാവനം ചെയ്യുന്നത്.

## ഉപസംഹാരം

ഉപവാസത്തെപ്പറ്റിയുള്ള പഠനങ്ങളിൽ സാമൂഹ്യ ശാസ്ത്രജ്ഞന്മാർ എത്തിച്ചേർന്നിട്ടുള്ള പ്രധാനപ്പെട്ട ഒരു നിഗമനുമുണ്ട്. പൗരാണിക മതങ്ങളിൽ വച്ച്, പഴ യനിയമത്തിൽ മാത്രമാണ് വ്യക്തിപരമായ ജീവിത നവീകരണത്തിനുള്ള ഒരുപാധിയായി ഉപവാസാനു ഷ്ഠാനം നമ്മൾ കണ്ടെത്തുന്നത്. മറ്റു മതങ്ങളിൽ സാമൂഹ്യാചാരത്തിന്റെ ഭാഗമായും ഭൂതപ്രേതാദിക ളിൽ നിന്ന് മോചനം നേടാനുള്ള ഉപാധിയായും ദൈവികതലത്തിലേക്ക് കടക്കാനുള്ള മാർഗ്ഗവുമായിട്ടു മാണ് മുഖ്യമായും ഉപവാസത്തെ കണ്ടിരുന്നത്. കാല ക്രമത്തിൽ ഇസ്രായേൽക്കാരുടെയിടയിലും ഉപവാസം കൊണ്ട് ആരംഭത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ജനം മറന്ന്, യോഗ്യത നേടാനുള്ള ഒരു മാർഗ്ഗമായി ഉപവാസത്തെ പരിഗണിച്ചു തുടങ്ങി.

മതജീവിതത്തിന്റെ ഈ മേഖലയിലും ഒരു തിരു ത്തൽ ശക്തിയായി പ്രവാചകന്മാർ കടന്നു വന്നു. ഉപ വാസം നീതിപൂർവ്വകമായ സംവിധാനത്തിന്റെ സൃഷ് ടിക്കും, പങ്കുവയ്ക്കലിനും സഹായിക്കണം. ജീവിത നവീകരണമാണ് അത് ലക്ഷ്യമാക്കേണ്ടത്. പ്രവാചക ന്മാരുടെ ഈ പ്രബോധനങ്ങൾക്കപ്പുറം, വിശുദ്ധീകരണം മുഖ്യമായി ദൈവത്തിന്റെ പ്രവൃത്തിയെന്നുള്ള പുതിയ നിയമ കാഴ്ചപ്പാടിൽ, ഉപവാസത്തിന് പുതിയ ഉടമ്പ ടിയിൽ വ്യത്യസ്തമായ ഒരു സ്ഥാനമാണുള്ളത്. ■

# ഉപവാസം; ആത്മാവിന്റെ തീൻമേശ

ഡോ. ജേക്കബ് നാലുപറയിൽ
*പുതിയ നിയമ പണ്ഡിതൻ*

ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ സങ്കൽപം എന്തായിരുന്നു? ക്രിസ്തുവിനു ശേഷം ആദിമ ക്രൈസ്തവസമൂഹം ഈ മതാഭ്യാസത്തെ എങ്ങനെ സ്വീകരിച്ചു? പുതിയ നിയമത്തിലെ ഉപവാസ രീതികളെക്കുറിച്ചുള്ള അന്വേഷണം.

നാൽപതു ദിവസത്തെ ഉപവാസത്തിലൂടെ യേശു കടന്നുപോകുന്നതായാണ് രണ്ട് സുവിശേഷകർ വിവരിക്കുന്നത്. അതേസമയം തന്നെ യേശു സ്വന്തം ശിഷ്യരുടെ ഉപവാസ ലംഘനത്തെ ന്യായീകരിക്കുന്നതായും കാണുന്നു (മർക്കോ 2:18-22). അതിനുപുറമെ യഹൂദരുടെ ആചാരബന്ധമായ ഉപവാസാചരണത്തെ അവൻ കുറ്റപ്പെടുത്തി തിരുത്തുകയും ചെയ്യുന്നു (മത്താ 6:16-18). അങ്ങനെയെങ്കിൽ ഉപവാസത്തെക്കുറിച്ചുള്ള ശരിയായ ക്രൈസ്തവ ധാരണ എന്തായിരിക്കണം?

## മരുഭൂമിയിൽ നാൽപതു പകലും നാൽപതു രാവും (മത്താ 4:2;ലൂക്കാ 4:2)

മത്തായിയും ലൂക്കായുമാണ് യേശുവിന്റെ ഉപവാസത്തെക്കുറിച്ച് പറയുന്നത് (മത്താ 4:2; ലൂക്കാ 4:2). രണ്ടുപേരും അതിന് കൽപ്പിക്കുന്ന പശ്ചാത്തലവും സമാനമാണ്. യേശുവിന്റെ ജ്ഞാനസ്നാനത്തിനും അവന്റെ പരസ്യജീവിതത്തിനും ഇടയിലാണ് അവന്റെ ഉപവാസത്തെ ഈ സുവിശേഷകർ പ്രതിഷ്ഠിക്കുന്നത്.

ഇസ്രായേലിന്റെ മരുഭൂമി അനുഭവമാണ് പ്രധാന പശ്ചാത്തലം. മത്തായി - ലൂക്കാ വിവരണങ്ങളിൽ ഈ സമാന്തരത്വം പ്രത്യക്ഷമാണ്. ഇസ്രായേലിന് മരുഭൂമിവാസം ഒരു പരീക്ഷണ സമയവുമായിരുന്നല്ലോ. '40' എന്ന എണ്ണവും ഇതുമായി ബന്ധപ്പെട്ടുനിൽക്കുന്നു (പുറ. 15:25;16:4;17:7;20:20; നിയ 4:34;8:2;33:8; സങ്കീ. 95:9; വിജ്ഞാ. 11:9).

മോശ- ഏലിയാമാരുടെ അനുഭവം മറ്റൊരു പ്രധാന പശ്ചാത്തല മാതൃകയാണ് (പുറ 34:28; നിയമ 9:9-18; 1 രാജാ 19:8).

## ക്രിസ്തുവെന്ന പുതിയ മോശ

അന്ത്യകാലത്ത് മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം ഉയർത്തുമെന്നത് യൂദരുടെ പ്രതീക്ഷയായിരുന്നു. മോശയായിരുന്നു യൂദർക്ക് നിയമദാതാവ്. പത്ത് പ്രമാണങ്ങളുടെ കല്പനകൾ ദൈവത്തിൽ നിന്നും സമ്പാദിക്കുന്നതിന്റെയും, അവയെ നഷ്ടപ്പെടുത്തുന്നതിന്റെയും, വീണ്ടും അവയെ നേടിയെടുക്കുന്നതിന്റെയും പശ്ചാത്തലത്തിലാണ് മോശ ഹോറെബിൽ 40 ദിനരാത്രങ്ങൾ ഉപവസിക്കുന്നത്.

പുതിയ മോശയായ ക്രിസ്തുവും മരുഭൂമിയിൽ ഉപവാസമനുഷ്ഠിക്കുന്നു. അത് കഴിഞ്ഞ് അവനിൽ നിന്നും നമുക്ക് ലഭിക്കുന്നത് മലയിലെ പ്രസംഗമാണ് (മത്താ 5:1-7:28). പുതിയ മോശ പുതിയ തോറയും, പുതിയ പ്രമാണങ്ങളുമായി കടന്നുവരുന്നുവെന്ന് സാരം.

അതേസമയം തന്നെ യേശുവിനെ പുതിയ ഇസ്രായേലായി അവതരിപ്പിക്കാനുള്ള ശ്രമവും ഇവിടെ കാണാം. മരുഭൂമിയും, നാൽപതെന്ന സംഖ്യയും, പരീക്ഷണവും, ദൈവാരൂപിയുമെല്ലാം ഇസ്രായേലിനെ ഓർമിപ്പിക്കുന്ന ഘടകങ്ങളാണ്.

നിയമാവർത്തനത്തിലേക്കാണ് മത്തായിയുടെയും, ലൂക്കായുടെയും സൂചനകൾ പോകുന്നത് തന്നെ: "നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളെ എളിമ




പ്പെടുത്താനും തന്റെ കൽപനകൾ അനുസരിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാനും വേണ്ടി ഈ നാൽപതു സംവത്സരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴികളെല്ലാം നിങ്ങൾ ഓർക്കണം. അവിടുന്ന് നിങ്ങളെ എളിമപ്പെടുത്തുകയും വിശപ്പറിയാൻ വിടുകയും നിങ്ങൾക്കും നിങ്ങളുടെ പിതാക്കന്മാർക്കും അപരിചിതമായിരുന്ന മന്നാകൊണ്ട് നിങ്ങളെ സംതൃപ്തരാക്കുകയും ചെയ്തത് അപ്പംകൊണ്ടു മാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ വേണ്ടിയാണ്... പിതാവ് പുത്രന് എന്നപോലെ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് ശിക്ഷണം നൽകുമെന്ന് ഹൃദയത്തിൽ ഗ്രഹിക്കുവിൻ" (നിയ 8:2-5).

മത്തായിയും ലൂക്കായും ഇതേ പ്രമേയങ്ങൾ തന്നെയാണ് ആവർത്തിക്കുന്നത്. പോരാ, പ്രലോഭകന് മറുപടിയായി യേശു ഉദ്ധരിക്കുന്ന വചനവും നിയമാവർത്തനത്തിൽ നിന്നാണ്. അങ്ങനെയെങ്കിൽ യേശുവിനെ പുതിയ ഇസ്രായേലായി ചിത്രീകരിക്കാനുള്ള ശ്രമവും സുവിശേഷ ഭാഗത്ത് കാണാം. ഇസ്രായേൽ മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടതുപോലെ പുതിയ ഇസ്രായേലിന്റെ പ്രതിനിധിയെന്ന നിലയിൽ യേശുവും മരുഭൂമിയിൽ പരീക്ഷിക്കപ്പെടുന്നു.

യേശു പുതിയ ഇസ്രായേലിന്റെ പ്രതിരൂപമാണ്. പിതാവിനുവേണ്ടിയുള്ള യേശുവിന്റെ തീരുമാനം ഭാവാത്മകമായി ജ്ഞാനസ്നാനത്തിൽ വെളിപ്പെടുത്തി. അതിന്റെ മറുവശമാണ് പ്രലോഭനങ്ങൾ. പിതാവിനോട് പക്ഷം ചേരുകയെന്നാൽ ലോകത്തിനെതിരെ തീരുമാനിക്കലാണ്. പിതാവിനോടുള്ള പ്രതിബദ്ധതയിൽ അക്ഷരത്തിൽ പോലും വിട്ടുവീഴ്ച ചെയ്യാൻ യേശു തയ്യാറല്ല. അതിനാൽ ദൈവപുത്രത്വത്തിന്റെ പ്രകടനമാണ് പ്രലോഭനങ്ങൾ.

ചുരുക്കത്തിൽ യേശുവിന്റെ ഉപവാസം അവന്റെ മെസയാനിക് ശുശ്രൂഷയ്ക്കുള്ള ഒരുക്കമായും, അവനെ മെസയാനിക് യുഗത്തിലെ പുതിയ മോശയും, പുതിയ ദൈവജനത്തിന്റെ പ്രതിനിധിയായും ചിത്രീകരിക്കുന്ന സൂചകമായും വർത്തിക്കുന്നു.

## മണവാളൻ കൂടെ ഉള്ളപ്പോൾ

ഉപവാസത്തെക്കുറിച്ചുള്ള രണ്ടാമത്തെ പുതിയ നിയമഭാഗം ശിഷ്യരുടെ ഉപവാസരാഹിത്യത്തെ ചുറ്റിപ്പറ്റിയാണ്. "ആളുകൾ വന്ന് യേശുവിനോടു ചോദിച്ചു: യോഹന്നാന്റെയും ഫരിസേയരുടെയും ശിഷ്യന്മാർ ഉപവസിക്കുകയും നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? യേശു അവരോടു പറഞ്ഞു: മണവാളൻ കൂടെയുള്ളപ്പോൾ

വിവാഹാതിഥികൾക്ക് ഉപവസിക്കാൻ സാധിക്കുമോ? മണവാളൻ കൂടെയുള്ളിടത്തോളം കാലം അവർക്ക് ഉപവസിക്കാനാകില്ല. മണവാളൻ അവരിൽ നിന്ന് അക റ്റപ്പെടുന്ന നാളുകൾ വരും; ആ നാളിൽ അവൻ ഉപ വസിക്കും" (മർക്കോ 2:18-20).

അപ്പോൾ, മണവാളൻ കൂടെയുള്ളപ്പോൾ ഉപവ സിക്കാനാകില്ലെന്നർത്ഥം. ഉപവസിക്കാതിരിക്കുന്ന ശിഷ്യ രെ യേശു അങ്ങനെയാണ് ന്യായീകരിക്കുന്നത്. മണവാളൻ കൂടെയുള്ളപ്പോൾ ഉപവാസമല്ല ആഘോ ഷമാണ്, എന്ന് സമർത്ഥിച്ചുകൊണ്ട്. അതിലുമുപരി, ഉപവാസത്തിന്റെ സ്വഭാവികതയിലേക്കും, ആന്തരി കതയിലേക്കുമാണ് യേശു വിരൽചൂണ്ടുന്നത്.

മണവാളൻ കൂടെയുള്ളപ്പോൾ സ്വാഭാവികമായി സംഭവിക്കുന്നത് വിവാഹാഘോഷമാണ്. മണവാളൻ എടുക്കപ്പെടുന്ന ഹൃദയവേദനയിലോ? മണവറത്തോ ഴരെ അത് എത്ര നിർബന്ധിച്ചാലും അവർക്ക് ഭക്ഷി ക്കാനാവില്ല; അപ്പോൾ സ്വാഭാവികമായി സംഭവിക്കു ന്നതാണ് ഉപവാസം. ചുരുക്കത്തിൽ, ആന്തരിക ഭാവ ത്തിൽ നിന്നും പുറപ്പെട്ടുവരേണ്ടതാണ് ബാഹ്യമായ ഭക്ഷണനിരാസമെന്നു സാരം.

ഇതിനെ പിന്തുണക്കുന്ന വചനമാണ് യേശു ഇതി നുശേഷം പറയുന്നത് - പുതിയ വീഞ്ഞിനെക്കുറിച്ചുള്ള പ്രഖ്യാപനം (മർക്കോ 2:21-22). അതിന്റെ അർത്ഥം, ഇതാ യേശുവിന്റെ വരവോടെ പുതിയ വീഞ്ഞ് സമാ ഗതമാകുകയാണ്. ഫരിസേയരും കൂട്ടരും പ്രതിനി ധാനം ചെയ്യുന്ന പഴയ തോൽക്കുടത്തിന് അതിനെ ഉൾക്കൊള്ളാനാകില്ല എന്നർത്ഥം. അവരുടെ യാന്ത്രി കവും ബാഹ്യപ്രധാനവുമായ ഉപവാസവും മറ്റ് മതാ നുഷ്ഠാനങ്ങളും മാറേണ്ടിയിരിക്കുന്നു. എങ്കിലേ യേശു കൊണ്ടുവരുന്ന ആന്തരികതയുടെയും സ്വാഭാവികത യുടെയും പുതിയ വീഞ്ഞിനെ സ്വീകരിക്കാനാവൂ.

## കാപട്യക്കാരെപ്പോലെ ഉപവസിക്കരുത്

ഉപവാസത്തെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ മൂന്നാമത്തെ വചനഭാഗം മലയിലെ പ്രസംഗത്തിലാ ണ്. യഹൂദരുടെ മൂന്ന് ധർമാനുഷ്ഠാനങ്ങളായിരുന്ന ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നിവയെ (മത്താ 6:1-18) തിരുത്തി നവീകരിക്കാനുള്ള യേശു വിന്റെ ശ്രമത്തിലാണിത്.

"നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെ പ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കു ന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വിരൂപമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറ യുന്നു. അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുമ്പോൾ ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. അങ്ങനെ ഉപവസിക്കുന്നവനായി നിന്നെ അദൃശ്യനായ പിതാ വല്ലാതെ മറ്റാരും കാണാതിരിക്കട്ടെ. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും" (മത്താ 6:16-18).

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. നാൽപത് ദിവസത്തെ ഉപവാസത്തിലൂടെ പുതിയ മോശയായി അവതരിപ്പിക്കപ്പെട്ട യേശുവാണ് (4:1-11) മെസയാനിക് തോറയെന്ന മലയിലെ പ്രസംഗം (5:1-7:28) കൈമാ റുന്നത്. അതിനാൽ തന്നെ മോശ സംഭാവന ചെയ്ത പഴയ സങ്കേതങ്ങളും രീതികളും മാറേണ്ടിയിരിക്കു ന്നു. ഉപവാസത്തെക്കുറിച്ചും ഇതു തന്നെയാണ് സംഭ വിക്കേണ്ടത് - പഴയ രീതികൾ മാറണമെന്ന് പുതിയ മോശയായ യേശു കൽപ്പിക്കുന്നു.

ബാഹ്യരൂപത്തിനു പ്രാധാന്യം കൊടുക്കുകയും, സാമൂഹ്യ അംഗീകാരം ലക്ഷ്യമാക്കുകയും ചെയ്തി രുന്ന പഴയ ഉപവാസരീതി മാറണം. അത് കപടത നിറഞ്ഞതാണ്. അതിനു ബദലായി യേശു ഊന്നൽ കൊടുക്കുന്നത് ഉപവാസത്തിന്റെ ആന്തരികതയ്ക്കാ ണ്. ബാഹ്യമായ അനുഷ്ഠാനപരതയിൽ നിന്നും ആന്ത രികമായ ആത്മാർത്ഥതയിലേക്കുള്ള ഒരു മാറ്റമാണ് പുതിയ മോശ കൊണ്ടുവരുന്നതെന്നർത്ഥം. ദൈവ ത്തോടുള്ള വിധേയത്വവും, ദൈവതിരുമുമ്പിലുള്ള, പ്രതിഫലവുമായിരിക്കണം പുതിയ ഉപവാസത്തിനു നിദാനം.

> ചുരുക്കത്തിൽ,
> ആന്തരിക ഭാവത്തിൽ നിന്നും
> പുറപ്പെട്ടുവരേണ്ടതാണ്
> ബാഹ്യമായ ഭക്ഷണനിരാസ
> മെന്നു സാരം.

## ഭക്തനായ ഫരിസേയൻ (ലൂക്കാ 18:9-14)

ഭക്തിയുടെ ബാഹ്യപ്രകടനമല്ല, അതിനു പിറകിൽ നിൽക്കുന്ന ആന്തരിക ഭാവമാണ് പ്രധാനപ്പെട്ടത് എന്ന് വ്യക്തമാക്കുന്നതാണ് യേശു പറയുന്ന ഫരിസേയ ന്റെയും ചുങ്കക്കാരന്റേയും കഥ (ലൂക്കാ 18:9-14). ഫരിസേയൻ പ്രാർത്ഥിക്കുമ്പോൾ എണ്ണിപ്പറയുന്ന ഭക്തകൃത്യങ്ങളുടെ കൂട്ടത്തിൽ ഉപവാസവുമുണ്ട്; "ഞാൻ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കുന്നു. ഞാൻ എനിക്കു ലഭിക്കുന്ന സകലത്തിന്റെയും ദശാം ശം കൊടുക്കുന്നു..." (8:12).

എതിർ കഥാപാത്രമായ ചുങ്കക്കാരന്റെ പ്രാർത്ഥന ചെറുതാണ്: "ദൈവമേ പാപിയായ എന്നിൽ കനിയ

“ യാന്ത്രികവും ബാഹ്യപ്രധാനവുമായ ഉപവാസവും മറ്റ് മതാനുഷ്ഠാനങ്ങളും മാറേണ്ടിയിരിക്കുന്നു. ”



ണമേ” (9:13). ഫരിസേയനെക്കാൾ നീതികരിക്കപ്പെട്ടവനായത് ചുങ്കക്കാരനാണെന്നാണ് യേശു പറയുന്നത് (9:14). ഉപവാസമടക്കമുള്ള ഭക്തകൃത്യങ്ങളെന്ന ബാഹ്യാനുഷ്ഠാനങ്ങളല്ല, ഒരാളുടെ അടിസ്ഥാന മനോഭാവങ്ങളാണ് പ്രധാനം എന്നാണ് ഇതിന്നർത്ഥം. ഏത് ഭക്തകൃത്യം ചെയ്യുന്നു എന്നതിലല്ല, ഏത് മനോഭാവമാണ് അതിന്റെ പിറകിലുള്ളത് എന്നതാണ് ദൈവതിരുമുമ്പിൽ പ്രധാനപ്പെട്ടത്.

## അപ്പസ്തോലനടപടികളിലെ ഉപവാസം

ലൂക്കാ വിവരിക്കുന്ന അപ്പസ്തോല പ്രവർത്തനങ്ങളിൽ ഉപവാസം രേഖപ്പെടുത്തുന്ന ചില സന്ദർഭങ്ങളുണ്ട്. ഒന്നാമത്തേത്, സാവൂളിന്റെ മാനസാന്തര കഥ പറയുന്നിടത്താണ് സാവൂൾ നിലംപതിച്ചശേഷം, അവൻ ദമാസ്ക്കസിലേക്ക് ആനയിക്കപ്പെട്ടു: “മൂന്നു ദിവസം അവന് കാഴ്ചയില്ലായിരുന്നു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല” (നട 9:9). അവന്റെ ഉപവാസം അവസാനിക്കുന്നത് അവൻ ആത്മാവിനെ സ്വീകരിക്കുന്നതോടെയും സ്നാനപ്പെടുന്നതോടെയുമാണ് (9:17-19).

അന്ത്യോക്യായിലെ സഭയിൽ ബർണബാസിനെയും സാവൂളിനെയും പറഞ്ഞയക്കുന്ന രംഗമിങ്ങനെയാണ്: “ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം അവർ അവരുടെമേൽ കൈകൾ വച്ച് പറഞ്ഞയച്ചു” (13:3).

പൗലോസും ബർണബാസും സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിക്കുന്നതും ഉപവാസത്തിന്റെ അകമ്പടിയോടെയാണ്: “അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച്, ഉപവാസത്തോടെ പ്രാർത്ഥിച്ച് അവരെ തങ്ങൾ വിശ്വസിച്ച കർത്താവിന് ഭരമേൽപ്പിച്ചു” (14:23).

ചുരുക്കത്തിൽ ആദിമ സഭയിലെ ആത്മീയാഭ്യാസങ്ങളുടെ ഭാഗമായിരുന്നു ഉപവാസമെന്നു വരുന്നു. ‘നടപടി’യിലെ ഉദാഹരണങ്ങൾ കാണിക്കുന്നത് പ്രാർത്ഥനയോടൊപ്പം ചേർന്നുപോകുന്നതായിരുന്നു ഉപവാസമെന്നാണ്. സഭാനേതാക്കളെ തിരഞ്ഞെടുക്കുകയും നിയോഗിക്കുകയും ചെയ്ത അവസരങ്ങളിൽ അതിന് നിദാനമായി നിന്നത് ഉപവാസവും പ്രാർത്ഥനയുമായിരുന്നു.

പൗലോസ് തന്റെ ലേഖനങ്ങളിൽ രണ്ട് ഭാഗത്ത് ഉപവാസത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്; 2 കോറി 6:6 ലും; 2 കോറി 11:27 ലും. അപ്പസ്തോലനെന്ന നിലയിൽ താൻ കടന്നുപോന്ന സഹനജീവിതം വിവരിക്കുമ്പോഴാണ് ഉപവാസത്തെക്കുറിച്ച് പൗലോസ് പറയുന്നത്.

ഈ രണ്ടു സന്ദർഭങ്ങളിലൊഴിച്ച് മറ്റൊരിടത്തും ഉപവാസത്തെക്കുറിച്ച് സൂചനകളില്ല എന്നത് ശ്രദ്ധേയമാണ്. മറ്റു ലേഖനങ്ങളിലും വെളിപാടിലും ഇതു തന്നെയാണ് അവസ്ഥ.

ചുരുക്കത്തിൽ ഉപവാസത്തെ മെസയാനിക് കാലഘട്ടവുമായി ബന്ധപ്പെടുത്തിയാണ് സുവിശേഷങ്ങളും യേശുവും അവതരിപ്പിക്കുന്നത്. അതിലൂടെ ഉപവാസത്തിന്റെ അനുഷ്ഠാനപരതയല്ല, അതിനെ നിയന്ത്രിക്കേണ്ട ആന്തരിക മനോഭാവമാണ് പ്രധാനമെന്ന് യേശു പഠിപ്പിച്ചു. അത്തരമൊരു ആന്തരിക മനോഭാവത്തിലൂന്നിയ ഉപവാസമായിരുന്നിരിക്കണം പ്രാർത്ഥനയോടൊപ്പം ആദിമ സഭയിൽ നിലവിലിരുന്നത്. ■



ഇപ്പോൾ !

ആലപ്പുഴ രൂപതയിലെ കാളാത്ത് സെന്റ് പോൾസ് പള്ളി മണിയും അടിക്കുന്നത് പൾസേറ്റർ ആണ്...

ഇന്ത്യയിൽ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന ഞങ്ങളുടെ 58-ാമത്തെ പള്ളിമണിയാണിത്.

**PULSATOR: നിലവിലുള്ള പള്ളി മണികൾ**
**ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം**



## THURICOAL ധൂപാർച്ചനയിൽ ഓട്ടോമേഷൻ



ദേവാലയ തിരുക്കർമ്മങ്ങൾക്ക് അവശ്യഘടകമായ ധൂപാർച്ചനയ്ക്ക് ഇനി ചിരട്ടക്കരിയിൽ തീയിട്ട് ഊതേണ്ട, വീശേണ്ട...
കുന്തുരുക്കം കറയാൽ കെട്ടുപോകില്ല. പ്രത്യേകം തയ്യാറാക്കിയ Thuricol ഇലക്ട്രിക്കലിൽ കത്തിച്ച ശേഷം ധൂപകുറ്റിയിൽ നിക്ഷേപിച്ചാൽ കുന്തുരുക്കം ഇടുമ്പോൾ നറുംപുക ഉയരും. ദേവാലയവും അൾത്താരയും സങ്കീർത്തി മുറികളും വൃത്തിയായിരിക്കുന്നതോടൊപ്പം പരിസ്ഥിതി മലിനീകരണം, അപകടസാധ്യതകൾ, തീപിടുത്തം, സ്പാർക്കിംഗ് ഇവ ഒഴിവാക്കപ്പെടുന്നു. 2 മണിക്കൂർ സമയം വരെ കത്തി നിൽക്കും. ആവശ്യം കഴിയുമ്പോൾ ധൂപകുറ്റിയിൽ വായു കടക്കാതെ ചേർത്തടച്ചാൽ തീ കെട്ടുപോകും. ഒരു തവണ ഉപയോഗിച്ച Thuricoal വീണ്ടും ഉപയോഗിക്കാമെന്ന പ്രത്യേകതയും ഇതിനുണ്ട്.
1 Pack ൽ 250 mm വലിപ്പമുള്ള 60 cubes ഉണ്ടാകും. സാധാരണയായി ഒരു വർഷത്തേക്ക് 10 പാക്ക് മതിയാകും.

ഹീറ്ററും ഒരു പിൻസറും ഉൾപ്പെടെ 2500 രൂപയ്ക്ക് 9 പായ്ക്കറ്റ് തപാൽവഴി എത്തിച്ചു തരുന്നതാണ്.

**Call: Felix Madonna - 98953 99881**
*For more details visit:* **www.pulsator.in**

Pulsator™
Patented
**The Church Bell Ringer**
*ISO 9001-2008 Certified Company*

**Madonna Electronics**
**Madonna Building,**
**South Chittoor, Cochin - 682 027**
**felixmadonna@gmail.com**
**www.madonnaelectronics.com**

# സാൻ പിയോ

കപ്പൂച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് കൗൺസിലേഴ്സ് & സൈക്കോ തെറാപ്പിസ്റ്റ്

കോവിൽത്തോട്ടം, ചവറ പി. ഒ, കൊല്ലം – 691583, ഫോൺ: 0476 2684847, മൊബൈൽ: 8606123331, 9447583312
Email: sanpiocap@gmail.com.- Web: www.sanpiocap.org

Affiliated To The Fountain College Krishnagiri Recognised By Periyar University, Tamilnadu.





# "ബേയ്സിക് & അഡ്വാൻസ്ഡ് കൗൺസിലിംഗ് കോഴ്സ്"

(ഒരു പ്രൊഫഷണൽ കൗൺസിലർ ആകുവാനുള്ള പരിശീലന പരിപാടി)

**ഇംഗ്ലീഷ്**
ഏപ്രിൽ 6 ബുധൻ (4pm)
ഏപ്രിൽ 30 ശനി (4pm)

**മലയാളം**
മെയ് 9 തിങ്കൾ (4pm)
മെയ് 31 ചൊവ്വ (4pm)

**ആർക്കെല്ലാം വേണ്ടി**
കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ, അഭിഭാഷകർ, ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്നവർ, സാമൂഹിക പ്രവർത്തകർ, നേതൃത്വ പരിശീലകർ, സന്യസ്ഥർ, വൈദീകർ

**പരിശീലന രീതി**
ക്ലാസ് മുറി പഠനം, ചർച്ച, തെറാപ്പി പരിശീലനം, ഗ്രൂപ്പ് ചർച്ചകൾ, ആശുപത്രിയിലുംമറ്റ് സ്ഥാപനങ്ങളിലുമുള്ള പരിശീലനം

**കോഴ്സ് ഫീസ്: 9000/ രൂപ**
(ആഹാരം, താമസ സൗകര്യം കോഴ്സിന് ആവശ്യമായ സാധനങ്ങൾ ഉൾപ്പെടെ)

യൂണിറ്റ് 1: കൗൺസിലിംഗ് ബേസിക് സ്കിൽ പരിശീലനം
യൂണിറ്റ് 2: അഡ്വാൻസ്ഡ് കൗൺസിലിംഗ് സ്കിൽ പരിശീലനം
യൂണിറ്റ് 3: പ്രെഫഷണൽ കൗൺസിലിംഗ് ഡിപ്ലോമ പരിശീലനം
യൂണിറ്റ് 4: MSC യൂണിവേഴ്സിറ്റി അംഗീകൃത ഡിഗ്രി

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യുക.
ഫോൺ: 0476 2684847, 9447583312, ഫാ.ബേണി വർഗ്ഗീസ് (ഡയറക്ടർ 8606123331)
ഫാ.സ്റ്റെറിൻ (സെക്രട്ടറി 9447583312)

# BOSCO INSTITUTE OF PSYCHOLOGY AND SPIRITUALITY

Trivandrum 695 583

## Offers in 2016

**01. Spiritual Direction Training (SDT-6): 1-13 February (SDT-7): 22 February to 5 March, (SDT-8): 1-13 August, (SDT-9): 04-17 December**

This Program on Spiritual Direction aims at introducing people to the art of spiritual direction. Spiritual Direction is a help given one believer to another believer in the growth of one's relationship with God. It happens when a person is guided to listen to a personally communicating God and to live out the consequences of his or her relationship with God in all areas of life. The participants will be provided skill training and opportunity for practising spiritual direction. **Rs. 7,000.00**

**02. Spiritual Direction (Advanced Training): 20 April- 1 May 2016. For the past students**

**03. Integral Transformative Program (ITP-17): 05 June – 30 July., (ITP-18):11 September – 05 November**

**Modules:** Comprehensive Individual Psychotherapy, Spiritual Direction, Yoga, Ayurvedic massage (optional), Self care, Human Sexuality and Celibacy, Holistic Meditations, Emotional Freedom Techniques (EFT), Core Transformation, Enneagram, Personality Types, Psycho-spiritual Retreat, Focusing Psychotherapy, Positive Psychology, Shadow work, Holotropic Breath work, Nonviolent Communication, Rational Emotive Behaviour Therapy, Child Rights and Social Issues. **Rs. 30,000.00**

**04. Integral Counseling Training (ICT-2): 06 November – 03 December Rs. 15,000.00**

**Modules:** Counseling Theories, Counseling Skills, Developmental Psychology, Mental Disorders, Counseling children, adolescents, adults, elderly and dying, addicts and suicidal. Supervised Practice.

**For Programs 01 and 02 Contact:**

**Fr. P.C Bosco SDB, Rector**
E-mail: boscoponthokkan@gmail.com
Mobile: 09744718571

**For Programs 03 and 04 Contact:**

**Fr. K. C Thomas SDB, Director**
E-mail: donboscoisp@gmail.com
Mobile: 09447914474

കാഞ്ഞിരപ്പള്ളി രൂപതയുടെ
നിയുക്ത സഹായ മെത്രാൻ
**മാർ ജോസ് പുളിക്കലിന്**
പാലാ രൂപതയുടെ
അനുമോദനങ്ങളും
പ്രാർത്ഥനകളും !



# DIOCESE OF PALAI

BISHOP'S HOUSE
Pala P.O, Kottayam 686 575



കാഞ്ഞിരപ്പള്ളി രൂപതയുടെ
സഹായ മെത്രാൻ
**മാർ ജോസ് പുളിക്കലിന്**
ഇടുക്കി രൂപതയുടെ
പ്രാർത്ഥനാമഞ്ജരികൾ

# DIOCESE OF IDUKKI

BISHOP'S HOUSE
Karimban, Manippara P.O,
Idukki 685 602

# ആഹരിക്കൂ; മാനസാന്തരം

ഡോ. ആന്റണി നരികുളം
*വികാരി ജനറൽ, എറണാകുളം – അങ്കമാലി അതിരൂപത*

മൂന്ന് റീത്തുകളിലേയും നോമ്പുകാല പ്രാർത്ഥനകളിലും വലിയ ആഴ്ചത്തെ പ്രാർത്ഥനകളിലും വ്യക്തമാകുന്ന നോമ്പിന്റെ ആത്മീയത എന്താണ്?

ആരാധനാക്രമവർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം സ്വർഗ്ഗോന്മുഖ യാത്രയിൽ ആരാധകനെ സഹായിക്കുക എന്നതാണ്. അതിനുവേണ്ടിയാണ് മംഗളവാർത്തക്കാലം (ആഗമനകാലം), നോമ്പുകാലം, പെസഹാക്കാലം, ശ്ലീഹാക്കാലം തുടങ്ങിയ കാലങ്ങളിലൂടെ ഓരോ റീത്തും വിശ്വാസികളെ നയിക്കുന്നത്. എല്ലാ ക്രൈസ്തവസഭകളും തീവ്രതയോടെ ആചരിക്കുന്നതാണ് നോമ്പുകാലം അഥവാ തപസ്സുകാലം. വിശുദ്ധ കുർബാനയിലെയും യാമപ്രാർത്ഥനകളിലേയും ഗീതങ്ങളും സ്തുതിപ്പുകളും വായനകളും മറ്റുമാണ് ഈ കാലത്തിന്റെ ചൈതന്യം വിശ്വാസികളിൽ ഉണർത്തുന്നതിന് സഹായിക്കുന്നത്.

പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം (Rule of prayer is the rule of faith) എന്നു പറയാറുണ്ട്. അതുകൊണ്ട് നോമ്പുകാലാനുഷ്ഠാനങ്ങളിലൂടെ ഓരോ സഭയും എന്താണ് ലക്ഷ്യം വയ്ക്കുന്നതെന്നു ഗ്രഹിക്കാൻ ഏറ്റവും ഉചിതമായ മാർഗ്ഗം ആരാധനക്രമ പുസ്തകങ്ങൾ പരിശോധിക്കുകയാണ്.

യേശുവിന്റെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്ന ഒരു കാലഘട്ടമായിട്ടാണ് നോമ്പിനെ പൊതുവെ കണക്കാക്കിപോരുന്നത്. ആരംഭത്തിൽ അങ്ങനെ ആയിരുന്നില്ലെന്ന് പല പണ്ഡിതരും അഭിപ്രായപ്പെടുന്നു. യേശുവിന്റെ മാമ്മോദീസയ്ക്കു ശേഷം യേശു 40 ദിനരാത്രങ്ങൾ ഉപവസിച്ചതിനെ അനുസ്മരിച്ചുകൊണ്ട് ഈ ആചരണം ആരംഭിച്ചുവെന്ന് കരുതപ്പെടുന്നു. പിൽക്കാലത്ത് രണ്ട് ലക്ഷ്യങ്ങൾ മുൻനിർത്തി നോമ്പുകാലം ചിരപ്രതിഷ്ഠ നേടി. യേശുവിന്റെ ഉയിർപ്പിലും നമ്മുടെ നിത്യസൗഭാഗ്യത്തിലുമുള്ള പ്രത്യാശയും, മാമ്മോദീസയ്ക്കുള്ള ഒരുക്കവുമായിരുന്നു ലക്ഷ്യങ്ങൾ. അതുകൊണ്ട് പ്രാർത്ഥനകളിലും ഗീതങ്ങളിലും ഈ രണ്ടു മാനങ്ങൾ സ്പഷ്ടമായി കണാവുന്നതാണ്.

## ഉപവാസവും മാനസാന്തരവും ദാനധർമ്മാദികളും

ഉപവാസത്തിന്റെ ഫലങ്ങളെപ്പറ്റിയുള്ള സീറോമലബാർ യാമപ്രാർത്ഥനകളിലെ വർണ്ണന ഇപ്രകാരമാണ്.

*പരിപാവനമാമുപവാസത്തിൻ*
*പാതയിലൂടെ നടന്നീടാനും*
*ഉൾക്കളമഴകിലൊരുക്കീടാനും*
*അപരനു തുണതൻ കരമേകാനും*
*സഹജരെനിത്യം സേവിപ്പാനും*
*നാഥാ, നീ കൃപ തൂകണമെന്നിൽ.*
*(ഞായർ സായാഹ്ന ജപം)*

ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കാത്തത് ത്യാഗമനോഭാവത്തിന്റെ ലക്ഷണമാണെങ്കിലും ആത്യന്തികമായ ജീവിതനവീകരണവും പരസ്നേഹവുമാണ് ലക്ഷ്യം വയ്ക്കേണ്ടതെന്ന് സീറോ മലങ്കരയുടെ യാമപ്രാർത്ഥന പറയുന്നു: “ഭക്ഷണപാനീയം വർജ്ജിക്കുന്ന നോമ്പ് ചെറുതാകുന്നു. എന്നാൽ, പുണ്യപ്രവർത്തികൾ ചെയ്യുന്ന നോമ്പ് കർത്താവിന്റെ ദൃഷ്ടിയിൽ വലുതാവുന്നു. ഉപവസിക്കുകയും ദരിദ്രർക്ക് ദാനം കൊടുക്കുകയും ചെയ്യുന്നവൻ വലിയ പ്രതിഫലം

പ്രാപിക്കുന്നു. കർത്താവ് അവന്റെ നോമ്പ് സ്വീകരിക്കുന്നു. എന്നാൽ ദാനം ചെയ്യാൻ ഇല്ലാതിരിക്കുകയും തന്റെ നോമ്പിൽ സ്നേഹം കലർത്തുകയും ചെയ്യുന്നവൻ ആത്മീയരോടുകൂടെ ചേർക്കപ്പെടുകയും പുനരുത്ഥാനത്തിൽ മണവറയ്ക്കു യോഗ്യനാകുകയും ചെയ്യുന്നു."

നോമ്പു കാലത്തിന്റെ പെരുനാളെന്തെന്ന് ലത്തീൻ ആരാധനാ ക്രമവും സ്പഷ്ടമാക്കുന്നുണ്ട്. നോമ്പാരംഭിക്കുന്ന വിഭൂതി ബുധനാഴ്ച ഭസ്മം ആശീർവദിക്കുന്ന പ്രാർത്ഥന ഇപ്രകാരമാണ്: "തപസുകാലം യഥാവിധി ആചരിച്ച് പരിശുദ്ധമായ ഹൃദയത്തോടെ അങ്ങയുടെ തിരുക്കുമാരന്റെ പെസഹാരഹസ്യം ആഘോഷപൂർവ്വം കൊണ്ടാടാൻ ഞങ്ങളെ അനുഗ്രഹിക്കണമേ."

ലത്തീൻ കുർബാനക്രമത്തിൽ നോമ്പിലെ ഒന്നാമത്തെ ഞായറാഴ്ചയിലെ ആമുഖ ഗീതി, സ്വർഗീയ പെസഹായ്ക്കുള്ള ഒരുക്കമാണ് നോമ്പാചാരണമെന്ന് ഓർമ്മിപ്പിക്കുന്നു. "ക്രിസ്തുനാഥൻ നാൽപതുദിവസം ഉപവസിച്ചുകൊണ്ട് ഞങ്ങളുടെ ഉപവാസചാരണത്തിന് മാതൃകയും പ്രചോദനവും നൽകി പിശാചിന്റെ പരീക്ഷകളെ പരാജയപ്പെടുത്തി തിന്മയിലേക്കുള്ള പ്രവണതയെ അതിജീവിക്കാൻ അവിടുന്ന് പഠിപ്പിച്ചു. നിർമ്മലമാനസ്സരായി പെസഹാ വിരുന്ന് അനുഭവിക്കുന്ന ഞങ്ങളെ സ്വർഗ്ഗീയ പെസഹായിൽ പങ്കാളികളാക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു."

നോമ്പാരംഭിക്കുന്ന തിങ്കളാഴ്ചയിലെ സീറോമലങ്കര പ്രഭാത പ്രാർത്ഥനയിൽ ഈ ആശയം വ്യക്തമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്: 'ഞങ്ങൾക്ക് നഷ്ടപ്പെട്ട ആ സ്ഥലത്തേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുന്ന വിശുദ്ധ നോമ്പ് അനുഗൃഹീതമാക്കുന്നു.

ഉപവാസത്തെപ്പറ്റി ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം (58:6-7) അനുസ്മരിപ്പിച്ചുകൊണ്ട് സീറോമലങ്കരസഭയുടെ ചൊവ്വ സന്ധ്യാ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു: 'നിന്റെ നിരൂപണയിൽ നിന്ന് വഞ്ചനയുടെ കെട്ടുകൾ പൊട്ടിക്കുകയും നിന്റെ അപ്പം മറ്റുള്ളവർക്കായി വിഭജിക്കുകയും നിന്റെ ഭവനത്തിൽ പരദേശികളെ സ്വീകരിക്കുകയും ചെയ്യണം,

ദാനധർമ്മം നോമ്പിന്റെ ചൈതന്യം സ്പഷ്ടമാക്കുന്ന സൽപ്രവൃത്തിയാണ്. സീറോമലബാർ യാമ പ്രാർത്ഥനയിലെ വ്യാഴം രാത്രി ജപം ഇക്കാര്യം ഓർമ്മിപ്പിക്കുന്നു. 'ദാനം ചെയ്യുന്നതിൽ നിനക്ക് ഈർഷ്യയുണ്ടാകരുത്; പാവപ്പെട്ടവനിൽ നിന്ന് നിന്റെ മുഖം തിരിക്കുകയുമരുത്. ദാനധർമം നിന്നെ മരണങ്ങളിൽ നിന്ന് മോചിപ്പിച്ച് ഇരുളിൽപ്പെടാതെ നിലനിർത്തുന്നു. ദാനധർമ്മം ചെയ്യുന്നവർക്കെല്ലാം അത്യുന്നതന്റെ സന്നിധിയിൽ അത് ഉത്തമ വഴിപാടായിരിക്കും.




ലത്തീൻ ആരാധനക്രമത്തിൽ വിഭൂതി ബുധനാഴ്ചയിലെ നൈവേദ്യ പ്രാർത്ഥനയിൽ പരിഹാരനുഷ്ഠാനവും പരസ്നേഹ പ്രവൃത്തികളും വഴി പാപമോചനം നേടി അങ്ങയുടെ ദിവ്യസുതന്റെ പീഡാസഹനം ഭക്തിപൂർവ്വം ആചരിക്കുന്നതന് ഞങ്ങളെ അർഹരാക്കണമെ'എന്നും മൂന്നാം ഞായർ സമിതി പ്രാർത്ഥനയിൽ 'പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളും വഴി പാപപരിഹാരം ലഭിക്കുമെന്ന് പഠിപ്പിച്ച അങ്ങ് പാപങ്ങൾ ഏറ്റു പറയുന്ന ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ' എന്നും യാചിക്കുന്നു.

## വലിയ ആഴ്ചയും പീഡാനുഭവ രഹസ്യവും

ആരംഭത്തിൽ സൂചിപ്പിതുപോലെ നോമ്പുകാലം പീഡാനുഭവ ധ്യാനത്തിന്റെ കാലഘട്ടമാണെന്ന പൊതുധാരണ ക്രൈസ്തവ സമൂഹങ്ങളിലുണ്ടെങ്കിലും ഈശോയുടെ പീഡാനുഭവവും മരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ ആരാധനക്രമം സ്പഷ്ടമായി അവതരിപ്പിക്കുന്നത് വലിയ ആഴ്ചയിൽ മാത്രമാണ്. മറ്റു വാക്കുകളിൽ വിശ്വാസികൾ മാനസാന്തരപ്പെട്ട് നവജീവിതത്തിലേക്ക് തിരിയുന്നതാണ് ഏതാണ്ട് ആറാഴ്ച കാലം ആഹ്വാനം ചെയ്യുന്ന നോമ്പുകാലം. വലിയ ആഴ്ചയിൽ ഈശോയുടെ പീഡാനുഭവ രഹസ്യത്തിലേക്കു ശ്രദ്ധ തിരിയണമെന്ന്. ആരാധനക്രമ പാരമ്പര്യത്തിൽ ഈ ആഴ്ചയെ 'പീഡാനുഭവവാരം' എന്ന് വിളിക്കാറുണ്ടല്ലോ സീറോ മലബാർ സഭയിൽ ദുഃഖവെള്ളിയെ 'പീഡാനുഭവവെള്ളി' എന്നും വിളിക്കുന്നു.

വാസ്തവത്തിൽ സീറോ മലബാർ ആരാധനക്രമത്തിൽ ദുഃഖവെള്ളിയാഴ്ച മാത്രമാണ് പീഡാനുഭവത്തെപ്പറ്റി സ്പഷ്ടമായ പരാമർശങ്ങളുള്ളത്. ലത്തീൻ ആരാധനാ ക്രമത്തിൽ വലിയ ആഴ്ചയിലെ തിങ്കൾ മുതലുള്ള ദിവസങ്ങളിൽ പീഡാനുഭവത്തെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. സീറോമലങ്കര റീത്തിലും പീഡാനുഭവരഹസ്യങ്ങളുമായി ബന്ധപ്പെടുത്തിയ പ്രാർത്ഥനകൾക്കും ഗീതങ്ങൾക്കും തന്നെയാണ് വലിയ ആഴ്ചയിൽ മുൻതൂക്കം.

## ഉപസംഹാരം

എല്ലാ റീത്തുകളിലെയും ആരാധനക്രമത്തിൽ നിന്നും മനസ്സിലാകുന്നതുപോലെ ഉപവാസം, മാംസവർജ്ജനം, ദാനധർമ്മം തുടങ്ങിയ ഏതാനും അനുഷ്ഠാനങ്ങളിൽ ഒതുക്കേണ്ടതല്ല നോമ്പു കാലം. പലപ്പോഴും 'പ്രകടനപരമായ' അനുഷ്ഠാനങ്ങൾക്കാണ് മുൻതൂക്കം ലഭിക്കുന്നത്. കുരിശിന്റെ വഴി, തീർത്ഥാടനം, ദുഃഖവെള്ളിയിലെ 'നഗരികാണിക്കൽ' തുടങ്ങിയ ഭക്താനുഷ്ഠാനങ്ങൾക്കും ഉപവാസം, മാംസവർജ്ജനം തുടങ്ങിയ ത്യാഗപ്രവൃത്തികൾക്കും ഇന്ന് വലിയ പ്രാധാന്യം ലഭിച്ചിരിക്കുന്നു.

അവ തെറ്റാണെന്നല്ല മറിച്ച്, മാനസാന്തരത്തിലൂടെ പുതിയ മനുഷ്യരാകണമെന്നും സ്വർഗ്ഗരാജ്യത്തിന് യോഗ്യരായി ലോകത്തിൽ വ്യാപരിക്കണമെന്നും ക്രൈസ്തവരെ ഓർമ്മിപ്പിക്കുന്ന ഒരു കാലഘട്ടമായി നോമ്പുകാലത്തെ മനസ്സിലാക്കണം. അതിനു സഹായകമായ പ്രബോധനം വിശ്വാസികൾക്ക് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയാണ് കൂടുതൽ ആവശ്യമായിരിക്കുന്നത്. ■


# മീഡിയ ഹൗസ് - പുത്തൻ പുസ്തകങ്ങൾ

**വിശ്വാസത്തിന്റെ വേരുകൾ**
ഡോ. മൈക്കിൾ കാരിമറ്റം
വില: 225.00

**പരാജിതന്റെ പരിദേവനങ്ങൾ**
മലബാർ കുടിയേറ്റകാലത്തെ അനുഭവകഥകൾ
ഫാ. മാത്യു പനച്ചിപ്പുറം
വില: 70.00



**മീഡിയ ഹൗസ്**
നൂർ കോംപ്ലക്സ്, മാവൂർ റോഡ്,
കോഴിക്കോട്-673 004, 09746440800
mediahousecalicut@gmail.com,
www.mediahousecalicut.com







**ക്രിസ്തുമരം**
വിജയ് പി. ജോയി
വില: 145.00

**ചില കുടുംബ വിശേഷങ്ങൾ**
ജയ്മോൻ കുമരകം
വില: 130.00

# ഉപവാസത്തിന്റെ സയൻസ്

ഫാ. സൈജു തുരുത്തിയിൽ MCBS, M.Sc. (Yoga), PG Diploma in Yoga Therapy
*ദിവ്യാകാരുണ്യ ആശ്രമം, ക്രൈസ്റ്റ് യോഗ റിട്രീറ്റ് സെന്റർ, താന്നിപ്പുഴ, കാലടി, 9447913526*

സ്വന്തമായി ഒരു ജീവിതശൈലി ഇല്ലാത്തയാൾക്ക് ഉപവസിക്കാനോ ഉപവാസത്തിന്റെ ആത്മീയത സ്വന്തമാക്കാനോ കഴിയില്ല. ഇതിന് യോഗാ ആത്മീയത അനിവാര്യമാണ്. യഥാർത്ഥ ഉപവാസത്തെ യോഗാ ആത്മീയതയിലൂടെ വിലയിരുത്തുന്നു.

*ഭക്ഷണം - ദേഹരക്ഷാണാം*
*വസ്ത്രം ശീത നിവാരണം*
*അശ്മാനം ച നിരണ്യം ച*
*ശാകം ശാല്യോദനം തഥാ*
*സമാനം ചിന്തയേൽ യോഗി*
*യതി ചിന്ത്യമപേക്ഷതേ (ഉത്തരഗീത).*

ദേഹരക്ഷയ്ക്ക് അഥവാ ജീവൻ നിലനിർത്താൻ വേണ്ട ഭക്ഷണം മാത്രം പ്രാർത്ഥനയോടെ കഴിക്കുക. ശീതനിവാരണത്തിനുവേണ്ടിയുള്ള വസ്ത്രം വൃത്തിയോടെ, വെടിപ്പോടെ ധരിക്കുക. സ്വർണ്ണാദി സുഖഭോഗ വസ്തുക്കളെ കരിങ്കൽ ചീളുകൾ പോലെ തള്ളിക്കളയുക. സാത്വിക ഭക്ഷണമൊഴിച്ച് ബാക്കിയുള്ളവയെ ഉപേക്ഷിക്കുക. ഇപ്രകാരം ശീലിക്കുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തി നിശ്ചയമായും ദൈവത്തെ പ്രാപിക്കുന്നവനാകും."

ഉപവാസം അപഹാസ്യമാകുന്ന ഒരു കാലത്താണ് നാം ഇന്ന്. എന്താണ് ഉപവാസമെന്നോ, എങ്ങനെ ഉപവസിക്കണമെന്നോ അറിയാത്തവരാണ് നാം. യഥാർത്ഥ ഉപവാസത്തെ യോഗാ ആത്മീയതയുടെ വെളിച്ചത്തിൽ വായിക്കാനൊരുങ്ങുകയാണ് നാമിവിടെ!

## സമ്പൂർണ്ണ ജീവിതം

നമ്മുടെ ജീവിതം സമ്പൂർണ്ണമാകണം. കുറ്റമറ്റതാകണം, സ്വഭാവികമായിരിക്കണം. കൃത്യതയുള്ള ഒരു ജീവിതശൈലി സ്വന്തമായിട്ടില്ലാത്തവന് ഉപവസിക്കാനോ, ഉപവാസത്തിന്റെ ആത്മീയത സ്വന്തമാക്കാനോ കഴിയില്ല. അച്ചടക്കമുള്ള ജീവിതം ആത്മീയതയിലേക്കുള്ള ഒരു മാർഗ്ഗമാണ്. അച്ചടക്കമുള്ളവർ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നവരാണ്.

ഈ ലോകത്ത് വളരെ കുറച്ച് പേർക്ക് മാത്രമേ തങ്ങളുടെ ആന്തരിക പുരോഗതിയും ഉയർച്ചയും മനസ്സിലാക്കി ജീവിക്കാൻ കഴിയുന്നുള്ളൂ. ഈ കുറച്ചു പേർ തങ്ങളുടെ ശരീരത്തെ ചിട്ടപ്പെടുത്തി ജീവിക്കുന്നവരാണ്. ശരീരത്തെ ചിട്ടപ്പെടുത്താനാണ് യോഗ. ധ്യാനം (Meditation) മനസ്സിനു വേണ്ടിയും. നാം എത്ര സുന്ദരമായ സൃഷ്ടിയാണെന്ന ബോധം നമ്മിലുണ്ടാക്കുകയാണ് നമ്മുടെ ശരീരം. നാം വിലപ്പെട്ടതായി കരുതുന്ന മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാനും ദൈവികതയുടെ ലോകം നമുക്ക് ചുറ്റും സൃഷ്ടിക്കാനും നമ്മുടെ ശരീരത്തിലൂടെ നമുക്ക് കഴിയണം. ഈ ശരീരത്തെ ചിട്ടയുള്ളതാക്കി മാറ്റാൻ നമ്മെ സഹായിക്കുന്നതാണ് യോഗയും ഉപവാസവും. ജീവിതത്തെ സമ്പൂർണ്ണമാക്കാനുള്ള മാർഗ്ഗങ്ങളിലൊന്ന് കൃത്യമായുള്ള ഭക്ഷണരീതിയാണ്.

## ഭക്ഷണ ക്രമീകരണം യോഗയിൽ

*"കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്നു കൊല്ലുവിൻ നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം" (ലൂക്കാ 15:23).*



അവരവരുടെ അഭിരുചിക്കനുസരിച്ച് വചനത്തെ വളച്ചൊടിക്കുന്നവർ, ഭക്ഷണകാര്യത്തിലും ആവർത്തിച്ചു പറയുന്ന ഒരു വചനഭാഗമാണിത്. 'പഥ്യമാണ് ചികിത്സ' എന്ന് ആയുർവേദം പറയുന്നുണ്ട്.

ഇന്ന് ആഹാരം വല്ലാത്തതാണ്. നാം ഉപയോഗിക്കുന്ന മല്ലി, മുളക്, ജീരകം – ഇവയൊക്കെ വാങ്ങുമ്പോൾ ഒരു കാര്യം നാം ശ്രദ്ധിക്കാറുണ്ടോ? ഇവയുടെ പൊടിക്ക് ഇവയേക്കാൾ വില കുറവാണ്. ഒരു കിലോ മല്ലിപ്പൊടിക്ക് ഒരു കിലോ മല്ലിയേക്കാൾ വിലക്കുറവുണ്ട്. ഡീലർമാർക്കും, വില്പനക്കാർക്കും 50 ശതമാനം കമ്മീഷനും കൊടുത്ത്, ടി.വിയിലും പത്രങ്ങളിലും പരസ്യം ചെയ്ത്, മുതലാളി തനിക്കുവേണ്ട ലാഭവും എടുത്ത് കഴിഞ്ഞ്, ഒരു കിലോ മല്ലിപ്പൊടിക്ക് ഒരു കിലോ മല്ലിയുടെ വിലയേക്കാൾ കുറച്ച് വിൽക്കുമ്പോൾ അതിൽ എത്രമാത്രം മല്ലി കാണും?

മത്സ്യം, മാംസം, മുട്ട, എരിവ്, പുളി വറുത്തത്, പൊരിച്ചത്, ബേക്കറി സാധനങ്ങൾ, ടിന്നിലടച്ച ഭക്ഷണ പദാർത്ഥങ്ങൾ, ബിസ്ക്കറ്റ് എന്നിവയൊന്നും കഴിക്കാതിരിക്കാൻ ശ്രദ്ധിക്കണം. വിരുദ്ധങ്ങളായ ആഹാരങ്ങൾ ഒന്നും തന്നെ കഴിക്കരുത്. ഉദാഹരണത്തിന് ഒരു നേരം രണ്ടും മൂന്നും മൃഗങ്ങളുടെ മാംസങ്ങൾ ഒരുമിച്ച് കഴിക്കരുത്. പോത്തിറച്ചിയും പന്നിയിറച്ചിയും ഒരുമിച്ച് കഴിക്കരുത്. മീനും, പാലും വിഷമാണ്. മോരും മീനും വിഷമാണ്. കൂണും ഇറച്ചിയും വിഷമാണ്. മോരും കോഴിയും വിഷമാണ്.

നമ്മുടെ വീടുകളിലെല്ലാം ഇന്ന് അലുമിനിയം പാത്രത്തിലാണ് ഭക്ഷണം പാകം ചെയ്യുന്നത്. അലുമിനിയം പാത്രത്തിൽ വെള്ളം ഒഴിച്ചു വച്ചാൽ പാത്രത്തിന്റെ അടിയിൽ തൈര് പോലെ ഒരു വസ്തു കട്ടപിടിച്ചിരിക്കും. അത് അലുമിനിയം ഓക്സയിഡാണ്. അത് അകത്ത് ചെന്നാൽ വയറ്റിലും കുടലിലും മലദ്വാരത്തിലും മുഴകൾ വരും. അതിനേക്കാളേറെ മലബന്ധമുണ്ടാക്കും. ആധുനികന്റെ ഏറ്റവും വലിയ രോഗം മലബന്ധമാണ്.

ഏത്തക്കയും, പൈനാപ്പിളും, കോഴിയും ഹോർമോൺ നല്കിയാണ് ഇന്ന് മുഖ്യമായും ഉത്പാദിപ്പിക്കുന്നത്. മറ്റു പലതിനും അങ്ങനെ ചെയ്യുന്നുണ്ട്. പ്രമുഖമായി ഈ മൂന്നെണ്ണം സൂക്ഷിക്കണം.

ആഹാരത്തിന്റെ എല്ലാ രംഗത്തും നല്ല ശ്രദ്ധ വേണം. പാരമ്പര്യ വഴിവിട്ട് ഏതൊരാഹാരം കണ്ടാലും അതുടനെ വേണ്ടെന്നു വയ്ക്കണം. ഇങ്ങനെ ജീവിച്ചു പോകുന്ന ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് പ്രവേശിക്കുന്ന കവാടമാണ് ഉപവാസം.

## ഉപവാസം ഭാരതീയ സംസ്ക്കാരത്തിൽ

ഭാരതീയ സംസ്ക്കാരത്തിലും പാരമ്പര്യത്തിലുമുള്ള ശ്രദ്ധേയമായ ഒരനുഷ്ഠാനമാണ് ഉപവാസം. 'ഉപവാസം' എന്നതിന്റെ യഥാർത്ഥ അർത്ഥം, 'പ്രത്യാ

ഹാര' എന്നാണ്. ആഹാരത്തിൽ നിന്നും ഇന്ദ്രിയങ്ങളെ പിൻവലിക്കുക. ആഹരിക്കുന്നതെന്തും ആഹാരമാണ്. ശബ്ദവും, സ്പർശവും, രുചിയും, ഗന്ധവും, രൂപവും ആഹാരമാണ്. ഇവയെ എല്ലാം നിയന്ത്രിക്കാൻ കഴിയുന്നതാണ് യഥാർത്ഥ ഉപവാസം.

ഭാരതത്തിൽ പല മതങ്ങളിലും പാരമ്പര്യങ്ങളിലും വ്യത്യസ്തമായ രീതിയിൽ ഉപവാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ജലപാനം പോലുമില്ലാതെ 24 മണിക്കൂർ ഏകാഗ്രമായിരിക്കുക. ഭക്ഷണം മാത്രം ഉപേക്ഷിച്ച്, ജലപാനത്തോടെ ഗുഹയിൽ കഴിയുക, ആഹാരമോ, ജലമോ ശരീരത്തിനുള്ളിൽ ചെല്ലാതെ ശരീരത്തിനു പുറത്ത് ജലം ധാരയായി ഇടവിട്ട സമയങ്ങളിൽ ഒഴിച്ച് 12 മണിക്കൂർ ചിലവഴിക്കുക തുടങ്ങിയ രീതികളൊക്കെ ഇന്നും നിലനിൽക്കുന്നുണ്ട്. ഭഗവദ്ഗീതയുടെ വെളിച്ചത്തിൽ ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം ദൃഢമാക്കാനുള്ള മാർഗ്ഗമാണ് ഉപവാസം. ശാരീരികമായ അച്ചടക്കത്തിനുള്ള മാർഗ്ഗമായിട്ടും ഭഗവദ്ഗീത ഉപവാസത്തെ നിർവചിക്കുന്നു.

> ആഹരിക്കുന്നതെന്തും ആഹാരമാണ്. ശബ്ദവും, സ്പർശവും, രുചിയും, ഗന്ധവും, രൂപവും ആഹാരമാണ്. ഇവയെ എല്ലാം നിയന്ത്രിക്കാൻ കഴിയുന്നതാണ് യഥാർത്ഥ ഉപവാസം.

## ക്രൈസ്തവർ പുലർത്തേണ്ട ഉപവാസം

യഥാർത്ഥ ഉപവാസം എന്താണെന്നും എങ്ങനെയാണെന്നും അറിയാതെ ഉപവസിക്കുന്നവരാണ് നമ്മൾ. ഒരുനേരം മാത്രം ഭക്ഷണം കഴിക്കുന്നതോ, രണ്ട് നേരം ഭക്ഷണം കഴിക്കാതിരിക്കുന്നതോ ഒന്നും യഥാർത്ഥ ഉപവാസമല്ല എന്ന് തിരിച്ചറിയുക. ഭക്ഷണത്തിൽ നിന്നും എന്റെ ഇന്ദ്രിയങ്ങളെ പിൻവലിക്കുക. ആ അവസരങ്ങളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം കാണാനിടയായാലും, അതിന്റെ ഗന്ധം അനുഭവിക്കാൻ ഇടയായാലും നാവിൽ ഉമ്മിനീര് നിയന്ത്രിക്കാൻ കഴിയുന്ന ഒരവസ്ഥയിലാണ് യഥാർത്ഥ ഉപവാസം.

യോഗാ ശാസ്ത്രപരമായി യഥാർത്ഥ ഉപവാസം എന്നാൽ മൂന്നു ദിനം നീണ്ടു നിൽക്കുന്ന ഭക്ഷണത്തിന്റെ ക്രമീകരണമാണ്. അത് ഒരു പ്രഭാതത്തിൽ സംഭവിക്കേണ്ട ഒന്നല്ല. മുകളിൽ പ്രതിപാദിച്ച എല്ലാ കാര്യങ്ങളിലും ശ്രദ്ധിച്ച് ജീവിക്കുന്ന ഒരു വ്യക്തിക്ക് മാത്രം സാധ്യമാകുന്ന ഒന്നാണ്.

## ഉപവാസ രീതി വിശദമായി

### *ഉപവാസം ഒന്നാം ദിനം*

- രാവിലെ നേരത്തെ ഉണരുക. കുളിക്കുക. യോഗയും മെഡിറ്റേഷനും പരിശീലിക്കുക.
- എട്ട് മണിക്ക് ശേഷം മാത്രം പ്രഭാത ഭക്ഷണം കഴിക്കുക. കഴിക്കേണ്ടത് കഞ്ഞിയും ചമ്മന്തിയും. അതും വളരെ കുറച്ച് മാത്രം.
- ഉച്ചവരെ വെള്ളം കുടിക്കാം. അല്പാല്പം കുടിക്കുക. സാധാരണ ജോലികളിൽ ഏർപ്പെടുക. അപ്പോഴും അധികം സംസാരിക്കരുത്.
- ഉച്ചയ്ക്ക് കഴിക്കേണ്ടത് ഏതെങ്കിലും ഒരു പഴം. നാല് മണിക്ക് ഭക്ഷണമില്ല. അത്താഴം ആറ് മണിക്ക് കഴിക്കണം. അത്താഴം മറ്റൊന്നുമല്ല, ഏതെങ്കിലും ഒരു പഴച്ചാറ്. നാരങ്ങാവെള്ളമോ, തേൻവെള്ളമോ, ഓറഞ്ച് ജൂസോ ആവാം.
- അതിനുശേഷം അരമണിക്കൂർ യോഗയും മെഡിറ്റേഷനും പരിശീലിക്കുക. തുടർന്ന്, കുളിക്കുക, പ്രാർത്ഥിക്കുക, വിശ്രമിക്കുക.

### *ഉപവാസം രണ്ടാം ദിനം*

- പതിവുപോലെ നേരത്തെ ഉണരുക (രാവിലെ 4.30).
- കുളിക്കുക. യോഗയും, മെഡിറ്റേഷനും പരിശീലിക്കുക. അതിനുശേഷം എട്ട് മണി കഴിഞ്ഞ് ഒരു ഗ്ലാസ് മല്ലിക്കാപ്പി ശർക്കര ചേർത്ത് കുടിക്കാം. വേറൊന്നും കഴിക്കാൻ പാടില്ല. രണ്ടാം ദിവസം മുഴുവൻ ഇടക്കിടെ വെള്ളം കുടിക്കാം. വൈകുന്നേരം ആറ് മണിക്ക് ഒരു ഗ്ലാസ് മല്ലിക്കാപ്പിയും കുടിച്ച്, യോഗയിലേക്കും മെഡിറ്റേഷനിലേക്കും പ്രവേശിക്കുക.
- രണ്ടാം ദിനം മൗനവ്രതത്തിന്റെ ദിനമായിരിക്കണം. ആരോടും സംസാരിക്കാൻ പാടില്ല. ഉള്ളിലും പരിപൂർണ്ണ നിശബ്ദതയായിരിക്കണം. മൊബൈൽ, കമ്പ്യൂട്ടർ ഒന്നും ഉപയോഗിക്കാതെ വചന വായനയായാൽ കൂടുതൽ നന്ന്.

### *ഉപവാസം മൂന്നാം ദിനം*

- ഇത് ക്ഷീണത്തിന്റെയും വിശപ്പിന്റെയും മടുപ്പിന്റെയും ദിനമാണ്. നേരത്തെ ഉണരുക. കുളിക്കുക. ശ്വസന പരിശീലനങ്ങൾ മാത്രം ചെയ്യുക. അതിനുശേഷം എട്ട് മണിക്ക് ആദ്യദിനം വൈകുന്നേരം കുടിച്ച അതേ ജൂസ്, ഒരു ഗ്ലാസ് കുടിച്ച് ഉപവാസം അവസാനിപ്പിക്കുക. തീർന്നില്ല. ഉച്ചവരെ ജലം മാത്രം കുടിക്കുക. ഉച്ചഭക്ഷണ സമയം ആദ്യദിനം ഉച്ചയ്ക്ക് കഴിച്ച പഴം മാത്രം കഴിക്കുക. ■



# ക്രൈസ്തവം

*അജപാലകർക്ക് കഴിവും
കരുത്തുമേകുക കാരുണികന്റെ
സ്ഥാപക ലക്ഷ്യമാണ്.
അതിനുള്ളതാണ് കാരുണികനിലെ
അജപാലന കോളങ്ങൾ.*

# സ്നേഹദീപം തെളിച്ച ഇടയജ്യോതി

- ദളിതനായ രോഹിത് കൊല്ലപ്പെട്ടത് എന്തിന്?
- കുർബാന അവഹേളനം: സഭയുടെ ശിക്ഷാ നടപടികൾ

*എഴുതിയവർ:*
സിസ്റ്റർ മേരി കുസുമാലയം എസ്എച്ച്എസ്പി
ലാസർ ഷൈൻ
റവ. ഡോ. ജോസ് ചിറമേൽ

# സ്നേഹദീപം തെളിച്ച ഇടയജ്യോതി

സിസ്റ്റർ മേരി കുസുമാലയം എസ്എച്ച്എസ്പി
*ഡയറക്ടർ, സ്നേഹദീപം, ഇഞ്ചിയാനി*



കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ സഹായമെത്രാനായി ഫെബ്രുവരി നാലിന് അഭിഷിക്തനായ മാർ ജോസ് പുളിക്കലിന്റെ ഇടയ ജീവിതം പകർന്ന കരുണയും കരുതലും സ്നേഹദീപം ഡയറക്ടർ അനുസ്മരിക്കുന്നു.

ആലകൾ വിട്ട് പുറമ്പോക്കുകളിലേക്ക് ഇടയന്മാർ ഇറങ്ങിച്ചെല്ലണമെന്ന ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനം സഭയിൽ വലിയ ചലനങ്ങളാണുണ്ടാക്കിയത്. ആഹ്വാനം വലിയ ഇടയൻ മാതൃകയാക്കുക കൂടി ചെയ്തപ്പോൾ ഇടയ സങ്കൽപ്പങ്ങളിൽ മാറ്റങ്ങളുണ്ടായി. ആചാരാനുഷ്ഠാനങ്ങളിൽ കീഴ്മേൽ മറിച്ചിലുകൾ അനുഭവപ്പെട്ടു. ഇത് സഭയിൽ നവോന്മേഷം പ്രദാനം ചെയ്തു. പുതിയൊരു പന്തക്കുസ്തായുടെ തിരി തെളിഞ്ഞു.

ഈ ഉണർവിന് എത്രയോ മുമ്പ് നിശബ്ദനായി ഇടയാലയങ്ങൾ വിട്ട് പാർശ്വവൽക്കരിക്കപ്പെട്ടവർക്കിടയിലേക്കിറങ്ങിച്ചെന്ന് ഇരുൾമൂടിയ അവരുടെ ജീവിതങ്ങളിൽ സ്നേഹത്തിന്റെ ദീപം തെളിച്ചുവച്ച ഇടയശ്രേഷ്ഠനാണ് ജോസ് പുളിക്കൽ പിതാവ്. പിതാവിന്റെ കാൽനൂറ്റാണ്ട് പിന്നിട്ട പൗരോഹിത്യ ജീവിത വീഥികളിൽ നട്ടു വളർത്തിയ നന്മ മരങ്ങൾക്ക് കീഴേ സാന്ത്വനമേൽക്കുന്നവർ ഇന്ന് ഒട്ടനവധിയാണ്.

## നാലാം പ്രമാണം ധിക്കരിക്കാതെ

ദൈവകൽപനകളിലെ നാലാം പ്രമാണമാണ് 'മാതാപിതാക്കളെ ബഹുമാനിക്കുക' എന്നത്. ഈ പ്രമാണം ധിക്കരിക്കാതെ തന്നെ പിതൃസ്വത്ത് മാതാപിതാക്കൾ ജീവിച്ചിരിക്കേ അനാഥരും അവഗണിക്കപ്പെട്ടവരുമായ കുട്ടികൾക്കായി നൽകിയും, സ്വന്തം മാതാപിതാക്കളെ അവരോടൊപ്പം ചേർത്ത് അവർക്ക് അപ്പനും അമ്മയുമായി നൽകിയും പുതിയൊരു ജീവിതസരണി തുറന്നിട്ട ഇടയനാണ് കാഞ്ഞിരപ്പള്ളി രൂപതയുടെ കൊച്ചുപിതാവായി അഭിഷിക്തനായ ജോസ് പുളിക്കൽ പിതാവ്.

അനാഥ കുഞ്ഞുങ്ങൾക്കായി തന്റെ അവകാശ ഭവനവും സ്വന്തം മാതാപിതാക്കളെയും നൽകി പരസ്നേഹത്തിന്റെ പുത്തൻ പ്രമാണം ജോസ് പുളിക്കലച്ചൻ എഴുതിച്ചേർത്തു. അച്ചൻ തെളിച്ചുവച്ച സ്നേഹദീപം അണയാതെ സൂക്ഷിക്കാൻ ഏൽപ്പിച്ചതോ, സിസ്റ്റേഴ്സ് ഓഫ് ദ് ഹോളിസ്പിരിറ്റ് സന്യാസിനി സമൂഹത്തെയും.

സേവനസന്നദ്ധരും തീക്ഷ്ണമതികളുമായ ഹോളിസ്പിരിറ്റ് സഹോദരിമാർ ഈ പ്രേഷിതദൗത്യം സന്തോഷപൂർവം ഏറ്റെടുത്തപ്പോൾ സ്നേഹത്തിന്റെ, കരുണയുടെ ദീപം തെളിക്കുകയായിരുന്നു.

## സ്നേഹദീപം തെളിയുന്നു

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" എന്ന തിരുവചനം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പുളിക്കലച്ചൻ നിശ്ചയിച്ചുറപ്പിച്ചപ്പോൾ തന്റെ മന



സ്സിന്റെ എല്ലാ നിയോഗങ്ങളും ആഗ്രഹങ്ങളും ദൈവഹിതത്തോട് ചേർത്തുവച്ചു. അതിന്റെ പരിണിതഫലമായിരുന്നു 1994 ജൂലൈ മൂന്നിന് കാഞ്ഞിരപ്പള്ളി ഇഞ്ചിയാനിയിൽ തിരിതെളിഞ്ഞ 'സ്നേഹദീപം.'

എട്ടു കുഞ്ഞുങ്ങളോടുകൂടി തെളിക്കപ്പെട്ട സ്നേഹദീപത്തിൽ നിന്നും പ്രസരിച്ച പ്രകാശകിരണങ്ങളും പ്രത്യാശയുടെ നറുനിലാവും ഏറ്റുവാങ്ങി നൂറുകണക്കിന് കുഞ്ഞുങ്ങൾ ഇവിടേക്ക് കടന്നു വന്നു. ഈ ഹരിതത്തണലിൽ വളർന്ന് പന്തലിച്ച അനേകർ ഇന്ന് കേരളത്തിലും പുറത്തുമായി വ്യത്യസ്ത തൊഴിൽ മേഖലകളിൽ വ്യാപരിക്കുകയും ഉന്നത വിദ്യാഭ്യാസം തുടരുകയും ചെയ്യുന്നുണ്ട്. അച്ചടക്കത്തോടെ, സൽസ്വഭാവികളാക്കി കുട്ടികളെ വളർത്തുക എന്നതാണ് സ്നേഹദീപത്തിലെ പരിശീലനത്തിന്റെ ലക്ഷ്യം. ദൈവപരിപാലനയിൽ രൂപപ്പെട്ട ഈ ഭവനം അതിനാൽ കഴിഞ്ഞ 22 വർഷങ്ങളായി അണയാതെ ജ്വലിച്ചു പ്രഭ പരത്തിക്കൊണ്ടിരിക്കുകയാണ്.

## കാത്തിരിപ്പിന്റെ സമ്മാനം

"ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ." സമർപ്പണത്തിന്റെയും, ദാരിദ്ര്യത്തിന്റെയും, അനുസരണത്തിന്റെയും ആകത്തുകയായ ഈ വചനഭാഗം പുളിക്കൽ പിതാവിന്റെ ജീവിതത്തിൽ പ്രകടമായ ഒന്നാണ്. എളിമയും വിനയവും വിശുദ്ധിയും നിറഞ്ഞുനിൽക്കുന്ന ഒരു ജീവിതമാണ് പിതാവിന്റേത്. ദൈവപരിപാലനയിലുള്ള പൂർണ്ണമായ ആശ്രയബോധവും, ദൈവത്തിലുള്ള ആഴമേറിയ വിശ്വാസവും പിതാവിന്റെ ജീവിതവിജയത്തിന്റെ യഥാർത്ഥവഴികളായി മനസ്സിലാക്കുന്നു.

അറിഞ്ഞും അറിയാതെയും ഒരു വ്യക്തിയെപ്പോലും വേദനിപ്പിക്കാനോ മാറ്റിനിർത്താനോ ആഗ്രഹിക്കാത്ത ഒരു സ്വഭാവ സവിശേഷതയാണ് പിതാവിന്റേത്. മാതാപിതാക്കളിൽനിന്നും ലഭിച്ച പ്രാർത്ഥനാ ചൈതന്യവും ദൈവവിശ്വാസവും പിതാവിനെ മികച്ച വ്യക്തിത്വത്തിന്റെ ഉടമയാക്കിത്തീർത്തു. മാതാപിതാക്കളുടെ പ്രാർത്ഥനയിൽ കുതിർന്ന ത്യാഗത്തിന്റെയും നീണ്ട 20 വർഷത്തെ കാത്തിരിപ്പിന്റെയും ഒത്തിരി നേർകാഴ്ചകളുടെയും ഫലമായിട്ടാണ് പിതാവ് ജനിക്കുന്നതുതന്നെ. അതുപോലെതന്നെ ത്യാഗനിർഭരമായ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായിട്ടാണ് 'സ്നേഹദീപം' തെളിയുന്നതും.

## ജീവിത രേഖ

ദൈവത്തിന്റെ അനന്തസ്നേഹ പദ്ധതിയിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ ഇഞ്ചിയാനി ഹോളി ഫാമിലി ഇടവകയിൽ പുളിക്കൽ ആന്റണി– മറിയം ദമ്പതികളുടെ ഏകമകനായി 1964 മാർച്ച് മൂന്നിനാണ് ജോസിന്റെ ജനനം. പ്രാഥമിക വിദ്യാഭ്യാസം ഇഞ്ചിയാനി ഹോളി ഫാമിലി യു.പി സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം മുണ്ടക്കയം സി.എം.എസ്.എച്ച്.എസിലും, പ്രീഡിഗ്രി കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലും പൂർത്തീകരിച്ചു.

എളിയവർക്കുവേണ്ടി ഈശോയുടെ നാമത്തിൽ സാഹസികമായി ജീവിക്കാനുള്ള ആഗ്രഹത്തോടെ, നിരവധി പ്രതിസന്ധികൾ തരണം ചെയ്ത് 1981 ജൂൺ 21–ന് കാഞ്ഞിരപ്പള്ളി രൂപതയുടെ പൊടിമറ്റം മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1991 ജനുവരി ഒന്നിന് ബി ഷപ് മാർ മാത്യു വട്ടക്കു ഴിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ബെം ഗലുരു സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രത്തിലും, മദ്രാസ് യൂണിവേഴ്സിറ്റിയിൽ നി ന്നും സൈക്കോളജിയി ലും ബിരുദാനന്തരബിരുദങ്ങൾ നേടി. ബെംഗലുരു ധർമ്മാരാം വിദ്യാക്ഷേത്രത്തിൽനിന്നും ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.




## സേവനമേഖലകൾ

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കത്തീഡ്രൽ സഹവികാരിയായാണ് ഇദ്ദേഹം പൗരോഹിത്യ ശുശ്രൂഷയാരംഭിച്ചത്. സെമിനാരി പഠനകാലം മുതൽക്കേ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപരനായിരുന്നതിനാൽ റവ.ഡോ ജോസ് പുളിക്കൽ പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ പ്രാരംഭ പുനരധിവാസ കേന്ദ്രമായ തൃശൂർ വെട്ടുകാട് സ്നേഹാശ്രമത്തിൽ രണ്ട് വർഷം സേവനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും മിഷൻ ലീഗിന്റെയും ഡയറക്ടറായി എട്ടുവർഷം പ്രവർത്തിച്ചു. പത്തനംതിട്ട ഫൊറോന വികാരി, റാന്നി- പത്തനംതിട്ട റീജണിന്റെ പ്രത്യേകചുമതലയുള്ള വികാരി ജനറൽ, രൂപതയിലെ ഇടവകകളുടെയും വൈദികരുടെയും മേൽനോട്ടം വഹിക്കുന്ന സിഞ്ചെല്ലൂസ് എന്നീ നിലകളിലും നിയുക്ത ബിഷപ് സേവനം ചെയ്തിട്ടുണ്ട്.

> “ കരുണയുടെ വർഷത്തിൽ മെത്രാനായി ജോസ് പുളിക്കലച്ചൻ അഭിഷിക്തനാകുമ്പോൾ കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ദൈവം നൽകിയ കാരുണ്യ സമ്മാനമാണ് ഈ ഇടയൻ. ”

## ചിന്തകനും എഴുത്തുകാരനും

പിതാവ് ഒരു നല്ല ചിന്തകനും എഴുത്തുകാരനും പ്രഗത്ഭനായ പ്രസംഗകനുമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലും ലേഖനങ്ങൾ എഴുതുന്നുണ്ട്. സ്നേഹവിസ്ഫോടനത്തിന്റെ ദിവ്യസ്പന്ദനങ്ങൾ, Jesus the Dynamic way, Pilgrim Dynamics of Jesus Community, ഹൃദയനിലത്തെ മഴപെയ്ത്ത്, പുഴയുടെ ഹൃദയം പോലെ തുടങ്ങിയവ പിതാവിന്റെ പ്രസിദ്ധ കൃതികൾ ആണ്. ഇതുകൂടാതെ ശാലോം ടെലിവിഷനിലെ പ്രഭാഷകനുമാണ്. പഥികമുദ്രകൾ, നിത്യവിസ്മയങ്ങൾ മുതലായ എപ്പിസോഡുകൾ വളരെ പ്രശംസനീയങ്ങളാണ്.

## ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

പൗരോഹിത്യത്തിന്റെ പൂർണതയായ മെത്രാൻ നിയോഗം ഏറ്റെടുത്തപ്പോൾ തമ്പുരാന് മുമ്പിൽ ജീവിതം സമർപ്പിച്ചുകൊണ്ട് പിതാവ് സ്വീകരിച്ച ആപ്ത

വാക്യം, 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവു' മെന്നതാണ്. ഇത് ജോസ് പിതാവിന് വളരെ അനുയോജ്യമായതും പിതാവ് ആയിരിക്കേണ്ടതുമായ ഒരു യാഥാർത്ഥ്യമാണ്. പിതാവിന്റെ സാന്നിദ്ധ്യം എപ്പോഴും ഉപ്പുപോലെ രുചി പകരുന്നതും, ഇരുളടഞ്ഞ ജീവിതങ്ങൾക്ക് വെളിച്ചമേകുന്നതുമാണ്. ഇതിന്റെ ഉത്തമ ഉദാഹരണമാണ് ഇഞ്ചിയാനിയിലെ സ്നേഹദീപം.

സമൂഹത്തിൽ അവഗണിക്കപ്പെടുന്ന കുഞ്ഞോമനകൾക്കുവേണ്ടി തന്റെ ഭവനവും സ്വത്തും ത്യജിക്കാൻ തയ്യാറായതും, വളരെകാലത്തെ ത്യാഗപൂർണ്ണമായ പ്രാർത്ഥനയുടെയും ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസത്തിന്റെയും ഫലമായി എളിയവർക്കുവേണ്ടി ഇങ്ങനെയൊരു ഭവനം രൂപപ്പെട്ടതും ദൈവികപദ്ധതിയുടെ ഭാഗംതന്നെ. പിതാവിന്റെ ഇടയ്ക്കിടയ്ക്കുള്ള സന്ദർശനവും, സാന്നിധ്യവും ഭവനവാസികളിൽ എപ്പോഴും ഉൻമേഷം പകരുന്നതും അനുഗ്രഹപ്രദവുമാണ്. അദ്ദേഹത്തെ കാത്തിരിക്കുന്ന ഒരു വീടും കുടുംബാംഗങ്ങളും സ്നേഹദീപത്തിൽ എന്നുമുണ്ട്. ഈ ഭവനത്തിലെ ശുശ്രൂഷയിലൂടെ എന്നും ആത്മീയ ഉണർവ്വും ഉന്മേഷവും അന്തേവാസികൾക്കും ഹോളി സ്പിരിറ്റ് സന്യാസിനികളായ ഞങ്ങൾക്കും ലഭിക്കുന്നു.

പിതാവിന്റെ അടിസ്ഥാനപരമായിട്ടുള്ള ജീവിതലാളിത്യവും, എളിമയും, വിനയവും എടുത്തുപറയേണ്ടതു തന്നെയാണ്. പുളിക്കൽ പിതാവ് ഏറ്റെടുത്തിരിക്കുന്നതും ദൈവപിതാവിനാൽ ഏൽപ്പിക്കപ്പെട്ടതുമായ ഈ വലിയ നിയോഗം ദൈവികപദ്ധതിയുടെ പൂർണ്ണതയിൽ നിർവ്വഹിക്കപ്പെടുവാനുള്ള വലിയ കൃപയ്ക്ക് വേണ്ടി കാഞ്ഞിരപ്പള്ളി രൂപതാ വിശ്വാസി സമൂഹത്തോടൊപ്പം സ്നേഹദീപം കുടുംബാംഗങ്ങളും പ്രാർത്ഥിക്കുന്നു. ജീവിതത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട അനേകം മക്കൾക്ക് ജീവിതത്തിൽ വെളിച്ചമേകിയ സ്നേഹമുള്ള പിതാവിന്റെ ഉയർച്ചയിൽ ഇന്ന് സ്നേഹദീപം വളരെ അഭിമാനത്തിലും ആഹ്ലാദത്തിലുമാണ്.

ഇടയനായിരിക്കേ തന്നെ സ്നേഹത്തിന്റെ ദീപം തെളിച്ച ജോസ് പുളിക്കൽ പിതാവ് വടിയും വരദാനങ്ങളുമായി ഇടയദൗത്യത്തിന്റെ പുതിയ ശുശ്രൂഷാ മേഖലകൾ പിന്നിടുമ്പോൾ കടന്നു ചെല്ലുന്നിടങ്ങളിലൊക്കെ സ്നേഹത്തിന്റെ, കരുണയുടെ ജ്യോതി തെളിച്ചുവയ്ക്കട്ടെ! ■


വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന

**ജീസസ് മിഷൻ ധ്യാനം**

**ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ**

**ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും**

- കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്ക് നയിക്കുന്ന വചനശുശ്രൂഷകൾ
- സ്വർഗീയ അനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ
- ദൈവിക ജീവനേകുന്ന ദിവ്യബലി
- ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന ആക്ഷൻസോംഗ്, ഓഡിയോ – വിഷ്വൽ പ്രോഗ്രാം
- ദൈവമനുഷ്യ അനുരഞ്ജന ശുശ്രൂഷ
- സാക്ഷ്യമേകുന്ന ബൈബിൾ റാലി
- ആത്മീയ അനുഭൂതി പകരുന്ന ഗാനശുശ്രൂഷകൾ
- സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

Director, Jesus Mission
Vincentian Vidyabhavan, P.B. No. 603, U.C. College P.O., Aluva - 683102
Phone: 9061248627, 0484-2604404, 2605147

# ദളിതനായ രോഹിത് കൊല്ലപ്പെട്ടത് എന്തിന്?

ലാസർ ഷൈൻ
*മാധ്യമപ്രവർത്തകൻ*

മാത്തൻ പുലയനെന്നും പറയി മറിയയെന്നും വിളിച്ച് അപമാനിക്കപ്പെടുന്നവരുണ്ട് ഇന്നും കേരളത്തിൽ. ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുമതം സ്വീകരിച്ചിട്ടും അവരെ ദളിതരായി ജാതീയമായി അവഹേളിക്കുന്ന വിളികളും അകറ്റി നിർത്തലും കുറഞ്ഞിട്ടുണ്ടോ? അവരിൽ പെടുന്ന ഒരാൾ തൂങ്ങിമരിച്ചു. അതിൽ നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്.

മനുഷ്യരാശിക്കു മേൽ വീണ്ടും കറുത്ത ചോര വീണിരിക്കുന്നു. രോഹിത് വെമുല ആത്മഹത്യ ചെയ്തിരിക്കുന്നു. അല്ല കൊല്ലപ്പെട്ടിരിക്കുന്നു!

രോഹിത് വെമുല, ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ തയ്യൽപ്പണി ചെയ്യുന്ന അമ്മയുടേയും ആശുപത്രി വാച്ച്മാനായ അച്ഛന്റേയും മകൻ. ജാതിവിവേചനങ്ങളോട് ജീവിതം വച്ച് പൊരുതി യുജിസി ഫെല്ലോഷിപ്പോടു കൂടി ഹൈദ്രബാദ് കേന്ദ്ര സർവ്വകലാശാലയിൽ ശാസ്ത്ര സാങ്കേതിക സാമൂഹിക വിഭാഗത്തിൽ ഗവേഷകനായിരുന്നു. ദളിതനെന്ന നിലയിലുള്ള പീഡനങ്ങളുടെ ഒടുവിൽ രോഹിത് ജീവനിൽ കുരുക്കിട്ടു. അധികാരത്തിന്റെ കൊലപാതകമാണതെന്ന് വെളിവാക്കപ്പെട്ടു. ജീവൻ തുടിക്കുന്നൊരു മരണക്കുറിപ്പെഴുതി രോഹിത് ചോദിക്കുന്നത് കുറേ ചോദ്യങ്ങളാണ്. ആദ്യ ചോദ്യങ്ങൾ മനുഷ്യരായി പിറന്ന ഓരോരുത്തരോടുമുള്ളതാണ്. ദളിതനായി പിറക്കുന്നത് ഒരു തെറ്റാണോയെന്ന ചോദ്യമാണതിൽ പ്രധാനം. ദളിതനായതു കൊണ്ടു മാത്രം കൊല്ലപ്പെടേണ്ടിയും ആത്മഹത്യ ചെയ്യപ്പെടേണ്ടിയും പലായനം ചെയ്യപ്പെടുകയും ചെയ്ത ലക്ഷങ്ങളുടെ രക്തസാക്ഷി മണ്ഡപമാണ് രോഹിത് വെമുല.

സംഭവങ്ങൾ തുടങ്ങുന്നത് ചരിത്രാതീത കാലത്തു നിന്നാണ്. കറുത്തവനു മേൽ അധികാരം ആയുധവും ബലവും പണവും ആചാരങ്ങളും കൊണ്ട് മേധാവിത്വം സ്ഥാപിച്ച ഏതോ കലത്തു നിന്ന്. പക്ഷെ, രോഹിതിന്റെ ആത്മഹത്യയിലേയ്ക്ക് നയിച്ച പെട്ടെന്നുള്ള കാരണം ഏതാണ്ട് തുടങ്ങുന്നത് 'മുസാഫിർ നഗർ ബാക്കി ഹെ' എന്ന ഡോക്കുമെന്ററിയുടെ പ്രദർശനം ഡൽഹി സർവ്വകലാശാലയിൽ കേന്ദ്രം ഭരിക്കുന്ന ബിജെപിയുടെ വിദ്യാർത്ഥി സംഘമെന്ന അധികാരം ഉപയോഗിച്ച് അക്രമണോത്സുകമായി എബിവിപി തടഞ്ഞിടത്തു നിന്നാണ്. രോഹിത് അംഗമായ അംബേദ്കർ സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന വിദ്യാർത്ഥി പ്രസ്ഥാനം ഹൈദ്രബാദിൽ ആ അക്രമണത്തിനെതിരെ പ്രതിഷേധം സംഘടിപ്പിച്ചു. രോഹിതിന്റെ കൂടി നേതൃത്വത്തിൽ. അതേ സർവ്വകലാശാലയിലെ എബിവിപി നേതാവിന് അതത്ര പിടിച്ചില്ല. അവിടെയാകട്ടെ എബിവിപി പേരിനുമാത്രമുള്ള സംഘടനയാണ്. എസ്എഫ്ഐ മുന്നണിയാണ് യൂണിയൻ ഭരിക്കുന്നത്. സുശീൽകുമാർ എന്ന എബിവിപി നേതാവ് കുറച്ചുകൂടി കടന്നൊരു ഹീന പ്രവർത്തിയാണ് ചെയ്തത് - എഎസ്എ ഗുണ്ടകളാണ് തെമ്മാടിത്തരത്തെക്കുറിച്ച് സംസാരിക്കുന്നത്; തമാശ തോന്നുന്നു - എന്നൊരു ഫേസ്ബുക്ക് പോസ്റ്റിട്ടു. വിദ്യാർത്ഥികൾ ആ പോസ്റ്റിനെതിരെ സംഘടിതമായാണ് പ്രതിഷേധിച്ചത്. ആ പോസ്റ്റിട്ടയാളിൽ നിന്ന് മാപ്പെഴുതി വാങ്ങിയാണ് ആ പ്രതിഷേധം അടങ്ങിയത്.

പക്ഷെ, പിറ്റേന്ന് പുറത്തെ രാഷ്ട്രീയം നാടകീയമായ ഇടപെടലുകൾ തുടങ്ങിയിരുന്നു. എഎസ്എ പ്രവർത്തകർ സുശീൽകുമാറിനെ ആക്രമിച്ചു എന്നതായിരുന്നു ആരോപണം. അന്വേഷണ കമ്മീഷനും മെഡിക്കൽ ബോർഡും ഈ ആരോപണം തള്ളി.



അയാൾക്ക് അന്നു നടന്ന ശസ്ത്രക്രിയ അപ്പെൻഡി സൈറ്റിസിനായിരുന്നു എന്നു തെളിയുകയും ചെയ്തു. ബിജെപി എംഎൽഎ രാമചന്ദ്രബാബു, വൈസ്ചാൻ സലർ ആർ.പി ശർമ്മയെ കാണുകയും കേന്ദ്ര തൊ ഴിൽ മന്ത്രിയും പ്രാദേശിക നേതാവുമായ ബന്ദാരു ദ ത്താത്രേയ കേന്ദ്ര മാനവശേഷി വികസന മന്ത്രി സ്മൃ തി ഇറാനിക്ക് കത്ത് നൽകുകയും ചെയ്തതോടെ സർ വ്വകലാശാല കരണം മറിഞ്ഞു. അകാരണമായി ദളിത് വിദ്യാർത്ഥികൾ സസ്പെൻഡ് ചെയ്യപ്പെട്ടു. വിദ്യാർ ത്ഥികൾ ഒന്നടങ്കം ഇതിനെ എതിർത്തപ്പോൾ സസ് പെൻഷൻ തീരുമാനത്തിൽ നിന്ന് പിന്മാറുകയും പുന രന്വേഷണം നടത്താമെന്ന് ഉറപ്പു കൊടുക്കുകയും ചെയ്തു.


എന്നാൽ കേന്ദ്ര സർക്കാർ അപ്പോഴേയ്ക്കും നിയ മിച്ച പുതിയ വൈസ്ചാൻസലർ ആരുടെയോ തീരു മാനം നടപ്പിലാക്കുന്നതു പോലെ പുനരന്വേഷണം നടത്തിയില്ല. മാത്രമല്ല സാമൂഹ്യവിലക്ക് ആ വിദ്യാർ ത്ഥികൾക്ക് ഏർപ്പെടുത്തുകയും ചെയ്തു- ഹോസ് റ്റൽ, പൊതുസ്ഥലങ്ങൾ, ഭരണസ്ഥാപനം, വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് എന്നിവയിൽ നിന്നും വില ക്കുന്നതായിരുന്നു ആ ഉത്തരവ്. ഞെട്ടിപ്പിക്കുന്നത്- എന്നാണ് സർവ്വകലാശാലയിലെ ജോയിന്റ് ആക്ഷൻ കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ് ഈ ഉത്ത രവിനെ വിലയിരുത്തിയത്.

അതെ. ഞെട്ടിപ്പിക്കുന്നതായിരുന്നു അതെല്ലാം. തി കച്ചും ഫാസ്റ്റായ ഒരു ഭരണ സംവിധാനം ജനാധിപ ത്യത്തിനു മേൽ അഴിഞ്ഞാടുകയായിരുന്നു പിന്നീട്. ഇന്ത്യൻ ഭരണഘടനയെ ശത്രുവായി കാണുന്ന കൂട്ടം കാലാകാലങ്ങളായി ദളിതരോടും ന്യൂനപക്ഷങ്ങ ളോടും സ്ത്രീകളോടും പുലർത്തുന്ന ഹിംസാത്മക രാഷ്ട്രീയം പ്രയോഗിക്കപ്പെടുന്നതിന്റെ ജീവിക്കുന്ന ഉദാഹരണമായിരുന്നു രോഹിതുൾപ്പടെ പുറത്താക്ക പ്പെട്ട വിദ്യാർത്ഥികൾ.

തങ്ങളോട് വിയോജിക്കുന്നവരെ തേടിപ്പിടിച്ച് വേട്ട യാടി നശിപ്പിക്കുന്ന ഫാസിസ്റ്റ് അധികാരത്തിന്റേയും സർവ്വകലാശാലകൾ ഉൾപ്പെട്ട സമൂഹത്തിന്റെ സമ സ്തമേഖലകളിലും തങ്ങളുടെ മേൽക്കോയ്മ നില നിർത്തുന്നതിന് തന്ത്രങ്ങൾ മെനയുന്ന ജാതി താൽ പ്പര്യങ്ങളുടേയും സംയുക്ത പ്രയോഗമാണ് ഹൈദ്ര ബാദ് കേന്ദ്ര സർവ്വകലാശാലയിൽ കണ്ടത്. പുറത്താ ക്കപ്പെട്ട അഞ്ചുപേരും സാമ്പത്തിക- ജാതി ശ്രേണി യുടെ അടിത്തട്ടിൽ നിന്നും ഉയർന്നു വന്നവരായിരു ന്നു എന്നത് യാദൃശ്ചികമായി കാണാനാവില്ല.

സർവ്വകലാശാലകളെ നവലിബറൽ മുതലാളിത്ത ത്തിന് ആവശ്യമായ തൊഴിൽ സേനയെ സൃഷ്ടിക്കാ നും അവർക്കാവശ്യമായ ഗവേഷണങ്ങൾ നടത്താനു മുള്ള ഇടങ്ങളാക്കി ചുരുക്കി. അതേസമയം മനുധർമ്മ ശാസനകളിലൂന്നിയ ഏകതാനമായ ഒരു ദേശീയ സാം സ്ക്കാരികത സൃഷ്ടിക്കാനും അതിനു സാധുത നൽ കാനുള്ള ഉപകരണമായി മാറ്റിയെടുക്കാനും ലക്ഷ്യ മിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഭരണകൂട നേതൃ ത്വത്തിൽ അരങ്ങേറി എന്നത് ഊട്ടിയുറപ്പിക്കുന്നതുമാ യിരുന്നു ഹൈദ്രബാദ് സർവ്വകലാശാലയിലെ ഇപ്പോ ഴത്തെ സംഭവങ്ങളെന്ന് ലോകമാകെ നിന്നുള്ള ഗവേ ഷക കൂട്ടം സംയുക്ത പ്രസ്താവനയിൽ പറയുന്നു. ആരോപണം നിസ്സാരമല്ല. ആരോപണം ഉയർത്തുന്ന തും നിസാരരല്ല. ഇത്രയ്ക്ക് ഗൗരവമുള്ള സംഭവവി കാസങ്ങളാണ് ഇന്ത്യയിൽ ഓരോ നിമിഷവും സംഭവി ക്കുന്നത്. അതിന്റെ വർഗ്ഗീയ വിഷം കേരളത്തിന്റെ ഞ രമ്പുകളിലേയ്ക്കും ബോധപൂർവ്വം കടത്തി വിടുന്നത് നമ്മളും അറിഞ്ഞു തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ സം സ്ക്കാരത്തിന്റെയും തത്വശാസ്ത്രത്തിന്റേയും മാനവി കവും സാർവ്വലൗകികവുമായ വീക്ഷണങ്ങൾ തിരസ് ക്കരിച്ച് ഫാസിസ്റ്റ് കെട്ടുകഥകൾ സൃഷ്ടിക്കപ്പെടുകയാ ണ്. അതിനെതിരെ ശബ്ദമുയർത്തുന്ന എഴുത്തുകാരെ യും ചിന്തകരേയും കൊന്നൊടുക്കാൻ മടിക്കുന്നുമില്ല.

രോഹിത് ഒരു ചിന്തകനും എഴുത്തുകാരനുമായി രുന്നു. മാർക്സിനേയും അംബേദ്കറേയും ഒന്നിപ്പി ക്കുന്നതായിരുന്നു രോഹിതിന്റെ ചിന്താധാര. മുൻപ് അംഗമായിരുന്ന സിപിഐ (എം) വിട്ട് അതിന്റെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്നിറങ്ങി അംബേദ്ക റിസത്തിലൂന്നിയ എഎസ്എയിലേയ്ക്ക് രോഹിത് എ ത്തുന്നതും അയാളിലെ ചിന്തയുടെ തീക്ഷ്ണതയിൽ നിന്നാണ്.



*രോഹിതിന്റെ മരണത്തെ തുടർന്ന് സമരവേദിയിൽ രാഹുൽ ഗാന്ധി*

സർവ്വകലാശാലയിൽ, ഇപ്പോഴത്തെ സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യച്ചൂരി സ്വകാര്യ മേഖലയിലും ജാതിസംവരണം ആവശ്യപ്പെട്ട് പ്രസംഗിച്ച ദിവസം രോഹിതിട്ട മറുകുറിപ്പിൽ യച്ചൂരി ചോദ്യം ചെയ്യപ്പെട്ടു– 51 കൊല്ലമായി സിപിഐ എമ്മിന്റെ പോളിറ്റ് ബ്യൂറോയിൽ ഒരൊറ്റ ദളിത് അംഗം പോലും ഇല്ലാത്തതിനെയാണ് രോഹിത് വിമർശിച്ചത്. ഈ വിമർശനം ഇന്ത്യൻ സഭകളും തങ്ങളോട് മറ്റൊരു വിധത്തിൽ ചോദിക്കേണ്ടതുണ്ട്. ദളിത് ക്രൈസ്തവരായ എത്ര അച്ചന്മാർ സഭയിലുണ്ട്?

രോഹിത് എഴുതി– ഓരോരുത്തരിൽ നിന്നും അവരുടെ ശേഷിക്കനുസരിച്ച് ഓരോരുത്തർക്കും അവരുടെ ആവശ്യത്തിനനുസരിച്ച് എന്ന് മാർക്സ് എഴുതിയത് എന്താണെന്ന് മനസിലാക്കാൻ സഖാക്കൾ ഒരു നേരമെങ്കിലും ചെലവഴിക്കണം. ഇന്ത്യൻ സമൂഹത്തിലെ ദളിത് നേതാക്കളുടെ ആവശ്യങ്ങളോട് കണ്ണടയ്ക്കുന്നത് ഇടതുപക്ഷത്തിന്റെ ഭാഗത്തു നിന്നുള്ള മനപൂർവ്വമായ മര്യാദകെട്ട വിഡ്ഢിത്തമാണ്.

സമൂഹത്തിൽ ദളിത് നേതാക്കൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രസ്ഥാനം എന്ന നിലയിൽ രാഷ്ട്രീയ പാർട്ടികൾക്ക് മാത്രമല്ല അത് സഭകൾക്കും ബാധകമാണ്. സവിശേഷ സാഹചര്യത്തിൽ വളർന്ന വരേണ്യരാണ് മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ പോലും തലപ്പത്ത്. ദളിത് സാഹചര്യങ്ങളിൽ വളർന്നവരെ ബോധപൂർവ്വം സാമൂഹിക പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലേയ്ക്ക് ഉയർത്തി കൊണ്ടുവരുമ്പോൾ ദാരിദ്ര്യവും സാമൂഹിക അസമത്വങ്ങളുമടക്കം പരിഹരിക്കാൻ എളുപ്പമാകും. യഥാർത്ഥ പ്രശ്നങ്ങളെ ജീവിച്ചറിഞ്ഞവർ കൂടി നയിക്കുന്ന പ്രസ്ഥാനങ്ങൾ ലക്ഷ്യത്തോട് കൂടുതലടുക്കും. നമ്മുടെ സർവ്വകലാശാലകളടക്കം നയിക്കുന്നത് വരേണ്യ താൽപ്പര്യങ്ങളുള്ളവരാണ്.

ദളിതരുടെ മോചനവുമായി ബന്ധപ്പെട്ട് ഗാന്ധിയും അംബേദ്കറും ഇരു ചേരികളിൽ നിന്ന് പോരടിച്ചപ്പോൾ അംബേദ്കറിന് എതിരായിരുന്നു വരേണ്യരും വലതുപക്ഷവും ഇ എംഎസ് നമ്പൂതിരിപ്പാടടക്കമുള്ള കമ്യൂണിസ്റ്റുകളുമെന്ന വിമർശനം രോഹിതിന്റെ മരണത്തോടെ കൂടുതലുറക്കെ ഉയരുകയാണ്. ജാതിവ്യവസ്ഥയ്ക്കെതിരെ പോരാടിയ രോഹി തടക്കമുള്ളവരെ ജാതിവാദികളായി ചിത്രീകരിക്കുന്നത് ശരിയല്ല. ദളിത് ക്രൈസ്തവർ എന്നൊന്നില്ല, ക്രൈസ്തവരെ ഉള്ളുവെന്ന് വാദിക്കുന്നതും ശരിയല്ല. സാമ്പത്തികവും സാമൂഹികവുമായ അസമത്വം അനുഭവിക്കുന്ന ജനതയെ പ്രത്യേകമായി പരിഗണിക്കുകയാണ് നല്ല ഇടയന്റെ ഉപമയൊക്കെ പഠിപ്പിക്കുന്നത്. ഒറ്റപ്പെട്ടവരെ കൂട്ടത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ നടത്തേണ്ട ശ്രമങ്ങൾ വളരെ വലുതു തന്നെയാണ്. രാജ്യമാകെ സ്വയംഭരണമുൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള സഭയും രോഹിത് ഉയർത്തുന്ന ചോദ്യങ്ങളെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. സഭകളുടെ സ്ഥാപനങ്ങളിൽ ദളിതർ പരിഗണിക്കപ്പെടുന്നുണ്ടോയെന്നും സാമ്പത്തികമായ അസമത്വത്തിൽ ഒറ്റപ്പെട്ട വിദ്യാർത്ഥികളെ പ്രത്യേകമായി പരിഗണിക്കാനാവുന്നുണ്ടോയെന്നതും പരിശോധിക്കുക സാമൂഹിക സ്ഥാപനമെന്ന നിലയിൽ സഭയുടെ കടമയാണ്.

ഇന്ത്യയുടെ സാംസ്ക്കാരിക ഔന്നത്യം നിലനിർത്താനും ഇവിടെ ഓരോ ജനവിഭാഗത്തിനും അന്തസോടെ ജീവിക്കാനും കഴിയേണ്ടതുണ്ട്. ദളിതന്റെ കഴുത്തിൽ കുരുക്കു മുറുകുമ്പോൾ അതെന്റെ കഴുത്തിലല്ല എന്നത് ആശ്വാസം സൃഷ്ടിക്കുന്നുവെങ്കിൽ, അതിലും വലിയ ആപത്തില്ല. ഇന്ത്യ ഇന്ത്യയായി തുടർന്നാൽ മാത്രമാണ് ഇവിടെ കുരിശുകൾക്ക് പള്ളിയിൽ തലയുയർത്തി നിൽക്കാനാവു. മോസ്ക്കുകൾക്ക് ബാങ്കുവിളിക്കാൻ പറ്റൂ. ദളിതർക്ക് അവരുടെ ദൈവങ്ങളെ പൂജിക്കാനാവൂ. ഇന്ത്യ അതിന്റെ എല്ലാ വൈവിധ്യങ്ങളോടും കൂടി നിലനിന്നില്ലെങ്കിൽ ളോഹ ബാഗിനുള്ളിലിട്ട് രഹസ്യസ്ഥലങ്ങളിൽ പോയി ആരും കേൾക്കാതെ കുർബ്ബാന അർപ്പിക്കേണ്ടി വരും. രോഹിതിന്റെ മരണം, ഓരോരുത്തരുടേതും കൂടിയാണ്; അത് ളോഹ

യിടുന്നവരുടേതും നിസ്ക്കരിക്കുന്നവരുടേതുമാണ്.

ദളിതരേയും കമ്യൂണിസ്റ്റുകളേയും ആദിവാസികളേയും ചില ന്യൂനപക്ഷങ്ങളേയും മാത്രമാണ് 'അവർ' നോട്ടമിട്ടിരിക്കുന്നത് എന്നു വൃഥാ വിശ്വസിക്കുന്ന പച്ചവെള്ളം ചവച്ചു കുടിക്കുന്ന ചില രാഷ്ട്രീയക്കാരുണ്ട്. അവരിപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ ഭരണഘടനയ്ക്കെതിരെ സ്വന്തം തീവ്രമതബോധം പ്രതിഷ്ഠിക്കാൻ തുനിഞ്ഞിറങ്ങിയവരോട് സഖ്യം കൂടാൻ ഒരുങ്ങുന്നു – അതൊരു ഒറ്റുകൊടുക്കലാണ്.

രോഹിതിന്റെ മരണം, ഓർമ്മിപ്പിക്കലാണ്. അതൊരു പോരാട്ടത്തിനുള്ള ഐക്യമുന്നണിയെ ഓർമ്മിപ്പിക്കുന്നു. നാമാരുമായി കൂട്ടു കൂടി പോരാടണമെന്ന്. ആ പോരാട്ടത്തിലുൾപ്പടെ ദളിതരുടെ നിലയിലാകണം സ്ഥാനം. അല്ലാതെ സമ്പന്നനിരയിൽ ഐക്യം സ്ഥാപിക്കാൻ ശ്രമിച്ചാൽ പള്ളിയിലെ കുരിശു മാത്രമല്ല കഴുത്തിനു മുകളിൽ തലയും ഉണ്ടാകില്ല.

ദളിതന്റെ ജീവിതം ദുസ്സഹമാണ്. രോഹിത് എഴുതിയ അവസാനത്തെ കുറിപ്പ് വായിക്കൂ... 26 വയസ്സുള്ള ഒരു യുവാവിന്റെ വാക്കുകളാണിത്. ജീവിതത്തിന്റെ ആഴം ആ വയസിൽ അവനറിഞ്ഞത് കറുത്തജീവിതത്തിൽ നിന്നാണ്. ആ അനുഭവത്തിന്റെ പീഢ തന്നെയാണ് കുരിശ്.

ജീവിതത്തിലുട നീളം കുരിശു ചുമക്കുന്നവരിൽ, ദളിതരിൽ, ദരിദ്രരിൽ യേശുവിനെ കാണാൻ സാധിച്ചാൽ സ്വയം തീരുമിനിച്ചുറപ്പിച്ച മരണം തിരഞ്ഞെടുത്ത് രക്തസാക്ഷിത്വം വരിച്ച രോഹിതിലും ഒരു പോരാളിയെ കാണാം. മനുഷ്യന്റെ... സ്വന്തം ജനതയുടെ വിമോചനത്തിന്റെ സ്വപ്രസ്ഥാനത്തിന്റെ മുദ്രാവാക്യം എഴുതിയ ബാനർ ഫാനിൽ കെട്ടി അതിന്റെ ഇങ്ങേ അറ്റത്ത് ജീവൻ തൂങ്ങി നിർത്തിയപ്പോൾ, രോഹിത് ഒരു മുദ്രാവാക്യം ഉയർത്തിയിരുന്നു. അവനാരേയും മരണത്തിൽ കുറ്റപ്പെടുത്തുന്നില്ല. എന്റെ പിഴയെന്ന് ആവർത്തിക്കുകയാണ്.

പുറത്താക്കുക മാത്രമായിരുന്നില്ല, പഠനത്തിന്റേയും കുടുംബത്തിന്റേയും ആശ്രയമായ രോഹിതിന്റെ ഫെല്ലോഷിപ്പ് തുകയും തടഞ്ഞു വച്ചു. ഇന്ത്യൻ ഭരണഘടന നൽകുന്ന പരിരക്ഷയിലൂടെയാണ് ആദിവാസി – ദളിത് വിദ്യാർത്ഥികൾ സർവ്വകലാശാലകളിലെ ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് എത്തുന്നത്. സാമ്പത്തിക സ്ഥിതിയില്ലെങ്കിൽ ഉന്നത വിദ്യ അനായാസം നേടാനാവില്ലെന്നത് യാഥാർത്ഥ്യമായ ഇന്ത്യയിൽ നൂറോളം ദളിത് വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായാണ് കണക്ക്. രോഹിത് ആത്മഹത്യ ചെയ്ത ഹൈദ്രബാദിൽ തന്നെ ആത്മഹത്യകൾ നടന്നു. കേരളത്തിലും ഫീസടയ്ക്കാനാവാതെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തു. വേദം പഠിച്ച ശൂദ്രന്റെ ചെവിയിൽ ഈയമാണ് പണ്ട് ഉരുക്കിയൊഴിച്ചതെങ്കിൽ ഇന്ന് അതിലും മേലെയാണ് കാര്യങ്ങൾ. ആയുധാഭ്യാസം പഠിച്ച ഏകലവ്യന്, അവൻ ദളിതനായിരുന്നതു കൊണ്ട് പെരുവിരൽ ഛേദിച്ചു നൽകേണ്ടി വന്നു എന്നൊരു കഥയുണ്ട്; ഇന്നാവട്ടെ വിദ്യ നേടിയ ദളിതൻ സ്വന്തം കഴുത്തറുത്ത് കൊടുക്കേണ്ടി വരുന്നു.

രോഹിതിന്റെ മരണം ദളിത് – ദരിദ്ര ജനതയുടെ പോരാട്ടങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകിയിരിക്കുകയാണ്. ദളിതരോട് തങ്ങളെന്താണ് ചെയ്യുന്നതെന്ന് ഓരോ വ്യക്തിയും പ്രസ്ഥാനവും സ്വയം വിമർശനത്തോടെ പരിഗണിക്കേണ്ട നിമിഷമാണിത്. ജ്ഞാനസ്നാനം ചെയ്യപ്പെട്ട് ക്രൈസ്തവരായവരേയും മാത്തൻ പുലയൻ, പറയി മറിയ എന്ന് വിളിക്കുന്ന കാലമാണ് ഇപ്പോഴും. എങ്കിലും 'ദളിതരും ക്രൈസ്തവ സഭകളും' എന്നത് ഏറെ പരിഗണനയോടെ ചർച്ചയ്ക്കെടുക്കുകയും ദളിതരെ ദളിതരായി കണ്ട് ബോധപൂർവ്വം പരിഗണിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

## നിഴലുകളിൽ നിന്നും നക്ഷത്രങ്ങളിലേക്ക്

*(രോഹിതിന്റെ ആത്മഹത്യക്കുറിപ്പ് പൂർണരൂപം)*

*ഗുഡ് മോണിങ്.*

*നിങ്ങൾ ഈ കത്ത് വായിക്കുമ്പോൾ ഞാൻ നിങ്ങൾക്കൊപ്പം ഉണ്ടായിരിക്കില്ല. എന്നോട് ദേഷ്യം തോന്നരുത്. നിങ്ങളിൽ ചിലർ എന്നെ ശരിക്കും സംരക്ഷിക്കുന്നുണ്ടെന്നും ഒരുപാട് ഇഷ്ടപ്പെടുന്നുണ്ടെന്നും എനിക്കറിയാം. ആരോടും എനിക്ക് പരാതിയില്ല. എല്ലാം എന്റെ കുറ്റവും പ്രശ്നങ്ങളുമാണ്. എന്റെ ആത്മാവും ശരീരവും തമ്മിലുള്ള അന്തരം വർധിക്കുന്നതായി എനിക്കു തോന്നിത്തുടങ്ങിയിട്ടുണ്ട്. ഞാനൊരു ഭീകരരൂപിയായി മാറിയിരിക്കുന്നു.*

*ഞാൻ ഒരു എഴുത്തുകാരനാകാൻ ആഗ്രഹിച്ചു; കാൾ സാഗനെ പോലെ ഒരു ശാസ്ത്രലേഖകൻ. എന്നാൽ അവസാനം ഈ കത്തെഴുതാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ*

*ഞാൻ ശാസ്ത്രത്തെയും നക്ഷത്രത്തെയും പ്രകൃതിയെയും സ്നേഹിച്ചു. എന്നിട്ടും പ്രകൃതിയിൽ നിന്നും അകന്ന ശേഷം മനുഷ്യർ ദീർഘദൂരം താണ്ടിയിരിക്കുന്നു എന്നറിയാതെ ജീവിക്കുന്ന മനുഷ്യരെ ഞാൻ സ്നേഹിച്ചു. ഞങ്ങളുടെ വികാരങ്ങൾ രണ്ടാംതരം മാത്രമാണ്. ഞങ്ങളുടെ സ്നേഹം നിർമ്മിതമാണ്.*

ഞങ്ങളുടെ വിശ്വാസങ്ങൾ നിറംപിടിക്കപ്പെട്ടതാണ്. കൃത്രിമ കലകളിലൂടെയാണ് ഞങ്ങളുടെ മൗലികത സാധുവായിത്തീരുന്നത്. വ്രണപ്പെടാതെ സ്നേഹിക്കുകയെന്നത് തീർത്തും ബുദ്ധിമുട്ടുള്ള കാര്യമായി മാറിയിരിക്കുകയാണ്.

പുറമേ കാണുന്ന സ്വത്വത്തിലും ഏറ്റവുമടുത്ത സാധ്യതകളിലുമൊതുക്കി ഒരു മനുഷ്യന്റെ മൂല്യം ചുരുക്കുകയാണ്; ഒരു വോട്ടിലേക്ക്, ഒരു അക്കത്തിലേക്ക്, അല്ലെങ്കിൽ, ഒരു വസ്തുവിലേക്ക്. എന്നാൽ ഒരു മനുഷ്യനെ ഒരു മനസ്സെന്ന നിലയിൽ ഒരിക്കലും പരിഗണിക്കുന്നേയില്ല.



രോഹിതിനേയും കൂട്ടരേയും ഹോസ്റ്റലിൽ നിന്ന് പുറത്താക്കിയപ്പോൾ

നക്ഷത്ര ധൂളികളിൽ നിന്നാണ് മഹത്തായ ഏതൊരു വസ്തുവും നിർമ്മിക്കപ്പെടുന്നത്; പഠനങ്ങളിലും, തെരുവുകളിലും രാഷ്ട്രീയത്തിലും, ചേതനവും അചേതനവുമായ എല്ലാ മേഖലയിലും.

ഒരു പക്ഷേ എല്ലായ്പ്പോഴും ഈ ലോകത്തെ മനസിലാക്കിയതിൽ എനിക്കു തെറ്റു പറ്റിയതായിരിക്കാം. സ്നേഹവും വേദനയും ജീവിതവും മരണവും മനസിലാക്കുന്നതിൽ. യാതൊരു അത്യാവശ്യവുമില്ല; എന്നിട്ടും ഞാൻ എല്ലായ്പ്പോഴും തിക്കിത്തിരക്കി കൊണ്ടിരിക്കുകയാണ്. ഒരു ജീവിതം തുടങ്ങാൻ പോലും നിരാശ. ചിലയാളുകളെ സംബന്ധിച്ച് എല്ലായ്പ്പോഴും ജീവിതം എന്നതു തന്നെ ഒരു ശാപമാണ്. എന്റെ ജനനം തന്നെയാണ് എനിക്ക് സംഭവിച്ച ഏറ്റവും വലിയ അപകടം. എന്റെ കുട്ടിക്കാലം ഏകാന്തതയിൽ നിന്നും മോചനം നേടാൻ എനിക്കു കഴി ഞ്ഞില്ല. ഭൂതകാലത്ത് അംഗീകരിക്കപ്പെടാതിരുന്ന ഒരു കുട്ടി മാത്രമാണ് ഞാൻ.

ഈ നിമിഷം എനിക്ക് വേദന തോന്നുന്നില്ല. ഞാൻ ദു:ഖിതനുമല്ല. ഞാൻ വെറും ശൂന്യനാണ്. എന്നെക്കുറിച്ച് പോലും ഉത്കണ്ഠയില്ല. അത്തരമൊരവസ്ഥ ദയനീയമാണ്. അതുകൊണ്ടാണ് ഞാനിത് ചെയ്യുന്നത്.

ആളുകൾ ചിലപ്പോൾ എന്നെ ഒരു ഭീരുവോ സ്വാർത്ഥനോ അല്ലെങ്കിൽ ഒരു വിഡ്ഢിയോ ആയി കരുതിയേക്കാം. എന്നെ എന്തു വിളിക്കുന്നു എന്നതിനെ കുറിച്ച് ഞാൻ ആലോചിക്കുന്നില്ല. മരണാനന്തര കഥകളിലും പ്രേതങ്ങളിലും ആത്മാവിലും ഞാൻ വിശ്വസിക്കുന്നുമില്ല. ഞാൻ വിശ്വസിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ, ഞാൻ വിശ്വസിക്കുന്നു എനിക്ക് നക്ഷത്രങ്ങളിലേക്ക് സഞ്ചരിക്കാനാകുമെന്ന്, മറ്റു ലോകങ്ങളെ കുറിച്ച് അറിയാൻ സാധിക്കുമെന്ന്.

ഈ കത്ത് വായിക്കുന്ന നിങ്ങൾക്ക് എനിക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ, ഏഴുമാസത്തെ ഫെലോഷിപ്പ് ആയി എനിക്ക് ഒരുലക്ഷത്തി എഴുപത്തയ്യായിരം രൂപ ലഭിക്കാനുണ്ട്. അത് എന്റെ കുടുംബത്തിന് അത് ലഭിച്ചോ എന്ന് നോക്കണം. രാംജിയ്ക്ക് നാല്പതിനായിരം രൂപ കൊടുക്കാനുണ്ട്. അദ്ദേഹം ഒരിക്കലും അത് തിരികെ ചോദിച്ചിട്ടില്ല. ആ കാശിൽ നിന്നും അദ്ദേഹത്തിനുള്ളത് കൊടുക്കണം.


എന്റെ സംസ്കാര ചടങ്ങുകൾ നിശബ്ദവും ലളിതവും ആകട്ടെ. ഞാൻ പെട്ടെന്ന് വന്നു പോയി എന്ന് മാത്രം കരുതുക. എനിക്ക് വേണ്ടി കണ്ണീർ പൊഴിക്കരുത്. ജീവിച്ചിരിക്കുന്നതിനേക്കാൾ മരണത്തിലാണ് ഞാൻ സന്തോഷവാനായിരിക്കുന്നതെന്ന് അറിയുക.

ഉമ അണ്ണാ, ഇക്കാര്യത്തിന് നിങ്ങളുടെ മുറി ഉപയോഗിച്ചതിന് ക്ഷമിക്കണം. എ.എസ്.എ കുടുംബത്തോട്, എല്ലാവരേയും വിഷമിപ്പിച്ചതിൽ ക്ഷമ ചോദിക്കുന്നു. നിങ്ങളെന്നെ ഒരു പാട് സ്നേഹിച്ചു. നിങ്ങൾക്ക് മികച്ചൊരു ഭാവി ഞാൻ ആശംസിക്കുന്നു


അവസാനമായി ഒരിക്കൽ കൂടി

ജയ് ഭീം

എല്ലാ ഔപചാരികതകളും മറന്നാണ് ഈ കത്തെഴുതുന്നത്. എന്റെ ആത്മഹത്യയ്ക്ക് ആരും ഉത്തരവാദിയല്ല. വാക്കുകൊണ്ടും പ്രവൃത്തിക്കൊണ്ടും ആരും എന്റെ ഈ ചെയ്തിക്കു കാരണമായിട്ടില്ല. ഇത് എന്റെ തീരുമാനമാണ്. അതിന് ഏക ഉത്തരവാദി ഞാൻ മാത്രമാണ്. ഞാൻ പോയിക്കഴിഞ്ഞാൽ ഇതിന്റെ പേരിൽ എന്റെ സുഹൃത്തുക്കളെയും ശത്രുക്കളെയും ബുദ്ധിമുട്ടിക്കരുത്. ■



കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രഥമ സഹായ മെത്രാൻ
അഭിവന്ദ്യ ജോസ് പുളിക്കലിന്
കോതമംഗലം രൂപതയുടെ
പ്രാർത്ഥനാമംഗളങ്ങൾ
DIOCESE OF KOTHAMANGALAM
BISHOP'S HOUSE, Kothamangalam 686 691
കാഞ്ഞിരപ്പള്ളി രൂപതാ
സഹായ മെത്രാൻ
നവാഭിഷിക്തൻ
മാർ ജോസ് പുളിക്കലിന്
എസ്എബിഎസ്
കാഞ്ഞിരപ്പള്ളി സെന്റ് ജോൺസ്
പ്രൊവിൻസിന്റെ പ്രാർത്ഥനാശംസകൾ
SABS ST. JOHN'S PROVINCE
San Giovanni Adorartion Provincialate
Kunnumbhagom P.O, Kanjirappally , Kottayam 686 507



അഭിവന്ദ്യ
ജോസ് പുളിക്കൽ പിതാവിന്

സെന്റ് ഡൊമിനിക് കത്തീഡ്രൽ
കുടുംബാംഗങ്ങളുടെ

പ്രാർത്ഥനാ മഞ്ജരി

**ST. DOMINIC CATHEDRAL**

Kanjirappally P.O, Kottayam 686 507

മെത്രാഭിഷേകത്തിലൂടെ
പൗരോഹിത്യ പൂർണതയിലെത്തിയ
കാഞ്ഞിരപ്പള്ളി രൂപതയുടെ
പുതിയ സഹായ മെത്രാൻ

**മാർ ജോസ് പുളിക്കലിന്**

എസ്.എച്ച് വിമലാ പ്രൊവിൻസിന്റെ
ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ!



**S.H VIMALA PROVINCE, KANJIRAPPALLY**

S.H PROVINICIAL HOUSE,
Parathodu P.O, Potimattom , Kottayam 686 512

# കുർബാന അവഹേളനം: സഭയുടെ ശിക്ഷാ നടപടികൾ

റവ. ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, പ്രസിഡന്റ്, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണൽ*

സിവിൽപരമായി മാത്രം വിവാഹം ചെയ്ത വ്യക്തിയാണ് ഫ്രാൻസീസ്. ഇയാൾ സിവിൽ വിവാഹം മാത്രമാണ് നടത്തിയിട്ടുള്ളതെന്നും ഇയാളുടെ മുൻ വിവാഹം സഭാകോടതി വഴി വേർപെടുത്തിയിട്ടില്ലെന്നും ഇടവക സമൂഹത്തിനറിയം. തന്മൂലം, വി.കുർബാന സ്വീകരിക്കരുതെന്ന് വികാരിയച്ചൻ ഫ്രാൻസീസിനോട് നിർദ്ദേശിച്ചിരുന്നു. ഇതു വകവയ്ക്കാതെ ഒരു ദിവസം കുർബ്ബാനയ്ക്കിടയ്ക്ക് ദിവ്യകാരുണ്യം സ്വീകരിക്കാൻ ഇയാൾ മുന്നോട്ടു വന്നപ്പോൾ വികാരിയച്ചൻ അത് നിഷേധിച്ചു. ഫ്രാൻസീസ് തന്റെ ഇരിപ്പിടത്തിലേക്ക് തിരികെപോയി. എന്നാൽ വി.കുർബാന അവസാനിക്കുന്നതിനു മുൻപ് ഇയാൾ അൾത്താരയിലേക്ക് വന്ന് തിരുവോസ്തി ബലമായി എടുത്തുകൊണ്ടുപോയി നിലത്തിട്ട് അവഹേളിച്ചു. വി.കുർബാനയെ പരസ്യമായി അവഹേളിച്ചവർക്ക് എന്തു ശിക്ഷയാണ് സഭ നൽകുന്നത്? ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ'യിൽ ഉൾപ്പെടുമെന്ന് കേൾക്കുന്നത് ശരിയാണോ? അങ്ങനെയെങ്കിൽ പ്രസ്തുത ശിക്ഷയിൽ നിന്ന് അയാൾക്ക് മോചനം ലഭിക്കുന്നതെങ്ങനെയാണ്?

*അനീഷ് ആന്റണി, രാജസ്ഥാൻ*

ഉന്നീതമായ ചോദ്യത്തിന് ഉത്തരം നൽകുന്നതിനു മുൻപ് സഭയുടെ ശിക്ഷാ സമ്പ്രദായത്തെപ്പറ്റിയും വിവിധതരം ശിക്ഷകളെപ്പറ്റിയും ഹൃസ്വമായി മനസ്സിലാക്കുന്നത് സന്ദർഭോചിതമായിരിക്കും.


## സഭയിലെ വിവിധ തരം ശിക്ഷകൾ

കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിശ്വാസികളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് സഭ ശിക്ഷാ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ നിയമസംഹിത 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ' (latae sententiae) യെപ്പറ്റി പ്രതിപാദിക്കുന്നുണ്ടെങ്കിലും പൗരസ്ത്യ നിയമസംഹിത 'കുറ്റത്താൽ തന്നെയുള്ള ശിക്ഷ' ഒഴിവാക്കിയിരിക്കുകയാണ്. പൗരസ്ത്യ നിയമസംഹിതയുടെ കാഴ്ചപ്പാടനുസരിച്ച് നിയമപരമായ വിചാരണയ്ക്കു ശേഷം കുറ്റക്കാരനാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടാൽ മാത്രമേ ശിക്ഷ ഏർപ്പെടുത്താൻ പാടുള്ളൂ (Ferendae sententiae).

കുറ്റകൃത്യങ്ങൾ ചെയ്തവരെ സഭാഗാത്രത്തിലെ രോഗബാധിതങ്ങളായ അവയവങ്ങളായിക്കണ്ട് അവയെ തക്ക ചികിത്സവഴി സുഖപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് സഭ ശിക്ഷകൾ നൽകുന്നത്. സഭയിൽ ശിക്ഷകൾ ഏർപ്പെടുത്തിയിരിക്കുന്നതിന്റെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ അവയെ സൗഖ്യദായകമായവ (medicinal penalties) എന്നും പശ്ചാത്താപപരമായവ (Epiatory penalties) എന്നും തരം തിരിച്ചിരിക്കുന്നു. ഇതിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ടവ 'സെൻഷർ' (censure) എന്ന പേരിൽ അറിയപ്പെടുമ്പോൾ രണ്ടാമത്തെ ഗണത്തിൽപ്പെട്ടവ കുറ്റകൃത്യത്തിനുള്ള പ്രായശ്ചിത്ത പരിഹാര വിധിയായി അറിയപ്പെടുന്നു.

## സെൻഷർ ശിക്ഷകൾ (Censures)

സെൻഷറുകൾ മൂന്ന് തരമുണ്ട്: 1. മഹറോൻ അഥവാ ബഹിഷ്ക്കരണം (ex communication); 2. നിരോധനം അഥവാ വിലക്ക് (interdict); 3. സസ്പെൻഷൻ



അഥവാ തടഞ്ഞുവയ്ക്കൽ (Suspension).

ഇവയിൽ മഹറോൻ വ്യക്തികൾക്ക് മാത്രം നൽകാവുന്ന ശിക്ഷയാണ്. നിരോധനം വ്യക്തികൾക്കോ സ്ഥലങ്ങൾക്കോ ബാധകമാക്കാവുന്നതാണ്. സസ്പെൻഷൻ വൈദികരെ (clergy) മാത്രമേ ബാധിക്കുകയുള്ളൂ. മേൽസൂചിപ്പിച്ചവയിൽ രണ്ടാമത്തെ ഗണത്തിൽപ്പെടുന്ന ശിക്ഷ ലത്തീൻ നിയമസംഹിതയിൽ മാത്രമേ കാണുകയുള്ളൂ (CIC.c. 1332).

## മഹറോൻ ശിക്ഷയുടെ പരിണിതഫലങ്ങൾ

മഹറോൻ ശിക്ഷയിൽ ഉൾപ്പെടുന്ന വ്യക്തികൾ സഭാ കൂട്ടായ്മയിൽ നിന്ന് ബഹിഷ്കൃതരാകുന്നു. സഭാ കൂട്ടായ്മയിൽ നിന്ന് വിച്ഛേദിക്കപ്പെടുന്നതുവഴി നിരവധി ആത്മീയ നന്മകളും ആനുകൂല്യങ്ങളും ഇക്കൂട്ടർക്ക് ലഭിക്കാതെ വരും. സഭയുടെ ശിക്ഷാവിധികളിൽ ഏറ്റവും ഗൗരവമേറിയതാണ് മഹറോൻ ശിക്ഷ. തന്മൂലം, മറ്റു പോംവഴികൾ ഇല്ലാതെ വരുമ്പോൾ മാത്രമേ സഭ ഈ ശിക്ഷ വ്യക്തികൾക്ക് നൽകാറുള്ളൂ.

മഹറോൻ ശിക്ഷയെ ഉയർന്ന മഹറോൻ ശിക്ഷ (major ex communication), താഴ്ന്ന മഹറോൻ ശിക്ഷ (minor ex communication) എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. ലത്തീൻ നിയമസംഹിതയിൽ ഈ തരം തിരിവ് ഒഴിവാക്കിയിട്ടുണ്ടെങ്കിലും പൗരസ്ത്യ നിയമസംഹിത ഈ തരംതിരിവ് നിലനിർത്തിയിരിക്കുകയാണ്.

## മഹറോൻ ശിക്ഷക്കർഹമായ കുറ്റങ്ങൾ

മഹറോൻ ശിക്ഷക്കർഹമായ കുറ്റങ്ങൾ താഴെ പറയുന്നവയാണ്: 1. പരി. കുർബാനയോടുള്ള ദൈവദോഷപരമായ അവഹേളനം; 2. മാർപ്പാപ്പ, പാത്രിയർക്കീസ്, മെത്രാപ്പോലീത്ത എന്നിവർക്ക് നേരെയുള്ള ബലാൽക്കാരവും അതിക്രമവും; 3. പാപകൃത്യത്തിലെ കൂട്ടുപങ്കാളിയുടെ പാപം മോചിക്കൽ; 4. കുമ്പസാര രഹസ്യം വെളിപ്പെടുത്തൽ; 5. അധികാരിയുടെ കൽപന കൂടാതെ മെത്രാൻപട്ടം കൊടുക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നത്; 6. പാഷണ്ഡത, ശീശ്മ, മതത്യാഗം; 7. കൊലപാതകം, ഗർഭഛിദ്രം തുടങ്ങിയവ നടത്തുന്നത്; 8. സഭയുടെ പരമാധികാരത്തോട് (മാർപ്പാപ്പ) ധിക്കാരപൂർവ്വം കീഴ്‌വഴങ്ങാതിരിക്കുക; 9. തിരുപ്പട്ടം സ്വീകരിക്കാത്തയാൾ കുർബ്ബാന, കൂദാശകൾ എന്നിവ കപടഭാവേന പരികർമ്മം ചെയ്യുക; 10. സഭയിലെ അധികാരികൾക്കെതിരെ വിദ്വേഷവും വിപ്ളവവും ഇളക്കി വിടുക; 11. മെത്രാൻ, വൈദികൻ, കുമ്പസാരക്കാരൻ എന്നിവർക്കെതിരെ കള്ളപ്രചരണം വഴി കുറ്റാരോപണം നടത്തുക; 12. പ്രത്യക്ഷമായോ പരോക്ഷമായോ സിവിൽ അധികാരികളുടെ സഹായത്തോടെ തിരുപ്പട്ടം, സഭയിലെ ഉദ്യോഗങ്ങൾ

എന്നിവ സമ്പാദിക്കുക; 13. കൈക്കൂലിയുടെ അടിസ്ഥാനത്തിൽ തിരുപ്പട്ടം, കൂദാശകൾ എന്നിവ പരികർമ്മം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുക; 14. കൈക്കൂലി വഴി സഭയിൽ ഉദ്യോഗം, ഏതെങ്കിലും ജോലി തുടങ്ങിയവ നൽകുകയോ സ്വീകരിക്കുകയോ ചെയ്യുക; 15. വി.കുർബാനക്കിടയിൽ മെത്രാനുവേണ്ടി നടത്താറുള്ള പ്രാർത്ഥനാനുസ്മരണം മനഃപൂർവ്വം ഉപേക്ഷിക്കുക തുടങ്ങിയവ.

കുമ്പസാരത്തിൽ പറയുന്ന കാര്യങ്ങൾ ഏതെങ്കിലും വിധത്തിൽ അറിയാൻ ഇടയായത് പരസ്യമാക്കുന്നവർക്ക് താഴ്ന്ന തരം മഹറോൻ ശിക്ഷ നൽകേണ്ടതാണെന്ന് നിയമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മഹറോൻ ശിക്ഷക്കർഹമായ കുറ്റങ്ങളിൽ ആദ്യത്തെ അഞ്ച് കുറ്റകൃത്യങ്ങൾക്കുള്ള മഹറോൻ ശിക്ഷ 'Ferendae sententiae' ആയിട്ടാണ് പൗരസ്ത്യ നിയമസംഹിതയിൽ നിശ്ചയം ചെയ്തിരിക്കുന്നത്. അതായത് ആവശ്യമായ അന്വേഷണത്തിനുശേഷം സഭാധികാരി ശിക്ഷ ചുമത്തുമ്പോൾ മാത്രമേ കുറ്റക്കാരൻ മഹറോൻ ശിക്ഷയിൽപ്പെടുകയുള്ളൂ.

എന്നാൽ ലത്തീൻ നിയമസംഹിതയനുസരിച്ച് മേൽപ്പറഞ്ഞവയിൽ ആദ്യത്തെ ഏഴ് കുറ്റകൃത്യങ്ങൾക്കുള്ള മഹറോൻ ശിക്ഷ 'latae sententiae' ആയിട്ടാണ് നിശ്ചയം ചെയ്തിരിക്കുന്നത്. അതായത്, കുറ്റകൃത്യം ചെയ്യുന്നതോടുകൂടിത്തന്നെ കുറ്റക്കാരൻ മഹറോൻ ശിക്ഷയിൽപ്പെടുന്നു. ബാക്കിയുള്ള കുറ്റകൃത്യങ്ങൾക്ക് മഹറോൻ ശിക്ഷയ്ക്കു പകരം നിരോധനം, സസ്പെൻഷൻ തുടങ്ങിയ ശിക്ഷകളാണ് നിശ്ചയിച്ചിട്ടുള്ളത്.

കാനോനിക ശിക്ഷകൾ സാധാരണയായി നിയമാനുസൃതം സ്ഥാപിക്കപ്പെട്ടിട്ടുള്ള സഭാകോടതി വിധിയിലൂടെ മാത്രമെ ചുമത്താൻ പാടുള്ളൂ. എന്നിരുന്നാലും സഭാധികാരികളുടെ അഭിപ്രായത്തിൽ കുറ്റകൃത്യത്തിന് മതിയായ തെളിവുകളും കോടതി നടപടികൾ സ്വീകരിക്കുന്നതിന് എതിരെ ഗൗരവമായ കാരണങ്ങളും ഉള്ളപ്പോൾ ഡിക്രിവഴി (extra judicial decree) ശിക്ഷ നൽകാവുന്നതാണ്. മാർപ്പാപ്പായ്ക്കു പുറമെ, തങ്ങളുടെ അധികാര പരിധിക്കുള്ളിൽ പാത്രിയാർക്കീസ്, മേജർ ആർച്ച്ബിഷപ്, രൂപതാദ്ധ്യക്ഷന്മാർ, ഔദ്യോഗിക ഭരണാധികാരമുള്ള സന്യാസ സഭകളുടെ മേജർ സുപ്പീരിയർമാർ എന്നിവർക്കാണ് ഡിക്രി പുറപ്പെടുവിക്കാൻ അധികാരമുള്ളത് (CCEO.c.1402/3).

സഭയിലെ ശിക്ഷാ വിധികളെപ്പറ്റി പൊതുവായി പരാമർശിച്ച ശേഷം ചോദ്യകർത്താവ് ഉന്നയിച്ച സംശയത്തിലേക്ക് കടക്കാം. വി. കുർബാനയെ ദൈവദോഷപരമായി അവഹേളിച്ച വ്യക്തിയുടെ ശിക്ഷയെപ്പറ്റിയും പ്രസ്തുത ശിക്ഷയിൽ നിന്ന് മോചനം നേടാനുള്ള മാർഗ്ഗത്തെപ്പറ്റിയുമാണല്ലോ ചോദ്യകർത്താവിന്റെ സംശയം.

## വിശുദ്ധ കുർബാനയോടുള്ള അവഹേളനം

വി.കുർബാനയോടുള്ള ദൈവദോഷപരമായ അവഹേളനം പൗരസ്ത്യ നിയമസംഹിതയനുസരിച്ച് വലിയ മഹറോൻ ശിക്ഷ ഏർപ്പെടുത്താവുന്ന കുറ്റകൃത്യമാണെന്നും (CCEO.c.1440) ലത്തീൻ നിയമസംഹിതയനുസരിച്ച് പരി.സിംഹാസനത്തിനായി മാറ്റിവച്ചിരിക്കുന്ന 'ലാത്തെ സെന്തെൻസിയെ' (latae sententiae) ശിക്ഷയിൽ ഉൾപ്പെടുന്ന (CIC.c.1367) കുറ്റകൃത്യമാണെന്നും നാം കാണുകയുണ്ടായി. ഇതിൽ നിന്ന് വി. കുർബാനയോടുള്ള അവഹേളനം എത്ര വലിയ തെറ്റാണെന്ന് വ്യക്തമാകും.

> **വി.കുർബാനയോടുള്ള ദൈവദോഷപരമായ അവഹേളനം പൗരസ്ത്യ നിയമസംഹിതയനുസരിച്ച് വലിയ മഹറോൻ ശിക്ഷ ഏർപ്പെടുത്താവുന്ന കുറ്റകൃത്യമാണ്.**

ക്രിസ്തീയ വിശ്വാസികൾ വി.കുർബാനയുടെ ആഘോഷത്തിൽ സജീവപങ്കാളിത്തം വഹിച്ചും ഈ കൂദാശ ഏറ്റവും ഭക്തിയോടെയും പതിവായും സ്വീകരിച്ചും ഭക്തിയോടെ ആരാധിച്ചും ദിവ്യകാരുണ്യത്തോട് ഏറ്റം ശ്രേഷ്ഠമായ ആദരം പ്രകടിപ്പിക്കേണ്ടതാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (CIC.c.898). വി.കുർബാന എന്ന കൂദാശയെ സംബന്ധിച്ച സഭയുടെ ഈ സിദ്ധാന്തം അജപാലകർ വ്യക്തമാക്കിക്കൊടുക്കുകയും തങ്ങളുടെ ഈ ഉത്തരവാദിത്വം വിശ്വസ്തതാപൂർവ്വം നിറവേറ്റാൻ ജനങ്ങളെ ഉപദേശിക്കുകയും വേണം.

## നിയമലംഘനവും വ്യക്തിയുടെ മാനസികാവസ്ഥയും

ചോദ്യകർത്താവ് പരാമർശിച്ച ഫ്രാൻസീസിന്റെ കാര്യത്തിൽ ലത്തീൻ നിമസംഹിതയിലെ 898-ാം കാനോനയുടെ ഗൗരവമായ ലംഘനം ഉണ്ടായിട്ടുണ്ടെന്നാണ് പ്രഥമദൃഷ്ട്യാ മനസ്സിലാക്കാൻ കഴിയുന്നത്. എന്നിരുന്നാലും കുറ്റം ചെയ്ത അവസരത്തിലെ അദ്ദേഹത്തിന്റെ മാനസികാവസ്ഥ മനസ്സിലാക്കാതെ

'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ'യിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പറയാനാവില്ല. ശിക്ഷ വ്യവസ്ഥ ചെയ്യുന്നതോ അവകാശങ്ങളുടെ സ്വതന്ത്രവിനിയോഗം പരിമിതപ്പെടുന്നതോ, നിയമാപവാദം ഉൾക്കൊള്ളുന്നതോ ആയ നിയമങ്ങൾ ക്ലിപ്തമായി (strict) വ്യാഖ്യാനിക്കണമെന്നാണ് സഭാനിയമം നിഷ്ക്കർഷിക്കുന്നത് (CCEO.c.1500;CIC.c.18).

ശിക്ഷാനിയമങ്ങൾ ക്ലിപ്തമായി വ്യാഖ്യാനിക്കണമെന്ന് നിഷ്ക്കർഷിക്കുന്നത് വിശ്വാസികളുടെ സ്വഭാവികവും സഭാത്മകവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് (CCEO.c. 1404/1). തെറ്റു ചെയ്തവരോടുള്ള സഭയുടെ ഔദാര്യപൂർണ്ണമായ സമീപനമാണ് പൗരസ്ത്യ നിയമസംഹിതയിലെ 1404-ാം കാനോനയുടെ അടിസ്ഥാനം. ശിക്ഷാനിയമങ്ങളെ വ്യക്തിക്ക് അനുകൂലമായി വ്യാഖ്യാനിക്കണമെന്നും ഓരോ കേസും പ്രത്യേകമായി പരിഗണിക്കണമെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## എപ്പോഴാണ് ഒരാൾ 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ'യിൽ ഉൾപ്പെടുന്നത്

ലത്തീൻ നിയമമനുസരിച്ച് ഒരു വ്യക്തി 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷയിൽ' ഉൾപ്പെടണമെങ്കിൽ നിയമലംഘനം ഗൗരവമായി അയാളുടെ മേൽ ആരോപിക്കപ്പെട്ടിരിക്കണം (seriously imputable). നിയമത്തിന്റെയോ നിയമാനുശാസനത്തിന്റെയോ ബാഹ്യമായ ലംഘനം ഒരു വ്യക്തി നടത്തിയെന്ന് തെറ്റിദ്ധാരണയാലോ കുറ്റത്താലോ ഗൗരവമായി കുറ്റാരോപണം നടത്താത്ത പക്ഷം അയാൾ ശിക്ഷിക്കപ്പെടുന്നില്ല (CIC.c. 1321/1). അതായത്, ശിക്ഷ നല്കണമെങ്കിൽ ശിക്ഷാനിയമത്തിന്റെ ഗൗരവമായ ലംഘനം ഉണ്ടായിരിക്കണം. ശരിയായ അറിവോടെയും സ്വാതന്ത്ര്യത്തോടെയും മനസ്സിന്റെ നിയതമായ നിശ്ചയത്തോടെയുമാണ് കുറ്റം ചെയ്തതെന്ന ഉറപ്പ് ഉണ്ടായിരിക്കണം. ഈ ഘടകങ്ങളുടെ അഭാവത്തിൽ ഒരു കുറ്റകൃത്യം ഗൗരവമായി ആരോപിക്കപ്പെട്ടുവെന്ന് കണക്കാക്കാൻ കഴിയുകയില്ല.

നിയമമോ നിയമാനുശാസനമോ ലംഘിക്കുന്ന വ്യക്തി ആ നിയമത്താലോ നിയമലംഘനത്താലോ നിർദ്ദേശിച്ചിരിക്കുന്ന ശിക്ഷയ്ക്ക് അർഹനാണ്. എന്നാൽ നിയമലംഘനം ആവശ്യപ്പെടുന്ന ശ്രദ്ധയുടെ (മാനസികാവസ്ഥയുടെ) അഭാവത്താലാണ് ഒരു വ്യക്തി കുറ്റം ചെയ്യുന്നതെങ്കിൽ അയാൾ ശിക്ഷിക്കപ്പെടരുതെന്ന് നിയമം അനുശാസിക്കുന്നുണ്ട് (CIC. c. 1321/2; CCEO.c. 1414/2).

## ശിക്ഷാ നടപടികൾക്ക് വിധേയരല്ലാത്തവർ

സഭയുടെ ശിക്ഷാനിയമങ്ങളനസുരിച്ച് താഴെ പറയുന്നവർക്ക് ശിക്ഷാനടപടികളിൽ നിന്ന് ഇളവ് ലഭിക്കുന്നതാണ്: 1. പതിനാറ് വയസ് പൂർത്തിയാകാത്തവർ, 2. നിയമമോ കല്പനയോ ലംഘിക്കുന്നുവെന്ന് കുറ്റകരമല്ലാത്ത അജ്ഞതയുള്ളവർ (അശ്രദ്ധയും തെറ്റിദ്ധാരണയും അജ്ഞതയ്ക്ക് തുല്യമാണ്). 3. ശാരീരികമായ ബലപ്രയോഗത്താലോ മുൻകൂട്ടി കാണാൻ കഴിയാതിരുന്നതോ മുൻകൂട്ടി കണ്ടിട്ടും ഒഴിവാക്കാൻ കഴിയാതിരുന്നതോ ആയ അപ്രതീക്ഷിത സാഹചര്യത്താലോ കുറ്റകൃത്യം നടത്തുന്നവർ.

മേൽ സൂചിപ്പിച്ച കാനോനിക തത്വങ്ങൾ വ്യക്തമാക്കുന്നതനുസരിച്ച് കുറ്റം ചെയ്യുന്ന വ്യക്തിക്ക് താൻ ചെയ്യുന്ന പ്രവൃത്തിയുടെ ഗൗരവത്തെപ്പറ്റിയും ഭവിഷത്തുകളെപ്പറ്റിയും തികഞ്ഞ അവബോധം ഉണ്ടായിരിക്കണം. ഏതെങ്കിലും നിയമത്തിന്റെയോ കല്പനയുടെയോ ലംഘനം ആന്തരികമോ ബാഹ്യമോ ആയ ഘടകങ്ങളുടെ പ്രേരണയാലാണെങ്കിൽ അയാൾ തെറ്റുകാരനാകുന്നില്ല. ആ പ്രവൃത്തിയുടെ പേരിൽ അയാൾ ശിക്ഷക്കപ്പെടാനും പാടില്ല. ലത്തീൻ നിയമസംഹിതയിലെ 1324-ാം കാനോന വ്യക്തമാക്കുന്നതുപോലെ, ഗൗരവമായ വികാരത്തള്ളൽ (heat of passion) മൂലം നിയമലംഘനം നടത്തുന്ന വ്യക്തി ലത്തീൻ നിയമം അനുശാസിക്കുന്ന 'കുറ്റത്താൽ തന്നെയുള്ള ശിക്ഷ'യിൽ ഉൾപ്പെടുകയില്ല. ഈ വികാരത്തള്ളൽ വികലമായ ആലോചനാ ശക്തികൊണ്ടോ, കുറ്റകരമായ ലഹരിയാലോ അതുപോലുള്ള മറ്റു മാനസിക വിഭ്രാന്തിയാലോ, ആലോചനാ ശക്തിയുടെ അഭാവം മൂലമോ ഒക്കെ ഉണ്ടാകാവുന്നതാണ്.

നിയമത്തിന്റെ മേല്പറഞ്ഞ അനുശാസനങ്ങൾ ചോദ്യകർത്താവ് പരാമർശിച്ചിരിക്കുന്ന ഫ്രാൻസീസ് ചെയ്തുവെന്ന് പറയപ്പെടുന്ന കുറ്റത്തിന്റെ കാര്യത്തിൽ ശ്രദ്ധാപൂർവ്വം പരിഗണിക്കപ്പെടണം. ദേവാലയത്തിൽ പരസ്യമായി വി. കുർബാന നിഷേധിക്കപ്പെട്ടപ്പോൾ മാനസികമായി അയാൾ തികച്ചും അസ്വസ്ഥനും കോപിഷ്ഠനും അപമാനിതനും ആയിട്ടുണ്ടാകാം. ഇതുമൂലം ഉണ്ടായ മാനസിക വിഭ്രാന്തിയാലായിരിക്കാം അയാൾ പ്രസ്തുത കുറ്റം ചെയ്തിട്ടുണ്ടാവുക. എങ്കിൽ ലത്തീൻ നിയമം വിഭാവനം ചെയ്യുന്ന 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ'യിൽ ഫ്രാൻസീസ് ഉൾപ്പെടുന്നില്ല (CIC.c.1367).

നിയമത്തിന്റെ ആത്യന്തികമായ ലക്ഷ്യം പൊതുനന്മയാണല്ലോ. നിയമത്തിന്റെയോ കല്പനയുടെയോ ബാഹ്യമായ ലംഘനം നടന്നാൽ കുറ്റം ചുമത്താവുന്നതാണ് (CIC.c.1321/3). ഇത് നിയമത്തിന്റെ അനുമാനമാണ്. ഇതിനെതിരായ വസ്തുതകളോ തെളിവുകളോ ഉണ്ടെങ്കിൽ നിയമത്തിന്റെ മേല്പറഞ്ഞ അനുമാനത്തിന് പ്രസക്തിയില്ല. വി. കുർബാന പരസ്യമായി നിഷേധിക്കപ്പെട്ടപ്പോഴുണ്ടായ മനസ്സിന്റെ അസ്വ

സ്ഥതയും കോപവും മാനസിക ബുദ്ധിമുട്ടും മൂലമുണ്ടായ വികാരത്തള്ളലാണ് വി. കുർബാനയെ അവഹേളിക്കാൻ ഇടയാക്കിയത് എന്നതിന് തെളിവുകൾ ഉണ്ടെങ്കിൽ ഇയാൾ 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ' യിൽ ഉൾപ്പെടുമെന്ന് തോന്നുന്നില്ല. മഹറോൻ ശിക്ഷയ്ക്കും ഇയാൾ അർഹനാവുകയില്ല.

എന്നിരുന്നാലും, അയാളുടെ പ്രവൃത്തി വി. കുർബാനയിൽ സംബന്ധിക്കാൻ എത്തിയ വിശ്വാസികൾക്ക് ഉതപ്പിന് (scandal) കാരണമായി എന്നത് വാസ്തവമാണ്. ഇടവകസമൂഹത്തിനും ഈ സംഭവം ഉതപ്പിന് കാരണമായിട്ടുണ്ടാകും. ഈ ഉതപ്പു വഴി ഇടവക സമൂഹത്തിന്റെ വിശ്വാസത്തിനേല്പിച്ച മുറിവ് ഉണക്കാൻ, ചെയ്ത കുറ്റത്തിന് ഇയാൾ പൂർണ്ണമായും ഉത്തരവാദിയല്ലെങ്കിലും, ആവശ്യമായ പ്രായശ്ചിത്ത പരിഹാരങ്ങൾ ചെയ്യേണ്ടതാണ്. ചെയ്ത തെറ്റിനെപ്പറ്റി യഥാർത്ഥ മനഃസ്താപം പ്രകടിപ്പിച്ചാൽ നല്ല ഇടയന്റെ അനുകമ്പയോടും കാരുണ്യത്തോടും കൂടിയാണ് ഇയാളോട് വർത്തിക്കേണ്ടത്. നഷ്ടപ്പെട്ട ആടുകൾ യേശുവിന് പ്രിയപ്പെട്ടവയായിരുന്നല്ലോ. പാപികളെ വിശുദ്ധരാക്കാൻ വേണ്ടിയായിരുന്നു അവിടുന്നു കുരിശുമരണം വരിച്ചത്.

### മോചനം ലഭിക്കാൻ മാർഗ്ഗങ്ങൾ

ദേവാലയത്തിൽ നടന്ന കാര്യങ്ങൾ കൃത്യമായി അറിയാവുന്ന ഒരാളെ സംഭവത്തെപ്പറ്റിയുള്ള തെളിവെടുപ്പിന് മെത്രാന് നിയമിക്കാവുന്നതാണ്. കുറ്റകൃത്യം നടക്കുന്നതിന് മുമ്പുള്ള ഫ്രാൻസീസിന്റെ മാനസികാവസ്ഥയും കുറ്റം ചെയ്തപ്പോഴുണ്ടായ മാനസികാവസ്ഥയും അതിനുശേഷം അയാളിലുണ്ടായ മാനസിക പരിവർത്തനവും കൃത്യമായി മനസ്സിലാക്കണം. വിഭ്രാന്തിനിറഞ്ഞ മാനസികാവസ്ഥയിലാണ് ഇയാൾ തെറ്റ് ചെയ്തതെന്നും തന്മൂലം ചെയ്ത പ്രവൃത്തിയുടെ ഗൗരവത്തെപ്പറ്റിയോ അതിന്റെ ഭവിഷത്തുകളെപ്പറ്റിയോ ഇയാൾ അജ്ഞനായിരുന്നുവെന്നും ഉള്ള നിഗമനത്തിലാണ് തെളിവെടുപ്പിനുശേഷം എത്തിച്ചേരുന്നതെങ്കിൽ ഇയാൾ 'കുറ്റത്താൽത്തന്നെയുള്ള ശിക്ഷ'യിൽ ഉൾപ്പെടുന്നില്ലെന്ന് മെത്രാന് പ്രഖ്യാപിക്കാവുന്നതാണ്. ഇത്തരമൊരു തീരുമാനമാണ് മെത്രാൻ കൈക്കൊള്ളുന്നതെങ്കിൽ ചെയ്ത തെറ്റിന്റെ ഗൗരവത്തെപ്പറ്റിയും അതുവഴി ഇടവക സമൂഹത്തിന്റെ വിശ്വാസത്തിനേൽപ്പിച്ച മുറിവിനെപ്പറ്റിയും അയാളെ ബോധവാനാക്കുകയും ചെയ്ത തെറ്റിന് പരിഹാരം (reparation) ചെയ്യാൻ ആവശ്യപ്പെടുകയും വേണം. ചെയ്ത തെറ്റിനെപ്പറ്റി യഥാർത്ഥ മനഃസ്താപം ഉള്ളവനായി കാണപ്പെട്ടാൽ വിശ്വാസികളുടെ കൂട്ടായ്മയിലേക്ക് അദ്ദേഹത്തിന് തിരികെ വരാൻ ആവശ്യമായ എല്ലാ സഹായം നല്കുകയും വേണം. ■


**ദിവ്യകാരുണ്യ ധ്യാനം**

**MCBS ദിവ്യകാരുണ്യ ധ്യാനകേന്ദ്രം, ഒക്കൽ പി. ഒ., താന്നിപ്പുഴ, കാലടി**



പരിശുദ്ധ കുർബാനയെ ആഴത്തിൽ മനസിലാക്കാനും
പങ്കുകൊള്ളാനും സഹായിക്കാൻ ദിവ്യകാരുണ്യ സഭാ
വൈദീകർ എല്ലാ ഞായറാഴ്ചയും ഇടവകകൾ കേന്ദ്രീകരിച്ച്
ഇടവകയിലെ മുതിർന്നവർക്കും, കുട്ടികൾക്കും രണ്ട്
വിഭാഗമായി രാവിലെ 9 മണിമുതൽ 5 മണിവരെ ഏകദിന
ധ്യാനം നടത്തുന്നു, ബലിയർപ്പണം എങ്ങനെ സജീവമാക്കാം
എന്ന ക്ലാസ്സിലൂടെയും ആരാധനയിലൂടെയും
ബഹുമാനപ്പെട്ട വൈദീകർ വിശദമാക്കി കൊടുക്കുന്നു.

**ക്രിസ്താനുഭവ യോഗധ്യാനം: ഫെബ്രു. 14 – 18, മാർച്ച് 13 – 17**


**ദിവ്യകാരുണ്യ അനുഭവധ്യാനം: ഫെബ്രു. 21 – 25, മാർച്ച് 6 – 10**

താൽപര്യമുള്ള ഇടവക വികാരിമാർ ബന്ധപ്പെടുക.

Fr. Jose Karathuruth - 94471 26857
Fr. George Karintholil - 94472 14994
Fr. Sebastian Polethara - 96450 43600
Fr. Sanjas Kochuparambil - 99469 92503
Ph: 0484- 2462016
Email: sanjasmcbs@gmail.com

ധ്യാനകേന്ദ്രത്തിൽ താമസിച്ചുകൊണ്ടുള്ള ധ്യാനത്തിന് ബന്ധപ്പെടുക:

**ഫോൺ: 0484 2462016, 9447214994**





# SOCIETY OF OUR LADY OF AFRICA (S.O.L.A)

"എനിക്കുവേണ്ടി, സുവിശേഷത്തിനുവേണ്ടി, വീടിനെയോ സ്വന്തപ്പെട്ടവരെയോ ഉപേക്ഷിക്കുന്നവർക്ക്... നൂറുമേനി പ്രതിഫലം ലഭിക്കും" (മർക്കോ 10:2-30).


## നിങ്ങൾ തയ്യാറാണോ?

ഈശോയെ അനുഗമിക്കാൻ, സ്വന്തം നാടിനെ ഉപേക്ഷിക്കാൻ, പാവങ്ങൾക്ക് സദ്വാർത്ത അറിയിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ **'സോള്'** നിങ്ങളെ സ്വാഗതം ചെയ്യുന്നു.

**'സോള്'** ഒരു അന്തർദേശീയ മിഷണറി സന്ന്യാസ സമൂഹമാണ്. ഇതിൽ വൈദികരും ബ്രദേഴ്സും ഉണ്ട്. 1868 – ൽ കർദ്ദിനാൾ ചാൾസ് ലാവിഗെർ വടക്കേ ആഫ്രിക്കയിൽ മിഷൻ പ്രവർത്തനത്തിനായി രൂപീകരിച്ചതാണ് **'സോള്'**. "യേശു ശിഷ്യരാകണം – അതുമാത്രമാണ് സോളയിലേക്കുള്ള വിളി" എന്നാണ് അദ്ദേഹം പറഞ്ഞത്.

ഞങ്ങൾ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ സുവിശേഷം എത്തിക്കുന്നു. അവരുടെ ഇടയിൽ ജീവിച്ചുകൊണ്ട് പ്രാർത്ഥന, സമൂഹജീവിതം, കാരുണ്യപ്രവൃത്തികൾ എന്നിവയിലൂടെ യേശുവിന്റെ സ്നേഹം അനുഭവവേദ്യമാക്കുന്നു. ആഫ്രിക്കയിൽ ദൈവരാജ്യം പ്രഘോഷിക്കാനുള്ള സന്മനസ്സ് നിങ്ങൾക്കുണ്ടോ? എങ്കിൽ **'സോള്'** യിലേക്കു വരൂ. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ ഞങ്ങൾക്കെഴുതുക.

**Vocation Promoter**
Sola Aspirants House, Sollepuram Village,
Sarakkapalli Post, Denkanikottai Taluk
Krishnagiri Dist 635 114, Tamilnadu
Mobile 097515 09505, 096775 04347
E-mail:solavocationhosur@gmail.com




# സാമൂഹികം

*മാധ്യമരംഗത്തെ ചലനങ്ങൾ*
*പരിചയപ്പെടുത്തി സമൂഹത്തിന്റെ*
*കണ്ണാടി ആവുകയാണ്*
*ഈ വിഭാഗത്തിന്റെ ലക്ഷ്യം.*
*അങ്ങനെ മലയാളത്തിൽ*
*പ്രത്യക്ഷപ്പെടുന്ന നല്ല കഥയേയും*
*കവിതയേയും പുസ്തകത്തേയും*
*വിവിധ ഭാഷകളിലെ*
*നല്ല സിനിമയേയും*
*പരിചയപ്പെടുത്തി*
*ആത്മീയ വിചാരത്തിന്*
*പരിപോഷണമാക്കാൻ സഹായിക്കുക.*

# മൺസൂൺ മാംഗോസ്

- കഥയിലെ നേരുകൾ
- ക്ഷീണംപൂണ്ട വംശങ്ങൾ

*എഴുതിയവർ:*
നമിത റോസ്
സുനിൽ സി.ഇ.
ഡോ. ബെന്നി ബനഡിക്റ്റ്
മനുഷ്യപുത്രൻ

# കഥയിലെ നേരുകൾ

നമിതാ റോസ്
*അസിസ്റ്റന്റ് പ്രൊഫസർ, വിമല കോളജ്, തൃശൂർ*

സാറാ ജോസഫിന്റെ 'കഥ' (മാതൃഭൂമി ആഴ്ചപതിപ്പ്, 2016 ജനുവരി 10) എന്ന കഥയാണ് പരിചയപ്പെടുത്തുന്നത്.

ജീവനും മരണവും എന്നുവേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളും കോർപ്പൊറേറ്റ് ഭീമൻമാരുടെ നെറ്റ് വർക്കിലൂടെ വിപണനം ചെയ്യപ്പെടുന്ന നവ കാലത്തിൽ, മനുഷ്യൻ ഏറ്റവും നിസ്സഹായനാവുന്ന രോഗ കാലം എങ്ങനെ പരമാവധി ചൂഷണവിധേയമാകുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് സാറാ ജോസഫിന്റെ 'കഥ.'

പിതാവിന്റെ ആലയം കച്ചവടസ്ഥലം ആക്കരുതെന്ന് യേശു താക്കീത് നൽകുന്നുണ്ട്. കാലങ്ങളായി കാത്തുവരുന്ന മൂന്ന് ആലയങ്ങളാണുള്ളത് – ദേവാലയം, വിദ്യാലയം, ആതുരാലയം. ഓരോന്നിന്റെയും വിശുദ്ധി കാത്തുസൂക്ഷിക്കാനുള്ള ബാധ്യത നമുക്കുണ്ട്. നിർഭാഗ്യവശാൽ ഉപഭോഗ സംസ്കൃതിയുടെ ആസക്തിയിൽ കൂടുതൽ കൂടുതൽ മലിനമാക്കപ്പെടുകയാണ് ഈയിടങ്ങൾ.

ഹൈടെക് ഹോസ്പിറ്റലുകളും നൂതന സാങ്കേതിക വിദ്യകളും ശരീരത്തിലെ ഓരോ അവയവത്തിനും സൂപ്പർ സ്പെഷാലിറ്റി ചികിത്സാ വിധികളുമൊക്കെയായി വൈദ്യരംഗം സജീവമാകുമ്പോൾ മറുപുറത്ത് രോഗികളെ ബലിയാടാക്കുന്ന കഴുത്തറപ്പൻ നയങ്ങളും മാനേജ്മെന്റിന്റെ ടാർജറ്റ് എത്തിക്കാനും മരുന്നുകമ്പനികളുടെ കനത്ത ഓഫറുകൾ സ്വന്തമാക്കാനുമുള്ള ഡോക്ടേഴ്സിന്റെ അതിശ്രദ്ധയും ആതുര ശുശ്രൂഷാ രംഗത്തെ കൊലക്കളമാക്കുന്നത് സമീപ കാലത്ത് ഏറെ ചർച്ച ചെയ്തതാണ്. മെഡിക്കൽ എത്തിക്സിനെ കാറ്റിൽ പറത്തുന്ന, മരുന്നിനു പോലും കരുണ കാട്ടാത്ത കഠിനമായ കച്ചവടകാലത്തെ നിശിതമായി നേരിടുകയാണ് സാറാ ജോസഫ് ഈ കഥയിലൂടെ.

റയിൽവേ സ്റ്റേഷൻ പരിസരത്തുള്ള ചേരിയിലേക്ക് പുഷ്പർജനി എന്ന ജോലിക്കാരിയെ ഡോക്ടർ ദമ്പതികളായ ഷൈനും കിരണും അന്വേഷിച്ചെത്തുന്നിടത്തുനിന്നാണ് കഥ ആരംഭിക്കുന്നത്. നഗരത്തിലെ പ്രമുഖ ആശുപത്രിയിലെ ഡോക്ടേഴ്സാണ് ഷൈനും കിരണും. ലോൺ എടുത്ത് ആധുനിക സുഖസൗകര്യങ്ങളും പ്രൗഡിയുമുള്ള വീടും കാറും സ്വന്തമാക്കിയ ഈ ന്യൂജെൻ ദമ്പതികൾക്ക് ഒരു മകളുണ്ട്. അഞ്ചു വയസ്സുകാരി മിറിയം. കിരണിന് മിറിയത്തിന്റെ കാര്യത്തിൽ എന്നും ആശങ്കയാണ്. ദുർബലയും രോഗപ്രതിരോഗ ശേഷി ഇല്ലാത്തവളുമായ ഇവൾക്ക് കൂടെ കൂടെ പനിയും ഫിക്സുമൊക്കെ വരാറുണ്ട്. കുട്ടിക്ക് വേണ്ടത് അമ്മയുടെ ശ്രദ്ധയും പരിചരണവുമൊക്കെയാണെന്ന് കിരണിനറിയാമെങ്കിലും വീട്, കാറുകൾ, ബൈക്ക്, ഫർണീച്ചറുകൾ, വില പിടിച്ച ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ പലിശയടക്കം അടച്ച് സ്വന്തമാക്കണമെങ്കിൽ ജോലിക്ക് പോയേ തീരൂ എന്ന് അവൾക്കറിയാം. അതുകൊണ്ടുതന്നെ വായ്പ വീട്ടാൻ ഏത് വഴിയും തിരഞ്ഞെടുക്കാൻ അവൾക്ക് മടിയില്ല. ആശുപത്രി മാനേജ്മെന്റ് നൽകിയ ടാർജറ്റിനപ്പുറം കടക്കാൻ അവൾക്ക് കഴിഞ്ഞു. ലാബ് ടെസ്റ്റുകൾ, സിടി സ്കാനുകൾ, എംആർഐ സ്കാനുകൾ, മാക്സിമം സിസേറിയനുകൾ, ദീർഘങ്ങളായ ഐസിയു അഡ്മിഷനുകൾ, പരമാവധി മരുന്നുകൾ, മാനേജ്മെന്റ് മരുന്ന് കമ്പനികളുമായിട്ടുള്ള കരാറുകൾക്കനുസരിച്ചു മാത്രമുള്ള പ്രിസ്ക്രിപ്ഷനുകൾ, ഏത് മെഡിക്കൽ ഷോപ്പിൽ നിന്ന് വാങ്ങണമെന്ന കർശന നിർദ്ദേശങ്ങൾ... തുടങ്ങി ഒന്നിലും പിശുക്ക് കാണിച്ചില്ല കിരൺ. അതുകൊണ്ടു തന്നെ മാനേജ്മെന്റിന് ഏറെ പ്രിയങ്കരിയായിരുന്നു അവൾ.

*......ശേഷം പേജ് 73-ൽ*




കാഞ്ഞിരപ്പള്ളി രൂപതയുടെ തെക്കൻ മിഷന്റെ പ്രഥമ വികാരി ജനറലായിരുന്ന

അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്

പത്തനംതിട്ട മേരി മാതാ ഫൊറോനയിലെ ഇടവകകളുടെയും തെക്കൻ മിഷനിലെ
സമസ്ത വൈദിക– സന്യസ്ത– ദൈവജനത്തിന്റെയും പ്രാർത്ഥനാ മംഗളങ്ങൾ

**MARY MATHA FORANE CHURCH**

Pathanamthitta 689 645





കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രഥമ സഹായമെത്രാനായി അഭിഷിക്തനായ

അഭിവന്ദ്യ മാർ ജോസ് പുളിക്കൻ പിതാവിന്

എരുമേലി അസംപ്ഷൻ ഫൊറോനയുടെ
അഭിനന്ദനങ്ങളും
പ്രാർത്ഥനാശംസകളും

**ASSUMPTION FORANE CHURCH**

Erumely P.O, Kottayam 686 509



കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രഥമ സഹായമെത്രാൻ

## മാർ ജോസ് പുളിക്കൽ പിതാവിന്

മാതൃ ഇടവകയുടെ
പ്രാർത്ഥനാ മംഗളങ്ങൾ

വികാരിയും ഇടവകാംഗങ്ങളും

# ഹോളി ഫാമിലി ചർച്ച്

ഇഞ്ചിയാനി, പാറത്തോട് പി.ഒ, കോട്ടയം – 686 512



കാഞ്ഞിരപ്പള്ളി രൂപതയുടെ
നിയുക്ത സഹായമെത്രാൻ

## മാർ ജോസ് പുളിക്കലിന്

മെത്രാഭിഷേക മംഗളങ്ങൾ

# അഗസ്റ്റീനിയൻ സിസ്റ്റേഴ്സ് (OSA)

St. Augustine's Convent & Hospital
Kumily, Idukki 685 509

......പേജ് 70-ൽ നിന്ന് തുടർച്ച




എന്നാൽ അവളുടെ ഭർത്താവ് ഡോക്ടർ ഷൈൻ സത്യസന്ധനും ധാർമ്മികതയിൽ അടിയുറച്ച ബോധ്യമുള്ളവനുമാണ്. ടാർജറ്റിനെ ഓർമ്മപ്പെടുത്താൻ മാനേജ്മെന്റിൽ നിന്ന് അയാളുടെ ഫോണിൽ മെസ്സേജ് വന്ന് നിറഞ്ഞിട്ടും തന്റെ ബോധ്യത്തേയും വിശ്വാസത്തേയും ബലികഴിക്കാൻ അയാൾ തയ്യാറായില്ല. അതിനാൽ തന്നെ ആശുപത്രി മാനേജ്മെന്റിന്റെ കണ്ണിൽ ഷൈൻ കരടായി മാറി. വൈദ്യരംഗത്ത് അതിവിദഗ്ധനും കൈപ്പുണ്ണ്യമുള്ളവനുമായ ഡോക്ടറെ പുറത്താക്കാനും മാനേജ്മെന്റിന് എളുപ്പമായിരുന്നില്ല.

ഈ സ്വഭാവ വൈരുദ്ധ്യം കിരൺ – ഷൈൻ ദമ്പതികളുടെ ജീവിതത്തേയും വല്ലാതെ ബാധിക്കുന്നുണ്ട്. മകൾ മിറിയത്തെക്കുറിച്ച് അമിതമായ ആധികളൊന്നും ഷൈനിനില്ല. അതുകൊണ്ടാണ് സുഹൃത്ത് ജോൺ ഏർപ്പാടാക്കി കൊടുത്ത പുഷ്പാർജിനി എന്ന ചേരി നിവാസിനിയെ അവളുടെ മകളോടൊപ്പം ജോലിക്ക് വരാൻ ഷൈൻ അനുവദിക്കുന്നത്. കിരണിന് അത് സ്വീകാര്യമായിരുന്നില്ല. സ്വന്തം മകളെ കൊണ്ടുവന്നാൽ മിറിയത്തിന്റെ കാര്യത്തിൽ ശ്രദ്ധ കുറയുമെന്ന് അവളതിന് കാരണം പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ ചേരിവാസിയായ കുട്ടിയുമായി ഇടപെടുമ്പോൾ തന്റെ മകൾക്ക് വന്നു ചേരാവുന്ന രോഗങ്ങളും സ്വഭാവദൂഷ്യവുമൊക്കെയായിരുന്നു കിരണിന്റെ മനസ്സിൽ. മകളെ വർക്ക് ഏരിയായിൽ ഇരുത്തിക്കൊള്ളാമെന്ന ഉറപ്പിൻമേൽ പുഷ്പാർജിനി മിറിയത്തിന്റെ അതേ പ്രായമുള്ള മകൾ സ്നേഹാർജിനിയേയും തന്നോടൊപ്പം ജോലിക്ക് കൊണ്ടുവന്നു.

പല്ലു തേയ്ക്കാറുണ്ടോ? കുളിക്കാറുണ്ടോ? തുടങ്ങി നൂറ് നൂറ് ചോദ്യത്തോടെ സ്നേഹർജിനിയെ വീർപ്പുമുട്ടിച്ച് മകളിൽ നിന്ന് അകറ്റി നിർത്താൻ കിരൺ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. എന്നിട്ടും കുഞ്ഞുങ്ങൾ അവരുടെ നിഷ്ക്കളങ്കതയാൽ ആകർഷിതരാകുന്നു. മിറിയം സ്നേഹാർജിനിയുടെ ചെരുപ്പിലും വർണ ഉടുപ്പിലുമൊക്കെയാണ് ആദ്യം ശ്രദ്ധിച്ചത്. എനിക്ക് ആ കുട്ടിയുടെ പോലത്തെ ചെരിപ്പ് വേണമെന്ന് അവൾ പപ്പയോട് സ്വകാര്യം പറഞ്ഞു. തിളങ്ങുന്ന പൂക്കൾ പിടിപ്പിച്ച വിലകുറഞ്ഞ പ്ലാസ്റ്റിക് ചെരുപ്പുകൾ അവൾ അതിന് മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ല. വിലകൂടിയ സിംപിൾ ആന്റ് എലഗന്റായ വസ്ത്രങ്ങൾ മാത്രം ധരിച്ചിട്ടുള്ള മിറിയത്തിന് സ്നേഹാർജിനിയുടെ നിറപ്പകിട്ടുകളിൽ വല്ലാത്ത ആകർഷണം തോന്നി. കുഞ്ഞുങ്ങളുടെ ഇഷ്ടം നോക്കാതെ അവരിൽ അടിച്ചേൽപ്പിക്കുന്നവ അത് ഉടുപ്പോ, ഭക്ഷണമോ, സുഖസൗകര്യങ്ങളോ എന്തുമാകട്ടെ അവരെ കൂടുതൽ വിഷമത്തിലേക്കും മാറ്റപ്പെടലിലേക്കും മാത്രമേ നയിക്കൂ എന്ന സാമാന്യ തത്വത്തിന് അടിവരയിടുകയാണ് സാറാ ജോസഫ്.

വർണ്ണചെരിപ്പും കല്ലുപൊട്ടുമൊക്കെ വേണമെന്ന തന്റെ ആവശ്യം പപ്പായോട് മാത്രം മിറിയം പറഞ്ഞു. അമ്മക്ക് സ്നേഹാർജിനിയെ ഇഷ്ടമില്ലെന്ന് അവൾക്കറിയാമായിരുന്നു. എന്നിട്ടും കുഞ്ഞുങ്ങൾ പരസ്പരം കഥകൾ പറയാനും കളിക്കാനും തുടങ്ങി. ഒരു ദിവസം കിരൺ വരുമ്പോൾ കുട്ടികൾ രണ്ടുപേരും വെള്ളത്തിൽ മഴവില്ല് തീർത്ത് കളിക്കുകയായിരുന്നു. മിറിയത്തെ മഴയും വെയിലും പൊടിയുമൊന്നും ഏൽക്കാതെ അതീവശ്രദ്ധയോടെ വളർത്തുന്ന കിരണിന് അത് സഹിക്കാനായില്ല. തണുത്ത് വിറച്ച് നിൽക്കുന്ന മിറിയത്തെ വാരിയെടുത്ത് കിരൺ കൂടുതൽ സുരക്ഷിതയാക്കി. കിരൺ ഭയപ്പെട്ടതുപോലൊന്നും സംഭവിച്ചില്ല. അന്ന് രാത്രി മിറിയം നന്നായി ഉറങ്ങി. പനിയോ ഫിക്സോ വന്നില്ല. കിരണിന് അതൊരു തിരിച്ചറിവായിരുന്നു. അതോടെ സ്നേഹാർജിനിക്ക് വിലക്കുകളില്ലാതെയായി. സ്നേഹാർജിനിയുടെ കൂട്ടുകെട്ടിൽ അവളെപ്പോലെ തന്നെ മിറിയവും കൂടുതൽ ഊർജ്ജസ്വലയും കരുത്തുമുള്ളവളായി. മുൻവിധികളാൽ ചേരി നിവാസികളേയും ഇതര സംസ്ഥാന തൊഴിലാളികളേയും അകറ്റി നിർത്തുന്ന സാംസ്കാരിക ധ്രുവീകരണത്തിന്റെ പൊള്ളത്തരത്തിലേക്കും നോട്ടമയക്കുന്നുണ്ട് കഥാകൃത്ത്.


കുട്ടികൾ കിടപ്പുമുറിയിലും ലിവിംഗ് റൂമിലും കളിച്ചു. കളിച്ചു തളരുമ്പോൾ മിറിയത്തിന്റെ കിടക്കയിൽ കെട്ടിപ്പിടിച്ച് കിടന്നുറങ്ങി. നാല് മാസവും പത്തു ദിവസവും അല്ലലില്ലാതെ നീങ്ങി. പുഷ്പാർജിനി അഞ്ച്

> “ജീവിതത്തെക്കുറിച്ച് നാം പുലർത്തുന്ന വാനോളം ഉയർത്തുന്ന പ്രതീക്ഷകൾ, നമ്മെ ചുറ്റി വരിഞ്ഞിരിക്കുന്ന സാങ്കേതികതയുടെയും കച്ചവട തന്ത്രങ്ങളുടെയും നൈമിഷിക സാധ്യതകളിൽ ഊർന്ന് പോകാനുള്ളതേയുള്ളൂ”

ദിവസത്തെ ലീവ് ചോദിച്ച് സഹോദരന്റെ വിവാഹത്തിൽ പങ്കെടുക്കാൻ ദൂരെ നാട്ടിലേക്ക് വണ്ടി കയറി. അവധി കഴിഞ്ഞിട്ടും പുഷ്പാർജിനി തിരിച്ചെത്തിയില്ല. മിറിയത്തെ അത് വല്ലാതെ ബാധിച്ചു. ചേരിയിൽ അന്വേഷിച്ചിട്ടും വിവരങ്ങൾ ലഭിച്ചില്ല. നാളുകൾക്ക് ശേഷം മേജർ ഓപ്പറേഷനായി മാറ്റാമായിരുന്ന മൂന്ന് കേസുകൾ തുടർച്ചയായി വേണ്ടെന്ന് വച്ച് ആശുപത്രിക്ക് നഷ്ടംവരുത്തിയെന്നതിന്റെ പേരിൽ ഷൈനിനെ ജോലിയിൽ നിന്ന് പുറത്താക്കിയ അതേ ദിവസം തന്നെ, മഴയത്ത് പുഷ്പാർജിനി തിരിച്ചെത്തി; സ്നേഹാർജിനിയില്ലാതെ. അവൾ വയറിളക്കം വന്ന് മരിച്ചു പോയിരുന്നു. താലൂക്കാശുപത്രിയിലെ ഡോക്ടർ കുറിച്ച് കൊടുത്ത വിലകൂടിയ മരുന്നുകളെല്ലാം കുഞ്ഞിന് വാങ്ങിക്കൊടുക്കാൻ അവൾക്ക് കഴിഞ്ഞിരുന്നില്ല. അവളുടെ മരുന്ന് കുറിപ്പുകൾ ഡോക്ടർ ദമ്പതികൾ പരിശോധിച്ചു. ഇത്രയേറെ മരുന്നുകൾ പുറത്തേക്ക് എഴുതിക്കൊടുക്കും മുമ്പ് സ്നേഹാർജിനിയെ നോക്കിയ ഡോക്ടർ എന്തുകൊണ്ട് ഒരു നുള്ള് ഉപ്പും ഒരു സ്പൂൺ പഞ്ചസാരയും കലക്കിക്കൊടുക്കാൻ പറഞ്ഞില്ല എന്നുള്ള കിരണിന്റെ വ്യസനം തന്റെ ചെയ്തികൾക്കുള്ള ആത്മപരിശോധന കൂടിയാണെന്ന് വായനക്കാർ തിരിച്ചറിയുന്നിടത്താണ് കഥയുടെ അന്ത്യം.

വൈദ്യരംഗത്തെക്കുറിച്ച് ആശങ്കപ്പെടുന്നവർ തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകമാണ് താരാശങ്കർ ബാനർജിയുടെ ‘ആരോഗ്യനികേതനം.’ നാഡി പിടിച്ച് നോക്കി രോഗ ലക്ഷണം പറയുന്ന നാട്ടുവൈദ്യനായ ജീവൻമരായ് പറഞ്ഞുതരും രോഗിയോട് എന്തുമാത്രം കരുതലും ശ്രദ്ധയും വേണമെന്ന്. ജീവിതത്തെക്കുറിച്ച് നാം പുലർത്തുന്ന വാനോളം ഉയർത്തുന്ന പ്രതീക്ഷകൾ, നമ്മെ ചുറ്റി വരിഞ്ഞിരിക്കുന്ന സാങ്കേതികതയുടെയും കച്ചവട തന്ത്രങ്ങളുടെയും നൈമിഷിക സാധ്യതകളിൽ ഊർന്ന് പോകാനുള്ളതേയുള്ളൂ എന്ന ഉപഹാസം കഥ ശേഷിപ്പിക്കുന്നു. ■


# കുട്ടികൾക്കുള്ള ദിവ്യകാരുണ്യ ധ്യാനം
# എമ്മാനുവേൽ - 2016



ആധുനികതയുടെ അതിപ്രസരവും, നവയുഗ മാധ്യമങ്ങളുടെ കൈകടത്തലുകളും സാമൂഹിക-ധാർമിക-ആധ്യാത്മിക മൂല്യങ്ങളെ കാറ്റിൽ പറത്തുമ്പോൾ അതിനെതിരെ ശബ്ദമുയർത്താൻ മൂല്യബോധമുള്ള, ആധ്യാത്മിക അടിത്തറയുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനായി ദിവ്യകാരുണ്യ ആധ്യാത്മികതയിൽ ഊന്നി നിന്ന്, ജീവിത മൂല്യങ്ങളെ മുറുകെ പിടിച്ച്, അന്ധകാര ലോകത്തിൽ പ്രകാശഗോപുരങ്ങളായി മാറാൻ കുഞ്ഞുമക്കളെ സഹായിക്കുന്ന ദിവ്യകാരുണ്യ ധ്യാനം, **എമ്മാനുവേൽ 2016.** ദിവ്യകാരുണ്യ മിഷനറി സഭയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ നേതൃത്വം കൊടുക്കുന്നു.

മുറിപ്പെടുന്ന ദൈവസ്നേഹം അനുഭവവേദ്യമാകുന്ന വി. കുർബാനയും, ദിവ്യകാരുണ്യ ആരാധനയും, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ചിന്തോദ്ദീപകമായ ക്ലാസുകളും ഉൾപ്പെടുത്തി ഒരുക്കുന്ന ആത്മീയ വിരുന്ന് - **എമ്മാനുവേൽ 2016.**

**MCBS**
Emmaus Province

താല്പര്യമുള്ള വികാരിയച്ചന്മാർ ഫെബ്രുവരി 29-ന് മുമ്പ് താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ഡെന്നിസ് പട്ടേരുപറമ്പിൽ എം.സി.ബി.എസ്, 9745235304**

# CHRISTUDEV INDUSTRIES

Ozhukupara, Vattappara, Thiruvananthapuram, Kerala – 695028
mobile: +91-9447715638, email: christudevind@gmail.com

*A Christian Centre of Holy Aarticles*



**Manufactures of :**

Tabernacle, Monstrance, Chalice, Ciborium, Cruet set , Procissional Cross, Touribles, Candle Stand, Pix & Holy oil Tubes, etc...

**Dealers in:**

Fiber Statues (Exports Quality), Vestments, Crucifix Rosary, Candles, Holy Photos, Kunthirikkam, Gift Items, Globes & Muthukuda, etc...


## Karunikan

Statement of Ownership and other Particulars about Newspaper (Monthly)

| | | |
|---|---|---|
| 1. Place of Publication | : | MCBS House, Perumanoor P.O, Kochi- 682 015, Kerala. |
| 2. Periodicity of its publication | : | Monthly |
| 3. Language | : | Malayalam |
| 4. Printer's Name | : | Fr. Jacob Naluparayil |
| Nationality | : | Indian |
| Address | : | MCBS House, Perumanoor P.O, Kochi- 682 015, Kerala. |
| 5. Publisher's Name | : | Fr. Jacob Naluparayil |
| Nationality | : | Indian |
| Address | : | MCBS House, Perumanoor P.O, Kochi- 682 015, Kerala. |
| 6. Editor's Name | : | Fr. Jacob Naluparayil |
| Nationality | : | Indian |
| Address | : | MCBS House, Perumanoor P.O, Kochi- 682 015, Kerala. |
| 7. Name and Address of the Individuals who own the newspaper | : | Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi- 682 015, Kerala. |

I, Fr. Jacob Naluparayil, hereby declare that the particulars given above are true to the best of my knowledge and belief.

29.02.2016 Sd/- Publisher

# ക്ഷീണംപൂണ്ട വംശങ്ങൾ

സുനിൽ സി.ഇ.
*ജേർണലിസം അദ്ധ്യാപകൻ, തിരുവനന്തപുരം പ്രസ് ക്ലബ്*

വിജയലക്ഷ്മിയുടെ 'വംശം' (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2016 ജനുവരി 17) എന്ന കവിത യാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്.

കവിതയിൽ നിയമലംഘനങ്ങൾ ആവശ്യമാണ്. പക്ഷെ ഒരു നിയമലംഘനവും സംഭവിപ്പി ക്കാത്ത കവിതകൾ ഇന്നുണ്ടാകുന്നുണ്ട്. ചരിത്രബോ ധത്തെ രണ്ടു കാലങ്ങളുമായി കൂട്ടിക്കെട്ടാൻ നിയ മമോ നിയമലംഘനമോ ഒന്നും ആവശ്യമില്ലായെന്ന് വാദിക്കാൻ വിജയലക്ഷ്മിയുടെ പേനയ്ക്കാവുന്നു. കവിതയുടെ ഗുണങ്ങൾ പൊതുജനങ്ങൾക്ക് എത്തി ച്ചുകൊടുക്കാൻ പുതിയ കാവ്യകലാപങ്ങൾ ആവശ്യ മില്ലായെന്ന ഒരു ബോധത്തിലേക്കാണ് വിജയലക്ഷ്മി യുടെ പുതിയ കവിത 'വംശം' നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. കവിതയുടെ ഇപ്പോഴത്തെ വലിയ ശൃംഖലയിലെ വലിയ കണ്ണി തന്നെയാണ് വിജയല ക്ഷ്മി. ആശയസംഭരണമുള്ള കവിതകളുടെ കാലം കഴിഞ്ഞിട്ടില്ലെന്ന് ഓർമ്മിപ്പിക്കാൻ 'വംശ'ത്തിനാകു ന്നു. രോഗഗ്രസ്തരായ ഗറില്ലകളായി സ്വയം തരം താഴ്ന്നുകൊണ്ടിരിക്കുന്ന ഒരു കവി കൂട്ടായ്മയുടെ നടുവിലേക്കാണ് 'വംശം' എത്തുന്നത്. പുതിയ അർ ത്ഥങ്ങളുടെ ജനകീയസേനകൾ വാക്കുകളുടെ രൂപ ത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ നാം ഒരു പുതിയ ലോക ത്തിലേക്കാണ് നയിക്കപ്പെടുന്നത്. വംശകഥയുടെ സ്വഭാവങ്ങളെ രേഖപ്പെടുത്തുമ്പോൾ തന്നെ അതു സമകാലിക ജീവിതവുമായി ബന്ധപ്പെടുത്തിയാണ് വിജയലക്ഷ്മി രേഖപ്പെടുത്തുന്നത്.


## വംശ ദിശാമാറ്റങ്ങളുടെ കാലം

*അന്ധകാരത്തിലാഴത്തിൽ കുഴിച്ചക-*
*ക്കല്ലും ചരലും പെറുക്കിമാറ്റി*
*അങ്ങകലത്തു പുറത്തു പോയ് വെച്ചുടൻ*
*പിന്നെയും താഴേ കുഴിച്ചെടുക്കാൻ*
*വന്നവഴിക്കു തിരിക്കുമീച്ചിട്ടയ്ക്കു*
*മുന്നിൽ നേതാവില്ലൊരാജ്ഞയില്ല.*
*ഇല്ല വരച്ചുവെച്ചുള്ള മുൻ ചിത്രമോ,*
*ചിന്തയോ, കർമം വരപ്രസാദം.*

ജഡമായ അമിത ഭൗതികതകളുടെ കാലത്ത് ഏക പക്ഷീയമല്ലാത്ത ഒരു സംസ്ക്കാരത്തെ വരച്ചുകാണി ക്കാൻ 'വംശം' എന്ന ഒരു ഡബിൾ ഇൻവേർട്ടഡ് കോമ ആവശ്യമാണെന്ന് വിജയലക്ഷ്മി തിരിച്ചറിയുന്നു. പോയ തലമുറയുടെ നിഷ്ക്കളങ്കതയെക്കുറിച്ചുള്ള ധാരാളം സിനിമകൾ ഉണ്ടായിട്ടുണ്ട്. അത്തരത്തിൽ ശ്രദ്ധേയമായ ഒരു സിനിമയാണ് ആന്ദ്രേ വൈദയുടെ 'ആഷസ് ആന്റ് ഡയമണ്ട്സ്'. വംശദിശാമാറ്റങ്ങളുടെ ഒരു കാലത്തെ അവതരിപ്പിക്കുന്ന ഒത്തിരി ദൃശ്യങ്ങൾ ഈ സിനിമയിലുണ്ട്. ജെർസി ആന്ദ്രേ ജെവ്സ്കി യുടെ നോവലിന്റെ ചലച്ചിത്രാവിഷ്ക്കാരമായ ഈ സിനിമ വംശവാദകാലത്തിന്റെ വ്യഥകളെയാണ് അനാ വരണം ചെയ്യുന്നത്.

പക്ഷെ വിജയലക്ഷ്മിയുടെ 'വംശം' എന്ന കവിത ആഴികളിലേക്ക് കുഴിച്ചതുപോയി സംഭരിച്ചുകൊണ്ടു വരുന്ന അന്ധകാരത്തിന്റെ ഭീമാകാരമായ രൂപങ്ങളെ ഓർമ്മിപ്പിക്കുന്നു. നന്മകളെ പെട്ടെന്നങ്ങു നശിപ്പി ക്കുന്ന നമ്മുടെ ശീലങ്ങളെയാണ് വിജയലക്ഷ്മി ചോദ്യം ചെയ്യുന്നത്. ഭൂമിയുടെ നന്മകളെ കുഴിച്ചു പറ്റിക്കുന്ന മനുഷ്യർ അതൃപ്തരാണെന്നും, അവർ വീണ്ടും വീണ്ടും അതു തന്നെ ചെയ്തു കൊണ്ടിരി ക്കുമെന്നും, അതിനെ തടഞ്ഞുനിർത്താൻ ഇവിടെ നേതാവും ആജ്ഞയുമൊന്നുമില്ലെന്നും അങ്ങനെ സ്ഥാപിക്കുകയാണ് വിജയലക്ഷ്മി. പലപ്പോഴും ആദർശധീരരായ പ്രമുഖരുടെ പടങ്ങൾ കാണിച്ച് പ്രീതി പിടിച്ചു പറ്റുന്ന നമ്മുടെ രാഷ്ട്രീയ ത്തോടൊ ക്കെയുള്ള കടുത്ത വിയോജിപ്പുകളും ഈ വരി കൾക്കിടയിലുണ്ട്. നന്മ നശിച്ചുപോയ ഒരു തലമുറ യെക്കുറിച്ചുള്ള ആകുലതകൾ 'വംശ'ത്തിന്റെ ഇടവ രികളിൽ തിങ്ങിപ്പാർക്കുന്നു.

ബ്യൂറോക്രസിയുടെ ഘടനയുള്ള നമ്മുടെ രാഷ്ട്രീയ കസേരകളെയും 'വംശം' എന്ന കവിത ഉന്നം വയ്ക്കു ന്നുണ്ട്. 'അന്ധകാരത്തിലാഴ്ത്തി കുഴിച്ചകക്കല്ലും ചരലും പെറുക്കി മാറ്റി' എന്നെഴുതുമ്പോൾ വികാര പരമായ ഉൾപ്പിരിവിൽ നിന്നുകൊണ്ട് ഒരു എഴുത്തു



കാരി നടത്തുന്ന വിപ്ലവ പ്രസ്താവനയായി അതു മാറുന്നു. ഇരുട്ടു മങ്ങിയ ഒരു സംസ്ക്കാരത്തിൽ വംശം കൈമാറി തന്ന ഒരുപാട് ആദർശങ്ങളെ വിട്ടുകളഞ്ഞതിന്റെ ഖേദങ്ങൾ അങ്ങനെ ഈ കവിതയിൽ നിറഞ്ഞു നിൽക്കുന്നു.

കർമമാണ് വരപ്രസാദത്തിന്റെ ഉറവിടമെന്നും വിജയലക്ഷ്മിയെഴുതുന്നു. ഇൻഡ്യൻ തത്വശാസ്ത്രത്തിൽ 'കർമം' എന്ന പദത്തിന് ആത്മീയ തയോട് ഒട്ടിക്കിടക്കുന്ന അനേകം അർത്ഥങ്ങളുണ്ട്. വിപ്ലവത്തിന്റെ പ്രതീക്ഷാനിർഭരമായ വീര്യം ഒരു വ്യക്തിയുടെയും കർമചേതസ്സിൽ ഇല്ലായെന്ന് സാക്ഷ്യപ്പെടുത്താനാണ് വിജയലക്ഷ്മി ഈ വരികൾ കുറിച്ചിരിക്കുന്നത്. നിരോധകമായ വികാരങ്ങളുടെ പുറത്തേക്കുള്ള സ്ഫോടനങ്ങൾ വീണ്ടും വീണ്ടും സംഭവിക്കുന്നത് വെളിച്ചത്തിനുവേണ്ടി പിന്നെയും പിന്നെയും ഇതേ അന്ധകാരത്തിൽ തന്നെ കഴിയുമ്പോഴാണെന്നത് ഒരു ഫിലോസഫി തന്നെയാണ്. ഈ ദിശമാറ്റങ്ങളെയാണ് വിജയലക്ഷ്മി 'വംശ'ത്തിൽ എഴുതാൻ ശ്രമിക്കുന്നത്. വെളിച്ചത്തിന്റെ എല്ലാ തുരുത്തുകളെയും തുലയ് ക്കുന്ന ഹിംസ എന്ന അന്ധത മനുഷ്യരെ വരിഞ്ഞു മുറുക്കുന്നതിന്റെ സാ ക്ഷ്യമായിട്ടായിരിക്കും വംശത്തിലെ ഓരോ വരികളും നാം വായിക്കുക.

## 'വംശ'ത്തിന്റെ സൗന്ദര്യാത്മക വിതാനം

*ആകൃതിയാലും പ്രകൃതിയാലും കർമ്മ-*
*ഭൂമികയാലും കരുത്തിനാലും*
*വംശങ്ങളെത്ര വിഭിന്നമാണെന്നാലു-*
*മംശമായ് നമ്മിലനാദിശക്തി*
*അഗ്നിയിൽച്ചൂടെന്ന പോലെയുൾപ്പൂക്കതി-*
*ന്നദ്ഭുതമോരോന്നുമാരചിപ്പൂ.*

വംശം എല്ലാ കാര്യത്തിലും വിഭിന്നമാണെങ്കിലും ഈ വംശത്തെ നയിക്കുന്ന ഒരുവനുള്ളിലെ അനാദിശക്തി ഒന്നുതന്നെയായിരുന്നുവെന്ന്/ഒന്നു തന്നെയാണെന്ന് വിജയലക്ഷ്മി എഴുതുമ്പോൾ 'ഉൺമത്വം' എന്ന സത്തയിലേക്ക് നാം നയിക്കപ്പെടുന്നു. സ്ഥലത്തിലും കാലത്തിലും പതിയിരിക്കുന്ന വൈരുദ്ധ്യങ്ങളെ തന്നെയാണ് വിജയലക്ഷ്മി ചൂണ്ടിക്കാണിക്കുന്നത്. ഓരോ വംശവും അവരുടെ സുകൃതങ്ങൾ ഏറ്റവും പുതിയ തലമുറയ്ക്കു കൈമാറുന്നുണ്ടെങ്കിലും നമ്മിലെ അനാദിശക്തി ഒന്നുതന്നെയാണെന്ന് വിവക്ഷിക്കുമ്പോൾ അതു ആത്മീയ ഭൗതിക സത്തയുടെ ആന്തരവേദിയായി നാം തിരിച്ചറിയേണ്ടതുണ്ട്. ആകൃതിയാലും പ്രകൃതിയാലും കർമ്മ ഭൂമികയാലും കരുത്തിനാലും ഓരോ വംശവും വ്യത്യസ്തപ്പെട്ടിരിക്കുന്നുവെന്നത് വാസ്തവമാണ്. ആത്മീയ പ്രചോദനത്തിന്റെ ഉപയോഗം വഴി തന്റെ ശരീരത്തെ ബാഹ്യപരിസരങ്ങളിൽ നിന്ന് വിടുവിപ്പിക്കുകയും മോചിപ്പിക്കുകയും ചെയ്യുമ്പോൾ അതൊരുതരം വംശപ്രതീകമായി മാറുന്നു. അപ്പോഴും ദൈവികസത്ത മാറ്റമില്ലാതെ നമ്മിൽ നിലനിൽക്കുന്നു.

ഈ കവിത ഭാവനയുടെ കെട്ടറ്റ കുതിപ്പല്ല. ഉള്ളിൽ നടത്തിയ ദീർഘയാത്രയുടെ ഏകീകരണവും ആത്മീയ സംഘർഷങ്ങളുടെ പിരിമുറുക്കുവുമാണ്. പതിറ്റാണ്ടുകളുടെ വിടവിനെ വംശം എന്ന പ്രത്യയം കൊണ്ടാണ് വിജയലക്ഷ്മി ചൂണ്ടിക്കാണിക്കുന്നത്. അപ്പോഴും അതിന്റെ ഇൻസ്റ്റലേഷൻ പീസ് ആത്മീയ വിചാരങ്ങളാണ്. ബുദ്ധിജീവിയുടെ പരിവേഷം വഹിക്കാത്ത ഒരു എഴുത്തുകാരിയുടെ ആത്മീയതയുടെ ജൈവഘടനകൾ ഓരോരോ ഇതളുകളായാണ് ഈ കവിതയിൽ വിരിഞ്ഞുവരുന്നത്. ഈ കാലത്തിന്റെ പ്രസരം തട്ടി മങ്ങിയ നമ്മുടെ ആത്മീയ കലവറകളെയും ഇരുട്ടിലേക്കും ശൂന്യതയിലേക്കുമുള്ള നമ്മുടെ കുതിപ്പുകളെയും തടഞ്ഞുനിർത്താൻ വിജയലക്ഷ്മിക്കു കഴിയുന്നു. ഈ വ്യക്തിത്വ പരിണാമത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതോടൊപ്പം ഉള്ളി ലെ ഉൺമത്വത്തെ വിവേചിച്ചറിയാനുള്ള വഴിയൊരുക്കുന്നു. എല്ലാ മനുഷ്യർക്കും ഒരു നിശാജീവിതം ഉണ്ടെന്നും, പരിഷ്കൃതമായ പാളികളുടെ പടികൾ ഓരോന്നും അഴിച്ചു നോക്കിയാൽ അതിനടിയിൽ നമ്മുടെ തകർച്ചയ്ക്കു വഴിയൊരുക്കുന്ന കട്ടപിടിച്ച ഇരുട്ടുണ്ടാകാമെന്നും വംശം വാദിക്കുന്നു.

## അനുബന്ധ വായന

*അന്തിയാവോളം വെളിച്ചത്തെ നിന്ദിച്ചു*
*കണ്ണുകൾ ചിമ്മിത്തടഞ്ഞുനീങ്ങും*

എന്ന് വംശത്തിൽ വിജയലക്ഷ്മി കുറിക്കുന്നുണ്ട്. ബോധത്തിൽ എന്തുകൊണ്ടാണ് വിശുദ്ധ പൂർവ്വികരുടെ ബഹളം നമ്മെ പിൻതുടരുന്നത്. വെയിലിനെയും വെളിച്ചത്തെയും നമുക്ക് ഭയമില്ല. പക്ഷെ ഒരൽപ്പം ഇരുൾ പരക്കുമ്പോൾ നാം വല്ലാതെ പേടിച്ചു തണുക്കുന്നു. അതിനുള്ള കാരണമാണ് വിജയലക്ഷ്മി 'വംശ'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 'അന്തിയാവോളം വെളിച്ചത്തെ നിന്ദിച്ചു' ജീവിക്കുന്നതിനുള്ള മറുപടിയാണത്. അങ്ങനെ നോക്കുമ്പോൾ ക്ഷീണം പൂണ്ട നമ്മുടെ വംശവഴികളെക്കുറിച്ചു തന്നെയാണ് വിജയലക്ഷ്മി 'വംശ'ത്തിൽ തർക്കിക്കുന്നത്. ■

# മൺസൂൺ മാംഗോസ്

ഡോ. ബെന്നി ബനഡിക്റ്റ് സി.എം.ഐ
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

അബി വർഗീസ് സംവിധാനം ചെയ്ത 'മൺസൂൺ മാംഗോസ്' എന്ന ചിത്രമാണ് ഇത്തവണ നിരൂപണ വിധേയമാക്കുന്നത്.

'ഡി.പി. പള്ളിക്കൽ' എന്ന തൂലികാനാമത്തിൽ തിരക്കഥകളെഴുതി വലിയ സംവിധായകനാകാൻ ശ്രമിച്ചുക്കൊണ്ടിരിക്കുന്ന ദാവീദ് (ഫഹദ് ഫാസിൽ) എന്ന അമേരിക്കൻ മലയാളി യുവാവിന്റെ മോഹഭംഗങ്ങളുടേയും തിരിച്ചറിവിന്റേയും കഥയാണ് ഈ ചിത്രം. 1990-കളിലെ അമേരിക്കൻ മലയാളിയുടെ കുടിയേറ്റ ജീവിത പശ്ചാത്തലത്തിലാണ് 'മൺസൂൺ മാംഗോസി'ന്റെ കഥ വികസിക്കുന്നത്.

ഡി. പി. പള്ളിക്കൽ സംവിധാനം ചെയ്ത ബ്ലാക്ക് ആന്റ് വൈറ്റ് ഹ്രസ്വചിത്രം സ്ക്രീൻ ചെയ്തുകൊണ്ടാണ് 'മൺസൂൺ മാംഗോസ്' തുടങ്ങുന്നത്. ചിത്രം പ്രദർശിപ്പിക്കുന്നത് ഒരു സൈക്യാട്രിസ്റ്റിന്റെ മുമ്പിലാണ്. മകന്റെ സിനിമാഭ്രാന്തിന് ചികിൽസ തേടി ദാവീദിന്റെ അപ്പൻ തന്നെയാണ് സൈക്യാട്രിസ്റ്റിന്റെ ക്ലിനിക്കിൽ 'ഡി.പി'യെ എത്തിക്കുന്നത്. ആ ഹ്രസ്വചിത്രത്തിന്റെ ചിത്രീകരണരീതിയും അതിഭാവുകത്വം നിറഞ്ഞ സംഭാഷണശൈലിയും കാണുമ്പോഴേ പ്രേക്ഷകർക്ക് ഊഹിക്കാം ഡി.പിയുടെ ചിത്രങ്ങളൊന്നും തന്നെ വെളിച്ചം കാണാനിടയില്ലാത്തവയാണെന്ന്. ഇത് ഒരു തോന്നൽ മാത്രമാണെങ്കിലും ഡി.പിയുടെ മാതാപിതാക്കൾക്കും അനിയത്തിക്കും കാമുകിക്കും അയാളുടെ ജോലി സ്ഥലത്തുള്ളവർക്കുമൊക്കെ അയാളുടെ സിനിമാപിടുത്തം അസഹനീയമായ അബ്നോർമാലിറ്റിയായാണ് അനുഭവപ്പെടുന്നത്.

ഡി.പി. യുടെ ഹ്രസ്വചിത്രം അൽപം 'അവാർഡ് പടം' പോലെയായതുക്കൊണ്ട് അഭിപ്രായം പറയാനുള്ള ധൈര്യം സൈക്യാട്രിസ്റ്റിനില്ല. സിനിമാഭ്രാന്തിന് കൃത്യമായൊരു ചികിൽസയും നിശ്ചയിക്കാനില്ലല്ലോ. അതുകൊണ്ട് ഡി.പിക്ക് ഉപദേശമായി ഒരു മഹദ് വചനം ഉദ്ധരിച്ച് സൈക്യാട്രിസ്റ്റ് രക്ഷപ്പെടുന്നു; 'Don't search for your destiny; let the destiny come and find you.'

ഒരു ട്രാജിക് - കോമഡിയുടെ ചേരുവകളോടെ മുന്നോട്ട് നീങ്ങുന്ന ചിത്രത്തിൽ രണ്ട് പ്രധാന വഴിത്തിരിവുകൾ സംഭവിക്കുന്നു. ടോയ്‌ലറ്റ് പ്രോഡക്ട്സ് വിൽക്കുന്ന ഉത്തരേന്ത്യൻ മുതലാളിയുടെ കമ്പനിയിലാണ് ദാവീദിനും കാമുകിക്കും കൂട്ടുകാരനും ജോലി. ജോലിയിൽ താല്പര്യമെടുക്കുന്നതിനേക്കാൾ അവിടുത്തെ സൗകര്യങ്ങൾ ഉപയോഗിച്ച് തന്റെ ഡ്രീം ഫിലിം പ്രോജക്ടിന്റെ തിരക്കഥ തയ്യാറാക്കലാണ് ഡി.പിയുടെ മുഴുവൻ സമയ ജോലി. 'മൺസൂൺ മാംഗോസ്' എന്ന് പേരിട്ടിരിക്കുന്ന ആ ഫീച്ചർ ഫിലിം സ്ക്രിപ്റ്റ് കമ്പനി വക കംപ്യൂട്ടറും പ്രിന്ററും ഉപയോഗിച്ച് സൂത്രത്തിൽ പ്രിന്റ് ചെയ്തെടുക്കുന്നത് മുതലാളി കൈയോടെ പിടികൂടി ദാവീദിനെ കമ്പനിയിൽ നിന്ന് പിരിച്ചു വിടുന്നു.

കമ്പനിയിൽ നിന്ന് പുറത്തായി, ജീവിതം കട്ടപ്പുകയായിട്ടും ഡി.പി. തന്റെ ഡ്രീം ഫിലിം പ്രോജക്ട് ചിത്രീകരിച്ച് പ്രശസ്തനാവാനുള്ള ശ്രമത്തിലാണ്. അമേരിക്കയിൽ വിലകുറഞ്ഞ മലയാളം സിനിമകളുടെയിടയിൽ ബ്ലൂ ഫിലിം ബിറ്റുകൾ തിരുകിച്ചേർത്ത് 'പ്രൊഡ്യൂസർ' ആയി ചമഞ്ഞ് നടക്കുന്ന മുതലാളിയെയാണ് ഡി.പി. തന്റെ സ്ക്രിപ്റ്റുമായി ആദ്യം സമീപിക്കുന്നത് (അലൻസിയർ). സിനിമയുണ്ടാക്കൽ ഇയാൾക്കു പറ്റിയ പണിയല്ലെന്നു പറഞ്ഞ് പ്രൊഡ്യൂസർ ഡി.പിയെ നിരുത്സാഹപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു.

പ്രതീക്ഷകൾ നഷ്ടപ്പെട്ട ഡി. പി. യാദൃശ്ചികമായി, ഹിന്ദി സിനിമകളിൽ ഒരു കാലത്ത് നായകനായി തിളങ്ങിയ പ്രേംകുമാർ എന്ന നടനെ കണ്ട് മുട്ടുന്നു. പ്രായമായി, ഗ്ലാമറൊക്കെ നഷ്ടപ്പെട്ട്, അമേരിക്കയിൽ മകന്റേയും കൊച്ചുമകന്റേയും ഒപ്പം താമസിക്കുന്ന പ്രേംകുമാറിന് ഇപ്പോൾ മുഴുവൻ സമയ ജോലി മദ്യപാനമാണ്, അതും സ്ഥിരമായി ഒരേ ബ്രാൻഡ് വിസ്കി, 'ഓൾഡ് ടർക്കി'.

പ്രോത്സാഹിപ്പിക്കാൻ ആരും ഇല്ല, കൈയിൽ പണവുമില്ല; എങ്കിലും പ്രേംകുമാറിനെ നായകനാക്കിക്കൊണ്ട് ഡി.പി. 'മൺസൂൺ മാംഗോസ്' ഷൂട്ട്



ചെയ്ത് പുറത്തിറക്കാൻ ഇറങ്ങിപ്പുറപ്പെടുന്നു.

ഒരു അമച്ച്വർ ഫിലിം മേക്കേഴ്സ് ടീമിന്റെ എല്ലാ പ്രശ്നങ്ങളും അബദ്ധങ്ങളും 'മാംഗോസി'ന്റെ ചിത്രീകരണ സമയത്ത് 'ഡി.പി' യേയും സംഘത്തേയും വേട്ടയാടുന്നുണ്ട്. യേശു (തമ്പി ആന്റണി) കുതിരപ്പുറത്ത് കയറി ഒരു സ്വപ്ന രംഗത്തിൽ പ്രത്യക്ഷപ്പെടേണ്ടിടത്ത് കുതിരക്ക് വാടക കൂടുതലായതുകൊണ്ട് പകരം 500 ഡോളറിന് കഴുതയെ വാങ്ങി. പിന്നെ ആ കഴുത ഷൂട്ടിംഗ് ലൊക്കേഷനിൽ സ്ഥിരം, 'ഫിലിം ക്രൂ' മെമ്പറും, ഡി.പി.യുടെ വീട്ട് മുറ്റത്ത് അന്തിയുറക്കക്കാരനുമായി. ഇങ്ങനെ ഈ സിനിമയിലെ രംഗങ്ങൾ സ്വാഭാവികമായ നർമ്മരസാനുഭവമാണ് തരുന്നത്.

ഇതിനിടയിൽ ഡി.പിയുടെ കാമുകി അയാളെ വിട്ട് പണക്കാരൻ കൂട്ടുകാരന്റെ (ടൊവീനോ) കൂടെ കൂട്ടുകൂടി നടക്കുന്നത് അയാൾക്ക് സഹിക്കുന്നില്ല. അപ്പനുമായി കാര്യമായി വഴക്കിട്ടതുക്കൊണ്ട് വീട്ടിൽ നിന്നും പുറത്തായി. പ്രേംകുമാറിന്റെ വീടിനു പുറത്ത് കാറിനുള്ളിലാണ് ഇപ്പോൾ ഡി.പി.യുടെ അന്തിയുറക്കം. ഇതുവരെ മകന്റെയൊപ്പം കഴിഞ്ഞിരുന്ന പ്രേംകുമാറിനെ മകൻ വീട്ടിൽ നിന്ന് പുറത്താക്കി; പേരക്കിടാവിനെ ഇനിമേൽ കാണാൻ വരരുത് എന്ന് കോടതി വിലക്കും. വിലക്ക് ലംഘിച്ച് കുട്ടിയുടെ സ്കൂൾ ബസ്സിനടുത്ത് ചെല്ലുന്ന പ്രേകുമാറിനെ ബസ്സ് ഡ്രൈവർ സായിപ്പ് തടയുമ്പോൾ അതു കണ്ട് ചെല്ലുന്ന ഡി.പി. സായിപ്പുമായി ശണ്ഠ കൂടുന്നു. അവസാനം ഡി.പി.യും പ്രേംകുമാറും പൊലീസ് ലോക്കപ്പിലാവുന്നു.

ഡ്രീം ഫിലിം പ്രോജക്ട് ചിത്രീകരിച്ച് പ്രഗത്ഭ സംവിധായകനായിത്തീരാൻ മോഹിച്ച് നടക്കുന്ന ഡി.പി. എന്ന ചെറുപ്പക്കാരന്റെ കഥ ഒരു ഫാന്റസിയായല്ല അബി വർഗ്ഗീസ് ഒരുക്കിയിരിക്കുന്നത്. മോഹസാഫല്യത്തേക്കാൾ മോഹഭംഗങ്ങളും ബന്ധങ്ങൾ വേർപ്പെടലും ഒക്കെ ചേർത്ത് പച്ചയായ, പരുക്കനായ ജീവിതം സിനിമക്ക് മുകളിലായി സംവിധായകൻ പ്രാധാന്യം നൽകി ചിത്രീകരിച്ചിരിക്കുന്നു. ജീവിതം സിനിമയേക്കാൾ പ്രധാനം എന്ന് പ്രേംകുമാറിൽ നിന്ന് നാം കേൾക്കുന്ന പ്രസ്താവന അടിവരയിട്ട് സ്ഥാപിക്കുകയാണ് സംവിധായകൻ ഈ സിനിമയിലൂടെ.

ഡി.പി.യുടെ സിനിമ ചിത്രീകരിച്ച് കഴിഞ്ഞു; എല്ലാ അപാകതകളോടും കൂടി. ഒട്ടും വൈകാതെ പ്രേംകുമാർ എന്ന അനശ്വര നടന്റെ ജീവിത കഥയും അവസാനിക്കുന്നു. 'മൺസൂൺ മാംഗോസ്' താൻ സ്വപ്നം കണ്ട രീതിയിൽ സിനിമാ തിയ്യറ്ററിലെത്തുക അസംഭവ്യം എന്ന് ഡി.പിക്ക് മെല്ലെ മനസ്സിലായിത്തുടങ്ങി; ആ ബോധ്യത്തിൽ നിന്നാകാം ഈ സിനിമയുടെ സുന്ദരമായ അവസാന രംഗത്തിലെ വളരെ വ്യത്യസ്തനായ ഡി. പി. ഉയിർത്തെഴുന്നേൽക്കുന്നത്.

താൻ ചിത്രീകരിച്ച 'മൺസൂൺ മാംഗോസ്' സിനിമയിലെ കുറേ ദൃശ്യങ്ങളും അയാൾ പലതവണ ക്യാമറയിൽ പകർത്തി വച്ചിരുന്ന പ്രേംകുമാറിന്റെ യഥാർത്ഥ ജീവിതത്തിൽ നിന്നുള്ള ഒട്ടും തിളക്കമില്ലാത്ത രംഗങ്ങളും ചേർത്ത് വച്ച്, ആ ദൃശ്യങ്ങളെ പ്രേംകുമാർ പണ്ട് അഭിനയിച്ച് ഏറെ പ്രശസ്തി നേടിയ ഹിന്ദി സിനിമയിലെ അവിസ്മരണീയ മുഹൂർത്തങ്ങളെയും കൂട്ടി സംയോജിപ്പിച്ച് ജീവിതത്തിനുള്ള ഒരു ആദരം (A Tribute to life) എന്ന നിലയിൽ ഡി.പി. തന്റെ ചിത്രം രൂപപ്പെടുത്തുന്നു.

നീലപ്പടം പ്രദർശിപ്പിക്കുന്ന തീയ്യറ്ററിൽ ഡി.പിയുടേത് പോലെ സോദ്ദേശ്യസിനിമകൾക്കൊന്നും ഇടമില്ലല്ലോ. അതുകൊണ്ട് അയാൾ ചെയ്യുന്നത് ഓപ്പൺ എയർ വേദിയിൽ വലിയൊരു സ്ക്രീൻ സ്വയം വലിച്ച് കെട്ടി ആ വലിയ തിരശ്ശീലയിലാണ് ജീവിതത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടായി ഈ സിനിമ പ്രദർശിപ്പിക്കുന്നത്. ഡി.പിയെ പരിഹസിച്ചിരുന്ന അപ്പനും അനിയത്തിയും, കാമുകിയും, കൂട്ടുകാരനുമെല്ലാം ഡി.പിയുടെ ഈ ചിത്രം കണ്ട് അഭിനന്ദനവുമായി എത്തുന്നു. ഈ അവസാന സീൻ 'സിനിമ പരദീസോ' എന്ന പ്രശസ്ത ഇറ്റാലിയൻ സിനിമയിലെ ഓപ്പൺ എയർ സ്ക്രീനിംഗ് സീനിനെ ഓർമ്മിപ്പിക്കുന്നു.

തന്റെ സിനിമയുടെ ഉപസംഹാരമായി ഡി. പി. നടത്തുന്ന അർത്ഥപൂർണ്ണമായൊരു പ്രസ്താവനയുണ്ട്. ജീവിതത്തിൽ പലതരം മനുഷ്യരുണ്ട്. ഒരു കൂട്ടർ എപ്പോഴും വിജയം കൊയ്യാൻ നടക്കുന്നു. ചിലർ പ്രശസ്തരാകുന്നു, കൈയടി നേടുന്നു. പക്ഷേ മറ്റൊരു കൂട്ടം മനുഷ്യരുണ്ട്. അവർ തുടർച്ചയായി പരാജയങ്ങൾ ഏറ്റ് വാങ്ങി, എന്നെപോലെ സ്വപ്നങ്ങൾ നഷ്ടപ്പെട്ട് കഴിയാൻ വിധിക്കപ്പെടുന്നു. പക്ഷേ അവരുടെ കഥകൾ നമ്മോട് പറയുന്നത്, 'സിനിമ ജീവിതത്തേക്കാൾ വലുതല്ല; ജീവിതമാണ് പ്രധാനം' എന്നാണ്.

എല്ലാം നഷ്ടപ്പെടുമ്പോൾ ജീവിതത്തെക്കുറിച്ചുള്ള ആഴമേറിയ പാഠങ്ങൾ പഠിക്കുന്നു. അങ്ങനെയുള്ള ഒരു തിരിച്ചറിവിലേക്ക് കണ്ണുകൾ തുറക്കാനാണ് 'മൺസൂൺ മാംഗോസ്' ഉപകരിക്കുക. ■

# ജാഥയും പള്ളിവാതിലും

മനുഷ്യപുത്രൻ

കേരളത്തിൽ ഇത് ജാഥകളുടെ സീസണാണ്. ഒന്നിനു പുറകെ ഒന്നായി എത്രയായിരുന്നു ജാഥകൾ! സുധീരൻ, പിണറായി, കുമ്മനം, കാനം, കുഞ്ഞാലിക്കുട്ടി മുതൽ എൻസിപിയുടെ ഉഴവൂർ വിജയൻ വരെ! ഇതിനിടക്ക് ഇവിടെ പേരു പറയാൻ വിട്ടുപോയവർ എത്രയായിരിക്കും? ഇവരെല്ലാം തന്നെ ഒരു പാർട്ടിയുടെ നേതൃത്വത്തിൽ യാത്ര നടത്തിയപ്പോൾ, യാത്രയുടെ അവസാനം പാർട്ടിയെ തന്നെ ഉണ്ടാക്കിയവൻ സാക്ഷാൽ വെള്ളാപ്പള്ളി മാത്രമേ കാണുകയുള്ളൂ.

എന്താണ് ജാഥക്കാരുടെയെല്ലാം ലക്ഷ്യം? എല്ലാവരുടെയും ലക്ഷ്യം കേരള ജനതയെ രക്ഷിക്കുകയാണ്. എങ്കിൽ ഒരു കാര്യം ഉറപ്പാണ്. ഇത്തവണ കേരളം രക്ഷപ്പെട്ടതു തന്നെ. കാരണം, ഇത്രയും പേർ ഒരുമിച്ച് ഒത്തുപിടിച്ചാൽ കേരളം രക്ഷപ്പെടാതിരിക്കില്ലല്ലോ!

എന്നാൽ ആർക്കും ഉണ്ടാകാവുന്ന ഒരു സംശയമുണ്ട്. കേരളത്തെ രക്ഷിക്കാനുള്ള നോവ് ഇവർക്കെല്ലാം ഒരേ സമയത്തുണ്ടായത് എങ്ങനെ? ഇതൊരു സീസണൽ നോവാണെന്ന് കരുതുക. അത്രമാത്രം കരുതിയാൽ മതി തല്ക്കാലത്തേക്ക്.

ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ, എന്തുകൊണ്ടാണ് കേരളത്തിൽ മാത്രം ഇത്രമാത്രം ജാഥകളെന്ന്. അത് ഒടേതമ്പുരാൻ നമ്മെ കനിഞ്ഞനുഗ്രഹിച്ചിരിക്കുന്നതുകൊണ്ടല്ലേ? വടക്കു തെക്കായി ജാഥ നയിക്കാൻ പരുവത്തിൽ ഇത്ര ഒരുങ്ങിക്കിടക്കുന്ന മറ്റൊരു സംസ്ഥാനമോ രാജ്യമോ ലോകത്ത് വേറെ ഏതാണുള്ളത്? വടക്ക് നിന്നാരംഭിച്ചാൽ അവസാനം ജാഥ തിരുവനന്തപുരത്ത് നമ്മുടെ ഭരണസിരാകേന്ദ്രത്തിലെത്തി ശംഖുമുഖത്തു തന്നെ രക്ഷാവിളമ്പരം പ്രഖ്യാപിക്കാനുള്ള സൗകര്യം വേറെ എവിടയാണുള്ളത്?

ഇതിനിടയിൽ കേരളത്തിൽ എന്തിനാണ് റോഡുണ്ടാക്കിയിരിക്കുന്നതെന്ന് ആരെങ്കിലും സംശയം ചോദിച്ചാൽ അതിന് ഒരു ഉത്തരമേ ഇപ്പോൾ കിട്ടുള്ളൂ - രാഷ്ട്രീയക്കാർക്ക് ജാഥ നയിക്കാൻ വേണ്ടി! പണ്ട് ഇതിനെ ചുറ്റിപ്പറ്റിയാണ് കോടതി മറിച്ചൊരഭിപ്രായം പറഞ്ഞത് - വണ്ടിയോടിക്കാനാണെന്ന്! അത് ഈയിടെ വീണ്ടും ഓർമ്മിപ്പിച്ചതു നമ്മുടെ ലാലേട്ടനായിരുന്നു. ജാഥയും പ്രദക്ഷിണവും നടത്താൻ വേണ്ടിയല്ല റോഡെന്ന പ്രതിഷേധക്കുറിപ്പ് ഫെയ്സ് ബുക്കിലിട്ടുകൊണ്ട്. അതിനദ്ദേഹത്തിന് ചെറിയ പണി കിട്ടുകയും ചെയ്തു.

യഥാർത്ഥത്തിൽ ആരാണ് ഈ ജാഥയുടെ ഉപജ്ഞാതാവ് എന്ന് ചിന്തിച്ചിട്ടുണ്ടോ? മിക്കവാറും മഹാത്മാഗാന്ധി തന്നെയായിരിക്കും. കാരണം, ഒരുവിധപ്പെട്ട രാഷ്ട്രീയ ഉപകരണങ്ങളൊക്കെ അദ്ദേഹത്തിന്റെ സംഭാവനയാണല്ലോ. ഉപ്പുണ്ടാക്കാനായി പണ്ട് അദ്ദേഹം നടത്തിയ ദണ്ഡിയാത്രയായിരുന്നിരിക്കും ചരിത്രത്തിലെ ഒന്നാമത്തെ രാഷ്ട്രീയ ജാഥ.

ഇത്രയും ജാഥ നടന്നിട്ടും കേരള സഭക്കിതിൽ പങ്കൊന്നുമില്ലേ? ഇല്ലെന്നാരും കരുതരുത്. കാരണം, ജാഥക്കാരിൽ പ്രമുഖരെല്ലാം തന്നെ അരമന സന്ദർശനം മറന്നില്ല. ജാഥക്കാർക്ക് വിശ്രമത്തിനായുള്ള ഇടത്താവളം ഒരുക്കുകയാണ് ഇവിടെ സഭയുടെ റോളെന്നു തോന്നുന്നു.

അത്രമാത്രം പറഞ്ഞു നിർത്തരുത്. കാരണം, ജാഥ നടത്താൻ ഇപ്പോഴും സഭക്കറിയാമെന്നുള്ള ഓർമ്മപ്പെടുത്തലിന് ഇവിടെ ഒരു ജാഥ നടന്നിരുന്നു. നമ്മുടെ രാഷ്ട്രീയ പാർട്ടികളൊക്കെ തുനിഞ്ഞിറങ്ങുന്നതിനൊക്കെ വളരെ മുമ്പ്. എകെസിസി നേതൃത്വം കൊടുത്ത ജാഥ. അതിന്റെ ലക്ഷ്യമെന്തായിരുന്നുവെന്ന് ചോദിക്കരുത്. കാരണം, അതിന്റെ നേതാക്കൾ ഉന്നം വച്ച മാങ്ങ വീഴുമോന്നറിയാൻ അടുത്ത സ്ഥാനാർത്ഥി പ്രഖ്യാപനം വരെ കാത്തിരിക്കണം.

ഇതിനിടയിൽ സഭാതനയരുടേതെന്ന് പറയാവുന്ന മറ്റൊരു ജാഥകൂടി കടന്നുപോയി. പ്രോലൈഫുകാരുടെ കാരുണ്യ കേരള സന്ദേശ യാത്ര. ജാഥകൾക്കൊണ്ട് കേരള ജനത പൊറുതി മുട്ടിയിരിക്കുമ്പോൾ നമ്മൾ എന്തിനാണാവോ കാരുണ്യത്തെയും, പ്രൊലൈഫിനെയും ജാഥാ വിഷയമാക്കിയതെന്ന് അത്ഭുതപ്പെടുന്ന വലിയൊരു കൂട്ടം വിശ്വാസികൾ ഇവിടുണ്ട്. ■

# SMART ഫാമിലി

മലയാളത്തിലെ ഏറ്റവും ആദ്യത്തേതും
മികച്ചതുമായ പേരന്റിങ് മാസിക







• പേരന്റിങ് കവർസ്റ്റോറി • പേരന്റിങ് പംക്തികൾ (ഫാമിലി റിലേഷൻ, സ്മാർട്ട് കിഡ്, ടീൻസ്, പ്രെഗ്നൻസി
• വിവിധ മേഖലകളിൽ വിജയം കൈവരിച്ചവരുമായി അഭിമുഖം • സെലിബ്രിറ്റി ഇന്റർവ്യൂസ്
• സാഹിത്യകാരന്മാരുടെ വിശേഷങ്ങൾ • പാചക കുറിപ്പുകൾ
• ഫാഷൻ ട്രെൻഡ്സ് • കരിയർ ഗൈഡൻസ്
• പുതുമയാർന്ന അനേകം പംക്തികളും

Smart Family Magazine , Perumanoor P O
Cochin 682 015., Ph: +91 484 2663933
smartfamily09@gmail.com

Prayerful Greetings &
Hearty Congratulations to

# MAR JOSE PULICKAL

**The Auxilliary Bishop of Kanjirappally**
***on His Episcopal Ordination***



Sr. Superior & Community

## REGULAR FRANCISCAN TERTIARY SISTERS (RFTS)

**ASSISI BABY SADAN**
**Pancheppally P.O, Kanjirappally**

A Unique title from Karunikan Books






Fr. Tomy Kariyilakulam MCBS

₹ 600


# Traditions
## OF SYRIAN CHRISTIANS

*The book gathers together the traditions and rituals of Syrian Christians*
*written by* **Fr. Tomy Kariyilakulam MCBS**

*for copies contact:*
**9496078974**
**09422606672**

www.st-antonykaloor.org

കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ



# വിശുദ്ധ അന്തോണീസിന്റെ തിരുനാൾ

2016 ഫെബ്രുവരി 26, 27, 28.





## അനുഗ്രഹ നവനാൾ നൊവേന

2016 ഫെബ്രുവരി 17 മുതൽ 25 വരെ

## തിരുനാൾ തിരുക്കർമ്മങ്ങൾ

**2016 February വെള്ളി 26**

| | | |
|---|---|---|
| രാവിലെ 6.30ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | അഭിവന്ദ്യ മെത്രാപ്പോലീത്തയ്ക്ക് സ്വീകരണം, കൊടികയറ്റം, തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : | മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ |
| പ്രസംഗം | : | ഫാ. സ്റ്റാൻലി മാതിരപ്പിള്ളി |



**2016 February ശനി 27**

| | | |
|---|---|---|
| രാവിലെ 6.30ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : | വെരി റവ. മോൺ. മാത്യു ഇലഞ്ഞിമറ്റം |
| പ്രസംഗം | : | ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് |



**2016 February ഞായർ 28**

| | | |
|---|---|---|
| രാവിലെ 7.00ന് | : | ദിവ്യബലി |
| രാവിലെ 11ന് | : | ദിവ്യബലി (തമിഴ്) |
| വൈകീട്ട് 5.00ന് | : | ഗാനശുശ്രൂഷ |
| വൈകീട്ട് 5.30ന് | : | തിരുനാൾ ദിവ്യബലി, പ്രസംഗം, നൊവേന |
| മുഖ്യകാർമ്മികൻ | : | റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല |
| പ്രസംഗം | : | ഫാ. സേവ്യർ കുടിയാംചേരി |

തിരുനാളിന് ഒരുക്കമായുള്ള അനുഗ്രഹ നവനാൾ നൊവേന

**2016 ഫെബ്രുവരി 17 മുതൽ 25 വരെ**

ഓരോ ദിവസവും ഓരോ പ്രത്യേക നിയോഗത്തിനായി പ്രാർത്ഥിക്കുന്നു.

Phone:0484-2530591, 2530592, 2348289, 2343160
email: kaloorstantony@gmail.com
Notice Available @ website, Facebook , WhatsApp...

Date of Publication: 13-02-2016 / Karunikan Monthly RNI No. KERMAL/2007/19623 Postal Registration No. KL/EKM/729/2015-17
Licence No. KL/CR/EKM/ WPP-08/2015-17 Licensed to Post Without Prepayment **Total Pages 84**




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at Viani Printings, Kochi - 18, Kerala; Editor: Fr. Jacob Naluparayil